

**Union Christian College - 2001**


LG Electronics
TVS
intel inside
pentium 4
SPECIAL DISCOUNTS
FOR
STUDENTS
Offering
Lowest Prices
intel inside
pentium 4
Sun Systems
One stop shop for computers & Accessories
14/778 A3, II Floor
Santo Complex, R.S.Road, Aluva-1
Tel : 0484-627323, 632316
Email: sunsystemsaluva@rediffmail.com
24 Hours Service Available
Computer Sales & Services
Chip Level Servicing, Peripheral Servicing



# Ema

Annual 2001

Union Christian College



## സമർപ്പണം

'പൊട്ടിത്തെറിക്കാത്ത തീമലകളും
കെട്ടഴിച്ചുവിടാത്ത കൊടുങ്കാറ്റുകളും
ഹൃദയത്തിൽ സൂക്ഷിക്കുന്നവർക്ക്,
ചോരനൂലുകളിൽ വിങ്ങി നില്ക്കുന്ന സ്നേഹസ്പന്ദങ്ങളാൽ
പരസ്പരം തിരിച്ചറിയുന്നവർക്ക്....'



"നക്ഷത്രങ്ങളെ ഉള്ളിലൊതുക്കിയ അഗാധമായ
സമുദ്രം മുറിച്ചുകടക്കുന്ന ദേശാടനക്കിളികൾ
ഒരുവട്ടമെങ്കിലും തേച്ചുമിനുക്കിയ
കടൽക്കണ്ണാടിയിൽ മുഖം നോക്കാതിരിക്കുന്നില്ല.
സമുദ്രമദ്ധ്യത്തിലെങ്ങോ ഒറ്റപ്പെട്ടുപോയ
തോണിക്കാരൻെറ അതിരുകൾ തേടുന്ന വിലാപങ്ങൾക്ക്
കാതോർക്കാതിരിക്കുന്നുമില്ല."

# From our Principal's Desk



*Union Christian College is entering a new era in education. The Pre-degree course has been delinked and the student strength has come down. We shall certainly miss the bright, young and innocent faces on the campus. But the new situation holds immense opportunity for improving the quality of education. The college is branching our to new areas of knowledge; there is greater thrust on research; and existing international linkage are being strengthened.*

*Biotechnology and information technology hold the key to the emerging new world. We are launching this year three courses in the broad area of Information Technology (B.Sc Computer Science, B.Sc Electronics and Computer Maintenance and MCA). Other new generation courses are in the pipeline. There is a sharper focus on the career prospectus of our students. With this in view, we are planning a number enrichment courses which can be concurrently taken with the traditional undergraduate and Post Graduate programmes. We are also making every effort to provide a high technology environment to the students by taking advantage of new technologies. The existing internet access will be enhanced and made cheaper ad affordable to the students. All said and done, we should not forget that education is not the mere imparting of skills. The everarching objective remains the cultivation of young men and women committed to the manifestation of the truth. Union Christian College continues to hold to the motto" Truth shall Prevail"*

**Principal**
**Dr. Raju K. John**

Statement about ownership and other particulars of

## Annual 2000, Union Christian College, Aluva

Form-IV
(See Rule-8)

| | |
|---|---|
| 1. Place of Publication | : Aluva |
| 2. Periodicity of Publication | : Yearly |
| 3. Printer's Name | : Dr. Raju K.John |
| Whether Citizen of India? (If Foreigner, State Country of Origin) | : Yes |
| Address | : Union Christian College, Aluva |
| 5. Publisher's Name | : Do |
| 6. Editor's Name | : Abish Balan |
| Whether Citizen of India? (If Foreigner, State Country of Origin) | : Yes |
| Address | : Union Christian College, Aluva |
| 7. Printed at | : Cochin Printers, Muppathadom |

I, Dr. Raju K. John, Principal, Union Christian College, Aluva, hereby declare that the particulars given above are true to the best of my knowledge and belief

Sd/
Principal,
U.C.College,Aluva

**Websites:**

*www.ucmag.pyar.com*
*www.ucmag.cjb.net*
*www.ucmag.4all.cc*

**Mail-form:**

*http://formmail.to/ucmag*

**Email:**

*ucmag@indiatimes.com*



# മുഖമൊഴി

## ഇമ

എന്നും തുറന്നും
അടഞ്ഞുമിരിക്കുന്ന
കൺപീലി
നിത്യസംയോഗവും നിത്യ വിരഹവും
നേരനുഭവം
ഓരോ ഇമചിമ്മലും
പുതുക്കാഴ്ചയിലേക്ക്
ഒപ്പം സ്വപ്നരംഗത്തിലേക്ക്
ഓരോ ഇമചിമ്മലും
അറിവിന്റെ കത്തിപ്പടരലിലേയ്ക്കും
നഷ്ടസ്വർഗ്ഗങ്ങളിലേയ്ക്കും
ഓരോ ഇമചിമ്മലും
കത്തുന്ന ചോദ്യങ്ങളിലേക്ക്
കണ്ണീർമണികളുടെ കടംകഥയിലേയ്ക്ക്
ഓരോ ഇമചിമ്മലും
പുറംകാഴ്ചകളുടെ
ഓളപ്പരപ്പിലേയ്ക്കും
അകം കാഴ്ചകളുടെ
തിരയടക്കത്തിലേയ്ക്കും

## ഇമ

കാഴ്ചയുടെ
കലമ്പലും
വിതുമ്പലും

എഡിറ്റർ
അബീഷ് ബാലൻ

ഇമ

സ്റ്റാഫ് അഡ്വൈസർ
ഡോ. രാജൻ വർഗ്ഗീസ്

സ്റ്റാഫ് എഡിറ്റേഴ്സ്
പ്രൊഫ. എ.എം. ഗീവർഗ്ഗീസ്
ശ്രീമതി റൂസ് മേരി

സ്റ്റുഡന്റ് എഡിറ്റർ
അബീഷ് ബാലൻ

സബ് എഡിറ്റേഴ്സ്
റിജാസ് എ.ജെ.
അനൂപ് മോഹൻ
അനുഷ ഡി.

കമ്മറ്റിയംഗങ്ങൾ
മനു കെ.സി.
മണിക്കുട്ടൻ
പ്രമോദ് റ്റി. മോഹൻ
ആശിഷ് തോമസ്
ദിവ്യ സുകുമാരൻ
ജെബിൻ ജെ.ബി.
ധന്യാ ചന്ദ്രൻ
സനീഷ് സി.വി.എസ്.
ബിനോയ്
അനില

ഇല്ലസ്ട്രേഷൻ
രതീഷ് റ്റി. എസ്.

ഫോട്ടോഗ്രഫി
സുനീഷ് വി.എൻ.
ശ്യാം ബാലകൃഷ്ണൻ

*Typing & Layout*
Rajiv Joy (Artwindows),
Perumbavoor
*Cover Design*
Santhosh M.S. (Unique Info)
Ph: 653824
*Printing*
Cochin Printers
Muppathadam
Ph: 609274

# താളുകളിലൂടെ..........

## ലേഖനം






പുഴുക്കുത്തേറ്റ അപ്പക്കഷണങ്ങൾ .........12
A CRITIQUE OF THE CYBERWORLD .........16
*Howz'at Uncle Shakespeare* .........21
പരസ്യങ്ങളിലെ സ്ത്രീവേഷങ്ങൾ .........26
ജ്യോതിഷം ശാസ്ത്രമാകുന്നതെങ്ങനെ? .........24
പരസ്യങ്ങളിലെ സ്ത്രീവേഷങ്ങൾ .........28
കറയറ്റ മാദ്ധ്യമധർമ്മം എങ്ങോട്ട്? .........32
കൊഴിയുന്ന ഇലകൾ .........34
മലയാള സിനിമയും സ്ത്രീയും .........36
നാഗാപ്രശ്നം .........44
വിദ്യാർത്ഥി, കലാലയം, സമൂഹം .........48
*History Re-written* .........52
വിദ്യാഭ്യാസം വർഗ്ഗീയവത്ക്കരിക്കപ്പെടുന്നുവോ? .........56
കാലത്തിനു മുൻപേ പറഞ്ഞവർ .........60
*Impact of Dementia* .........63
*OkayBye-53*, എനിക്കല്പം തിരക്കുണ്ട് .........74
സൗഹൃദം - ഒരു ആൽബം .........84
സഹസ്രാബ്ദ സ്മാരകം .........92
*Decentralisation in Kerala* .........96
*Westernisation* .........131
*Human Person* .........136

## കഥ



മഞ്ഞുകാലം നൽകിയ നിറങ്ങൾ... .........14
സ്നേഹത്തിന്റെ പക്ഷികൾ .........22
ടേസ്റ്റി ഫുഡ് .........31
ഒരു പൊട്ടിത്തെറി .........49
ഇതോ മനുഷ്യൻ തേടുന്ന ധരണി .........76
കടൽത്തിരകൾ .........78
മനോമ്പരം .........132
ഭ്രാന്ത് .........135
അപരാജിത .........143

## അഭിമുഖം

അനീതിക്കെതിരേ അടർക്കളത്തിൽ .........100

## സ്മരണ

ഗോപിച്ചേട്ടനെക്കുറിച്ചോർക്കുമ്പോൾ .........123

## കവിത



ഓർമ്മ .........10
കവിത .........11
സൈബർ സരയുവിലേക്ക് .........15
സ്നേഹം .........18



*May Lady Luck Shower Upon You* ........19
*The Pious Plea* ........20
താളപ്പിഴകൾ ........23
ഒരു യുഗസന്ധ്യയുടെ ഓർമ്മയ്ക്ക് ........26
അനന്തരം കടൽ പറഞ്ഞത് ........27
സമാന്തരങ്ങൾ ........35
ഗാന്ധി ........35



യുവരാഗം ........39
സ്വപ്നത്തിന്റെ ചില നനഞ്ഞ നോട്ടങ്ങൾ ........50
പൊൻപുലരി ........51
ഓർമ്മകൊണ്ടുണ്ടാകുന്നത് ........58
*You are the one* ........59
സാക്ഷ്യപത്രം ........62
കവിത, പ്രണയം, തിരിച്ചറിവ് ........65
*The Search* ........71



സാക്ഷി ........73
മരണത്തിന്റെ വഴി ........77
അസ്തമയം ........81
പുണ്യതീർത്ഥം ........86
*So alone* ........89
നീ എൻ ........102
ചോര ........103
രക്ഷ ........108



നഷ്ടങ്ങൾ ........130
*In Joy Still Felt* ........133
*Colours of Life* ........138
സ്വാതന്ത്ര്യം ........140
നദിയും പ്രണയവും ........140
കാത്തിരിപ്പ് ........141
നഷ്ടമായ നടപ്പാതകൾ ........145


## ഫോട്ടോസ്




യൂണിയൻ ക്യാബിനറ്റ് ........40
യൂണിയൻ എക്സിക്യൂട്ടീവ്സ് ........42
ഓട്ടപ്രദക്ഷിണം ........66
നാഴികക്കല്ലുകൾ ........90
കോളേജ് യൂണിയൻ ഉദ്ഘാടനം ........109



കോളേജ് ടീംസ് ........114
യൂണിവേഴ്സിറ്റി പ്ലേയേഴ്സ് ........116
*Retierements* ........122
*News Makers* ........129
*College Day* ........139


## റിപ്പോർട്ട്




കലാവർഷ സ്മരണകൾ ........87
*Principal's Report* ........104
കോളേജ് യൂണിയൻ ........110
ഫിസിക്കൽ എഡ്യുക്കേഷൻ റിപ്പോർട്ട് ........113
എൻ.സി.സി. സബ് യൂണിറ്റ് ........118
നാഷണൽ സർവ്വീസ് സ്കീം ........120
വാങ്മയം ........124
*Old Student's Association* ........125
സി.സി.ഇ.എസ്. ........126

# ഓർമ്മ

അപർണ്ണ എസ്.
ഒന്നാം വർഷ ചരിത്ര ബിരുദാനന്തരബിരുദം



ഓരോ ഓർമ്മയും
ഓരോ ദ്വീപാണ്
സമുദ്രം പോലെ ആഴമേറിയ
ഏകാന്തതയിലൂടെ യാത്ര ചെയ്ത്
ഞാനാ ദ്വീപിലെത്തിച്ചേരുന്നു

ഓരോ ഓർമ്മയും
ബാല്യകാലത്തോടൊപ്പം ഉപേക്ഷിച്ച
കൊച്ചുകുപ്പായമാണ്
തീരെ ഉപയോഗശൂന്യമെങ്കിലും
നഷ്ടബോധത്തോടെ ഞാനത്
നെഞ്ചോടമർത്തുന്നു.

ഓരോ ഓർമ്മയേയും
നെഞ്ചേറ്റിത്തളരുമ്പോൾ
ആരാണെനിക്ക് വർത്തമാനകാലം
സ്ഫടികപ്പാത്രത്തിലൊഴിച്ചുതരിക?
ഒന്നു കവിൾക്കൊണ്ട്, കയ്പോടെ,
പുറത്തേക്കു തുപ്പാൻ, ഒരിറ്റു സാവകാശവും?




അഭിലാഷ് എൻ. എസ്.
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദാനന്തര ബിരുദം

കവിത,
പ്രശാന്തമായ ജലപ്പരപ്പിൽ തെളിയുന്ന
പ്രതിഛായ പോലെയാണവൾ.
ദർശിക്കാം പക്ഷേ, സ്പർശിക്കാനാവില്ല.
സ്പർശിക്കാനൊരുങ്ങിയാൽ, ഇളകിച്ചിരിച്ച്,
ഓളങ്ങൾ തുള്ളിച്ച്, അവൾ ഒഴുകിമാഞ്ഞുപോകും

കവിത,
ശൈത്യകാലങ്ങളിൽ പെയ്യുന്ന
നനുത്ത മഞ്ഞുപോലെയാണവൾ
മൃദുല, അതിമൃദുല.
അഗ്നിനാവുള്ള വേനൽപ്പക്ഷിക്ക് അവളെ
ചുംബിക്കാനാവില്ല.

അവൾ,
പൊള്ളയായ മുളന്തണ്ടുകളിലൂടെ പതഞ്ഞൊഴുകുന്ന
മലനദികളുടെ പ്രാണവായുവാണ്.
സ്വയം ശൂന്യമാകാതെ നിങ്ങൾക്ക്
അവളെ സംവഹിക്കാനാകുകയില്ല
അതിരുകളറ്റ ആകാശം പോലെ അനന്തയാണവൾ.
മനുഷ്യനിർമ്മിതമായ മുഴക്കോലുകൾ കൊണ്ട്
അവളെ അളക്കാനാവില്ല.
അലറിക്കരയുമ്പോൾ മാത്രം
അരികിലോടിയണയുന്ന അമ്മയെ പോലെയാണവൾ
വിതുമ്പാത്ത മനസ്സുകളിൽ അവൾ വിരുന്നുവരികയില്ല,
വേദന നടിക്കുന്നവരെ അവൾ സാന്ത്വനിപ്പിക്കുകയുമില്ല.

കവിത,
അവൾ ഹൃദയത്തിലുരുകുന്നവർക്കുള്ളതാണ്
ആത്മാവിൽ പ്രണയികളായവർക്കുള്ളതാണ്.

കവിത,
അവൾ സ്വയം വെളിപ്പെടുകയാണ് .
കാപട്യത്തിന്റെ അന്തിമമായ ആവരണവും ചീന്തിയെറിഞ്ഞ്
നഗ്നമായ നിഷ്കളങ്കതയോടെ,
കടൽത്തിരകളുടെ നൃത്തം കണ്ട്,





കാറ്റിന്റെ മർമ്മരങ്ങൾക്ക് കാതുകൊടുത്തുനിൽക്കുമ്പോൾ
അഗാധതയിൽ നിന്നുയരുന്ന ഒരിലയിൽ നിങ്ങൾ
കോരിയെടുക്കപ്പെടും
അവിടെ നിങ്ങൾക്ക് നിങ്ങളെത്തന്നെ നഷ്ടപ്പെടും.
സ്വയം നഷ്ടപെടാൻ ഭയമുള്ളവരേ,
സ്വന്തം മാളങ്ങളിലേക്ക് മടങ്ങിക്കൊള്ളു.
ചിന്തകളുടെ ഭാരം കൊണ്ട് വീർപ്പുമുട്ടുന്നവരേ,
ചിരന്തനമായ ആ ചിലങ്കകളുടെ നാദം നിങ്ങൾക്കുള്ളതല്ല
ആത്മസോദരങ്ങളേ,
ആനന്ദത്തിന്റെ അവകാശികളേ,
നിത്യതയുടെ തിരയിരമ്പം കേൾക്കുന്നില്ലേ?
അവൾ ഇതാ, ഇതാ, ഇതാ.....
സ്വസ്തി...സ്വസ്തി....സ്വസ്തി....

# പുഴുക്കുത്തേറ്റ അപ്പക്കഷണങ്ങൾ

## ഞങ്ങൾ നിഷേധിക്കുന്നു

ജെയ്സിൽ ജേക്കബ്
രണ്ടാം വർഷ പ്രീഡിഗ്രി

ഇന്ന് കലികാലാവസ്ഥയാണ്, എല്ലാവരും കലിതുള്ളുന്ന, എല്ലാ കളിയും കാര്യമാകുന്ന കാലം. ഭൂമിയിൽ ദൂരം ചുരുങ്ങി. പക്ഷേ മനുഷ്യർ തമ്മിലുള്ള അകലം കൂടി. സൗകര്യങ്ങൾ വളരെ വർദ്ധിച്ചുവെങ്കിലും നേരറിയാൻ വഴിയില്ലാതെയായി. ആയുസ്സു നീണ്ടതിന്റെ കൂടെ പുതിയ മാറാരോഗങ്ങൾ സമൃദ്ധമായി....

*-സി. രാധാകൃഷ്ണൻ*

ഒരു വടവൃക്ഷത്തിന്റെ ആകെത്തുകയാണ് ഇന്ത്യയുടെ സംസ്കാരം. അടിവേരുകൾ ആഴത്തിലാണെങ്കിലും, കട പുഴകി വീഴാൻ നിർബന്ധിക്കുന്ന ഒരു 'നശിച്ച' കാറ്റിന്റെ ഗതിയെ നമുക്ക് വിഡ്ഢി വേഷങ്ങൾ കെട്ടി തടയിടേണ്ടി വരുന്നു. സിലബസുകൾ അശാസ്ത്രീയമാക്കുകയും ചരിത്രത്തെ തിരുത്തിക്കുറിക്കുകയും ചെയ്യുന്നുവെന്ന് പറഞ്ഞുവെക്കുമ്പോൾ ഇന്ത്യൻ ജനത ഒന്നടങ്കം വിളിച്ചുകൂവുന്നു, 'ചരിത്രം പോയിതുലയട്ടെ ഞങ്ങളുടെ വിശപ്പകറ്റൂ'. നമ്മളവിടെയും തോറ്റുപോകുന്നു. അവർ നമ്മളോട് വിശപ്പിന്റെ ജാതി വ്യത്യാസം പറഞ്ഞറിയിക്കുന്നു. ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട നൂതന പ്രതിഭാസങ്ങൾ അടിച്ചേൽപ്പിക്കുന്ന ക്രൂരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അത് 'താടിവച്ച' വരട്ടുവാദിയുടെ നിലനില്പായിത്തീരുന്നു. ജോലിതേടിയലയുന്നവനോട് ഇന്നത്തെ ഗവൺമെന്റ് പറയുന്നു "ഗവണ്മെന്റ് തൊഴിൽ നൽകുന്ന സ്ഥാപനമല്ല".



ഗവണ്മെന്റിനും ജനങ്ങൾക്കുമിടയിൽ സ്നേഹത്തിന്റെയും ധർമ്മവിശ്വാസങ്ങളുടെയും ഉടമ്പടികളില്ല, ഭരണവർഗ്ഗത്തിന്റെ അധികാര ശബ്ദംകൊണ്ട് മുഖരിതമായ വികൃത സ്വപ്നങ്ങൾ മാത്രം ബാക്കിയാവുന്നു. സാങ്കേതിക വിദ്യയുടെ 'ചില' കപട വാതായനങ്ങളിലൂടെ മാത്രം കാണുന്ന, സ്നേഹംതീണ്ടിയിട്ടില്ലാത്ത, ഹൃദയശൂന്യമായ ഒരു പുതുതലമുറയുടെ നിർമ്മിതിക്കു മാത്രമായി അറിവിന്റെ വിസ്ഫോടനങ്ങൾ മാറാതിരിക്കാൻ നമുക്ക് കണ്ണു തുറക്കാം.

### ദേശീയത - ഇരുട്ടും വെളിച്ചവും

ഒരിന്ത്യാക്കാരന്റെ ദേശീയത എന്നത് ഒരു മതത്തോടുള്ള ഭ്രാന്താവരുത്, നമ്മുടെ രാഷ്ട്രത്തിന്റെ പൈതൃകം തിരിച്ചറിഞ്ഞ് അതിന്റെ സംസ്കൃതിയിൽ അഭിമാനിക്കുന്നവന്റെ, ബുദ്ധിപരമായിചിന്തിക്കുന്നവന്റെ, വികാരമായിരിക്കണം.

വർത്തമാന കാലഘട്ടത്തിൽ സംസാരവിഷയമാകുന്ന ദേശീയത വർഗ്ഗീയതയിൽ ആണ്ടുപോയിക്കൊണ്ടിരിക്കുന്ന ഫാസിസത്തിന്റെ നാമ്പുകളെ പകയൂട്ടി വളർത്തുന്ന പുത്തൻ രാഷ്ട്രീയ ഭീരുത്വം മാത്രമാണ്. സംസ്കാരം വളർന്നുവന്നതിന്റെ പ്രത്യേകതകൾ കൊണ്ടാവാം നമ്മുടെ സാമൂഹ്യബോധം മത വിശ്വാസത്തിൽ അടിയുറച്ചത്. ഈ ദൗർബല്യത്തെ രാഷ്ട്രീയാവശ്യങ്ങൾക്കു വേണ്ടി പ്രയോജനപ്പെടുത്തുന്നത് നിലനില്പിന്റെ രാഷ്ട്രീയത്തിന് ഒഴിച്ചു കൂടാനാവാത്തതാണ്.

ഹിന്ദുദേശീയതയുമായി ബന്ധപ്പെട്ട ചർച്ചകൾ ഇവിടെ പ്രസക്തമാണ്. റോമില്ലാ ഥാപ്പറെയും, കെ.എൻ പണിക്കരെയും ചരിത്ര കൗൺസിലിൽ നിന്ന് ഒഴിവാക്കിയത് ഇതിനോട് ചേർത്ത് വായിക്കാം. ഒരു മതത്തോട് ബന്ധപ്പെട്ടുള്ള 'ഹിന്ദുദേശീയത' പ്രഖ്യാപിക്കുന്നവരുടെ നീചമായ പൊള്ളത്തരങ്ങൾ ഇവരിലൂടെ ചികഞ്ഞെടുക്കാം. മദ്ധ്യേഷ്യയിൽ നിന്നുമുള്ള ആര്യന്മാരുടെ ആഗമനത്തെ ഉറപ്പിക്കുന്ന ഗവേഷകരാണ് പുറത്താക്കപ്പെട്ടവർ. ഈ സത്യത്തെ സ്വീകരിച്ചാൽ ഈ കപടദേശീയ വാദികളുടെ സമവാക്യങ്ങൾ തുല്യമാകാതെ വരും. ഇന്ത്യൻ സംസ്കാരം വളർന്നുവന്ന കാലഘട്ടത്തിൽ ജീവിച്ചിരുന്നവരുടെ രീതിയാണ് ഹൈന്ദവ സംസ്കാരം എന്നു മനപൂർവ്വം മറക്കുന്നവർ ഇന്ത്യയിലിപ്പോഴുള്ള ബ്രാഹ്മണരെല്ലാം മദ്ധ്യ ഏഷ്യയിൽ നിന്നു വന്ന ആര്യന്മാരുടെ പിൻമുറക്കാരാണ് എന്നതിനെ ഒളിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇവിടുത്തെ ആദിവാസികളും ദ്രാവിഡരും (അവരും വന്നുചേർന്നവർ തന്നെ) ആര്യരും വന്നെത്തിയ യവനന്മാരും, മുഗളന്മാരും ഇംഗ്ലീഷുകാരും എല്ലാം തന്നെ ഇന്ത്യൻ സംസ്കാരത്തിന് അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. സംസ്കാരം ഏകശിലാരൂപിയായ ഒന്നല്ല എന്ന് നമുക്ക് തിരിച്ചറിയാം. ചരിത്രം കുഴിച്ചു മറിക്കപ്പെടുമ്പോഴും അർദ്ധസത്യങ്ങൾ കൃത്രിമ പ്രകാശത്താൽ നിറംകെട്ട് പ്രകാശിക്കുമ്പോഴും സാധാരണക്കാരന്റെ ചരിത്രബോധം ചോർന്നൊലിക്കുകയാണ്.

എല്ലാമതങ്ങളെയും ജനതയെയും ഒരേ

പോലെ വളരാൻ അനുവദിച്ച ഇന്ത്യയുടെ അന്തസ്സത്ത ഉൾക്കൊണ്ട് ഇന്ത്യയുടെ തിരിച്ചറിയൽ ആയിരിക്കണം ഒരു ഇന്ത്യാക്കാരന്റെ ദേശീയത. നവോത്ഥാനത്തോടെയുള്ള ശാസ്ത്രപുരോഗതി മനുഷ്യന്റെ സാമൂഹ്യവ്യവസ്ഥക്ക് ജനാധിപത്യമൂല്യങ്ങൾ നൽകിയത് അന്ധവിശ്വാസങ്ങളെയും ഊഹാപോഹങ്ങളെയും അകറ്റി നിർത്തിക്കൊണ്ടാണ്. ജനാധിപത്യവിശ്വാസങ്ങൾ വേരോടുന്നത് ഉദിച്ചുവരുന്ന ഫാസിസ്റ്റ് സാമ്രാജ്യത്വത്തിന്റെ നിർമ്മിതിക്ക് തടസ്സം നിൽക്കുമെന്നു കണ്ടറിഞ്ഞവർ ജ്യോതിഷം പോലെയുള്ള ഊഹാപോഹങ്ങൾ ശാസ്ത്രമാക്കുന്നു. മനുഷ്യൻ എങ്ങനെ ജീവിക്കുന്നു എന്ന് തിരിച്ചറിയുന്ന ശാസ്ത്രത്തിന്റെ നഗ്ന സത്യം നമ്മളിവിടെ നിഷേധിക്കുന്നു.

രാജ്യത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളെ ജനങ്ങളുടെ മനസ്സിൽ നിന്ന് മായ്ച്ചു കളഞ്ഞ്, വർഗ്ഗീയതയെ കൂട്ടുപിടിച്ച്, മനപ്പൂർവ്വം ഉണ്ടാക്കിയെടുക്കുന്ന ബാബറി മസ്ജിദ് പോലെയുള്ള പ്രശ്നങ്ങളിലേക്ക് നൂറുകോടി ജനങ്ങളുടെ ഊർജ്ജം പാഴാക്കുന്നത് ക്രൂരമായ സ്വാർത്ഥത മാത്രമാണെന്ന് നാം തിരിച്ചറിയണം.

## ഗവണ്മെന്റ് ആർക്കുവേണ്ടി?

ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റ്, "ഇത് നിങ്ങൾക്ക് വേണ്ടിയല്ല" എന്ന് പറയുമ്പോൾ ചിന്തകനായ നീഷേയുടെ വരികൾ കുറിക്കേണ്ടിവരുന്നു.

'ഹേ മഹാനായ സൂര്യാ, നീയാർക്കു വേണ്ടിയാണോ പ്രകാശിക്കുന്നത് അതവർക്കല്ലാതെ വന്നാൽ നിന്റെ ആഹ്ലാദം എപ്രകാരമായിരിക്കും'

ഭൂരിഭാഗം വരുന്ന ദരിദ്ര ജനവിഭാഗങ്ങളുടെ നട്ടെല്ലാകേണ്ടിയിരുന്ന ഗവണ്മെന്റ് അവർക്കെന്നും ഒരു ആശ്വാസമായിരുന്ന സംവരണാനുകൂല്യങ്ങൾ ഇല്ലാതാക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ നമ്മൾ സംശയിക്കുന്നു, ഈ ഗവണ്മെന്റ് ആർക്കു വേണ്ടി? തമിഴ് നാട്ടിലെ തേയില വില വർദ്ധനക്ക് ഒരു പരിഹാരമെന്ന നിലയിൽ വിതരണ സമ്പ്രദായം ഗവണ്മെന്റ് ഏറ്റെടുത്ത് തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കാൻ ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര മന്ത്രി പറഞ്ഞത് 'ടാറ്റാ കമ്പനി നഷ്ടത്തിനു വേണ്ടിയല്ല, പ്രവർത്തിക്കുന്നത് എന്നാണ്.

പൊതുവിതരണമേഖല സംസ്ഥാനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ സ്വന്തമായി നിലനിൽക്കാൻ കഴിവില്ലാത്ത കേരളത്തെപ്പോലെയുള്ള സംസ്ഥാനങ്ങളുടെ മേലുള്ള ബാദ്ധ്യതയും കൂടി കേന്ദ്രഗവണ്മെന്റ് ഒഴിവാക്കുന്നു. ഇത് പട്ടിണിമരണങ്ങളുടെ തുടർക്കഥകൾ എഴുതാൻ സഹായകമാവുന്നു.

ഗവണ്മെന്റ് പൊതുമേഖലയിലെ സ്ഥാപനങ്ങൾ സ്വകാര്യ വൽക്കരിക്കുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് നമ്മളനുഭവിക്കേണ്ടിയിരുന്ന ഒരുരുപാട് സൗകര്യങ്ങളാണ്.

ജനങ്ങളുടെ ജീവിതച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടിയുള്ള നയങ്ങൾ രൂപീകരിച്ച് നടപ്പാക്കിയിരുന്ന സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചതോടെ ലാഭക്കൊതി മാത്രമായിലക്ഷ്യം. എയർ ഇന്ത്യ പോലെയുള്ള സ്ഥാപനങ്ങൾ സ്വകര്യവൽക്കരിച്ചത് നമുക്ക് മനസ്സിലാകാത്ത യാഥാർത്ഥ്യങ്ങളാണ്. കേരളത്തിലെ ട്രാൻസ്പോർട്ട് കോർപറേഷൻ സ്വകര്യവൽക്കരിച്ചാലുള്ള സ്ഥിതിഗതികൾ ഇതിനോട് താരതമ്യപ്പെടുത്താവുന്നതാണ്. ലാഭം മാത്രം ലക്ഷ്യമാക്കുന്ന വ്യവസ്ഥയിൽ സഞ്ചാരം കുറഞ്ഞ റൂട്ടിൽ സർവ്വീസ് നടത്താൻ തയ്യാറാവുമോ?

ഒരേ സാമ്പത്തിക നയമുള്ള ഗവണ്മെന്റുകളുടെ നിരീക്ഷണക്കുറവ് മൂലം അടിച്ചേൽപ്പിക്കപ്പെട്ട ഉദാരവൽക്കരണം കാർഷികവിളകളുടെയും ചെറുകിട വ്യവസായങ്ങളുടെയും നടുവൊടിക്കുന്നു. മറ്റുള്ള രാഷ്ട്രങ്ങൾ സ്വന്തം താത്പര്യം മുൻനിർത്തി ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുകയും വ്യാപാര കരാറുകളിൽ വേണ്ട ഭേദഗതികൾ വരുത്തുകയും ചെയ്തപ്പോൾ നമ്മുടെ രാജ്യം ചുമത്താവുന്ന നികുതിയുടെ പകുതി മാത്രം ഏർപ്പെടുത്തുകയും വാശിയോടെന്ന പോലെ ഇന്ത്യൻ സമ്പദ് വ്യവസ്ഥ തകർക്കുകയും ചെയ്യുന്നു.

ഇതിൽ നിന്നും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റ് ലാഭത്തിനു വേണ്ടിയല്ല ജനങ്ങളുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് നിലനിൽക്കേണ്ടതെന്ന് തിരിച്ചറിയുന്നു. മുതലാളിത്തവും ഫാസിസവും ചേർന്നു പിടിച്ചു കറുത്തകൈകളിലേക്ക് ഒരു ജനതയെ വിധിയുടെകളികൾക്കായി എറിഞ്ഞു കൊടുക്കുവാൻവേണ്ടി മാത്രമാണോ ജനങ്ങളാൽ തിരഞ്ഞെടു ക്കപ്പെട്ട ഈ ഗവണ്മെന്റ്?

## ഉപഭോഗസംസ്കാരം കൊളുത്തിവച്ച കനലുകൾ

നമ്മൾ വീണ്ടും സ്വാതന്ത്ര്യം നേടേണ്ടിയിരിക്കുന്നു. ഉപഭോഗസംസ്ക്കാരത്തിന്റെ നീരാളിക്കൈകൾ നമുക്ക് നേരെ പാഞ്ഞടുക്കുന്നത് നമ്മൾ നോക്കി നിൽക്കുകയാണ്. ലോകത്തെ ഒറ്റ വിപണിയാക്കി മനുഷ്യനെ ഏകനാക്കിയാണ് ഈ വൈറസ് ആക്രമണം ആരംഭിക്കുന്നത്. ഇവിടെ നിലനിൽക്കുന്നത് രാഷ്ട്രങ്ങളല്ല, മുതലാളിമാർ മാത്രമാണ്.

പരസ്യങ്ങൾ നിയന്ത്രിക്കുന്ന കമ്പോള വസ്തുക്കളുടെ ഗുണനിലവാരങ്ങളിൽ, ഒരു നുണ നൂറുപ്രാശ്യം ജനക്കൂട്ടത്തോട് പറഞ്ഞാൽ നൂറിൽ രണ്ടുപേരെങ്കിലും വിശ്വസിക്കും എന്ന ഫാസിസ്റ്റ് തത്വമാണ് ഈ വ്യവസ്ഥിതി സ്വീകരിച്ചിരിക്കുന്നത്. സ്വതന്ത്രചിന്തകൾക്ക് ഇവിടെ സ്ഥാനമില്ല. ഒരു ജനതയുടെ ഊർജ്ജം മുഴുവൻ ഉപഭോഗസംസ്കാരത്തിന്റെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുമ്പോൾ വരുംതലമുറയോട് നമുക്ക് പുതുതായി ഒന്നും പറയാനില്ലാതെവരുന്നു.

വരും തലമുറകൾ ഈ ഭൂമിയിൽ ജീവിക്കാനുള്ള അവസരം നമ്മൾ അറിഞ്ഞുകൊണ്ട് നിഷേധിക്കരുത്. ഉപഭോഗസംസ്കാരം വരുത്തിവെക്കുന്ന ഉയർന്ന ജീവിതച്ചെലവ് പ്രകൃതിയുടെ ഈ ന്യായത്തെ വെല്ലുവിളിക്കുകയാണ്. എന്തിനേയും സ്വീകരിക്കാനുള്ള നമ്മുടെ മനസ്സ് മരവിപ്പിക്കേണ്ടിയിരിക്കുന്നു. വേണ്ടാത്തതിനെതിരെ പ്രതികരിക്കാനും നിഷേധിക്കുവാനും നമ്മൾ വേണ്ടവിധം പഠിക്കേണ്ടിയിരിക്കുന്നു. സ്നേഹം വറ്റിയുണങ്ങിയ ഭൂമികകളിൽ, സാങ്കേതിക വിദ്യയുടെ ചിറകിലേറിയതുകൊണ്ട് മാത്രം ദൂരങ്ങൾ ചുരുങ്ങുന്നില്ല, നേരറിവുകൾ തിരിച്ചറിയുന്നില്ല.

# മഞ്ഞുകാലം നൽകിയ നിറങ്ങൾ..... ഒപ്പം വിടരാതെപോയ നിൻ പുഞ്ചിരിയും....

മനു കെ.സി.
ഒന്നാം വർഷ ആംഗലേയ സാഹിത്യ ബിരുദം

ക്ഷണിക്കപ്പെടാതെ എത്തിയ സന്ധ്യ, മഞ്ഞിന്റെ നേർത്ത കണങ്ങൾ പൊഴിഞ്ഞു തുടങ്ങുന്നതേയുള്ളൂ. വിടരാനൊരുങ്ങിയ ചിരി തിരിച്ചെടുത്ത് കൂട്ടുകാരി യാത്രയാവുന്നു. പരിഭവങ്ങളുടെ വളപ്പൊട്ടുകൾ എണ്ണിനോക്കുന്നതിനിടയിലാണ് സന്ധ്യ എത്തിയത്. ഇനി സൂര്യന്റെ ക്രൂരതയോടാണ് പരിഭവം. നിസ്സഹായത നോട്ടത്തിൽ തന്നെ അവൾ മനസ്സിലാക്കിയിരിക്കണം. പോകരുതെന്ന പതിവു പല്ലവി കേൾക്കും മുൻപ് എഴുന്നേറ്റു. പിരിയാൻ നേരമായെന്നോർമ്മിപ്പിക്കാൻ സന്ധ്യ ഇന്നും നേരത്തെ എത്തി. എണ്ണിത്തീരാത്ത വളപ്പൊട്ടുകൾ ബാക്കി നിൽക്കുന്നു.

യാത്രപറഞ്ഞു പിരിഞ്ഞുവെന്നു മാത്രമേയുള്ളൂ. മനസ്സ് അവളിലാണ്. മനസ്സിൽ വളപ്പൊട്ടുകൾ നൽകിയ നിറം. വീട്ടിലെത്തുമ്പോഴേക്കും വഴിയുടെ ഇരുവശങ്ങളിലും നേർത്ത മഞ്ഞു വീണിരിക്കും. അറിയാതെ നാം എല്ലാത്തിനേയും സ്നേഹിച്ചു പോകുന്നു. സന്ധ്യക്കും അവളുടെ മനസ്സുതന്നെയായിരിക്കും. യാത്രപറച്ചിൽ ഒരു നോട്ടത്തിൽ മാത്രമൊതുക്കി മാനത്തെ ചുവപ്പ് മാഞ്ഞുപോകുന്നു. രാത്രിയുടെ വരവറിയിച്ച് താരങ്ങളെത്തുന്നു. ഇനി പുലരും വരെ കൂട്ടുകാരി ഈ മഞ്ഞാണ്. എങ്കിലും ദൂരെ എവിടെയോ അവളുണ്ട്. പുറത്ത് മഞ്ഞു പെയ്യുന്ന നേർത്ത ശബ്ദം കേൾക്കാം. വിടരാനൊരുങ്ങിയ ചിരി മനസ്സിലെ ചായക്കൂട്ടുകൾക്ക് ചാരുതയേകുന്നു.

ഇനി കാത്തിരിപ്പാണ്. രാത്രിയുടെ ക്രൂരത അവസാനിക്കണം. പ്രഭാതത്തിന്റെ ചില്ലകളിൽ മഞ്ഞുമഴ നിലയ്ക്കണം. അതിനു മുൻപ്, ഈ രാത്രിയുടെ തണുപ്പിൽ, നിലാവിന്റെ നനവിൽ എതൊക്കെയോ പൂക്കളുടെ സൗരഭ്യവുമായി കൂട്ടുകൂടാം. ആദ്യമായ് കണ്ടന്നോർക്കാം. മീനത്തിലെ വെയിലും ചന്ദന നിലാവും ഒരുക്കിയ ആ സമാഗമത്തിനു നന്ദി പറയാം. ചിന്തയുടെ നേർത്ത ദലങ്ങളിലെപ്പോഴോ നിദ്രയെത്തുന്നു. നേരം പുലരുകയാണ്. ആലിംഗനത്തിൽ നിന്നും മോചനം നേടാനാവാതെ നേരിയ തണുപ്പു മാത്രം ബാക്കി.

ഈ മഞ്ഞുകാലവും വിടപറയാനൊരുങ്ങുകയാണ്. ഒന്നും അവശേഷിപ്പിക്കാതെ യാത്രയായ കൂട്ടുകാരിയെപ്പോലെ. നേരം പുലരുമ്പോൾ നഷ്ടബോധം മാത്രം കൂട്ടിനെത്തുകയായി. ഇനി ബാക്കിയാവുന്നത് മഞ്ഞുകാലം നൽകിയ നിറം മാത്രം, ഒപ്പം വിടരാതെ പോയ നിൻ പുഞ്ചിരിയും.



# സൈബർ സരയുവിലേക്ക്

രഞ്ജിനി കൃഷ്ണൻ
മൂന്നാം വർഷ മന:ശാസ്ത്ര ബിരുദം



നിർമ്മലാ നിരാമയാ, നിരഹങ്കാരാ നിത്യ,
നിന്നോടിന്നു ഞാൻ ചൊല്ലട്ടെയോ
ആത്മഹത്യയെങ്ങനെ എന്ന്.
വിട്ടിറങ്ങുക മഹാസ്യന്ദനം
മഹീപതേ മുന്നേറുക-
പഗതഭയാകുലം നിരങ്കുശം
ചവുട്ടിത്തള്ളിടുക ചരിത്രത്തെ
കാലത്തെയും
കരയും കടലും താണ്ടും ബോധത്തെ
ജ്ഞാനത്തെയും
അങ്ങനെയെത്തുന്നു നീ
സൈബർ സരയൂതീരം ശാന്തം
ശരീരസാഗര തരംഗം
സദാനന്ദം.

പുതുപേജൊന്നു തുറക്കുക പതിയെ കാത്തിരിക്കുക
നിരുപമം കാന്തം നിർമ്മല ശരീരം മോണിട്ടറിൽ
സ്ക്രോൾ ചെയ്തു തുടങ്ങുക നിസ്ത്രപം നിസ്സങ്കോചം
പരിചിത മംഗരാഗം ആട(യില്ലായ്മ)യും കണ്ടിടുക
മറിച്ചു സ്ക്രോൾ ചെയ്തു നീ മുഖത്തിലെത്തിടുമ്പോൾ
'ഹാഹ വല്ലഭേ' ഉയരുന്നതും കേൾക്ക
ക്ഷണികം വെർച്ച്വൽ ബന്ധം മുറിയുന്നതും കാൺക.
എൻ പ്രിയാ ലോക പ്രിയാ ലോകാഭിരാമാ
കാന്താ ചൊല്ലുകയിനിയെങ്കിലും
പ്രണയമെങ്ങനെയെന്ന്.

# "A CRITIQUE OF THE CYBERWORLD"

*Mathew A. Varghese*
*Final Year B.A.Psychology*



*When Leonardo da Vinci first sketched an airplane, none of his contem poraries even imagined that something like that would actually happ- en. Well, we have a different case to make. A fiction writer of our times writes about a world that got smaller. Someone laughs at it as the contempo- raries of Leonardo da Vinci did. But then this person actually sees that happen within the short period of his life. That is the pace of development in the 'cyber world'.*

*'Webster's New Collegiate Dictionary, 1981' says that cybernetics is the science of communication and control theory that is concerned especially with the comparative study of automatic control systems (as the nervous system and brain and electrical communication systems). So cyber world might be one run by cybernetics. A behemoth change in the way information is conveyed or a structural change in the 'media' is what immediately ensues. Throughout history there have been changes in 'media-structure'— from oral to print, from print to visual. But the speed of transformation has never been as fast as the one to cybernetics. As a result the adaptation-time we get is much reduced. Consequently the functional aspects and the impact of cybernetics carry great challenges, notwithstanding the immense benefits (provided these challenges are tackled!).*

*Any kind of media has a 'propagandist tendency' [compare the weightage given to news about Communist-Cambodia with that of contemporary East Timor].*

*This tendency is prono- unced in mainstream channels or newspapers. What results is a covert autocratization of the media. When media gets autocratized, it is even deadlier than an autocratic ruler. We wouldn't even know who our foe is! Now, just imagine this happening in the cyber world, dominated by computers and networking, with its dazzling speed and mind-boggling developments.*

*The need for democratization is felt, more than anywhere else, in the cyber world. Let's take a corporate like Microsoft to study the character of information processing in*

the cyber world. Recent news suggests that Microsoft enjoys a monopoly in information technology industry [consequent governmental attempts to reduce that and the legal proceedings that followed are well known]. Internet is a brainchild of cybernetic research and is presumably accessible to everyone (with money in the wallet and technology at hand, of course). One gets the feeling that this is most democratic. But in reality accessibility is a very effective 'smoke-screen' that screens us from the powerful agendas set by Microsoft and the like. We can't think of Microsoft as a social-welfare organization. The sheer economic power and customer base makes such a company autocratic enough to shackle us without our knowing it. [The debates centered on the industrial and market aspects speak a different story]

Have you ever wondered why ISPs (Internet Service Providers) make grand offers? Is it because their sole aim is to make children born into this world capable of active knowledge-manufacture? No. On the contrary, if that were the case, things would have been difficult for the media moguls! It is the multitude of advertisements that feeds such companies. But in reality we unconsciously take in the ads with our daily food. The powerful symbolisms of these ads are such that they inform our ideas, our thoughts, our actions and even our dreams [mind you, advertisement designers are real smart!]. The manufacture of ideas and actions, oblivious to the consumers, is what is happening in the cyber world. These ideas and actions make the folks mere fertilizers of big media conglomerates. The cyber-industry does this better and a lot faster than others.

Strong propagandist tendencies of a US dominated cyber-circle are another crisis, especially in a 'Third World' nation. The polarization, which was present before the disintegration of the strong 'Soviet Block' no longer exists. As a result it is the monopolistic market tactics of Uncle Sam that feed us. Things would've been different if United States [for that matter any capitalist state] was a working democracy. Sadly, it is not the case and the steering is in the hands of 'Multinational Corporations' or the MNCs. Organizations like the UN that should empower a non-aligned space are now paper tigers.

Now comes the daunting task. What is the alternative? What is the alternative when the reins of cybernetics are already in the hands of a few 'masters'? How can the concept of democracy rise in a cyber world when the death knell of the concept has sounded loud enough elsewhere?

As the media moguls and other business giants have invaded, colonized and commercialized cyber-space, they've realized that through announcements, allurements and advertisements in their already existing media channels, millions of people can be trapped and made captive in info-space (websites). Which is another way of saying that the existing command over the audiences is the means to muster cyber-space audiences -or that money and power outside the cyber world (like the Internet) is the basis of power within.

The emergence of cyber world and the revolutions in the late 1990s have forced many to retrace the beaten tracks and traditional ways. Public service interests can be catered only in religious, educational, labour and related non-profit organizations and NGOs. But this base is too fragmented. The creation of 'alternative media' has been active ever since the advent of resistance movements. Cultural Environmental Movements (CEMs) & Fairness And Accuracy In Reporting (FAIR) in the developed nations and The Brazilian Association of Popular Video & TV Macambomba in developing nations are results of such attempts. Similar ventures in cybernetics should be tried out. The activists should use the channels of communication used by the present dictators, or if possible, better ones.

One central question is whether the various media activist groups can generate support from sympathetic larger



aggregations such as religious bodies, labour and whether educators can coalesce and work to mobilize public opinion in favour of media reform. What are lacking are not ideas, but finance and organized political muscle. If the current battle, in its nascent stage, is to succeed it should be engaged globally, nationally and locally. At the global level activists must join together and push for invigorating and reorienting public service groups like UNESCO & ITU (International Telecommunication Union). The ultimate goal must be the establishment of a global nonprofit public sphere to replace or at least supplement the existing cyber set-up, dominated by commercial media and the market. International groups like the WTO, IMF & World Bank, which have been service providers for existing commercial interests, must be forced out of their exclusive service to TNC communities, regardless of social and political costs. The battle for a democratic cyber world is a battle for a more just and democratic economy. Cyber world might be the last and the best battleground for a functioning democratic society.

As Noam Chomsky said," If you act like there is no possibility for change, you guarantee that there will be no change."





സജു കെ. ടി.
ഒന്നാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദം

# സ്നേഹം

സ്നേഹമേ! സ്നേഹമേ
ഭൂമിതൻ അഖിലസാരമേ
കൊതിയ്ക്കുന്നു മർത്ത്യർ, നിൻമൃദു
കര സ്പർശനമേൽക്കുവാൻ
കണ്ടില്ല.....വന്നില്ല...... നീയെൻ
ദൃഷ്ടിപഥത്തിലൊരിക്കലും
അറിയാനായ് ഞാനടുത്തപ്പോഴൊക്കെയും
പിന്നിടതെപ്പോഴെന്നറിയില്ല
അണഞ്ഞു നീയെൻ മുന്നിൽ
ഒരു മന്ദഹാസമായ്, സാന്ത്വനതെന്നലായ്
നിറഞ്ഞു നീയെന്നിൽ രാഗമായ്, താളമായ്
പിന്നെ നീയെപ്പോഴോ എൻ ജീവശ്വാസമായ്
തൊട്ടുണർത്തി നീ നിൻ മൃദുകരങ്ങളാൽ
എന്നിലെ നന്മയെ എന്നിലെ ചെറുകലാകാരനെ
അലിഞ്ഞു ഞാൻ നിന്നിൽ പൂർണ്ണമായ്
ഒടുവിൽ നീ വിടചൊല്ലി പോകയോ ഓമലേ?
എന്നെയി മായയാം സിന്ധുവിൽ
ഏകാംഗിയാക്കി നീ,
മായല്ലേ മറയല്ലേ ശ്വാസമേ നീ-
യെൻ സ്നേഹമേ! സ്നേഹമേ!
ഭൂമിതൻ അഖിലസാരമേ!

# *May Lady Luck shower upon you....*

*Binesh,*
*II DC Polymer Chemistry*

*My blue eyed fairy*
*I widh I hadn't looked at those dark, admiring eyes*
*They wouldn't have touched the chords of my hear*
*And carried me of my feat*
*Where shall I turn my bleeding heart*
*When I looked at you*
*I see the most wonderful woman in the world.*
*To talk with, to laugh witha dn dream with...*
*The most wonderful woman in the world*
*To fall in love with,*
*And spend a life with.*
*Please open your mouth and talk to me*
*Then a blissful world will open for us*
*Which is now looked and silent in your heart*
*I don't know how I have fallen in love with you*
*You came like a wind, and carried me like a leaf.*
*So please try to understand me.*
*I was happy in my little world,*
*Until you came.*



**FARADAY ELECTRONICS**
**Engineering Institute & I. T. C.**

Affiliated to N.C.V.T. (Govt. of India)
Recognized by the Govt. of Kerala.
Aluva - 683 101

Ph: 626967

# The Pious Plea

**Smitha Koshy**
First Year M.A.English Literature

*"Oh! Is it me?" Heart boggled the mind,
It grieved not on parting from thee,
Neither raised a tear, nor a word uttered,
On thy leave, ever a sigh absent;
'Coz I knew, in absence hides presence.*

*When thou left, I pilfered thy heart,
Took it in my arms, held it close to mine
Two sweet hearts, I carried in my boson
I could dance, I could sing,
Even laugh as I could before.*

*On thy meditation, I disbursed my days,
All was well, as was ever,
Until thy last visit, all was fine.
Abruptly a pain like thunder
Struck my whole, I was shocked.*

*Instead I stood, with eyes winkless,
An hour or two went by ahead,
Before I realised one sweet heart missin
Thou took back thine, left mine alone;
Thus came up the end of all gloat.*

*Still I sing, my music melancholic
Laugh, though madly like a fool
I still wander around, like one craze
Kneading my bosom, to assuage my pain
But this cruel pain, it only punches up.*

*My heart still goes on, looking for thine,
With a faith of fetching it soon,
I'll plea, when I meet thee next,
Trouble thee with scalding sighs,
Which has the power to melt, the most callous
heart.*



# HOWZ'AT UNCLE SHAKESPEARE!

*Cynthia Poulose*
*II MA English*

*Respected Uncle,*

*How is your life in the other world? I am sorry I couldn't write since you went there. But I am sure this information will fill you with joy. Different from your world, now it's the fashion of 'Remixing'. So this idea came into my mind: Why not your play " The Tempest" be remixed. Here's a part of it. Hope you will like it.*

*[Miranda fell in love with Ferdinand at the first sight itself. But she did not have the courage to talk to him in person. So she decided to write a proposal to him with the aid of a dictionary. This is what she wrote....]*

*My lord,*

*After a long consideration and much meditation, I have a strong expectation to become your relation.*

*As to my qualification, it is of much exaggeration that I have passed my graduation, without much concentration and preparation. I hope for your acceptation for the solemnization of our marriage celebration, according to the population of our present generation.*

*On the approval of my application, I shall make preparation to improve my situation.*

*Thanking you with devotion,*

*A victim of your fascination.*

*[After reading the application Ferdinand replied:]*

*Dear,*

*Victim of my fascination,*

*Thank you for your application for my affection, which I found a fine presentation of the combination of words.*

*I am sure that you have fallen on my apparitions, but I would like to give the information that I have not passed my matriculation even after much concentration and botheration. So please do wait for my completion of matriculation and thereafter my graduation.*

*Further, I think you require a consultation with your father Prospero before approaching a connection and also ought to undergo beautification.*

*Hope you will try for further connection after much consideration.*

*Affected by your fascination*

*Howz'at Uncle! Hope you enjoyed it!*

Shirts
Peter England
King Richard
Crocodile
Marco Polo
Cuff & Coller
Independence
Saliant
Lara
West Minister

Men's World

P.M.A. Building, Bank Junction,
Palace Road, Aluva - 683 101

Jockeys

T-Shirts
Polo Classic
Crocordile

Jeans
Sturdy
Line in
Killer
Hard Currency
New Port
Cambridge

കഥ

# സ്നേഹത്തിന്റെ പക്ഷികൾ

അരുൺ റ്റി. എ.
രണ്ടാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദം

ഒന്ന്

വലിയ ചെമ്മൺപാത ഇറങ്ങിവരുന്നത് വിശാലമായ പച്ചപ്പാടശേഖരങ്ങളിലേക്കാണ്. പാടശേഖരങ്ങളെ കീറിമുറിച്ചുകൊണ്ട് പെരുമ്പാമ്പിനെപ്പോലെ റെയിലുകൾ, തോട്, നിശബ്ദനായ ഒറ്റവരിയിലെ വയസ്സൻകാറ്റ്.

അഖിലൻ സാബിന്റെ വീട് പാടശേഖരങ്ങളുടെ കാറ്റേറ്റു നിവർന്നുകിടന്നു. ആഴ്ചകൾ തെറ്റാതെ കൃത്യമായും എത്തുന്ന നീലക്കണ്ണുള്ള സുന്ദരൻ പോസ്റ്റുമാൻ കീടനാശിനി ഗന്ധമുള്ള കാറ്റേറ്റു നടന്നു. അയാളുടെ പഴകിയ കാക്കിക്കുപ്പായത്തിൽ ചരിത്രത്തിലെ ഏതോ അധിനിവേശത്തിന്റെ കയ്പ് തണിർത്തു കിടന്നിരുന്നു. കോൺക്രീറ്റുതറയിൽ സുന്ദരൻ പോസ്റ്റുമാൻ കാലുകൾ നീട്ടിവച്ച് ഇരുന്നു. നേർത്ത ശബ്ദത്തിൽ മുരടനക്കിയപ്പോൾ നേർത്ത ഒരു പുഞ്ചിരിയുമായി വീടിനുള്ളിൽ നിന്ന് ഒരു മധ്യവയസ്ക പുറത്തെത്തി.

"എഴുത്ത്"

പോസ്റ്റ്മാൻ കൈയിലിരുന്ന കവർ മധ്യവയസ്കയ്ക്കു നീട്ടി. അവർ ധൃതിയിൽ കവർ തുറന്നു കണ്ണടച്ചില്ലുകളിലൂടെ ആ കുനുകുനെയുള്ള അക്ഷരങ്ങൾ വായിച്ചു.

വിദൂരതയുടെ തണുപ്പ്....

അകൽച്ചയുടെ നൊമ്പരം....

'എന്തൊക്കെയുണ്ട് അഖിലനു വിശേഷം?' സുന്ദരൻ പോസ്റ്റുമാൻ ചോദിച്ചു.

"അതിർത്തിയിൽ യുദ്ധമാരംഭിച്ചിരിക്കുന്നെന്ന്...."

അവർ അപൂർണമായി പറഞ്ഞു നിർത്തി. സുന്ദരൻ പോസ്റ്റ്മാൻ എഴുത്തു കെട്ടുകയ്യിലെടുത്തുകൊണ്ട് എന്തോ ആലോചിച്ച് റെയിലിന് സമാന്തരമായി നടന്നു.....

രണ്ട്

നീണ്ട ആഴ്ചകളിലേക്കു കത്തുകൾ വരികയുണ്ടായില്ല. പക്ഷേ ആഴ്ചതോറും പോസ്റ്റ്മാൻ മാത്രം മുടങ്ങാതെ വന്നു. സായാഹ്നങ്ങളിൽ വയലുകളിലേക്കു ചാഞ്ഞു കിടന്ന തെങ്ങുകളുടെ നിഴൽ പക്ഷികൾ കൊത്തിത്തിന്നു. തീവണ്ടികൾ പാളങ്ങളെ കീഴ്പ്പെടുത്തി യാത്ര തുടർന്നു.

ഇനിയും വരാത്ത കത്തുകൾക്കൊടുവിൽ ഇസ്തിരിയിട്ട വാക്കുകൾ നിറച്ച് അറിയിപ്പുമാത്രം വന്നു.

നീലക്കണ്ണുള്ള പോസ്റ്റ്മാന്റെ വെളുത്ത കരങ്ങളിലിരുന്ന് ആ അറിയിപ്പുപത്രം വിറച്ചു.

നേർത്ത അക്ഷരങ്ങളിലേക്കു അടർന്നു വീണ അഖിലന്റെ അമ്മയുടെ കണ്ണീർ അക്ഷരങ്ങളെ പൊള്ളിച്ചു കൊന്നു.

കാറ്റിനൊപ്പം ഒരു തച്ചൻകിളി വയലുകൾക്കു മേലേ തെക്കോട്ടു പറന്നു.

മൂന്ന്

ആകാശം മഴ മണക്കുന്ന ഒരു സായാഹ്നത്തിലാണ് പിന്നീട് സുന്ദരൻ പോസ്റ്റ്മാൻ വന്നത്.

അഖിലന്റെ അമ്മ ആശ്രയങ്ങളില്ലാതെ മരവിച്ചുപോയിരുന്നു

"മോനേ...."

അവർ ദയനീയമായി വിളിച്ചു.

കാറ്റൊടുങ്ങി.

അതിർത്തിയിൽ കൊല്ലപ്പെട്ട അഖിലന്റെ വെള്ളാരം കല്ലുകൾ പോലുള്ള കണ്ണുകളുടെ പ്രകാശം സുന്ദരൻ പോസ്റ്റുമാന്റെ കണ്ണുകളിൽ തിളങ്ങി.

ആശ്രയങ്ങളില്ലാത്ത അഖിലന്റെ അമ്മ സുന്ദരൻ പോസ്റ്റ്മാന്റെ ഒപ്പം പടികളിറങ്ങി.

സ്നേഹിക്കാൻ ആരെങ്കിലുമുണ്ടാകുന്നത് ജീവിതത്തിന്റെ വേഗത കുറയ്ക്കുന്നു

ആകാശം മഴ ചൊരിയുമ്പോൾ

താഴെ മനുഷ്യൻ കവിൾ നീട്ടുന്നു....

ഒരു കുമ്പിൾ സ്നേഹത്തിനായ്

സമർപ്പണം

കാർഗിലിന്റെ

മഞ്ഞുമലകളിൽ

മാതൃരാജ്യത്തിനായ്

ചേക്കൊഴിഞ്ഞ

ധീരതയ്ക്ക് ........

സ്നേഹത്തിന്....



# താളപ്പിഴകൾ

മുംതാസ് സി. കെ
രണ്ടാം വർഷ ആംഗലേയ സാഹിത്യ ബിരുദം

പൂർത്തീകരിക്കാത്ത ഗാനങ്ങളിൽ
തേങ്ങുന്ന രാഗാർദ്രത
കൊഴിഞ്ഞ കുസുമ ദലങ്ങളിൽ
പൂവിൻ ദുഃഖം
മനസ്സിന്റെ മരവിപ്പിൽ
മകരമാസപ്പെൺകൊടി
നിലാവിൽ കുളിച്ചു നില്ക്കുന്ന
ആമ്പൽ പൊയ്കയിലും
കണ്ണീർക്കണം.
പനിനീർ ദലങ്ങളിൽ
ചുടുനിണം.
മുഴുമിക്കാത്ത ഗാനവീചികൾ
ആലപിക്കാൻ തുനിയവേ
ഒരു ഗദ്ഗദം.
നിശ്ചലമാക്കുന്ന ഓർമ്മകൾ,
ഹൃദയം തേങ്ങുന്ന
ദിനരാത്രങ്ങൾ.
ജീവിതം, വഴുതിവീഴുന്ന,
തെന്നിമായുന്ന, ഹിമകണം പോലെ,
ഉരുകി വേഗം വേഗം തീർന്നു
കൈവിട്ടു പോകുന്നു.



KURIAN'S COMPUTERISED EYE CLINIC
DISPENSING OPTICIANS
CATHOLIC CENTRE
ALUVA

PHONE : 623911

പ്രെസ്‌ലി ഫ്രാൻസിസ് നിഗ്ളി,
രണ്ടാം വർഷ അംഗലേയ സാഹിത്യ ബിരുദം

# ജ്യോതിഷം ശാസ്ത്രമാകുന്നതെങ്ങനെ?







ജ്യോതിഷം സർവ്വകലാശാല തലത്തിൽ ഒരു പാഠ്യവിഷയമാക്കുവാനുള്ള നീക്കം നടക്കുന്ന സമയമാണിത്. ഇതിനോടനുബന്ധിച്ച് ഒട്ടേറെ വിവാദങ്ങളും ഉണ്ടായിക്കഴിഞ്ഞു. പക്ഷേ, വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാതെയാണ് പലരും ഇതേപ്പറ്റി പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത് എന്ന് പറയാതെവയ്യ.

ഒരു ശാസ്ത്രശാഖ എന്ന നിലയിലാണ് ജ്യോതിഷം പാഠ്യപദ്ധതിയിൽ എത്തുന്നത്. അത് എത്രത്തോളം ശരിയാണ് എന്ന് ആദ്യമേ പരിശോധിക്കേണ്ടതുണ്ട്. ഒരു ശാസ്ത്രം എന്ന നിലയിൽ അംഗീകരിക്കപ്പെടുവാൻ തക്ക യോഗ്യത ജ്യോതിഷത്തിനുണ്ടോ?

എന്താണ് ശാസ്ത്രം എന്ന് വ്യക്തമാക്കാതെ ഈ ചോദ്യത്തിന് ഉത്തരം പറയാനാവില്ല. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ സത്യമെന്ന് തെളിയിക്കപ്പെട്ട സിദ്ധാന്തങ്ങളുടെ സമാഹാരമാണ് ശാസ്ത്രം. അതുകൊണ്ട് ശാസ്ത്രീയ സത്യങ്ങൾ എല്ലായ്പ്പോഴും ശരിയായിരിക്കും. രണ്ടും രണ്ടും കൂടി കൂട്ടിയാൽ നാല് കിട്ടും. രണ്ടു ഹൈഡ്രജൻ ആറ്റങ്ങളും ഒരു ഓക്സിജൻ ആറ്റവും ചേർന്നാൽ ജലത്തിന്റെ ഒരു തൻമാത്ര ഉണ്ടാകും. ഇതൊക്കെ ശാസ്ത്രസത്യങ്ങളാണ്. സാഹചര്യം മാറുന്നതനുസരിച്ച് ഇതിനു മാറ്റം ഉണ്ടാകയില്ല. ജ്യോതിഷം ഇത്തരത്തിലുള്ള ഒരു ശാസ്ത്രമാണോ?

ജ്യോതിശാസ്ത്രവും ജ്യോതിഷവും ഒന്നല്ല എന്ന് ആദ്യമേ പറയട്ടെ. ജ്യോതിശാസ്ത്രം എല്ലാ അർത്ഥത്തിലും ശാസ്ത്രമാണ്. ഈ ശാസ്ത്രമാണ് മനുഷ്യനെ ചന്ദ്രനിൽ എത്തിച്ചത്. പക്ഷെ ജ്യോതിഷവുമായി ജ്യോതിശാസ്ത്രത്തിന് പറയത്തക്ക ബന്ധമൊന്നുമില്ല.

ജ്യോതിഷം ഉത്ഭവിച്ചത് പുരാതന ബാബിലോണിയയിലെണെന്ന് പൊതുവെ കരുതപ്പെടുന്നു. അവിടെനിന്ന് ഇത് ഈജിപ്ത്, ഗ്രീസ്, റോം, ഇന്ത്യ, ചൈന തുടങ്ങിയ സ്ഥലങ്ങളിൽ എത്തി. ഇപ്പോൾ ലോകമെമ്പാടും ജ്യോതിഷം വ്യാപിച്ചു കഴിഞ്ഞു.

ചില അബദ്ധ സങ്കല്പങ്ങളിൽ ഊന്നിയാണ് ജ്യോതിഷത്തിന്റെ നിലനിൽപ്പ്. ഉദാഹരണമായി ജ്യോതിഷത്തിലെ നവഗ്രഹങ്ങളുടെ കാര്യം തന്നെ എടുക്കൂ. ജ്യോതിശാസ്ത്രത്തിലും ജ്യോതിഷത്തിലും ഗ്രഹങ്ങളുടെ സംഖ്യ ഒൻപതുതന്നെ. പക്ഷേ, ജ്യോതിഷത്തിലെ ഗ്രഹങ്ങൾ ഏതൊക്കെ എന്ന് പരിശോധിക്കുമ്പോഴാണ് കള്ളി വെളിച്ചത്താകുന്നത്. സൂര്യൻ. ചന്ദ്രൻ, ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി, രാഹു, കേതു എന്നിവയാണ് ജ്യോതിഷത്തിലെ നവഗ്രഹങ്ങൾ. ഇവയിൽ സൂര്യൻ ഗ്രഹമല്ല നക്ഷത്രമാണ്. ചന്ദ്രൻ ഉപഗ്രഹവും.















രാഹു, കേതു എന്നിവ കേവലം ബിന്ദുക്കൾ മാത്രം. ഭൂമി, യുറാനസ്, നെപ്ട്യൂൺ, പ്ലൂട്ടോ എന്നീ ഗ്രഹങ്ങളെക്കുറിച്ച് ജ്യോതിഷത്തിന് ഒന്നും പറയാനില്ല. ഇത്തരം ഒരു പരമാബദ്ധത്തിൽ അടിസ്ഥാനമിട്ടാണ് ജ്യോതിഷസൗധം കെട്ടിപ്പൊക്കിയിരിക്കുന്നത്. യുക്തിചിന്തയുടെ കാറ്റിൽ ഈ ചീട്ടുകൊട്ടാരം തകർന്നുവീഴും.

പന്ത്രണ്ടു രാശികളെ അടിസ്ഥാനമാക്കി ചിലർ പ്രവചനങ്ങൾ നടത്താറുണ്ട്. ആകാശത്തിലുള്ള ചില നക്ഷത്രങ്ങളെ സാങ്കല്പിക രേഖകൾ കൊണ്ട് ബന്ധിക്കുമ്പോൾ ലഭിക്കുന്ന രൂപങ്ങൾക്ക് ചിങ്ങം, കന്നി തുടങ്ങിയ പേരുകൾ ഇട്ട് പന്ത്രണ്ടു രാശികൾ ഉണ്ടാക്കിയിരിക്കുന്നു. ഓരോ രാശിയിലുമുള്ള നക്ഷത്രങ്ങൾ തമ്മിൽ ആയിരക്കണിക്കിനു പ്രകാശ വർഷം അകലമുണ്ട് എന്ന വസ്തുത കണക്കിലെടുക്കാതെയാണ് ഈ രാശിചക്ര നിർമ്മാണം നടത്തിയിരിക്കുന്നത്. ഈ നക്ഷത്രങ്ങൾ സിംഹവും മീനും ഞണ്ടും ഒന്നുമല്ല എന്നത് ഒരു വസ്തുതയാണ്.

ജന്മനക്ഷത്രത്തെ ആധാരമാക്കിയും ജ്യോതിഷ പ്രവചനങ്ങൾ നടത്താറുണ്ട്. കേരളത്തിൽ ഈ രീതിക്കാണ് ഏറ്റവും സ്വീകാര്യതയുള്ളത്. അശ്വതി, ഭരണി, കാർത്തിക എന്നിങ്ങനെയുള്ള 27 നക്ഷത്രങ്ങൾ മനുഷ്യ ജീവിതത്തെ സ്വാധീനിക്കുമത്രേ. ആകാശത്ത് ഇവ കൂടാതെ അനേകായിരം നക്ഷത്രങ്ങൾ ഉണ്ടല്ലോ. അവയൊന്നും മനുഷ്യന്റെ ഭാവിയെ നിയന്ത്രിക്കയില്ലേ?

ജ്യോതിഷത്തിന്റെ കഥയില്ലായ്മ മനസ്സിലാക്കുവാൻ നമ്മുടെ പത്രമാസികകളിൽ വരുന്ന വാരഫലവും മറ്റും നോക്കിയാൽ മതി. ചില പ്രസിദ്ധീകരണങ്ങളിൽ 12 രാശികളെ ആധാരമാക്കിയുള്ള പ്രവചനങ്ങൾ കാണാം. ഇത് ശാസ്ത്രീയമായി ശരിയാണെങ്കിൽ ലോകമെമ്പാടുമുള്ള മനുഷ്യർക്ക് പന്ത്രണ്ടുതരം അനുഭവങ്ങളേ ഉണ്ടാകൂ. പക്ഷേ, മറ്റു ചില പ്രസിദ്ധീകരണങ്ങളിൽ 27 നക്ഷത്രങ്ങളെ ആധാരമാക്കിയാണ് വാരഫല പ്രവചനം. ലോകമെമ്പാടുമുള്ള മനുഷ്യർക്ക് 27 തരം അനുഭവങ്ങളാണ് ഉണ്ടാകുക എന്നല്ലെ ഇതിന്റെ അർത്ഥം? ജ്യോതിഷം ജ്യോതിഷത്തെത്തന്നെ ഖണ്ഡിക്കയാണിവിടെ ചെയ്യുന്നത്.

കൈരേഖകൾ ആധാരമാക്കി ഫലപ്രവചനം നടത്തുന്നവരുണ്ട്. പക്ഷിശാസ്ത്രം, ഗൗളിശാസ്ത്രം, ലക്ഷണശാസ്ത്രം, തൊടുകുറിശാസ്ത്രം തുടങ്ങി ഒട്ടനവധി ശാഖകൾ ജ്യോതിഷത്തിനുണ്ട്. നല്ല കാര്യങ്ങൾ നടത്താൻ ശുഭമുഹൂർത്തം നോക്കിയേ പറ്റൂ. പക്ഷേ, ഇവയിൽ ഒന്നുപോലും ശാസ്ത്രസത്യമായി അംഗീകരിക്കപ്പെട്ടിട്ടില്ല.

സർവ്വകലാശാലകൾ അന്ധവിശ്വാസം പ്രചരിപ്പിക്കാനും പഠിപ്പിക്കാനുമുള്ള വേദികളല്ല. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ജ്യോതിഷം സത്യമെന്നു തെളിയിക്കയാണ് ആദ്യം ചെയ്യേണ്ടത്. ഒരു ശാസ്ത്രമായി ജ്യോതിഷം അംഗീകരിക്കപ്പെട്ടാൽ അതിന് സർവ്വകലാശാലയിലേക്ക് നിർബ്ബാധം കടന്നു വരാം. പിൻവാതിലിലൂടെയുള്ള കടന്നുകയറ്റം എതിർക്കപ്പെടേണ്ടതാണ്.

സർവ്വകലാശാലകൾ
അന്ധവിശ്വാസം പ്രചരിപ്പിക്കാനും
പഠിപ്പിക്കാനുമുള്ള വേദികളല്ല.
പരീക്ഷണ നിരീക്ഷണങ്ങളിലൂടെ
ജ്യോതിഷം സത്യമെന്നു
തെളിയിക്കയാണ് ആദ്യം
ചെയ്യേണ്ടത്. ഒരു ശാസ്ത്രമായി
ജ്യോതിഷം അംഗീകരിക്കപ്പെട്ടാൽ
അതിന് സർവ്വകലാശാലയി ലേക്ക്
നിർബ്ബാധം കടന്നു വരാം.
പിൻവാതിലിലൂടെയുള്ള
കടന്നുകയറ്റം എതിർ
ക്കപ്പെടേണ്ടതാണ്.

# ഒരു യുഗസന്ധ്യയുടെ ഓർമ്മയ്ക്ക്

മാർട്ടിൻ ജോർജ്
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദം



സമയരഥത്തിന്റെ ചക്രവേഗങ്ങളിൽ കാലത്തിനു വീണ്ടും ബാല്യം
പഴമയുടെ പൊരുളറിഞ്ഞ് പുതുമയുടെ ഗന്ധം തേടി
യുഗയുഗാന്തര സന്ധ്യകൾ പിന്നിട്ട് നാം മുന്നോട്ട്
ഇവിടെ കൊഴിഞ്ഞ പകലുകളിൽ ചോര നീരാക്കിയവർ
ഇരവുകളെ പകലുകളാക്കി വേല ചെയ്തവർ
വിയർപ്പു വീണുരുകിയ വയലേലകളിൽ നൂറുമേനി.
ഇടയ്ക്കിടെ കളകളും വെട്ടുക്കിളികളും സുലഭം.
യുഗങ്ങൾക്കിപ്പുറം നമുക്ക് വാഴ്ത്തിപ്പാടാൻ
മാനവ സ്നേഹത്തിന്റെ ഒരായിരം ഗാഥകൾ.
ഒപ്പം സ്വാർത്ഥത പുഴുക്കുത്തു തീർത്ത
ചിതലരിക്കുന്ന സൗഹൃദ പ്രഹേളികകൾ.
സ്വർഗ്ഗവാതിൽ പക്ഷി വന്നണയുന്നതും കാത്ത്
വെയിൽപെയ്യുന്ന വഴിയോരങ്ങളിൽ കാത്തു കാത്തിരുന്നവർ
ജീവിത സമസ്യകളോട് രാജിയാവാനാവാതെ
പാതിവഴിയിൽ ജീവിത പാഥേയം ഉപേക്ഷിച്ചവർ.
നിഴൽ വീണ വഴികളിൽ
അയനപ്പൊരുൾ തേടി യാത്ര ചെയ്തവർ
പ്രണയവും ദുരന്തവും ഭാവനയുടെ ചിറകു ധരിച്ചപ്പോൾ
നിത്യ സുന്ദര വിസ്മയങ്ങളുയിർകൊണ്ടു.
ഈ യുഗസന്ധ്യയുടെ ചക്രവാളച്ചുവപ്പിൽ
ജൻമ ജൻമാന്തര സുകൃതങ്ങളുടെ വർണസമുച്ചയങ്ങൾ
മനുഷ്യ ശിരസുകൾ കൊത്തി പറിക്കുന്ന
കഴുകൻമാർക്കു മുൻപിൽ പതറാതിരിക്കാൻ
മനുഷ്യരാശിയുടെ പുരോയാനത്തിൽ
നഷ്ടപാദരാവാതിരിക്കാൻ
നഷ്ട സ്വർഗ്ഗങ്ങളെക്കുറിച്ചുള്ള പരിദേവനങ്ങൾക്ക്
വിട നൽകുക.
പുതുയുഗത്തിലെ ഋതുക്കളുടെ മുഴക്കത്തിനു
കാതോർക്കുക.
ഗിരിശീർഷങ്ങളുടെ നിശബ്ദതയിലലിയുക.

പാണന്റെ തുടികൊട്ടിയ നാമലയങ്ങളിൽ
നാമെത്ര നൻമകളുടെ ഉറവകൾ കണ്ടു.
ഇന്നിന്റെ പാണന് തുടികൊട്ടി പാടാൻ
ഹൃദയം തുറന്നു നാം കാതോർക്കുക.
കൊഴിയും യുഗങ്ങളിൽ ജൻമാന്തരങ്ങളായ്
അയനപൊരുൾ തേടും നാമിനിയും പഥികർ.
യാമിനി നീങ്ങയായ് പുണ്യോദയത്തിനായ്
ഉണരുക കൂട്ടരെ യുഗവരവേൽപ്പിനായ്.

# അനന്തരം കടൽ പറഞ്ഞത്

റോബിൻ കുര്യാക്കോസ്
ഒന്നാം വർഷ മലയാള സാഹിത്യം

അനന്തരം കടൽ പറഞ്ഞു തുടങ്ങി,
ശ്മശാന ഭിത്തികൾ തുരന്ന് തിരകൾ
തീരമണയുമെന്ന്
അലകൾക്ക് ചുട്ട പച്ചിരുമ്പിൻെറ
നിറമാണെന്ന്
അരുളപ്പാടുകൾക്കായി
മണൽത്തരികൾ
കാതോർത്തിരിക്കുന്നുവെന്ന്
അനന്തരം കടൽ പറഞ്ഞു തുടങ്ങി,
സൂര്യനിൽ സ്വപ്ന ബീജങ്ങൾ
മുള പൊട്ടിയെന്ന്
പ്രണയം നിരർത്ഥകതയുടെ
ഉരുൾപൊട്ടലാണെന്ന്
ശുഷ്കഹൃദയം പോലെ
കവിത തുടിക്കുന്നെന്ന്
അനന്തരം കടൽ പറഞ്ഞു തുടങ്ങി,
വേദമന്ത്രങ്ങളുടെ കറുത്ത കണ്ണിൽ
ചിതലരിക്കുമെന്ന്
ബോധോദയത്തിൽ മുഖത്തെ
രക്തം കട്ടപിടിക്കുമെന്ന്
അനന്തരം കടൽ പറഞ്ഞു തുടങ്ങി,
ഏതോ മഹാത്മാവിൻ തുരുമ്പിച്ച
വിരൽതുമ്പാണ്
പ്രപഞ്ചത്തെ തിരിക്കുന്നതെന്ന്
ശാസ്ത്രത്തിൻെറ തിരുജടയിൽ നിന്നു
മുഴങ്ങുന്നത്
ജാരസന്തതിയുടെ മോക്ഷമില്ലാത്ത
തടവിൻെറ വേദനയെന്ന്.
മുദ്രാവാക്യങ്ങൾ പേമഴയുടെ
പരിശുദ്ധമായ ഭ്രാന്താണെന്ന്.



അനന്തരം കടൽ പറഞ്ഞു തുടങ്ങി,
മൗനം ഏകാന്തതയുടെ പ്രാകൃതിക
ജൈവപരിസരമെന്ന്
ഗർത്തങ്ങൾ താരാട്ടുപാടുമ്പോൾ,
കറുത്ത കോട്ടിട്ട പുലരി
ലോകാവസാനത്തിൽ
സ്വതന്ത്രയാകുമെന്ന്
അനന്തരം കടൽ പറഞ്ഞുതുടങ്ങി,
പുൽനാമ്പിൽ തപസ്സിരുന്ന വാക്ക്
സ്മൃതിയുടെസ്ഫടികപാത്രത്തിലേക്ക്
അടർന്നു വീണെന്ന്

അപ്പോൾ,
ആയുസ്സിൻെറ പുസ്തകത്തിൽ നിന്ന്
ഉടൽവേർപെട്ട പ്രാവുകളുടെ
കുറുകൽ മുഴങ്ങിയെന്ന്.
കടൽ പറഞ്ഞുനിർത്തി.
അനന്തരം
ഇളകിമറയുന്ന കടലിൽ നിന്ന്
ഉടഞ്ഞൊരു ബുദ്ധവിഗ്രഹം
ബോധിസത്വൻെറ
അഗ്നിസ്ഥലിംഗവുമായ്
പൊന്തിവന്നു.



ലേഖനം



വന്ദന ബി.
ഒന്നാം വർഷ മലയാള സാഹിത്യ ബിരുദം

# പരസ്യങ്ങളിലെ 'സ്ത്രീവേഷങ്ങൾ'

കച്ചവട സംസ്കാരത്തിന്റെ ഏറ്റവും ആകർഷണീയമായ ഒരു മുഖമാണ് പരസ്യങ്ങളിലൂടെ ഇന്ന് നാം കാണുന്നത്. അതുകൊണ്ടുതന്നെ പരസ്യങ്ങൾ സൃഷ്ടിക്കുന്ന ആശയങ്ങളെ തിരിച്ചറിഞ്ഞ് മുന്നോട്ട് പോകാനുള്ള ഒരു സന്ദർഭവും ഇന്ന് ഏറെക്കുറെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പരസ്യങ്ങളുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ ഇന്ന് ഉയർന്നുവരുന്നുണ്ട്. ഏറെക്കുറെ വ്യവസായവൽകൃതമെങ്കിലും പരസ്യത്തെ ഒരു കലാസൃഷ്ടിയായി അംഗീകരിക്കാമെങ്കിൽ നാം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് കലാസൃഷ്ടിയും പരിവർത്തനോന്മുഖമായ സാമൂഹ്യ പ്രവണതകളും തമ്മിലുള്ള ബന്ധത്തിന്റെ അഭാവമാണ്.

സ്ത്രീകളെ കേന്ദ്രീകരിച്ചു കൊണ്ടാണ് മിക്ക പരസ്യങ്ങളും വിഭാവനം ചെയ്യുക പതിവ്. 'സ്ത്രീകളെ' എന്നു പറയുന്നതിലും നന്ന് സ്ത്രീശരീരങ്ങളെ വില്പനച്ചരക്കാക്കിമാറ്റുന്നു എന്നു പറയുന്നതാവും. മനുഷ്യന്റെ നിലനിൽപ്പിന്റെ അടിസ്ഥാന ആവശ്യങ്ങളാണ് രതിയും വിശപ്പും. മനുഷ്യൻ ഏതെല്ലാം മേഖലകളിൽ കടന്നു ചെല്ലുന്നുണ്ടോ, അവിടെയൊക്കെ അവന്റെ ഈ രണ്ട് ചോദനകൾ അവനെ ഭരിക്കുന്നുണ്ട്. വ്യവസായവൽക്കരണത്തിന്റെ ഭാഗമായി 'രതി' എന്ന

അടിസ്ഥാന ചോദനയെ മുതലെടുക്കുകയാണ് കച്ചവട സംസ്കാരം. ജന്മസിദ്ധമായി സ്ത്രീയുടേത് എന്ന് ആരോപിച്ചുകൊണ്ട്, അവൾ ചെയ്തുതീർക്കേണ്ട ജോലികളിൽ കുടുക്കിയിട്ടുകൊണ്ട്, ബുദ്ധി, ഭാവന തുടങ്ങിയ മേഖലകളിലേയ്ക്കു കടന്നു ചെല്ലാൻ അവളെ അനുവദിക്കുന്നില്ല.

വിവാഹമെന്ന ഏക ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട്, അതിനെ കേന്ദ്രീകരിച്ചുകൊണ്ട് പരസ്യങ്ങൾ മുന്നേറുന്നു. 'പൊരുത്തങ്ങളെല്ലാം ഉത്തമം. എന്നാൽ മെലിഞ്ഞുണങ്ങിയ ദേഹം; അതാണ് പ്രശ്നം!' എന്നു പറഞ്ഞുകൊണ്ട്, ശരീരത്തിന് ഓജസ്സും സൗന്ദര്യവും ലഭിക്കാൻ 'മരുന്നാ' എന്ന് പ്രഖ്യാപിക്കുമ്പോൾ സ്ത്രീയെ ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായി കാണുകയല്ലേ ഇവിടെ? കവി സങ്കല്പത്തിലെ 'മാംസനിബദ്ധമല്ല രാഗം!' എന്ന ആശയത്തിന്റെ മുഖത്തടിക്കുന്ന വിധത്തിലുള്ള പരസ്യചിത്രീകരണങ്ങളാണ് ഇവ. 36' 24' 36' ഇങ്ങനെ ശാരീരിക വടിവില്ലാത്ത സ്ത്രീകൾ, സ്ത്രീകളല്ലേ? എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

'കൂടുതൽ സുന്ദരിയും ഭംഗിയുള്ളവളുമാകാൻ എന്തു ചെയ്യണം ചേച്ചീ?' എന്ന് ചോദിച്ചുകൊണ്ട് ബാഹ്യസൗന്ദര്യത്തിന് ആക്കം കൂട്ടാൻ വേണ്ടി സ്ത്രീകളുടെ മനോബലത്തെ ചോദ്യം ചെയ്യുന്ന ഇത്തരം പരസ്യങ്ങൾ സ്ത്രീ സമൂഹത്തിനു തന്നെ ശാപമാണ്. കൊച്ചുകുട്ടികളെപ്പോലും നിസ്സാരമായ ഒരു കുടയുടെ പരസ്യത്തിനു വേണ്ടി, സ്ത്രീ പുരുഷബന്ധത്തെ മലീമസപ്പെടുത്തുന്ന വിധത്തിൽ ചിത്രീകരിച്ചുകൊണ്ട് വരും തലമുറയിലെ പിഞ്ചു ഹൃദയങ്ങളെപ്പോലും വഴിതെറ്റിക്കുന്ന വിധത്തിൽ ആയിരിക്കുന്നു പരസ്യങ്ങളുടെ കടന്നു കയറ്റം.

അടുക്കള എന്നത് സ്ത്രീകളുടെ ലോകം ആയതുകൊണ്ടാവാം പാചക എണ്ണകളുടെയും മറ്റും പരസ്യങ്ങളിൽ സ്ത്രീകളെ ഉൾപ്പെടുത്തുന്നത്. 'മനോഹരമായിരിക്കുന്നു' എന്ന ഭർത്താവിന്റെ പ്രശംസ കേട്ട് സന്തോഷത്തോടെ, 'എന്നെയാണോ?' എന്നു ചോദിക്കുന്ന ഭാര്യയോട്, 'ഛെ! നിന്നെയല്ല, നിന്റെ പാചകം' എന്നു പറയുന്ന ഭർത്താവിനോട് അതിന്റെ രഹസ്യം 'ഇദയം നല്ലെണ്ണ'യാണ് എന്നു പറയേണ്ടിവരുന്ന ഭാര്യ. ഭാര്യയോടുള്ള സ്നേഹവും പാചക നൈപുണ്യവും ഒരു തുലാസിന്റെ രണ്ട് തട്ടുകളാവുകയാണ് ഇവിടെ. ഭർത്താവിന്റെ കാഴ്ചപ്പാടിൽ പാചകനൈപുണ്യത്തിന്റെ തട്ടിനു തന്നെയാണ് കൂടുതൽ പ്രസക്തി. ഭാര്യയെന്നാൽ പാചകം, ശിശു പരിപാലനം, അങ്ങനെ സ്ഥിരമായി അവളിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ചെയ്തു ജീവിക്കേണ്ടവളെന്നാണോ അർത്ഥമാക്കുന്നത്? നല്ല പാചകം ചെയ്യുവാൻ അറിയാത്തവർ നല്ല ഭാര്യമാരല്ലെന്നു വരുമോ? ജീവിതത്തിൽ മകളായും ഭാര്യയായും അമ്മയായുമൊക്കെ ജീവിച്ചു തീർത്ത് ഒടുവിൽ മക്കളെല്ലാം ഉപജീവനാർത്ഥം കൂടുവിട്ട് പോകുമ്പോൾ പട്ടണത്തിലെ ഏതെങ്കിലുമൊരു രണ്ടു നിലക്കെട്ടിടത്തിലോ മറ്റോ വാടകയ്ക്ക് ഏകാന്ത ജീവിതം നയിക്കേണ്ടി വരുന്ന മദ്ധ്യവയസ്കരായ സ്ത്രീകൾ ഇന്നത്തെ സമൂഹത്തിൽ ധാരാളമാണ്. ജീവിതത്തിൽ പിടിച്ചു നിൽക്കാൻ വേണ്ടി അവരൽപ്പം പിടിവാശിക്കാരിയും കണിശക്കാരിയുമാവുക സ്വാഭാവികം മാത്രം. എന്നിട്ടു തന്നെ പട്ടണത്തിൽ ഒരു വീടിനുവേണ്ടി ധാരാളം അലച്ചിലുകളും കുറ്റപ്പെടുത്തലുകളും അവർക്ക് സഹിക്കേണ്ടി വരുന്നുമുണ്ടാകാം. 'മുകളിലേയ്ക്കു വെള്ളം കയറുന്നില്ല' എന്നു പറഞ്ഞുകൊണ്ട് മറ്റൊരു വാടകക്കാരിയുമായി വഴക്കടിക്കുന്ന മദ്ധ്യവയസ്കയും വഴക്കു തീർക്കാൻ തത്രപ്പെടുന്ന വീട്ടുടമസ്ഥനും ഇത്തരമൊരു ധാരണ അരക്കിട്ടുറപ്പിക്കുന്നു. തെറ്റിദ്ധാരണാജനകവും കഴമ്പില്ലാത്തതുമായ ഇത്തരം പരസ്യങ്ങൾ ഒഴിവാക്കുന്നതല്ലേ ഉചിതം?

കേവലമൊരു ടൂത്ത് പേസ്റ്റിന്റെ പരസ്യത്തിനു വേണ്ടി, ഒരു സ്ത്രീയെ പോലീസ് വേഷത്തിൽ ചിത്രീകരിച്ചുകൊണ്ട് ഒരു കൊലപ്പുള്ളിയുടെ അന്ത്യാഭിലാഷം സാധിതമാക്കുന്നു എന്ന രീതിയിൽ തീരെ തരംതാണ പരസ്യം ചിത്രീകരിച്ചിരിക്കുന്നത് അഭിമാനപൂർവ്വം അത്തരമൊരു പദവിയിലിരിക്കുന്ന ഏതൊരു സ്ത്രീയ്ക്കും അപമാനകരമാണ്. അതിലുപരി ജനങ്ങൾ അവരുടെ നീതിയ്ക്കുവേണ്ടി വിശ്വാസമർപ്പിച്ചിരിക്കുന്ന നിയമത്തിന്റേയും പോലീസിന്റേയും മാന്യതയ്ക്കു കോട്ടം തട്ടുന്ന രീതിയിലുള്ള ഒരു വിലകുറഞ്ഞ പരസ്യ ചിത്രീകരണമാണത്.

പാടത്തും പറമ്പിലുമെന്നപോലെ പർവ്വതാരോഹണം വരെ ഇന്ന് സ്ത്രീളുടെ പ്രവർത്തനമേഖലകളിൽ പെടുന്നുണ്ട്. കേവലമൊരു ടൂത്ത് പേസ്റ്റിന്റെ പരസ്യത്തിനു വേണ്ടി, ഒരു സ്ത്രീയെ പോലീസ് വേഷത്തിൽ ചിത്രീകരിച്ചുകൊണ്ട് ഒരു കൊലപ്പുള്ളിയുടെ അന്ത്യാഭിലാഷം സാധിതമാക്കുന്നു എന്ന രീതിയിൽ തീരെ തരംതാണ പരസ്യം ചിത്രീകരിച്ചിരിക്കുന്നത് അഭിമാനപൂർവ്വം അത്തരമൊരു പദവിയിലിരിക്കുന്ന ഏതൊരു സ്ത്രീയ്ക്കും അപമാനകരമാണ്. അതിലുപരി ജനങ്ങൾ അവരുടെ നീതിയ്ക്കുവേണ്ടി വിശ്വാസമർപ്പിച്ചിരിക്കുന്ന നിയമത്തിന്റേയും പോലീസിന്റേയും മാന്യതയ്ക്കു കോട്ടം തട്ടുന്ന രീതിയിലുള്ള ഒരു വിലകുറഞ്ഞ പരസ്യ ചിത്രീകരണമാണ് അത്.

കാലഹരണപ്പെട്ട മൂല്യങ്ങളുടെ തിരിച്ചുവരവ് പരസ്യങ്ങളിലൂടെ നമുക്കിന്ന് കാണാനാകും. കലാസൃഷ്ടികളും ജീവിതത്തിലെ അനുഭവയാഥാർത്ഥ്യങ്ങളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് മലയാളി സമൂഹം വച്ചുപുലർത്തുന്ന പൊതുധാരണയുടെ സ്വഭാവമെന്തെന്ന് വ്യക്തമാക്കുന്നവയാണ് അത്തരം പരസ്യങ്ങൾ. പണ്ടത്തെ ഫ്യൂഡൽ വ്യവസ്ഥിതിയിൽ നിലവിലിരുന്ന ജന്മി കുടിയാൻ ബന്ധം പരസ്യങ്ങളിലൂടെ തിരിച്ചുവരുന്നു. ജന്മിത്ത സംസ്കാരത്തിന്റെ പുനർജ്ജനി എന്ന് നമുക്ക് വേണമെങ്കിൽ പറയാം. ഓരോ പരസ്യചിത്രവും സത്യമോ മിഥ്യയോ പ്രത്യക്ഷമോ പരോക്ഷമോ എന്ന് വേർതിരിച്ചറിയാനാവാതെ ആഴത്തിൽ അനുഭവവേദ്യമാക്കാൻ അതിന്റെ സ്രഷ്ടാക്കൾ ശ്രമിക്കുന്നു.

> **ഏതു രൂപത്തിലായാലും ഓരോ കാലത്തും പരസ്പരം മത്സരിക്കുന്ന ഇത്തരം പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകളെ വിലയിരുത്തുന്നവരും കുറവല്ല. അങ്ങനെ പരസ്യങ്ങൾ കേവലമായ കലാനുഭൂതിയുടെ ഭദ്രമായ ഭാഷാ ശില്പമായി മാറുന്നു.**

ഏതു രൂപത്തിലായാലും ഓരോ കാലത്തും പരസ്പരം മത്സരിക്കുന്ന ഇത്തരം പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകളെ വിലയിരുത്തുന്നവരും കുറവല്ല. അങ്ങനെ പരസ്യങ്ങൾ കേവലമായ കലാനുഭൂതിയുടെ ഭദ്രമായ ഭാഷാശില്പമായി മാറുന്നു. ഇതിൽ നിന്നും കേരളത്തിൽ പണ്ടു നിന്നിരുന്ന മൂല്യസങ്കല്പങ്ങൾ സജീവമായി തിരിച്ചുവരുന്നു എന്നുവേണം കരുതാൻ.

പരസ്യങ്ങളിലെ ആശയങ്ങൾ അതേപടി വിഴുങ്ങാൻ ശീലിച്ച ഇന്നത്തെ ഈ രീതി ഒരു തെറ്റുമാത്രമെന്നല്ല, മറിച്ച് മനുഷ്യരോടുള്ള അവരുടെ സമീപനവും കൂടിയാണ് വ്യക്തമാക്കുന്നത്. ഏതു വായനക്കാരനും പ്രേക്ഷകനും എപ്പോഴും ഒരർത്ഥം മാത്രം പകരുന്ന പരസ്യ ചിത്രങ്ങളാണ് ഏറിയപങ്കും. 'സ്വന്തം ഭാര്യയെ സ്നേഹിക്കുന്നെങ്കിൽ പ്രസ്റ്റീജ് എങ്ങനെ വേണ്ടെന്നുവെയ്ക്കും'? ഇവിടെ ഭാര്യയോടുള്ള സ്നേഹം equal to പ്രസ്റ്റീജ് എന്നായിമാറുന്നു. ഇത്തരം രചനകൾ വിരുദ്ധങ്ങളും വ്യത്യസ്തങ്ങളുമായ വിവിധ പാഠങ്ങൾക്ക് പ്രവർത്തിക്കാനുള്ള ഒരിടമായിതീരുന്നു. ഇവിടെ അനുവാചകർ അവരുടെ വായനശേഷിയ്ക്കനുസരിച്ച് ലഭിക്കുന്ന പാതയിലേയ്ക്കായിരിക്കും ഇറങ്ങിച്ചെല്ലുക. ആ ഒരനുഭവം വെച്ചുകൊണ്ടായിരിക്കും അവർ വിധി പറയുന്നതും.


**WinTech**

Cyber Cafe

Yeshess Complex
Near U.C.College,
Ph: 607202

COMPUTER COURSES
WIN 3650 CASH PRIZES
Daily 10 Prizes

Computer Fundamentals

Windows - 2000
MS-Word
MS- Excel
MS- Powerpoint
.NET

HTML
JAVA SCRIPT
VB
VB SCRIPT
C#
SQL

കഥ

# ടേസ്റ്റി ഫുഡ്



ശ്യാം ബാബു പാറപ്പുറം
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദം

ആ റെസ്റ്റോറൻറിൻെറ പേരുതന്നെ അങ്ങനെ ആയിക്കഴിഞ്ഞു - 'ടേസ്റ്റി ഫുഡ് !'. ഒരിക്കൽ പരീക്ഷണാർത്ഥം കയറിയ ഞങ്ങളും അവിടുത്തെ സ്ഥിരം അതിഥികളായി. ഉപഭോക്താക്കളുടെ എണ്ണം ഗണ്യമായി കൂടിയപ്പോൾ ആ റെസ്റ്റോറൻറുകാരൻ നേരത്തെ ബുക്കു ചെയ്യുന്ന നിശ്ചിത ഉപഭോക്താക്കൾക്കു മാത്രം ആദ്യം ഭക്ഷണം വിളച്ച. ബുക്ക് ചെയ്തവരിൽ ആരെങ്കിലും വരാതിരുന്നാൽ ഉണ്ടാകുന്ന വിടവിൽ കയറാൻ വെയിറ്റിങ്ങ് ലിസ്റ്റിലും ഒരുപാട് പേർ.... ഒരു പാട് റെസ്റ്റോറൻറുകളിൽ കയറി ഭക്ഷണം കഴിച്ചിട്ടും ഭക്ഷണം ഇഷ്ടപ്പെടാത്തതു മൂലം സ്ഥിരമായി ഒരെണ്ണം തിരഞ്ഞെടുക്കാൻ കഴിയാതിരുന്നപ്പോഴാണ് ഞങ്ങൾ 'ടേസ്റ്റി ഫുഡിൽ' നിന്നും ഭക്ഷണം കഴിച്ചത്. ഓ... അവിടുത്തെ മാംസക്കറിയുടെ മണവും സ്വാദും തന്നെ മറ്റ് ആഹാരങ്ങൾക്ക് രുചിയേറ്റി.... അതു കൊണ്ട് ഒരു വർഷത്തേക്ക് ഞങ്ങൾ ടേസ്റ്റിഫുഡിൽ ഭക്ഷണം ബുക്കു ചെയ്തു.

അങ്ങനെയിരിക്കെയാണ് ഒരിക്കൽ സർക്കാർ ആശുപത്രിയുടെ ഗേറ്റിനുള്ളിൽ നിന്നും 'ടേസ്റ്റി ഫുഡിൻെറ' മോട്ടോർ വണ്ടി വരുന്നത് ശ്രദ്ധയിൽ പെട്ടത്. ആദ്യം ചിന്തിച്ചു - 'ഇവർക്ക് ഔട്ട്ഡോർ കാറ്ററിങ്ങും ഉണ്ട്' പിന്നീട് ഒരുവട്ടം അതേ മോട്ടാർ വണ്ടി സർക്കാരാശുപത്രിയിലെ അബോർ ട്ടഡ് കുരുന്നുകളുടെ കുപ്പത്തൊട്ടി യിലേക്ക് പാഞ്ഞുകയറി പെട്ടി നിറച്ച് തിരിച്ചുവരുന്നതു കണ്ടു ....



മറ്റ് ആഹാരങ്ങൾക്ക് അലങ്കാരമായി തോന്നിയിരുന്ന 'ടേസ്റ്റിഫുഡി 'ലെ, ഞങ്ങൾ ഇതുവരെ അഭിമാനപൂർവ്വം ഭക്ഷിച്ച 'ടേസ്റ്റികറി 'യെ കുറിച്ച് ഗ്രഹിച്ചിട്ടും, ഇന്നും ഞങ്ങൾ അഭിമാനത്തോടെ 'ടേസ്റ്റിഫുഡ് ' റെസ്റ്റോറൻറിലേക്ക് പോയി പതിവിലും കൂടിതൽ 'ടേസ്റ്റികറി' കഴിച്ചു....

'ടേസ്റ്റികറി' ക്കു പുറത്ത് വട്ടത്തിലിട്ട സവാളയെ നോക്കി കൗതുക ത്തോടെ മറ്റൊന്ന് ഓർത്തു.

ലേഖനം

# കറയറ്റ മാധ്യമധർമ്മം എങ്ങോട്ട്??

ജെ.ബി.നെൽസൺ
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദം




വാർത്താ മാധ്യമങ്ങളില്ലാത്ത ഒരു ലോകത്തെക്കുറിച്ച് ഇന്നത്തെ മനുഷ്യന് ചിന്തിക്കാനാകില്ല. വാർത്തകളും വിജ്ഞാന ശകലങ്ങളും മറ്റും മാധ്യമങ്ങൾ പ്രസാധനം ചെയ്യുന്നുണ്ടെങ്കിലും അവ സമൂഹത്തോട് എത്രമാത്രം വിശ്വാസ്യത പുലർത്തുന്നുണ്ടെന്ന കാര്യം സംശയിക്കേണ്ടിയിരിക്കുന്നു.

മാധ്യമങ്ങൾ സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്കു വേണ്ടി നിലകൊള്ളുവാൻ തുടങ്ങുമ്പോൾ കറയറ്റ പത്രധർമ്മം എന്ന ആശയം ചവിട്ടി മെതിക്കപ്പെടുകയാണു ചെയ്യുന്നത്. വളച്ചുകെട്ടില്ലാത്ത പത്രധർമ്മത്തിനുള്ള തങ്ങളുടെ പാരമ്പര്യം ഇടയ്ക്കിടെ കൊട്ടിഘോഷിച്ചും തങ്ങളുടെ വരിക്കാരുടെ എണ്ണം ഉയർത്തിക്കാണിച്ചും ഏറ്റവും ലാഭത്തിൽ കൊണ്ടുപോകാവുന്ന ഒരു നല്ല ബിസിനസ്സായിട്ടാണ് പല വർകിട പത്രങ്ങളും പത്ര ധർമ്മത്തെ നോക്കിക്കാണുന്നത്.

തങ്ങൾക്ക് ആഭിമുഖ്യമുള്ള പല പ്രസ്ഥാനങ്ങളേയും വ്യക്തികളേയും സംരക്ഷിക്കുന്നതിനായി യഥാർത്ഥ വാർത്തയെ വളച്ചൊടിച്ചും കണ്ടില്ലെന്നു നടിച്ചും പ്രവർത്തിക്കുമ്പോൾ അത് സമൂഹത്തോടുള്ള അനീതിയായിരിക്കും.

മാലി സ്വദേശിനിയായ മറിയം റഷീദയും കൂട്ടുകാരികളും ചേർന്ന് ചാരപ്രവർത്തനം നടത്തി രഹസ്യങ്ങൾ ചോർത്തിയതും ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞൻമാരെ അകത്തു കടത്തിയിരുത്തിയതും നേരിൽകണ്ട് ഒപ്പിയെടുത്തതായിട്ടുള്ള വിധത്തിൽ ലേഖന പരമ്പരകൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്ത മാധ്യമങ്ങൾ മറിയം റഷീദക്കും മറ്റും വരുത്തിയ മാനക്കേടിനും മനോവ്യഥക്കും പകരമായി മാപ്പു പറഞ്ഞാലും മതിവരില്ല.

മറ്റൊരുകാര്യം മലയാളത്തിലെ മിക്ക പത്രങ്ങളും ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയോടു ചായ്‌വുള്ളതാണെന്നതാണ്. ഏതെല്ലാം പത്രങ്ങൾ ഏതൊക്കെ രാഷ്ട്രീയ പാർട്ടിയോടു ചായ്‌വുള്ളതാണെന്ന് പത്രം എടുത്തു പറഞ്ഞ് വിവരിക്കാതെതന്നെ വ്യക്തമാണ്. ഞങ്ങൾക്ക് ഒരു രാഷ്ട്രീയപാർട്ടിയോടും ചായ്‌വില്ലെന്നും നിക്ഷ്പക്ഷമായ രീതിയിലാണ് പ്രവർത്തിക്കുന്നതെന്നും ഏതൊരു പത്രത്തിനും തറപ്പിച്ചു പറയാനാകുമെങ്കിലും മതപരമോ സാമുദായികപരമോ രാഷ്ട്രീയപരമോ അല്ലാത്ത, അൽപമെങ്കിലും ഒരു വിഭാഗത്തെ പിന്തുണക്കാത്ത, പത്രങ്ങൾ വിരളമാണ്.

വായനക്കാരെ ഒന്നു സുഖിപ്പിച്ചു രസിപ്പിക്കുക എന്ന ഉദ്ദേശ്യം കൂടി പല പത്രങ്ങൾക്കുമുണ്ട് അതിനാലാണ് പെൺവാണിഭക്കഥകളും ബലാത്സംഗക്കേസുകളും ആഴ്ചകളോളം പത്രമാധ്യമങ്ങളുടെ തലക്കെട്ടായി നിലകൊള്ളുന്നത്.

പലപ്പോഴും ഒരേ വാർത്ത തന്നെ വളരെ വ്യത്യസ്ഥങ്ങളായ വിധത്തിലാണ് പല പത്രമാധ്യമങ്ങളിലും പ്രത്യക്ഷപ്പെടാറുള്ളത്.

ഈയിടെ ചില വൻകിട പത്രങ്ങൾ വരിക്കാർക്കായി സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുകയുണ്ടായി. എവിടെ സൗജന്യമെന്നുകേൾക്കുന്നോ അവിടെ ഓടിയെത്തുന്ന മലയാളി ഇവിടെയും അധികമൊന്നും ചിന്തിക്കുവാൻ കൂട്ടാക്കിയില്ല. പന്ത്രണ്ടും പതിനാലുമൊക്കെ പേജുകൾ മാത്രമുള്ളതും മൂന്നുരൂപ വിലവരുന്നതുമായ മലയാള പത്രങ്ങൾ പതിനെട്ടും ഇരുപതുമൊക്കെ പേജുകളുള്ളതും താരതമ്യേന മലയാള വിദേശ ചാനലുകളുടെ അതിപ്രസരത്തെക്കുറിച്ചും അവയിലെ മാദക നൃത്തങ്ങളേക്കുറിച്ചുമെല്ലാം വളരെ വിമർശനാഭിപ്രായങ്ങളുള്ള ഈ കാലഘട്ടത്തിൽ നാഷനൽ ചാനലായ ദൂരദർശന്റെ പരിപാടികൾക്ക് എത്രത്തോളം നിലവാരമുണ്ടെന്ന കാര്യം ചിന്തിക്കേണ്ടിയിരിക്കുന്നു.

ദൂരദർശന്റെ നാഷനൽ ചാനലിലാണെങ്കിൽ പലവട്ടം പറഞ്ഞതും ഇപ്പോൾ വീണ്ടും അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ പുരാണകഥകൾ ദിവസം തോറു ഷണം ചെച്ചപ്പെടാറുള്ളത്. 250 എപ്പിസോഡുകൾ പൂർത്തിയാക്കിയെന്നവകാശപ്പെടുന്ന 'സ്ത്രീ' എന്ന പരമ്പരതന്നെ നോക്കുക. ഇതിലെ നായികാകഥാപാത്രം ഇത്രയും കാലം ഒരു 'മണ്ടിപ്പെണ്ണാ'യിരുന്നു. 250 എപ്പിസോഡ് പൂർത്തിയായി കഴിഞ്ഞപ്പോഴാണ് ഒരു പക്വതയുള്ള സ്ത്രീയെപ്പോലെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങിയത്. ഇതേരീതിയിൽതന്നെ പോയാൽ ആ പരമ്പര 250 അല്ല 1000 എപ്പിസോഡ് തികപ്പിക്കാം.



പത്രങ്ങളെ അപേക്ഷിച്ച് വില കുറവുള്ളതുമായ ഇംഗ്ലീഷ് പത്രങ്ങളെക്കാൾ വളരെ ലാഭമാണ് കൊയ്യുന്നത്. ഇങ്ങനെ കിട്ടുന്ന ലാഭത്തിന്റെ ചെറിയൊരു വിഹിതം സൗജന്യ ഇൻഷുറൻസ് പരിരക്ഷക്കായി മുടക്കുന്നതിൽ അതിശയിക്കേണ്ടതില്ല.

പത്രങ്ങളെപ്പോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു മാധ്യമമാണല്ലോ ടെലിവിഷൻ വിദേശ ചാനലുകളുടെ കടന്നുകയറ്റം ഏറെയുണ്ടെങ്കിലും ആകാശവാണിയിൽ നിന്നും 1976ൽ വേർപിരിഞ്ഞ് ദൂരദർശൻ എന്നപേരിൽ പ്രവർത്തനമാരംഭിച്ച ദൂരദർശനുതന്നെയാണ് ഇന്ന് ഇന്ത്യയിൽ പ്രേക്ഷകരധികവും.

മെന്നവണ്ണം പുതിയ വ്യാഖ്യാനങ്ങളോടെ ഉദയം ചെയ്തുകൊണ്ടിരിക്കുകയാണ്.

ദൂരദർശന്റെ തിരുവനന്തപുരം നിലയവും വ്യത്യസ്ഥമല്ല. ദൂരദർശന്റെ മുൻ ഡയറക്ടർ കൂടിയായ വി.ജി.മാത്യു ഒരു അഭിമുഖത്തിൽ പറഞ്ഞിരിക്കുന്നതുപോലെ "കുറെ തറവാടു കഥകളും പൈങ്കിളിക്കഥകളും സ്പോൺസേർഡ് സീരിയലുകളെന്ന പേരിൽ അവതരിപ്പിക്കുന്നു. നിലവാരമുള്ള പരിപാടികൾ വളരെ കുറവാണ് സംപ്രേഷണം ചെയ്യും."

പരിപാടികളുടെ നിലവാരത്തിന്റെ കാര്യത്തിൽ കേരളത്തിലെ സ്വകാര്യ ചാനലുകളും ഭിന്നമല്ല. പൈങ്കിളി നോവലുകളേക്കാളും നിലവാരം കുറഞ്ഞ പരിപാടികളാണ് പലപ്പോഴും സംപ്രേ

പ്രധാനവാർത്താമാധ്യമങ്ങളിൽ ചിലതായ ടെലിവിഷന്റെയും പത്രങ്ങളുടെയും പരിപാടികളെയും പ്രവർത്തനങ്ങളേയും വിശകലനം ചെയ്യുന്നതിലൂടെ അവയുടെ ഇന്നത്തെ നിലവാരത്തിന്റെ ഒരു ഏകദേശരൂപം കിട്ടും. യഥാർത്ഥ പത്രധർമ്മമെന്തെന്നു മനസ്സിലാക്കി പത്രങ്ങൾ പ്രവർത്തിക്കുകയും നിലവരവും പുതുമയുമുള്ള പരിപാടികൾ അവതരിപ്പിക്കാൻ ടി.വി. ചാനലുകളും മറ്റും ശ്രമിക്കുകയും ചെയ്താലേ ജനങ്ങളും മാധ്യമങ്ങളും തമ്മിലുള്ള ബന്ധം ആരോഗ്യപരമാവൂ. ലാഭം കൊയ്യാനുള്ള കേവലം ഒരു ബിസിനസ്സ് എന്ന നിലവാരത്തിലേക്ക് വാർത്താമാധ്യമങ്ങളെ അധഃപതിപ്പിക്കുന്ന പ്രവണത എത്രയും വേഗം പത്രമുതലാളിമാർ അവസാനിപ്പിക്കണം.

# കൊഴിയുന്ന ഇലകൾ

യു.സി.സി.യിലെ കൂട്ടുകാർക്കു വേണ്ടി......

സൗഹൃദത്തിൻ തേൻമാവിൻ കൊമ്പുകളിലെ ഇലകൾക്കിതാ നിറമാറ്റം സംഭവിക്കുന്നു. അതെ, അവ ഇളം മഞ്ഞനിറത്തിലേക്ക് അതിവേഗം നീങ്ങുന്നു. (നിങ്ങൾക്ക് അറിയില്ലേ കൂട്ടരേ, മഞ്ഞ അസൂയയുടെ നിറമാണ്.) പച്ചയിലകളോട് ഞങ്ങൾക്ക് അസൂയയാണ്. കാരണം നിങ്ങൾക്ക് മഞ്ഞനിറമാകാൻ ഒന്നും, രണ്ടും വർഷങ്ങൾ ഉണ്ടല്ലോ? പഴുത്ത ഇലകൾ കൊഴിയുമ്പോൾ പച്ചയിലകൾ ചിരിക്കുമോ? അതോ കൊഴിഞ്ഞ ഇലകളെ ഓർത്ത് ദുഃഖിക്കുമോ? പക്ഷേ കൊഴിയുന്ന ഇലകൾക്ക് തിരിച്ചുചെന്ന് ശിഖരങ്ങളിൽ അതേ സ്ഥാനം പിടിക്കാനാവില്ല.

കൊഴിയുന്ന ഇലകൾക്ക് തേൻമാവിനോട് പറയാനുള്ളത് ഇതാണ്. ഇത്രയും കാലം ശിഖരങ്ങളിൽ വഹിച്ചതിന് ഒരുപാടുണ്ട് നന്ദി. കൊഴിഞ്ഞ സ്ഥാനത്ത് പുതിയ പ്രതീക്ഷകളും, സ്വപ്നങ്ങളും, മോഹങ്ങളുമായി തളിരിലകൾ വരാൻ കാത്തു നില്ക്കുന്നു. ഇവയ്ക്കായി ചില്ലകൾ ഒരുക്കുക, നേരത്തേക്കാൾ നന്നായി.

ആകർഷകങ്ങളായ പുഞ്ചിരിയും നറുമുത്തുകൾ പൊഴിക്കാൻ വിതുമ്പുന്ന മനസ്സുകളും സ്വന്തമായുള്ള ഞങ്ങളുടെ കൂട്ടുകാർക്ക്. അല്ലെങ്കിൽ സ്വപ്നസദൃശ്യമായ വാക്കുകളും അർത്ഥ സംപുഷ്ടമായ നോക്കുകളും കൊണ്ട് ഞങ്ങളെ ഞങ്ങളാക്കിയ യു.സി.യിലെ കൊച്ചനുജൻമാരോട്, അനിയത്തിമാരോട്, നിങ്ങളുടെ ആർദ്രമായ സ്നേഹപ്രണാമങ്ങളുടെ മുൻപിൽ കൊഴിയുന്ന ഇലകളായെങ്കിലും വരാൻ സാധിച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണ്. കൂട്ടുകാരെ കൊഴിയാറായ ഈ നിമിഷങ്ങളിൽ ഒരു വിളിപ്പാടകലെയെങ്കിലും നിങ്ങൾ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞങ്ങൾ വെറുതെ ആശിച്ചുപോകുന്നു....

# സമാന്തരങ്ങൾ

ദീപാ വിലാസൻ
രണ്ടാം വർഷ പ്രിഡിഗ്രി, ഫസ്റ്റ് ഗ്രൂപ്പ്



പ്രതീക്ഷകളുടെ വരണ്ട ഭൂമിയിലേക്ക്,
ആശ്വാസത്തിൻെറ നനുത്ത സ്പർശമായി
നീ വരുമെന്നു ഞാൻ കരുതി.
തകർന്നു വീണ സ്വപ്നങ്ങൾക്കും
പൊടിപറ്റിയ പുസ്തകത്താളുകൾക്കുമിടയിൽ
ഞാൻ നിന്നെ തിരയുകയായിരുന്നു.
മാറാല തൂങ്ങിയ എൻെറ ചിന്തകൾക്കു മുകളിൽ
സ്വപ്നങ്ങളുടെ പീലിക്കുട വിടർത്തിയത് നീയായിരുന്നു
എന്നിട്ടും നീ വൈകുകയായിരുന്നു.
സ്വപ്നങ്ങൾ ചിന്തകൾക്കു വഴിമാറവെ,
നിനക്കു വേണ്ടി കാത്തുവച്ച മോഹങ്ങൾ
കറുത്ത മേഘങ്ങളായ് പെയ്തൊഴിഞ്ഞു.
ഒടുവിൽ നീയെത്തി, എങ്കിലും
നമ്മുടെ വഴികൾ രണ്ടായി പിരിഞ്ഞിരുന്നു.

# ഗാന്ധി

ദീപക് കൃഷ്ണൻ
മൂന്നാം വർഷ ജന്തുശാസ്ത്ര ബിരുദം



മാഷെന്നോട് ചോദിച്ചു
'എന്താണ് ഗാന്ധി?'
ഞാൻ പറഞ്ഞു
'മെതിയടിയാണ് വെറും മെതിയടി'
മാഷെൻെറ സുഹൃത്തിനോട്
'ആരാണ് ഗാന്ധി?'
'കഷണ്ടിത്തല'യെന്നായിരുന്നു മറുപടി.
മാഷ് സ്വയം ചോദിച്ചു
'എന്താണ് ഗാന്ധി?'
'ഊന്നുവടി'യെന്ന് സ്വയമാശ്വസിച്ചു
കാലം ഞങ്ങളെ നോക്കി പരിഹസിച്ചു
'നിങ്ങളെല്ലാം കുരുടന്മാരാണ്....
ആനയെ കണ്ടകുരുടന്മാർ.....'

ലേഖനം



അനൂപ് വി.
മൂന്നാം വർഷ മലയാള
സാഹിത്യ ബിരുദം

# മലയാള സിനിമയും സ്ത്രീയും



ഈ ഇരുപതാംനൂറ്റാണ്ടിൽ ചലച്ചിത്രത്തെപ്പോലെ സാധാരണ ജനതയുടെ മനസ്സിൽ ഇത്രയേറെ സ്വാധീനിച്ച മാദ്ധ്യമം മറ്റൊന്നുണ്ടോ എന്നു തന്നെ സംശയമാണ്. അതു കൊണ്ടു തന്നെ അത് പുറത്തുവിടുന്ന, പ്രചരിപ്പിക്കുന്ന, ആശയസംഹിതങ്ങളെക്കുറിച്ചുള്ള ഗൗരവപരമായ നിരീക്ഷണം അത്യന്താപേക്ഷിതമാണ്. സമൂഹത്തിന്റെ മാമൂലുകളെ, സൃഷ്ടിച്ചെടുക്കുന്നതിൽ ഒരു പരിധിവരെ 'ചലച്ചിത്ര' ത്തിനും പങ്കുണ്ട്. അതിനാൽ തന്നെ ഇന്നത്തെ സിനിമകളിൽ കാണുന്ന പുരുഷാധിപത്യപരവും സവർണ്ണകേന്ദ്രീകൃതവുമായ പ്രവണതകളെ അറിഞ്ഞ് അതിനെതിരെയുള്ള ചെറുത്തുനിൽപ് ആരംഭിക്കേണ്ടിയിരിക്കുന്നു.

ഒരു സംവിധായകൻ തന്റെ ആശയങ്ങളുമായി ജനങ്ങളോട് സംവദിക്കുകയാണ് ചലച്ചിത്രത്തിലൂടെ ചെയ്യുന്നത്. സവിശേഷമായ കലാരൂപം എന്നതുപോലെ തന്നെ വ്യാവസായിക പ്രധാന്യമുള്ള ഉത്പന്നമായും അതു മാറുന്നതോടെ സമൂഹത്തിലെ പാരമ്പര്യമൂല്യസങ്കൽപങ്ങളെ ചൂഷണം ചെയ്ത് സാമ്പത്തിക വിജയം നേടുന്നതിനും ചലച്ചിത്രപ്രവർത്തകൻ ശ്രമിക്കുന്നു. അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന ഈ ശ്രമം പുരുഷകേന്ദ്രീകൃത സമൂഹത്തിലെ അലിഖിത നിയമങ്ങളുടെ സാധൂകരണം കൂടിയാവുകയാണ്.

രണ്ടു ദശകങ്ങളിലായ് മലയാളത്തിലെ മുഖ്യധാരസിനിമകളിൽ പ്രമേയ സ്വീകരണത്തിലും ആഖ്യാനതന്ത്രത്തിലും ഒരു തരം ഏകപക്ഷീയത പ്രകടമാണ്. ഒരു സാമൂഹ്യവിഭാഗമെന്ന നിലയിൽ സവർണ്ണ-മധ്യവർഗ്ഗത്തിന്റെ ആകാംക്ഷകളും പ്രശ്നങ്ങളുമാണ് ഇന്നത്തെ പല മുഖ്യധാര ചിത്രങ്ങളുടേയും അടിസ്ഥാന പ്രമേയം.

വൈഹന്ദവ സവർണ്ണതയോടുള്ള പ്രത്യക്ഷാഭിമുഖ്യം പുരുഷകേന്ദ്രീകൃത കുടുംബവ്യവസ്ഥക്കകത്ത് സ്ത്രീസ്വാതന്ത്ര്യാശയങ്ങൾ സൃഷ്ടിക്കുന്ന നടുക്കങ്ങൾ, പരിഹാസം, കീഴടങ്ങൽ. അവസാനം തിർത്തും അനുസരണയുള്ളവളായി കുടുംബിനിയിലേക്കുള്ള ക്രമാനുഗതമായ വളർച്ച. ഇതെല്ലാം ഇത്തരം ചിത്രങ്ങളിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നു.

സമൂഹം-കുടുംബം എന്നതിനെക്കുറിച്ചുള്ള ഭാരതീയസങ്കല്പത്തിലെ അടിസ്ഥാനപരമായ ചിന്താധാരയാണ് സിനിമയിലെ സ്ത്രീ ചിത്രീകരണത്തേയും സ്വാധീനിക്കുന്നത്. സ്ത്രീ, സ്ത്രീയെന്ന നിലയിൽ, ഒരു ചിത്രത്തിലും പ്രത്യക്ഷപ്പെടുന്നില്ല. അവൾ, നായകൻേറയോ, പ്രതിനായകൻേറയോ അമ്മയോ, ഭാര്യയോ, കാമുകിയോ, വെപ്പാട്ടിയോ മാത്രമായി പ്രത്യക്ഷപ്പെട്ട് അവരെ മാത്രം ആശ്രയിച്ചു നിൽക്കുന്നു. നാടോടി പാരമ്പര്യത്തിലെ വീരവനിതയായ ഉണ്ണിയാർച്ചയുടെ സ്വത്വം പോലും കുഞ്ഞിരാമൻെറ ഭാര്യ (ഉണ്ണിയാർച്ച) എന്നനിലയിലും ചന്തുവിൻെറ കാമുകി എന്നനിലയിലും ആണ് സിനിമകളിൽ ചിത്രീകരിക്കപ്പെടുന്നുത്. ഇങ്ങനെ അമ്മ മുതൽ വെപ്പാട്ടികൾ വരെ ആയിനിന്ന് പുരുഷകേന്ദ്രീകൃതമായ ഒരു കുടുംബത്തെ സഹായിക്കുക എന്നല്ലാതെ അവരുടെ സാമൂഹ്യവും രാഷ്ട്രീയവുമായ സ്വത്വത്തെ അതുപാടെ നിരാകരിക്കുന്നു.

ജി. വി. രാമചന്ദ്രൻെറ 'മലയാള സിനിമയിലെ വർഗ്ഗീയാധിനിവേശം' എന്ന പുസ്തകത്തിൽ മലയാളസിനിയിലെ സ്ത്രീചിത്രത്തെക്കുറിച്ച് പറയുമ്പോൾ 'ഭോഗം, ഉപഭോഗം, നിസ്സാരീകരണം, നിശബ്ദമാക്കൽ എന്നിങ്ങനെ സ്ത്രീവിരുദ്ധത ഒരേ സമയം പ്രത്യക്ഷവും പ്രച്ഛന്നവുമായ രീതികളിൽ സിനിമയിൽ പ്രയോഗവത്കരിക്കപ്പെടുന്നു' എന്ന് പറഞ്ഞിരിക്കുന്നതായി കാണാം.

ഒരു സംവിധായകൻ തൻെറ ആശയ ങ്ങളുമായി ജനങ്ങളോട് സംവാദിക്കുക യാണ് ചലച്ചിത്രത്തിലൂടെ ചെയ്യുന്നത്. സവിശേഷമായ കലാരൂപം എന്നതു പോലെ തന്നെ വ്യാവസായിക പ്രധാന്യമുളള ഉത്പന്നമായും അതു മാറുന്നതോടെ സമൂഹത്തിലെ പാരമ്പര്യമൂല്യ സങ്കൽപങ്ങളെ ചൂഷണം ചെയ്ത് സാമ്പത്തിക വിജയം നേടുന്നതിനും ചലച്ചിത്രപ്രവർത്തകൻ ശ്രമിക്കുന്നു. അറിഞ്ഞോ അറിയാതെയൊ ചെയ്യുന്ന ഈ ശ്രമം പുരുഷകേന്ദ്രീകൃത സമൂഹത്തിലെ അലിഖിത നിയമങ്ങളുടെ സാധൂകരണം കൂടിയാവുകയാണ്. രണ്ടു ദശകങ്ങളിലായ് മലയാളത്തിലെ മുഖ്യധാര സിനിമകളിൽ പ്രമേയ സ്വീകരണത്തിലും ആഖ്യാനതന്ത്രത്തിലും ഒരു തരം ഏകപക്ഷീയത പ്രകടമാണ്. ഒരു സാമൂഹ്യ വിഭാഗമെന്ന നിലയിൽ സവർണ്ണ-മധ്യവർഗ്ഗത്തിൻെറ ആകാംക്ഷകളും പ്രശ്നങ്ങളുമാണ് ഇന്നത്തെ പല മുഖ്യ ധാര ചിത്രങ്ങളുടേയും അടിസ്ഥാന പ്രമേയം.

ഇങ്ങനെ പൊതുവെ എല്ലാ ഭാഷകളിലും നായകന് ആടാനും പാടാനും ഉളള ഉപകരണമായി മാത്രം സ്ത്രീ കഥാപാത്രം അവശേഷിക്കുന്നു. മലയാള സിനിമയിലും സംഗതി വ്യത്യസ്തമല്ല. ദേവാസുരത്തിലേയും ധ്രുവത്തിലേയും തുവൽ കൊട്ടാരത്തിലേയുമൊക്കെ പോലെ എല്ലാവിജ്ഞാനങ്ങൾക്കും ആധാരമായ നായകൻ. അദ്യമൊക്കെ ചെറിയതോതിലെങ്കിലും ചില കാര്യങ്ങളിൽ നായിക പ്രതികരിക്കുന്നു എങ്കിലും അവസാനം അവനാണ് ഏക ആശ്രയം എന്നു മനസ്സിലാക്കി തെറ്റുതിരുത്തി നല്ല കുടുംബിനിയായ് ജീവിക്കുന്നു.

നല്ല കുടുംബിനിയെ വളർത്തിയെടുക്കുന്നതിൽ സ്ത്രീകളെ കൊണ്ടു തന്നെ ഉപദേശിക്കുകയും ചെയ്യുന്നു. സ്ത്രീ പ്രേക്ഷകരെ ഏറെയാകർഷിച്ച വാത്സല്യം എന്ന ചിത്രത്തിൽ അനുജൻെറ പരിഷ്കാരിയായ ഭാര്യയെ ചേച്ചിയുപദേശിക്കുന്നത് ഇങ്ങനെയാണ്:

'ഞാനും എൻെറ വീട്ടിൽ വലിയവാശിക്കാരിയായിരുന്നു; അതു പോലെയാണോ കെട്ടിക്കൊണ്ടുവന്ന വീട്ടിൽ? നമ്മളിവിടെ വന്നു കയറിയ പെണ്ണുങ്ങളാ; എപ്പോഴും നമ്മൾ താണുകെടുക്കണം.'

ഈ മെരുക്കൽ പ്രക്രിയയിലും ഒതുങ്ങാത്ത അവളെ പിന്നെ അവളുടെ അച്ഛൻെറ പൂർണ്ണ സമ്മതത്തോടെ കവിളത്തടിച്ചാണ് ഭർത്താവ് ഒരു 'നല്ല' കുടുംബിനിയായി രൂപപ്പെടുത്തി എടുക്കുന്നത്. അങ്ങനെ സ്ത്രീക്ക് സ്വഭാവവത്കരണത്തിനായ് ഒരു നേർരേഖ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അവളതു ലംഘിക്കുമ്പോഴാണ് എല്ലാ കുഴപ്പങ്ങളും ഉണ്ടാവുന്നതെന്നാണ് ഈ ചിത്രങ്ങളുടെയെല്ലാം വ്യഖ്യാനം.

പുരുഷാധിപത്യത്തിൽ നിർണ്ണയാതീതമായ സദാചാര സംഹിതയുടെ വ്യവസ്ഥാപനം എല്ലായ്പ്പോഴും ശക്തിയോടെ നടത്തുന്നതിൽ സിനിമക്ക് വലിയ പങ്കാണുളളത്. വികലവും പ്രകൃതിയുടെ ചോദനകൾക്ക് നിരക്കാത്തതുമായ സദാ

ചാരസംഹിതയുടെ കടുംപിടുത്തങ്ങളോട് സ്ത്രീ എങ്ങിനെ പ്രതികരിക്കുന്നു എന്നാരുമന്വേഷിക്കുന്നില്ല.

<u>പുരുഷകേന്ദ്രീകൃതമായ ക്യാമറക്കണ്ണ്</u>:-

ചിത്രകലയെക്കുറിച്ചുള്ളൊരു ലേഖനത്തിൽവിജയകുമാർ മേനോൻ - "ഇതുവരെയുള്ള കലാരൂപങ്ങൾ ശ്രദ്ധിച്ചാൽ പുരുഷദൃഷ്ടിയാണ് പ്രധാനം എന്നു കാണാം. പുരുഷദൃഷ്ടികളിലൂടെ കാണുന്ന സ്ത്രീ-പുരുഷരൂപങ്ങളാണ് ദൃശ്യകലയധികവും" എന്നു സമ്മതിക്കുന്നു.

ക്യാമറ, സ്ത്രീ ശരീരത്തെയും അതിന്റെ ചലനങ്ങളേയും എപ്രകാരമാണ് ദൃശ്യവത്കരിക്കുന്നത് എന്നതിന് ഏറെ ഉദാഹരണം നിരത്തേണ്ട ആവശ്യമില്ല. ക്യാമറയുടെ ഈ പ്രയോഗത്തിന് 'പപ്പയുടെ സ്വന്തം അപ്പൂസി'ലെ ഒരു ദൃശ്യത്തെപ്പറ്റി രാമചന്ദ്രൻ പറയുന്നത്:

"പപ്പയുടെ സ്വന്തം അപ്പൂസ് എന്ന ചിത്രത്തിലെ ഒരു പ്രധാനകഥാപാത്രമായ കുട്ടൻ തന്റെ മരിച്ചുപോയ അമ്മയുടെ വാത്സല്യം ഓർമയിലേക്ക് അവാഹിക്കുന്നതിന്റെ ദൃശ്യം ശ്രദ്ധിക്കുക. കാഴ്ചയുടെ ലൈംഗികാനന്ദത്തെക്കുറിച്ച് ഒട്ടും ബോധവാനാകാത്ത ഒരു കുട്ടിയുടെ കണ്ണുകളിലേക്ക് സംവിധായകന്റേയും ഛായഗ്രാഹകന്റേയും ഒപ്പം പ്രേക്ഷകന്റേയും 'മുതിർന്ന' ദൃശ്യപ്രതീക്ഷ പ്രയോഗിക്കുകയും, കുട്ടിയുടെ അമ്മയുടെ ആഭാസകരമായ ഒരു നൃത്തം നമ്മുടെ ആഹ്ലാദത്തിനായി തുറന്നിടുകയും ആണ്. വീട്ടിൽ, ഒന്നാം നിലയിലെ ഉൾവരാന്തയിൽ നൃത്തം ചെയ്യുന്ന അല്പ വസ്ത്രധാരിണിയായ നടിയുടെ ചലനങ്ങളിലേക്ക് 'ക്യാമറ' ദൃഷ്ടിപായിക്കുന്നത് ഗോവണിയിലും തറനിലയിലുമൊക്കെ നിറുത്തിട്ടാണ്."

സകുടുംബം കാണാവുന്ന ചിത്രങ്ങൾ തന്നെ ഇങ്ങനെയായിരിക്കെ മറ്റു ചിത്രങ്ങളെ പറ്റി പറയുകവേണ്ടല്ലോ. ഇവിടെയെല്ലാം ദൃശ്യാഹ്ലാദത്തിന് ഉപയുക്തമായ ഒരു ഭോഗവസ്തു എന്ന നിലയിലാണ് സ്ത്രീശരീരം പ്രയോജനപ്പെടുത്തുന്നത്. പൊതുവെ ഇത്തരം പുരുഷാധിപത്യമൂല്യങ്ങളടങ്ങിയ സിനിമകളാണ



ധികവും എങ്കിലും അവയ്ക്കിടയിൽ ചില ധീര സംരംഭങ്ങളുമുണ്ട്. ഋത്വിക് ഘട്ടകിന്റെ മേഘതക്കേതാരേയും, ശ്യാം ബനഗലിന്റെ മമ്മോയും സത്യജിത് റേയുടെ മഹാ നഗരും അപർണ്ണാ സെന്നിന്റെ പരോമയും ഇത്തരത്തിലുള്ള ചില സംരംഭങ്ങളാണ്. മലയാളത്തിലും ടി.വി. ചന്ദ്രന്റെ ചിത്രങ്ങൾ ഇത്തരത്തിൽ പ്രധാന്യം അർഹിക്കുന്നവയാണ്.

പക്ഷെ സമാന്തരസിനിമകളിലെങ്കിലും നിലനിന്നിരുന്ന ഈ പ്രവണത ഇപ്പോൾ അപ്രത്യക്ഷമായിക്കൊണ്ടരിക്കുകയാണ്. 'ഹേ മാവിൻ കതലർകൾ', ആലീസിന്റെ അന്വേഷണം, മങ്കമ്മ എന്നീ അതിശക്തമായ മൂന്നു പ്രമേയങ്ങൾ കൈകാര്യം ചെയ്ത ടി.വി. ചന്ദ്രന്റെ അത്യന്തം സാധാരണവും ജിജ്ഞാസ നിറഞ്ഞതുമായ സൂസന്നയുടെ നിർമ്മിതി ഇതിനുദാഹരണമാണ്. സ്ത്രീയുടെ പേരിലിറങ്ങിയ ചിന്താവിഷ്ടയായ ശ്യാമളയിലും അവൾ കൺസ്യൂമറിസത്തിന്റെ ഇരയാണ് ("എന്റെ കുട്ടികൾക്ക് ഒരു ഹോർ ലിക്സ് കൊടുക്കാൻ എന്നാണാവോ പറ്റുക").

സ്ത്രീസമൂഹം, ചലച്ചിത്രം എന്ന ലേഖനത്തിൽ ഡോ. കെ. ഗോപിനാഥൻ പറയുന്നുണ്ട് - "ശക്തമായ സ്ത്രീ കഥാപാത്രങ്ങളുടെയും നായികമാരുടെയും ക്രമാനുഗതമായ ഈ തമസ്കരണം കേവലം ചലച്ചിത്രത്തിന്റെ പോരായ്മകൾക്കുള്ളിൽ മാത്രം സംഭവിച്ച ഒരു ആകസ്മികതയല്ല. സമൂഹത്തിന്റെ വിശാലമായ പോരായ്മയിൽ കഴിഞ്ഞ ചില ദശാബ്ദങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന അടിയൊഴുക്കുകളിൽ സംഭവിച്ചിട്ടുള്ള വ്യതിയാനവുമായി ഇതിനു ബന്ധമുണ്ട്. അത് കൊണ്ടുതന്നെ ഈ പ്രവണതക്കുള്ള പരിഹാരം സാമൂഹ്യം തന്നെയാണ്. സാമൂഹ്യപരമായ ബോധവും ശക്തമായ മുന്നേറ്റവും ഇപ്പോഴെങ്കിലും നാം ആരംഭിക്കേണ്ടിയിരിക്കുന്നു.

**Best Compliments from:**

# VETTUKATTIL AGENCIES

*Kottapuram P.O., Aluva*

**Dealers in Building Materials**

വിൽസൺ കെ. പി.
ന്നാം വർഷ ചരിത്ര ബിരുദാനന്തരബിരുദം

# യുവരാഗം



ഞാൻ
ഞാനാകുന്നത്
നിങ്ങളോടൊപ്പമാണ്.
കലാലയങ്ങളിൽ നിന്ന്
ഞാനെങ്ങും പോകാറില്ല.
പൂക്കൾ വീണ്ടും വിരിയുന്നു.
പുസ്തകങ്ങൾ മാറുന്നു.
വാർദ്ധ്യക്യവുമില്ല,
മരണവുമില്ലെനിക്ക്.
ഞാൻ വരുന്നു.
ചിന്തയായ്, ചന്തമായ്
വർണ്ണങ്ങളായ്, വാഹനങ്ങളുമായ്
ജ്വലിച്ചു അരങ്ങിൽ,
കിതച്ചു മൈതാനത്തിൽ
കിതപ്പിനെ, ജ്വാലയെ
അഭിനന്ദിച്ചവരേയുള്ളു
നാട്ടിൽ,
ഉപയോഗിച്ചവരേയുള്ളു
വീട്ടിൽ,
ധിക്കരിച്ചവരേയുള്ളു
തെരുവിൽ,

ലഹരിക്കടിമയായി
കൈകളിൽ,
പതാകകളേന്തുന്നു.
ലാത്തിയടിയേൽക്കുന്നു.
വീണ്ടും
ഉയിർത്തെഴുന്നേൽക്കുന്നു.
ആയിരം നാവുമായ്
അനീതിയസമത്വങ്ങൾക്കെതിരെ
കാമ്പസിൽ മർമ്മരം
പ്രതിധ്വനിക്കുന്നു.

# UNION CABINET



Vice-Chairman
Sreelakshmi K.G.



General Secretary
Arjun John



Chairman
Anson Behenan



U.U.C.
Noby J. Pathery



U.U.C.
Syam Jose



Magazine Editor
Abish Balan



Arts Club Secretary
Navas K. Ali

## Lady Representatives



Mareena Johnson



Divya K. Thomas

## Class Representatives



P.D.C Rep
Jaisal Jacob



I D.C. Rep
Arun Baisal



II D.C. Rep
Pressly Francis Nigli



III D.C. Rep
Gheevar Mani Panakkal



P.G. Rep
Sunil Kumar

## Union Executives >



General Captian
Manu M. Menon



SC/ST Nominee
Bavishiram



Staff Advisor
Prof. K.P. Unnikrishnan



Cini Club Secretary
Sam Joseph



Debating Club
Arun T.A.



Quiz Club Secretary
Diljith



Canteen Secretary
Ashghar



S.S.League
Ciby Jose



Planning Forum
Shyam Mohan

# SHAHNAZ

## FAIR EVER BEAUTY PARLOUR A/C

(LADIES AND KIDS)

Near Chit Chat, U.C.College P.O., Aluva



BRIDAL MAKEUP,
MODEL MAKEUP, MEHANDI DESIGNING,
ALL TYPES OF FACIALS,
SKIN AND HAIR TREATMENT,
ELECTROLYSIS,
AROMATHERAPHY, GOLDEN FACIALS etc.

**കൂടാതെ ബ്യൂട്ടീഷൻ കോഴ്സ് ട്രെയ്നിങ്ങോടുകൂടി പഠിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതാണ്**



# നാഗാപ്രശ്നം

അബീഷ് ബാലൻ
രണ്ടാം വർഷ മനഃശാസ്ത്ര ബിരുദം



ബന്ദുകൾ, പ്രക്ഷോഭങ്ങൾ, സത്യാഗ്രഹം തുടങ്ങിയതൊന്നും ഇന്ത്യയിൽ പുത്തരിയല്ല. ഇത്തരം പ്രക്ഷോഭണങ്ങളോടു ബന്ധപ്പെട്ട് അക്രമങ്ങളും ഉണ്ടാകാറുണ്ട്. പക്ഷെ, ഒരു സംസ്ഥാനത്തിന്റെ അസംബ്ലി മന്ദിരം പ്രക്ഷോഭകാരികൾ തീവച്ചു നശിപ്പിക്കുന്ന സംഭവം തികച്ചും അസ്സാധാരണമാണ്. ഇത്തരം ഒരു അത്യപൂർവ്വ സംഭവം മണിപ്പൂരിൽ അടുത്ത കാലത്ത് നടന്നു. വാർത്താ മാദ്ധ്യമങ്ങളിലെല്ലാം ഇത് വലിയ ചർച്ചാ വിഷയം ആകുകയും ചെയ്തു. പക്ഷേ, ഈ വിധത്തിലുള്ള ഒരു അക്രമം നടന്നതിന്റെ പിന്നിലെ യഥാർത്ഥ കാരണം മിക്കവരും മനസ്സിലാക്കിയിട്ടില്ല.

നാഗാ ഒളിപ്പോരാളികളുമായി കേന്ദ്രസർക്കാർ ഉണ്ടാക്കിയ വെടിനിർത്തൽ ഉടമ്പടി ദീർഘിപ്പിക്കുകയും നാഗൻമാർ വസിക്കുന്ന എല്ലാ സ്ഥലങ്ങളിലും ഇത് നടപ്പിൽ വരുത്തുകയും ചെയ്തത് മണിപ്പൂരികളെ പ്രകോപിതരാക്കി. അവർ പ്രതിഷേധിച്ചു. ഒടുവിൽ അത് അസംബ്ലി മന്ദിരത്തിനു തീവയ്ക്കുന്നിടം വരെ എത്തി. കേവലം ഒരു വെടിനിർത്തൽ പ്രഖ്യാപനം ഇത്രത്തോളം വലിയ പ്രതിഷേധത്തിന് ഇടയാക്കിയതെങ്ങനെ? അതറിയണമെങ്കിൽ നാഗാ പ്രശ്നം എന്തെന്ന് അറിയണം.

ഭാരതത്തിന്റെ തെക്കുകിഴക്കൻ മേഖലയിലും മ്യാൻമാറിന്റെ പടിഞ്ഞാറൻ കാടുകളിലുമായി അധിവസിക്കുന്ന ഒരു ജനവർഗ്ഗമാണ് നാഗൻമാർ. മംഗോളിയൻ മുഖച്ഛായയുള്ള ഇവരുടെ സ്വദേശം ചൈനയോ മംഗോളിയയോ ആയിരിക്കാം. പക്ഷെ, ഇവർ ഇന്ത്യൻ മണ്ണിലേക്ക് കുടിയേറിയിട്ട് അനേക നൂറ്റാണ്ടുകളായി.

നാഗൻമാരുടെ ഇടയിൽ പല ഗോത്രങ്ങളുണ്ട്. നാഗാലാൻറിൽത്തന്നെ അൻഗാമി, ആവോ, സേമാ, ലോത്താ, കൊൻയാക്ക് തുടങ്ങി 16 ഗോത്രങ്ങൾ

അധിവസിക്കുന്നു. ഇതര ഗോത്രങ്ങൾ ആസ്സാം, മണിപ്പൂർ, അരുണാചൽ, മ്യാൻമർ തുടങ്ങിയ പ്രദേശങ്ങളിൽ വാസം ഉറപ്പിച്ചിരിക്കയാണ്. ഓരോ ഗോത്രത്തിനും അവരുടേതായ ഭാഷയും സംസ്കാരവും ഉണ്ട്. എങ്കിലും എല്ലാ നാഗൻമാർക്കും പൊതുവായ ചില സ്വഭാവസവിശേഷതകളും കാണാൻ കഴിയും.

പൊതുവെ യുദ്ധപ്രിയരാണ് നാഗൻമാർ. കുടിപ്പക നാഗാസംസ്കാരത്തിന്റെ ഭാഗമാണ്. കഴിഞ്ഞ കാലങ്ങളിൽ ഗ്രാമങ്ങൾ പരസ്പരം പോരാടുക പതിവായിരുന്നു. ഏറ്റവും കൂടുതൽ ശത്രുക്കളെ കൊല്ലുക എന്നത് ഓരോ നാഗന്റെയും ജീവിതാഭിലാഷമാണ്. മാത്രമല്ല, ഇപ്രകാരം വധിച്ച ശത്രുക്കളുടെ തലയോടുകൾ കൊണ്ട് വീട് അലങ്കരിക്കയും ചെയ്തിരുന്നു.

ഇന്ത്യയിൽ വിവിധ കാലങ്ങളിൽ നിലവിൽ വന്ന സാമ്രാജ്യങ്ങൾക്കൊന്നും നാഗൻമാരെ കീഴ്പ്പെടുത്താൻ കഴിഞ്ഞില്ല. എന്നാൽ, ബ്രിട്ടീഷുകാർക്ക് ഈ രംഗത്ത് വലിയൊരളവ് വരെ വിജയിക്കാൻ കഴിഞ്ഞു. അതുകൊണ്ട് ബ്രിട്ടീഷ് ഭരണകാലത്ത് ഇന്നത്തെ നാഗാലാൻറ് ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്നു. പക്ഷേ, നാഗൻമാർ ഒരിക്കലും മാനസികമായി ഇന്ത്യാക്കാർ ആയില്ല.

ഇന്ത്യ സ്വതന്ത്രമായതോടെയാണ് നാഗാപ്രശ്നം ഉത്ഭവിച്ചത്. തങ്ങൾ ഒരി ക്കലും ഇന്ത്യാക്കാർ ആയിരുന്നില്ലെന്നും ബ്രിട്ടീഷുകാർ തങ്ങളെ ബലാത്ക്കാര മായി ഇന്ത്യയോട് യോജിപ്പിക്കയാണ് ചെയ്തത് എന്നും നാഗൻമാർ വാദിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യ വിടുന്നതോടെ തങ്ങൾ പഴയതുപോലെ സ്വതന്ത്രരാകും എന്ന് അവർ പ്രഖ്യാപിച്ചു. നാഗാ നാഷ ണൽ കൗൺസിൽ (NNC) എന്നൊരു സംഘടനയും നാഗൻമാർ ഉണ്ടാക്കി.

1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വത ന്ത്രമായി. പക്ഷേ, ഒരു ദിവസം

ഇന്ത്യയിൽ വിവിധ കാലങ്ങളിൽ നിലവിൽ വന്ന സാമ്രാജ്യങ്ങൾക്കൊന്നും നാഗൻമാരെ കീഴ്പ്പെടുത്താൻ കഴിഞ്ഞില്ല. എന്നാൽ, ബ്രിട്ടീഷുകാർക്ക് ഈ രംഗത്ത് വലിയൊരളവ് വിജയിക്കാൻ കഴിഞ്ഞു. അതുകൊണ്ട് ബ്രിട്ടീഷ് ഭരണകാലത്ത് ഇന്നത്തെ നാഗാലാൻറ് ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്നു. പക്ഷേ, നാഗൻമാർ ഒരിക്കലും മാനസികമായി ഇന്ത്യാക്കാർ ആയില്ല.

ഇന്ത്യ സ്വതന്ത്രമായതോടെയാണ് നാഗാ പ്രശ്നം ഉത്ഭവിച്ചത്. തങ്ങൾ ഒരിക്കലും ഇന്ത്യാക്കാർ ആയിരുന്നില്ലെന്നും ബ്രിട്ടീഷുകാർ തങ്ങളെ ബലാത്ക്കാരമായി ഇന്ത്യയോട് യോജിപ്പിക്കയാണ് ചെയ്തത് എന്നും നാഗൻമാർ വാദിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യ വിടുന്നതോടെ തങ്ങൾ പഴയതുപോലെ സ്വതന്ത്രരാകും എന്ന് അവർ പ്രഖ്യാപിച്ചു. നാഗാ നാഷണൽ കൗൺസിൽ എന്നൊരു സംഘടനയും നാഗൻമാർ ഉണ്ടാക്കി.

മുൻപ്, അതായത് ആഗസ്റ്റ് 14ന് നാഗൻമാർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. സ്വാഭാവികമായി അത് ഭാരത സർക്കാരിന് സ്വീകാര്യമായില്ല. നാഗാലാൻറ് ഉൾപ്പെടുന്ന പ്രദേശം ഇന്ത്യ യുടെ ഭാഗമാണ് എന്ന നിലപാടിൽ സർ ക്കാർ ഉറച്ചുനിന്നു. എങ്കിലും നാഗാ പ്രശ്നത്തേക്കാൾ ഗൗരവമുള്ള പല പ്രശ്നങ്ങളും അക്കാലത്തുണ്ടായിരുന്നതിനാൽ ഇന്ത്യാ ഗവൺമെൻറ് നാഗൻമാരുമായി ഒരു താത്ക്കാലിക ഉടമ്പടി ഉണ്ടാക്കി. പത്തു വർഷമായിരുന്നു അതിന്റെ കാലാവധി.

ഉടമ്പടിയുടെ കാലാവധി കഴിഞ്ഞ തോടെ വീണ്ടും പ്രശ്നം തല പൊക്കി. തങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം വേണം എന്ന നിലപാടിൽ നാഗൻമാർ ഉറച്ചു നിന്നു. അതോടെ പ്രശ്നം രൂക്ഷമായി. എൻ.എൻ.സി. യുടെ നേതൃത്വത്തിൽ നാഗൻമാർ പോരിനൊരുങ്ങി. നാഗാ സമ രത്തെ അടിച്ചമർത്താൻ ഇന്ത്യാഗവൺ മെൻറും തീരുമാനിച്ചു. അങ്ങനെ 1960-64 കാലത്ത് നാഗാ പ്രശ്നം ഇന്ത്യാ ഗവൺമെൻറിന് ഒരു തലവേദനയായി. വർഷങ്ങൾ നീണ്ട യുദ്ധത്തിനുശേഷം ഒത്തുതീർപ്പുണ്ടായി. അസ്സം സംസ്ഥാനത്തിലെ നാഗാ ജില്ലയും ടൂൻസാങ് പ്രദേശവും ചേർത്ത് നാഗാലാൻറ് സംസ്ഥാനത്തിന് രൂപം കൊടുത്തു.

സമ്മർദ്ദത്തിനു വഴങ്ങി ഇത്തരം ഒരു ഒത്തുതീർപ്പിന് തയ്യാറായ എൻ.എൻ.സി. നേതാക്കൻമാരെ നാഗൻമാരിൽ ഒരു വിഭാഗം കഠിനമായി വിമർശിച്ചു. നാഗൻമാർ അധിവസിക്കുന്ന എല്ലാ പ്രദേശങ്ങളും ഉൾപ്പെടുന്ന നാഗാലാൻറ് എന്ന സ്വതന്ത്ര രാജ്യത്തിനു പകരമായി ഇന്ത്യയുടെ പരമാധികാരത്തിൻ കീഴിലുള്ള ഒരു സംസ്ഥാനംകൊണ്ട് തൃപ്തിപ്പെടാൻ തീരുമാനിച്ച എൻ.എൻ.സി. നേതാക്കൻമാർ നാഗൻമാരെ വഞ്ചിച്ചു എന്ന് വിമതർ പ്രചരിപ്പിച്ചു. നാഗാലാൻറ് സംസ്ഥാനം നാഗൻമാരുടെ ഐക്യം തകർക്കാനായി ഇന്ത്യാ ഗവൺ

ഐക്യം തകർക്കാനായി ഇന്ത്യാ ഗവൺമെൻറ് ഉണ്ടാക്കിയതാണ് എന്ന പ്രചരണം ശക്തമായി. നാഗാ നേതാക്കളായ ഐസക്ക്, മൊയ്‌വ, കാപ്ലാങ് എന്നിവരുടെ നേതൃത്വത്തിൽ നാഷണൽ സോഷ്യലിസ്റ്റ് കൗൺസൽ ഓഫ് നാഗാലാൻറ് (NSCN) എന്ന തീവ്രവാദ സംഘടന നിലവിൽ വന്നു. നാഗൻമാർ അധിവസിക്കുന്ന എല്ലാ പ്രദേശങ്ങളും ഉൾപ്പെടുന്ന സ്വതന്ത്ര നാഗാലാൻറ് എന്ന രാജ്യം സായുധ സമരത്തിലൂടെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് എൻ.എസ്.സി.എൻ. പ്രവർത്തിക്കുന്നത്.

ഒരു ദശാബ്ദം മുൻപ് എൻ.എൻ. സി.എൻ.ൽ ഒരു പിളർപ്പുണ്ടായി. കാപ്ലാങ്ങിൻെറ നേതൃത്വത്തിൽ ഒരുകൂട്ടം പ്രവർത്തകർ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ തീരുമാനിച്ചു. അതോടെ എൻ.എൻ. സി.എൻ (ഐസക്ക് - മൊയ്‌വ), എൻ.എൻ.സി.എൻ (കാപ്ലാങ്) എന്നിങ്ങനെ രണ്ടു സംഘങ്ങൾ ഉണ്ടായി. ഈ സംഘങ്ങൾ തമ്മിൽ അത്ര രസത്തിലല്ല. ചിലപ്പോൾ അന്യോന്യം പോരാടുകയും ചെയ്യും. എങ്കിലും പൊതുശത്രുവായ ഇന്ത്യയോട് പോരാടുന്ന വിഷയത്തിൽ ഇരുവരും യോജിപ്പിലാണ്.

ഈ സംഘങ്ങൾ ചില നികുതികളൊക്കെ പിരിക്കാറുണ്ട്. സർക്കാർ ഉദ്യോഗസ്ഥർ ശമ്പളത്തിൻെറ ഒരു നിശ്ചിത ശതമാനം നികുതിയായി കൊടുക്കണം. പണക്കാർ മാത്രമല്ല സാധാരണക്കാരും ഈ നികുതികൾ കൊടുത്തേ മതിയാകൂ. വ്യാപാര സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, സ്വകാര്യ സ്ക്കൂളുകൾ തുടങ്ങി എല്ലാവിധ സ്ഥാപനങ്ങളും വൻതുകകൾ നികുതിയായി കൊടുക്കേണ്ടി വരുന്നു. എൻ.എൻ.സി.എൻ ആവശ്യപ്പെടുന്ന പണം കൊടുത്തില്ലെങ്കിൽ മരണം ഉറപ്പ്. ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെടെ നിരവധി ആളുകൾ ഇപ്രകാരം വധിക്കപ്പെട്ടിട്ടുണ്ട്. അടുത്ത കാലത്ത് മണിപ്പൂരിൽ രണ്ടു ക്രൈസ്തവ പരോഹിതരും ഒരു വൈദിക വിദ്യാർത്ഥിയും കൊല്ലപ്പെട്ടതും ഇത്തരം ഒരു കുറ്റത്തിനാണ്.



ജനങ്ങളിൽ നിന്നും നികുതി പിരിക്കുന്നതു കൂടാതെ ബാങ്കുകൾ കൊള്ളയടിക്കുക, പട്ടാളത്തേയും പോലീസിനേയും ആക്രമിച്ച് ആയുധങ്ങൾ തട്ടിയെടുക്കുക തുടങ്ങിയ പ്രവൃത്തികളും നാഗാ ഒളിപ്പോരാളികൾ ചെയ്യാറുണ്ട്. ആസ്സാം റൈഫിൾസ് എന്ന അർദ്ധ സൈന്യിക വിഭാഗമാണ് നാഗാ ഒളിപ്പോരാളികളുടെ ആക്രമണത്തിന് അധികം ഇരയാകുന്നത്. ശത്രുക്കളുമായി പോരാടുന്നതിൽ അസാമാന്യ പാടവം ജൻമസിദ്ധമായി ലഭിച്ചിട്ടുള്ളവരാണ് നാഗൻമാർ.

മണിപ്പൂരിലെ അസംബ്ലി മന്ദിരം ചുട്ടുകരിയുവാൻ വരെ ഇടയാക്കിയ പൊതുജന പ്രക്ഷോഭം നാഗാ പ്രശ്നവുമായി ബന്ധപ്പെട്ടതാണ്. നാഗാലാൻറിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ തീവ്രവാദികളുമായി ഇന്ത്യാ ഗവൺമെൻറ് പലവട്ടം ചർച്ചകൾ നടത്തിയിട്ടുണ്ട്. അന്യോന്യം പോരാടുന്നതിനിടയിൽ സമാധാന ചർച്ച നടത്തുന്നത് അർത്ഥശൂന്യമാണെന്ന വാദം ഉയർന്നുവന്നു. അതുകൊണ്ട് ഇരുപക്ഷവും ഒരു വെടിനിർത്തലിന് തയ്യാറായി. അതോടെ മറ്റൊരു പ്രശ്നം ഉയർന്നുവന്നു. വെടിനിർത്തൽ എവിടെയെല്ലാം നടപ്പിലാക്കണം? നാഗൻമാർ അധിവസിക്കുന്ന എല്ലാ പ്രദേശങ്ങളും വെടിനിർത്തലിൻെറ പരിധിയിൽ ഉൾപ്പെടുത്താൻ തീരുമാനമായി. അങ്ങനെ നാഗാലാൻറ് മാത്രമല്ല, അസ്സാം, മണിപ്പൂർ, അരുണാചൽ എന്നീ സംസ്ഥാനങ്ങളിലും നാഗാ ഒളിപ്പോരാളികളുമായി വെടിനിർത്തൽ നിലവിൽ വന്നു.

നാഗാ ഒളിപ്പൊരാളികൾക്കെതിരേ സന്ധിയില്ലാ സമരം നടത്തി വന്നിരുന്ന അസ്സാം-മണിപ്പൂർ-അരുണാചൽ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് ഇത് സഹിക്കാൻ കഴിഞ്ഞില്ല. അവർ പ്രതിഷേധിച്ചു. എങ്കിലും കേന്ദ്ര സർക്കാർ തീരുമാനത്തിൽ ഉറച്ചുനിന്നു. പക്ഷെ, വെടിനിർത്തലിൻെറ സമയപരിധി ഈയിടെ സർക്കാർ വീണ്ടും ദീർഘിപ്പിച്ചു. അതോടെ മണിപ്പൂരിലെ ജനങ്ങളുടെ സകല നിയന്ത്രണവും വിട്ടു. അവർ തെരുവിലേക്കിറങ്ങി. അവരുടെ ക്രോധത്തിൽ മണിപ്പൂരിലെ സർക്കാർ ഓഫീസുകളും മന്ത്രിമന്ദിരങ്ങളും കത്തിജ്വലിച്ചു. അസംബ്ലി മന്ദിരം കത്തിയമർന്നു. ഒടുവിൽ കേന്ദ്രസർക്കാർ മുട്ടുമടക്കി. വെടിനിർത്തൽ നാഗാലാൻറിൽ മാത്രമായി പരിമിതപ്പെടുത്തി. പക്ഷെ, ഈ ചുവടുമാറ്റം നാഗൻമാരെ പ്രകോപിതരാക്കിയിരിക്കയാണ്. അതുകൊണ്ട് വരും നാളുകളിൽ നാഗാപ്രശ്നം കൂടുതൽ രൂക്ഷമാകാനാണ് സാധ്യത.

നാഗാലാൻറിലേയും സമീപ പ്രദേശങ്ങളിലേയും ഭൂപ്രകൃതി നാഗാ ഒളിപ്പോരാളികൾക്ക് സഹായകമാണ്. അതുകൊണ്ട് ഒരു സായുധ പോരാട്ടത്തിലൂടെ അവരെ കീഴടക്കുക അത്ര എളുപ്പമല്ല. ഒരു രാഷ്ട്രീയ പരിഹാരമാണ് കൂടുതൽ പ്രായോഗികം. പക്ഷേ, ഒരു സ്വതന്ത്ര രാഷ്ട്രം കിട്ടിയേ അടങ്ങു എന്ന പിടിവാശിയിൽ നിൽക്കുന്ന നാഗൻമാരുമായി എതു വിധത്തിലുള്ള ഒത്തുതീർപ്പാണ് സാധ്യമാവുക? ഇന്ത്യയെ വീണ്ടും വിഭജിക്കാൻ ആവില്ലല്ലോ.

കഥ

# ഒരു പൊട്ടിത്തെറി

എൽദോസ് പി. ജെ
ഒന്നാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദം

ക്ലോക്കിൽ മണി 12 അടിച്ചു. ഡിറ്റക്ടീവ് നോവൽ വായിച്ചിരുന്ന ഞാൻ ഞെട്ടിത്തെറിച്ചു. നോവലിലെ പള്ളിമണിയൊച്ചയാണെന്നാണ് ആദ്യം കരുതിയത്. നോവൽ വായിച്ചിരുന്നതുകൊണ്ട് സമയം പോയതറിഞ്ഞില്ല. പാതിരാക്കോഴി കൂവുന്നുണ്ട്, എത്രയും വേഗം ഒന്നുറങ്ങണം. പക്ഷേ നോവലിലെ കഥാപാത്രങ്ങൾ മനസ്സിലേയ്ക്കു കടന്നു വരുന്നു. കിടന്നിട്ട് ഉറക്കം വരുന്നില്ല. ജനാലകളും, വാതിലുകളും ഭദ്രമായിട്ട് അടച്ചു. വീട്ടുകാർ എല്ലാവരും ഉറങ്ങിക്കഴിഞ്ഞിരുന്നു. 'അമ്മയുടെ മുറിയിൽ പോയി കിടന്നാലോ?' 'എയ് വേണ്ട! ' അതു നമുക്ക് കുറച്ചിലല്ലേ? ! ഒന്നുമില്ലെങ്കിലും ഇത്രയും പ്രായം ആയില്ലേ? രണ്ടും കല്പിച്ച് ചാടി കട്ടിലിൽ കയറി പുതപ്പ് എടുത്ത് അതിനുള്ളിൽ ചുരുണ്ടുകൂടി.

മനസ്സിൽ അപ്പോഴും നോവലിലെ കഥാപാത്രങ്ങളാണ്. എന്തും വരട്ടെ എന്ന ധാരണയിൽ കണ്ണിറുക്കിപ്പിടിച്ച് ഉറങ്ങാതെകിടന്നു. ധൈര്യമെല്ലാം ആ ഓരിയിടൽ കേട്ടപ്പോൾ നശിച്ചു. "ആ പട്ടിയ്ക്ക് ഓരിയിടാൻ കണ്ട സമയം". അതിനെ പ്രാകിക്കൊണ്ട് വീണ്ടും കണ്ണടച്ചു കിടന്നു.

പിന്നെ സാവധാനം ഉറക്കത്തിലേയ്ക്കു വഴുതിവീണു. ഉറക്കത്തിൽ പല പല സ്വപ്നങ്ങളും മാറി വന്നു. പിന്നെ ഒരു പൊട്ടിത്തെറി കേട്ടാണ് ഞാൻ ഞെട്ടിയുണർന്നത്. വേഗം ചാടിയെഴുന്നേറ്റ് ലൈറ്റിട്ടു.

ക്ലോക്കിൽ സമയം ഒന്നേകാൽ. നോവലിൽ ഇൻസ്പെക്ടർ സേതുറാം രഞ്ജിത്ത് സിംഗിനുനേരെ വെച്ച വെടിയുടെ ഒച്ചയാണോ അത് എന്ന് ഒരു സംശയം ഉണ്ടായിരുന്നു. 'പൊട്ടിത്തെറി' സ്വപ്നത്തിലാണെന്ന ധാരണയാൽ വീണ്ടും ലൈറ്റണച്ച് കിടക്കയിലേയ്ക്കു ചാഞ്ഞു. പിന്നെയും ഒരു 'കൂട്ടപ്പൊട്ടിത്തെറി' ഞാൻ ആകെ പരിഭ്രാന്തനായി. സ്വപ്നത്തിലല്ല പൊട്ടിത്തെറി എന്നു മനസ്സിലായി. കട്ടിലിൽ നിന്നും എഴുന്നേൽക്കാൻ ഭയമായി. പേടിച്ചുപോയ ഞാൻ ഒരു മൂലയിൽ ചുരുണ്ടു കൂടിയിരുന്നു. 'അമ്മയെ' വിളിയ്ക്കണമെന്നു കരുതിയെങ്കിലും നാവനക്കാൻ സാധിക്കുന്നില്ല. ആ പൊട്ടിത്തെറിയുടെ ശബ്ദം സഹിക്കവയ്യാതെ ഞാൻ ചെവി പൊത്തിയിരിപ്പായി.

ഈ നടന്നതും നടക്കുന്നതുമായ പൊട്ടിത്തെറി എന്റെ മുറിയിൽ നിന്നാണെന്ന് ഞാൻ വ്യക്തമായി മനസ്സിലാക്കിയതു കൊണ്ട് എന്റെ മുട്ടുകൾ കൂട്ടിയിടിയ്ക്കുന്നുണ്ടായിരുന്നു. അപ്പോഴാണ് ഒരു 'സ്ത്രീശബ്ദം' "എന്താടാ അവിടെ പൊട്ടിത്തെറിയ്ക്കുന്നേ? എല്ലാം നീ നശിപ്പിച്ചോ?" ആ സ്ത്രീശബ്ദം എന്റെ അമ്മയുടേതാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. എനിയ്ക്കറിയില്ല അമ്മേ, ഞാനും കേട്ടു. ഓ! ചിലപ്പോൾ വല്ല പൂച്ചയും എന്തെങ്കിലും ഉരുട്ടിയിട്ടതായിരിക്കും, അല്ലെങ്കിലും ഒരു കള്ളിപ്പൂച്ച ഇതിലൂടെ പാത്തും പതുങ്ങിയും നടക്കുന്നുണ്ട്. 'നീ കിടന്നോ' നാളെ രാവിലെ നോക്കാം. ഇത് പറഞ്ഞ് അമ്മ പോയി. അപ്പോഴും ചെറിയ ചെറിയ പൊട്ടിത്തെറി നടക്കുന്നുണ്ടായിരുന്നു.

പൂച്ചയാണ് ആ പൊട്ടിത്തെറിയ്ക്ക് കാരണമെന്ന അമ്മയുടെ വാക്കുകൾ എനിയ്ക്കു ധൈര്യം പകർന്നു. ആ ധൈര്യം വച്ചുകൊണ്ട് ലൈറ്റിടാൻ കട്ടിലിൽ നിന്നും എഴുന്നേറ്റ് സ്വിച്ച് ബോർഡിന്റെ അടുത്തേയ്ക്കു നീങ്ങി അപ്പോഴും പൊട്ടിത്തെറിയ്ക്ക് ഒരു കുറവുമില്ലായിരുന്നു. ആ പൊട്ടിത്തെറിയെല്ലാം എന്റെ മുഖത്തു നിന്നാണെന്ന് എനിയ്ക്ക് അപ്പോഴാണ് മനസ്സിലായത്. വേഗം തന്നെ ലൈറ്റിട്ടു. കണ്ണാടിതപ്പിയെടുത്ത് കണ്ണാടിയിലേക്കുനോക്കി. എനിയ്ക്ക് സന്തോഷം പിടിച്ചടക്കാനായില്ല. ഞാൻ തുള്ളിച്ചാടി അതേ! വളരെ കാലമായിട്ടുണ്ടായിരുന്ന ഒരു ആഗ്രഹം ഇതാ സഫലമായിരിക്കുന്നു. അതേ എന്റെ മൂക്കിനടിയിൽ ഒത്തിരി രോമങ്ങൾ പൊട്ടി മുളച്ചിരിക്കുന്നു. 'മീശ, മീശ' എന്നു പറഞ്ഞു ഞാൻ തുള്ളിച്ചാടി. ആ സന്തോഷത്താൽ എനിയ്ക്കന്നുറങ്ങാൻ കഴിഞ്ഞില്ല. ഞാൻ മീശയിൽ തടവിക്കൊണ്ട് പിറ്റേദിവസം ക്ലാസിൽ മീശയും വെച്ചു പോകുന്നതും സ്വപ്നം കണ്ട് കിടന്നു നേരം വെളുപ്പിച്ചു.





# വിദ്യാർത്ഥി, കലാലയം, സമൂഹം

എബി എലിയാസ്
മൂന്നാം വർഷ മനഃശാസ്ത്ര ബിരുദം

കലയും കാല്പനികതയും ഇരമ്പിയ ടുക്കുന്ന കാലമാണ് വിദ്യാഭ്യാസ കാലഘട്ടം. എന്നാൽ കാല്പനികതയ്ക്കും കലയ്ക്കും പുതിയ മാനങ്ങൾ കണ്ടെത്തുന്നതു തൻേറതായ ചര്യകൾക്കും ഇഷ്ടങ്ങൾക്കും വഴങ്ങാൻ വേണ്ടിയാണ്. വിദ്യാഭ്യാസം അത് അഭ്യസിക്കുന്നവൻെറ കഴിവു കൾക്കനുസരിച്ചും അവൻെറ താത്പര്യ ങ്ങൾക്കുതകുന്നതും അവൻെറ സാമൂഹ്യ പരിതസ്ഥിതികൾക്ക് അനുയോജ്യമായ രീതിയിലും വേണം.

ഒരുവൻെറ മാതൃഭാഷ ഇക്കാര്യത്തിൽ ഒരു പരിധിവരെ സ്വാധീനിക്കുന്ന ഘടകമാണ്. മാത്രമല്ല ജ്ഞാനസമ്പാദനത്തിന് വഴികാട്ടികൂടിയാകാം. അന്യഭാഷകളും അന്യസംസ്ക്കാരങ്ങളും സ്വായത്തമാക്കുന്നത് നല്ലതുതന്നെ. എന്നാൽ സ്വന്തം സംസ്ക്കാരത്തോട് ഇഴുകിച്ചേർന്നു കിടക്കുന്ന മാതൃഭാഷ നീക്കിക്കളഞ്ഞ് മറ്റൊരു വിദേശ ഭാഷയിലൂടെ വിദ്യാഭ്യാസം നടത്തുകയെന്നത് ക്ലേശകരമാണ്. മഹാത്മാഗാന്ധി ഇപ്രകാരം പറയുന്നുണ്ട്: "ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതികളിൽ പ്രാദേശിക ഭാഷയ്ക്കു പുറമേ ഹിന്ദി, സംസ്കൃതം, പേർഷ്യൻ, അറബി, ഇംഗ്ലീഷ്, എന്നിവയ്ക്കുകൂടി സ്ഥാനം ഉണ്ടാകണം. നമ്മുടെ സർവ്വകലാശാലകളിലും കലാലയങ്ങളിലും ഇവയെല്ലാം രണ്ടാമത്തെ തിരഞ്ഞെടുക്കാവുന്ന ഭാഷയാക്കി മാറ്റിയിട്ടുമുണ്ട്. ഇതോടൊപ്പം പ്രാദേശിക ഭാഷതന്നെ മറ്റൊരു തിരഞ്ഞെടുക്കപ്പെടേണ്ട രണ്ടാമത്തെ ഭാഷയാക്കിയും മാറ്റുന്നു. ശാസ്ത്രീയമായി പ്രാദേശിക

ഭാഷ പഠിക്കാത്ത ഒരാൾക്ക് ഇവയിൽ ഏതുതന്നെ തിരഞ്ഞെടുത്താലും ശ്രമകരമാണ്".

പ്രാദേശികഭാഷതന്നെ ശാസ്ത്രീയമായി പഠിക്കയും അതിലൂടെ മറ്റൊരു പ്രാദേശികമോ വൈദേശികമോ ആയ ഭാഷ കൈകാര്യം ചെയ്യുക എളുപ്പവും ആനന്ദകരവും ആയിരിക്കും. ഇന്നും നമ്മുടെ പാഠ്യസമ്പ്രദായം വിദേശഭാഷയ്ക്കും അവരുടെ സംസ്ക്കാരത്തിനും തീറെഴുതി വിറ്റിരിക്കുന്നു. തൻമൂലം വിദേശഭാഷയിലൂടെ പഠിക്കുകയെന്ന ഭാരത്തോടൊപ്പം യഥാർത്ഥ അർത്ഥവ്യാപ്തിയും ആശയ സംയുക്തതയും കൈമോശം വരികയും ചെയ്യുന്നു.

പ്രാദേശികഭാഷ തന്നെ രണ്ടാം ഭാഷയായി പഠിക്കുകയെന്നത് ശ്രമകരമായ ഒന്നല്ല. എങ്കിലും പ്രത്യയങ്ങളും, വ്യാകരണവും, ഉച്ചാരണവും മറ്റും മനസ്സിലാക്കുന്നത് ഭാഷാപഠനത്തേക്കാളുപരി തെറ്റില്ലാതെ എഴുതാനും വായിക്കാനും സഹായിക്കുന്നതാണ്. തൻമൂലം ഭാഷയുടെ അന്ത:സത്ത ഉയരുന്നു.

നമ്മുടെ സർവ്വകലാശാലകളിൽപ്പോലും രണ്ടാംഭാഷയായി എതെങ്കിലും രണ്ടെണ്ണത്തിൽ ഒന്നുമാത്രമേ തിരഞ്ഞെടുക്കാൻ അനുവാദം നൽകുന്നുള്ളു. ഇത് അന്യഭാഷകൾ പഠിക്കുന്നതിന് തടസ്സമാകുകയും അവ കൈകാര്യം ചെയ്യാനുള്ള അവസരം നഷ്ടമാക്കുകയും ചെയ്യുന്നു. മറ്റു പ്രാദേശിക ഭാഷകൾ കൈവശമാക്കാൻ കഴിഞ്ഞാൽ തൊഴിൽ തേടുന്നവർക്ക് ഉപകരിക്കയും തൻമൂലം പ്രാദേശിക തൊഴിൽ മേഖലകളിൽ തള്ളിക്കയറ്റം കുറയുകയും ചെയ്യും. അതിലുപരി അന്യസംസ്ക്കാരങ്ങളും സാഹിത്യങ്ങളും സ്വായത്തമാക്കുകയും ചെയ്യും.

പഠിച്ചത് പ്രാവർത്തികമാക്കുക എന്നത് മലയാളികളെ സംബന്ധിച്ച് കഠിനമായ ഒന്നാണ്. കാർഷിക സർവ്വകലാശാലയിൽ നൽകുന്ന പരിശീലനങ്ങൾ കൃഷിഭൂമിയിൽ പ്രാവർത്തികമാക്കുന്നില്ല. ഇതിൽനിന്നും അകലെയല്ലാത്ത അനുഭവങ്ങളാണ് നമ്മുടെ വിദ്യാഭ്യാസ രീതികളും. പാഠ്യപദ്ധതികൾ കൊണ്ടുള്ള സമ്മർദ്ദം, സമയനിഷ്ഠയില്ലാത്ത പരീക്ഷകൾ, കൃത്യനിഷ്ഠയില്ലാത്ത ഫലപ്രഖ്യാപനം തുടങ്ങിയവ വിദ്യാർത്ഥികളുടെ മനോശാരീരിക സന്തുലിതാവസ്ഥ തകർക്കുന്നു.

നമ്മുടെ പഠനസമയം തുടങ്ങുന്ന തുതന്നെ ഉച്ചയോടടുത്താണ്. സന്ധ്യയാ കുമ്പോൾ അവസാനിക്കയും ചെയ്യുന്നു. ഈ രീതി മാറണം. മനസ്സും ശരീരവും ഊർജ്ജസ്വലമായിരിക്കുന്ന പ്രഭാതസമയം പഠനത്തിനായി വിനിയോഗിക്കണം. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നിലവാരം ഉയർത്താൻ ഇത് വളരെയധികം സഹായകമാകും.

നാളത്തെ സമൂഹത്തിന്റെ പ്രധാന കണ്ണികൾ തങ്ങളാണെന്ന ഉറച്ച ബോധത്തോടെ, സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ചുറ്റുപാടുകളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുക എന്നത് വിദ്യാർത്ഥികളെ സംബന്ധിച്ച് ഒഴിച്ചുകൂടാനാവാത്തതാണ്. വ്യക്തികളുടേയും സമൂഹത്തിന്റെയും കഴിവുകൾക്കനുസരിച്ച് കാലോചിതമായ മാറ്റം ഓരോ മേഖലയിലും സംഭവിക്കേണ്ടതാണ്. അവയ്ക്കു വിലങ്ങുതടിയാകാതിരിക്കാൻ വിദ്യാർത്ഥി സമൂഹം ശ്രദ്ധിക്കണം.

സ്വയംപ്രേരിത സംഘടനകളും അവരുടെ പ്രവർത്തനങ്ങളും കലാലയങ്ങൾക്കെന്നു മാത്രമല്ല രാജ്യത്തിനുതന്നെ മുതൽക്കൂട്ടാകണം. അടിയന്തിര സന്ദർഭങ്ങളിലും ആപത്ഘട്ടങ്ങളിലും മാത്രമല്ല ശുചീകരണ പ്രവർത്തനങ്ങൾക്കുകൂടി പങ്കാളികളാകുകയും മറ്റുള്ള വിദ്യാർത്ഥികൾക്ക് മാതൃകയാകുകയും ചെയ്യണം.

Ph: 625223
Royal
SWEETS
NEAR RAILWAY STATION, ALUVA

കവിത

# സ്വപ്നത്തിന്റെ ചില നനഞ്ഞ നോട്ടങ്ങൾ

സോണിയ പുൽപ്പാട്
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദം

വിശുദ്ധ സ്വപ്നത്തിൽ
ഒരു വിളക്കു വീണുടയുന്നു
അരുത് !
ഞെട്ടിയുണരുമ്പോഴെല്ലാം
നീയൊരു ചിരിയുടെ പൊയ്മുഖം മാത്രമാകരുത്..!
കത്തുന്ന വാക്കിൽ
കാവൽ സ്വരങ്ങളുടെ തീരാത്തവേവ്
സ്വന്തമല്ലാതാകുന്ന ആകാശങ്ങളുടെ നോവ്
നിശ്ശബ്ദതയുടെ നോക്കിലേക്ക്
തോരാതെ മഴകളിറയുന്നു
ഒടുങ്ങാതെ വേനലുറയുന്നു
ഒരേ ചിലന്തിവലയിൽ
ഒന്നൊന്നായ് ഒടുങ്ങാൻ
വീണ്ടും നിറം വാർന്ന നീലൻതുമ്പികൾ
ഇരുളിൽ ബോധികളൊളിക്കുന്ന കാലത്ത്
ഇരുകണ്ണിലോരോന്നിലും അവതാര വിചാരങ്ങൾ
മഴയിലൂറിയുറയുന്ന മണൽക്കാടുകളിൽ
മഞ്ഞു കാത്തിരുന്നവർക്കു
സ്വപ്ന വേഗങ്ങളിൽ കനത്ത പരുത്ത രാത്രി
സൂര്യനെ കരയിപ്പിക്കരുത്
ചിതലരിക്കപ്പെട്ട തലച്ചോറുകൾക്കു നിത്യശാന്തി
വ്രതമവസാനിക്കാറാവുന്ന നേരത്ത്, ഇനി
ഭ്രാന്തൻപൂക്കളുടെ സ്വപ്നാടനം
ചിലപ്പോൾ
വിചാരങ്ങൾക്കു തീപിടിച്ചേക്കാം
ചരിത്രം പെരുവഴികളിൽ
ചോദ്യം ചെയ്യപ്പെട്ടേക്കാം.
എന്നാലും,
നീയും ഞാനും, നീയും ഞാനും
മാത്രമാകുന്നിടത്തു
വെളുത്തതെല്ലാം,
പകലിൽ മഞ്ഞവെള്ളത്തിൽ
മുങ്ങിത്താണൊഴുകുന്നു.



കവിത

# പൊൻപുലരി

ചിൻസു ജോയ്
രണ്ടാം വർഷ ആംഗലേയ സാഹിത്യ ബിരുദം

കൈക്കുടന്ന നിറയെ
കനകമയ സമ്പന്നമാം
കണിക്കൊന്ന പൂവിൻ
കുലയുമായ് നീ വന്നു.
തരളിത രാത്രിയിലെ
കിനാക്കൾ മറയും മുമ്പേ
വിരിപ്പിൽ വീണ
കണ്ണുനീരുണങ്ങും മുമ്പേ
തെളിഞ്ഞമേഘക്കീറിൻ
പുതപ്പുമാറ്റി അരുണനവൻ
ഉണർന്നല്ലോ, താരകുമാരിമാർ
മറഞ്ഞല്ലോ.
എന്നെമാത്രം വിളിച്ചുണർത്താൻ
മുഖം നിറയും പുഞ്ചിരിയും
മഞ്ഞരാശി പൂശിയ മേനിയു
മായി നീ വന്നു നില്ക്കെ
ജാലകവിരിപ്പിൻ പിന്നിലെ
കൊന്നമരത്തിലേക്കു മിഴിയയച്ച
നേരം, നീയുമെന്നങ്കണവും
ഒരു പോലെൻമിഴിയിൽ.
പൊൻ പുലരിയിലും കുയിൽ കൂജനം
ശ്രവിക്കാൻ ഞാൻ കാതോർത്തു
അയലത്തെ പ്രാർത്ഥനാഗീതം
ശ്രവണ തന്തുക്കളിൽ മാറ്റൊലിച്ചു.
പുലരികൾ സുന്ദരം
സ്വപ്നസന്നിഭം
വിട പറയും കിനാക്കളും
ഘടികാരനിനാദവും
ഒരുപകൽകൂടി പിറക്കുന്നു.





# History Rewritten!!

P.K. Anand
II PDC, IIIrd Group

*History is sometimes called the queen among different disciplines; it eclipses even the physical and biological sciences. Mark Bloch, the German Historian, speaks of "the Historian's craft", suggesting ways in which the subject assumes critical importance.*

*Ever since the emergence of the human species, man has been growing more and more civilized with the passing of each day. His mind and body have been subject to continual refinement. Man's civilized life has seen the origin of writing, replacing vague ideas with crystallized words. Thus, with writing, man started chronicling the events with enthusiasm to feed his insatiable memory. These recordings slowly - but steadily - grew into a full-scale activity, thus*

bringing the term, 'History' or his story. Late Prime Minister Jawaharlal Nehru has described history as the story of man from barbarism to civilization. As days, months, years decades and centuries passed, history acquired new forms and its compartmentalization began, with history for different areas like science, sports, cinema, music and so on. But the multiplying identities of history have damaged it severely. People writing history are called historians. Their ideas are different; so each of them views an event with a different point of view. Political bias creeps in presenting new ways of understanding an event. For example, take the simple idea of a mountain peak covered by snow and the sun's rays hitting it. For a scientist, it is a case of scientific thoughts, for a poet it is an inspiration and subject for poetry, and for a layman it is delightful routine. Different historians take note of historical events from different angles and in majority of the cases, there is no unanimity of opinion.

In history, conclusions cannot be drawn merely by stating the points. They have to be verified, facts are to be presented and various locks have to be unlocked. History is not just wars, revolutions and movements and leaders, but it has dealt with human psychology from time immemorial. But today, especially in India, history is being interpreted in the most selfish manner, and events are crushed under the feet to suit communal interests. Many events can be mentioned in this context. This recomposing of history in favour of a particular religion or group has dangerous consequences that severely affect the secular character of the country. The lines below are about the cruelest designs of a set of people who are determined to fulfill their ambitions of seeing minority communities shattered to pieces.

Recently, historian, Mr. N. Rajaram in his findings on the Indus Valley civilisation or the Harappan culture, said that the language of the people was Sanskrit and brought in "evidence" which he says, till now, was hidden among the rubble. His theory now represented as the "Piltdown Horse" theory states that the animal of the Harappan seals was a horse. But this proved to be a hoax, because he had tampered with the tail of a bull on the seal, and made it look like a horse. But this was soon found out and the cat was out of the bag. It was an attempt to drive the Hindutva plank forward. Mr. Rajaram has put in every effort to 'Aryanise' the Harappan Culture, and is singing praises for a group, which based on all facts and remains, is an alien to India. By indegenizing the Aryans, Rajaram is certainly leaning towards a communal position.

In a recent essay in the Frontline Magazine, published in two parts, historian Richard Eaton of U. S.A. has touched, perhaps the most sensitive issue in India today, for which history is being used as a toy. The subject is quite clear – temple desecration. Hindu fanatics have raised this issue on various occasions. This has gained greater significance in the present situation, in the wake of Ayodhya. Communal colour is added to the desecration of the temples because it is often said that Muslim rulers destroyed many temples and built mosques in their place. Though a little of this is true, the whole subject has been blown up disproportionately. Mr. Eaton says that even Hindu rulers in the pre-mughal and pre-sultanate eras had destroyed temples of the opposing armies. He gives the example of the Cholas who destroyed temples of the Chalukyas and took away many images, to demoralize their determination. He also gives the instance of Harsha who destroyed many temples of Kashmir. Even in the sultanate and Mughal periods, many temples were built and also preserved. Forcible conversions were rarely seen and even when temples were razed to the ground, it was with the aim of shaking the strength of the rebellious kings or chiefs. Eaton says that Aurangazeb separated religion from politics. Once when a Muslim criminal entered a mosque, he ordered the soldiers to capture him by going into that place of worship. Also, there are attempts to paint Aurangazeb as a religious bigot, which is only true to a minute extent. Noted Indian historian

K.N.Panikkar says that there is nothing new in the destruction of temples, because when the Spanish forces invaded Peru, they destroyed many pyramids, which were the prayer halls of the Aztecs and in their place, many churches were built. Mr. Panikkar also says that the Muslim rulers never declared India as an Islamic State; nor did the British, as a Christian State. This makes all efforts of the RSS agenda makers to be decried as false and absurd. In this context the words of Sir Sayyid Ahmed Kahn may be quoted: "The Hindus and Muslims are the eyes of a woman called India."

The history of India today goes to the great lows of criticizing the minorities like Muslims, Christians, Parsis, Jains, Buddhists, Jews and Sikhs. On certain rulers, exaggeration is taking place. Take the instance of Prithivi Raj Chauhan, who is being defined as "the last Hindu ruler of Delhi", which itself is a blend of narrow thoughts. He was defeated by Mohammed Ghori in the Second Battle of Tarain. Often during for nightly Hindu gatherings, the advents of Shivaji are specially mentioned. For a greater part, shivaji was fighting for a maratha supremacy, and in short, or clear words, he wanted the "renaissance of hinduism". But some facts are misquoted because, Shivaji's army or the Maratha army wasn't completely a 'hindu force'. There were a good number of muslim officers in the army. AlsoAurangazeb's army too had hindu soldiers. Therefore, true facts are being tried to be veiled, which makes no real sense.

Certian circlesin history say that the battle between Akbar and Rana Pratap, was an attempt by the former to assert 'religious' supremacy, which portays one of the greatest monarchs in Indian history as a 'fanatic'. That is totally fake in character. Also from the year 1193 to 1526, 35 Sultans ruled Delhi and out of which 19 were killed by muslims themselves. India has no history of wars among religions.



Another major subject is of Ayodhya, which is viewed from a historical angle here. There is not a single trace which shows that a temple existed there, which is being defined as Lord Ram's birthplace in the site of the demolished mosque. Babur's mosque, an ancient monument depicting India's past was brought fown through misrepresentation of facts by fanatic hindus who had drunk communal venom. No historical evidence of such a temple earlier. Mr. Panikkar says that the "hindutva forces try to find a temple under each ancient monument." Not only Ayodhya, many monuments face destruction today.

Certian circlesin history say that the battle between Akbar and Rana Pratap, was an attempt by the former to assert 'religious' supremacy, which portays one of the greatest monarchs in Indian history as a 'fanatic'. That is totally fake in character. Also from the year 1193 to 1526, 35 Sultans ruled Delhi and out of which 19 were killed by muslims themselves. India has no history of wars among religions.

The tomb of Shershah at Sasaram in Bihar is in the fear of decay. Many temples have come up in the area and they are extending

each thus threatening the very exxistence of the age old monument. No action is taken to stop



the illegal construction. Also last year iin Delhi, the Vishua Hindu Parisad (VHP) activists tried to perform a ritual near the Qutab Minar, which was also illegal. But the Delhi Police cleverly prevented this ritual. All this clearly shows that even monuments, which are strong pillars of history, are not spared. Every identity is being changed as, "Hindu". Another important thing needs to be mentioned here, which is especially concerned with the student community . 'Communal history' is being taught in various states, where there is glorification of tiny rulers who are said to have bravely fought against the domination of Muslims. Three chapters have been set apart in Rajasthan to portray R.S.S. founder Hedgewar's life. Similarly, V.D. Savarkar and Nathuram Godse, so called prophets find their way into the text books replacing important events like Russian Revolution and Marxian Socialism. These books laugh at the efforts of the Indian National Congress during the freedom struggle and darken the communists and other secularists.

Many leaders of the Hindutva clan are being descrbied as the leaders of India's independence, whereas the relity is something else. These leaders had been the staunch supporters of British Government and London had used them as a mighty weapon to divide the Indians on communal lines, which severely undermined the cause of thousands of Indians. A great institution in our country is the guild of historians called the Indian Council for Historical Research (ICHR). ICHR promotes historical research. Vigorous attempts are being made to 'saffronise' this institution and any slight resistance by historians against their attempt is taken note of, in a hostile manner. Their ideas and thoughts are rejected and their works are withdrawn from publication. The latest victims of this assault are historians, Prof. Sarkar and Prof. K.N. Panikkar, whose work 'Towards freedom' have been withdrawn. The petty reason given for this is that the book depicts the Indian freedom movement and Mahatma Gandhi in a bad light. But the actual reason is, they resisted the attempts of the communalists and tried to expose the communal parties. This was severely criticized by majority communalist historians, whose saffron agenda was pretty clear, that is to sing praises of the Hindu majority. They included the ICHR Chairman, B.R. Grover. Thus, we see that history, once a powerful weapon to describe people, is now being used as a mere tool to arouse communal feelings in the blood of the people and fill them with hate towards their brothers. So, how can these dirty attempts be ended? That is the question students of history have to seriously ask. Such planned attempts have to be prevented and abolished from their roots. History is not for a free license, that is to be used for vested interests. Time is running and each minute, a great historical event is being falsely interpreted and being replaced by narrow communal thoughts, helped by fake facts. These attempts have to be stopped. So next time you read a chapter of Tipu Sultan being termed as a 'fundamentalist' or Fatehpur Sikri built by Akbar being over an ancient Jain temple, be sure that they are aimed at distorting history. And this can never be allowed, for history is based on the principles of secularism and solidarity. Any turnaround from this goal, will severely damage the subject's prestige. So, watch out History is being changed completely in order to accommodate false truths and communal ideas that are highly toxic.

ലേഖനം

# വിദ്യാഭ്യാസം വർഗ്ഗീയവത്കരിക്കപ്പെടുന്നുവോ?


ജയശങ്കർ റ്റി.
ഒന്നാം വർഷ മലയാള സാഹിത്യ ബിരുദം




നവയുഗ സൃഷ്ടിക്കുള്ള ഏറ്റവും ശക്തമായ ആയുധം എന്ന നിലയ്ക്കാണ് നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസം അവതരിക്കപ്പെട്ടത്. അതുകൊണ്ട് തന്നെ സമസ്ത മേഖലകളെയും വർഗ്ഗീയവത്കരിച്ചുകൊണ്ടിരിക്കുന്ന ഫാസിസ്റ്റ് ശക്തികൾ വിദ്യാഭ്യാസ മേഖലയെ കാവിപൂതപ്പിക്കുവാനുള്ള തീവ്രശ്രമത്തിലാണ്.

വിദ്യാഭ്യാസ രംഗത്ത്പ്രവർത്തിക്കുന്ന ചില ജാതിമത സാമുദായിക സംഘടനകൾ വർഗ്ഗീയ പ്രീണനം വളരെ മുമ്പ് തന്നെ അനുവർത്തിച്ചു പോന്നിരുന്നു. എന്നാലിപ്പോൾ സ്വതന്ത്ര ഭാരതത്തിന്റെ ചരിത്രത്തിലാദ്യമായി ഭരണകൂടം തന്നെ വിദ്യാഭ്യാസത്തെ വർഗ്ഗീയവത്കരിക്കാൻ നേതൃത്വം കൊടുക്കുന്നു.

വർഗ്ഗീയ ഭരണക്കൂടത്തിന്റെ മനസ്സിൽ കുടികൊള്ളുന്ന മതമൗലികവാദം പിഞ്ചുതലമുറയിലേക്ക് പകർന്ന് തങ്ങളുടെ സ്വപ്നഭൂമി സാക്ഷാത്കരിക്കുന്ന ഗൂഢപദ്ധതികൾ ആവിഷ്ക്കരിക്കുവാൻ പാഠ്യപദ്ധതിയാകെ സാമൂഹിക പരിപ്രേക്ഷ്യത്തിൽ നിന്ന് വർഗ്ഗീയ കാഴ്ചപ്പാടിലേക്ക് മാറ്റപ്പെടുത്തുകയാണ്.

അന്യമതവിദ്വേഷം കുരുന്നിലെ നിറച്ച് സങ്കുചിത ചിന്താഗതിക്ക് അടിമപ്പെടുത്തി നിസ്സംഗനും നിശേഷ്ടരുമായ ഒരു തലമുറയെ വാർത്തെടുക്കുന്ന വിപ്ലവകരമായ പ്രവൃത്തിയിലാണ് ഇന്ന് ഇന്ത്യൻ ഫാസിസം ഏർപ്പെട്ടിരിക്കുന്നത്.

മതവത്കരിക്കുക, ദേശീയവത്ക്കരിക്കുക. ആത്മീയവത്കരിക്കുക, എന്നീ മൂന്നു മുദ്രാവാക്യങ്ങൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളായി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. ഇവ വിദ്യാഭ്യാസത്തെ

ഹിന്ദുത്വവത്കരിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി ജ്യോതിഷം, തന്ത്രവിദ്യ, വൈദീകഗണിതം എന്നിവ വിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്നും സർവ്വകലാശാലതലത്തിൽ ബിരുദ കോഴ്സുകൾ ആരംഭിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ ആദ്യപടിയെന്നോണം വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന കേന്ദ്ര സ്ഥാപനങ്ങളും മാനവവിഭവശേഷിവകുപ്പും

ഏജൻസികളും ഹിന്ദുത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ഉപകരണങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. തത്ഫലമായി പാഠപുസ്തകങ്ങളുടെ ഘടന, ഉള്ളടക്കം, പാഠ്യപദ്ധതി, ചോദ്യാവലികൾ എന്നിവയാകെ വർഗ്ഗീയ താത്പര്യമനുസരിച്ച് നിർമ്മിക്കുന്നതിന് C.B.S.E., N.C.E.R.T., U.G.C., I.C.H.R. തുടങ്ങിയ സമിതികളിൽ തികഞ്ഞ വർഗ്ഗീയ വാദികളെ കുടിയിരുത്തിയിരിക്കുകയാണ്.

ജാതികളുടെയും ജാതിമതകോമരങ്ങളുടെയും ഈറ്റില്ലങ്ങളായ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിവിധ സ്കൂളുകളിൽ സരസ്വതി വന്ദനം, വന്ദേമാതരലാപനം തുടങ്ങിയവ നിർബ്ബന്ധിതമാക്കിയിരിക്കുന്നു. അവിടത്തെ പാഠ്യപദ്ധതിയിൽ ഹിന്ദുപുരാണങ്ങൾ കൂടാതെ കഥയിലും കവിതയിലും തികഞ്ഞ പുരാണസ്പർശിയായ പാഠങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അയോധ്യയിൽ രാമക്ഷേത്രം ഉണ്ടായിരുന്നുവെന്നും മുസ്ലീം ഭരണാധികാരിയായ ബാബറാണ് ക്ഷേത്രം തകർത്ത് പള്ളിപണിതതെന്ന് ഉത്ഘോഷിക്കുന്ന നിരവധിയായ കഥകളും കവിതകളും കുട്ടികളെ പഠിപ്പിക്കുന്നു.

ഉത്തർപ്രദേശത്തിലെ എട്ടാംതരത്തിലെ പാഠപുസ്തകത്തിലെ ആദ്യത്തെ ചോദ്യം ഹിന്ദുവിന്റെ വിപരീതം ആര്? എന്നുള്ളതാണ്. ഭാഷാപരവും സാംസ്കാരി

**സങ്കുചിതമനോഭാവവും അന്യമത വിദ്വേഷവും വിദ്യാലയങ്ങളിൽ നിന്ന് സ്വായത്തമാക്കി പുറത്ത്‌വരുന്ന വിദ്യാർത്ഥികൾ രാജ്യത്തിന് തന്നെ ഭീഷണിയായി നിലനിൽക്കുകയാണ്. ലോകരാജ്യങ്ങളുടെ ഇടയിൽ തലയുയർത്തിനിൽക്കുന്ന മതേതരത്വ പാരമ്പര്യത്തിനും, സഹവർത്തിത്വത്തിനും, സഹിഷ്ണുതയ്ക്കമെതിരെ വാളോങ്ങുകയാണ് പുത്തൻ തലമുറക്കാർ. പൊട്ടിയൊലിക്കുന്ന കുഷ്ഠത്തിന്റെ മുറിവുകളിൽ ആശ്വാസത്തിന്റെ ഔഷധവുമായി എത്തിയ ആസ്ത്രേലിയൻ മിഷനറിയായ ഗ്രഹാം സ്റ്റേയിൻസിനെയും രണ്ട് പിഞ്ചുകുട്ടികളെയും ജീപ്പിലിട്ട് വന്യമൃഗങ്ങളേപ്പോലും നാണിപ്പിക്കുന്ന രീതിയിൽ പച്ചയോടെ ചുട്ടുകരിച്ച സംഘത്തിൽ ഒറീസ്സയിലെ പ്രൈമറി സ്കൂളിൽ പഠിക്കുന്ന ഒൻപത് വയസ്സുള്ള ചെഞ്ചു എന്ന ബാലനുണ്ടായിരുന്നു എന്ന് പത്രത്താളുകളിലൂടെ വായിക്കുമ്പോൾ നാമിനി അത്ഭുതപ്പെടേണ്ടതില്ല.**

കമായ വൈവിധ്യം നിലനില്ക്കുന്ന വടക്കൻമേഖലയിൽ പല പ്രദേശങ്ങളിലും ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല. സാമൂഹ്യപിന്നോക്കാവസ്ഥയുടെ സൃഷ്ടികൂടിയായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തിവാഴുന്ന പ്രദേശങ്ങളിൽ ഈ സാഹചര്യത്തെ ചൂഷണം ചെയ്തുകൊണ്ട് തങ്ങളുടെ ആധിപത്യമുറപ്പിക്കുവാൻ ശ്രമിക്കുകയാണ് ഹിന്ദുത്വശക്തികൾ.

സങ്കുചിതമനോഭാവവും അന്യമത വിദ്വേഷവും വിദ്യാലയങ്ങളിൽ നിന്ന് സ്വായത്തമാക്കി പുറത്ത്‌വരുന്ന വിദ്യാർത്ഥികൾ രാജ്യത്തിന് തന്നെ ഭീഷണിയായി നിലനിൽക്കുകയാണ്. ലോകരാജ്യങ്ങളുടെ ഇടയിൽ തലയുയർത്തിനിൽക്കുന്ന മതേതരത്വ പാരമ്പര്യത്തിനും, സഹവർത്തിത്വത്തിനും, സഹിഷ്ണുതയ്ക്കമെതിരെ വാളോങ്ങുകയാണ് പുത്തൻ തലമുറക്കാർ. പൊട്ടിയൊലിക്കുന്ന കുഷ്ഠത്തിന്റെ മുറിവുകളിൽ ആശ്വാസത്തിന്റെ ഔഷധവുമായി എത്തിയ ആസ്ത്രേലിയൻ മിഷനറിയായ ഗ്രഹാം സ്റ്റേയിൻസിനെയും രണ്ട് പിഞ്ചുകുട്ടികളെയും ജീപ്പിലിട്ട് വന്യമൃഗങ്ങളേപ്പോലും നാണിപ്പിക്കുന്ന രീതിയിൽ പച്ചയോടെ ചുട്ടുകരിച്ച സംഘത്തിൽ ഒറീസയിലെ പ്രൈമറി സ്കൂളിൽ പഠിക്കുന്ന ഒൻപത് വയസ്സുള്ള ചെഞ്ചു എന്ന ബാലനുണ്ടായിരുന്നു എന്ന് പത്രത്താളുകളിലൂടെ വായിക്കുമ്പോൾ നാമിനി അത്ഭുതപ്പെടേണ്ടതില്ല.

വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട മാനവീകബോധം, ജനാധിപത്യബോധം, സ്ഥിതിസമത്വബോധം എന്നീ മൂല്യങ്ങളെ ഇല്ലായ്മ ചെയ്യുകയും, ജാതി മത വർഗ്ഗീയ ബോധത്തിന് പുത്തൻ തലമുറയെ അടിമപ്പെടുത്തുകയും ചെയ്യുന്ന പ്രതിരോധശക്തികളെ തുരത്തിയോടിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കവിത

# ഓർമ്മകൊണ്ടുണ്ടാവുന്നത്

സാം ജോസഫ്
മൂന്നാം വർഷ മനഃശാസ്ത്ര ബിരുദം

ജന്മാവസാനം വരേക്കും നീളുന്ന
മധുരതരമായ വേദനയാണി വേർപാട്,
വേർപാടുകൾ തൻ
നൈരന്തര്യ, മി ക്ഷണികജീവിതം

<u>അറിവ്</u>
പ്രണയത്തിന്റെ നനുത്ത മഴച്ചാറ്റൽ,
തിരിച്ചറിവിന്റെ നട്ടുച്ച
സായാഹ്നത്തിന്റെ കവിത,
നിലാവുറഞ്ഞ പ്രഭാതം......
പച്ചക്കുട നിവർത്തിയ മഹാഗണികളുടെ
ശമിക്കാത്ത തണൽ വിരിച്ച തട്ടകം
എന്റെ പുരാതനയായ അമ്മേ......
'ഞാൻ നിന്നിൽ നിന്നല്ല....
നിന്നിലൂടെ വളർന്നവൻ
<u>പ്രാർത്ഥന</u>
ഒരുപൊതി പാഥേയം
ഒരുതിരികെടാവെളിച്ചം
ബന്ധിക്കപ്പെടാഞ്ഞ കഴലുകൾ
തുറന്നിട്ട കണ്ണുകൾ
ചേർത്തടയ്ക്കാത്ത മനസ്സ്
വഴിവക്കിലെ കൊടും ചൂടിലൊന്നിളവേൽക്കാൻ
നിന്നോർമ്മകൾ വിടർത്തും മാമരത്തണൽവെട്ടം.



പടിവാതിലോളം മനം ഗമിച്ചൊരുമാത്ര
ശീഘ്രം തിരിഞ്ഞു നോക്കേ
ശാഠ്യക്കാരാ നീവന്നുനിൽപ്പൂ
വരികിലില്ലാരിക്കലും ഞാനെന്നഭാവേ...
'വേണ്ട നീ ഒരിക്കലും വരണമെന്നില്ല.....
തേടിയെങ്കിലും, ഒരുമാത്ര കാണാനെങ്കിലും എനിക്ക്....'



SANDRA

HERBAL BEAUTY CLINIC (Ladies & Kids)
K.K.P. Nagar, HB No.6, U.C. College P.O., Aluva

Hairstyling, Bridal make-up, Party make-up, Facials (Gold, Flower, Herbal Shahnaz, Aroma & Galvanic),
Bouquets (Bridal, V.I.P., Fresh Flowers etc.), Car decoration and all parlour works are done at reasonable rates

Short & Long Term Beautician Course Started

Poem

# You are the one...

Elizabeth Jacob
II PDC IIIrd Group

*I was a bud waiting to bloom.*
*Your tender touch made me feel,*
*A flower in full bloom.*
*It was for your dear,*
*I was waiting all these years.*
*You are the one, who sowed,*
*The seeds of love in my heart.*
*I was ignorant; what love is?*
*A warm and tender feeling;Yes, it is.*
*I got that warm and tender touch from you.*
*You're the one who drizzled,*
*The shower of love upon me.*
*Yes, you mean a world to me.*
*Yes, you're the one made for me.*
*Oh dear, we'll be together*
*Now, and forever.*

*The true life adventures of a runaway*

The life changing experience of a prodigal son

**A perfect book for the youths**

**Contact**
**Mathai Outreach Ministries, Inc**
**P.O. Box 96495, Houston,**
**Texas - 77213-6495, U.S.A.**

**Website: www.mathaioutreach.org**
**Email: mathaioutreach@ev1.net**

*A Handful of Clay in the Potter's Hand*



*Evangelist Ipe Mathai*

# കാലത്തിനു മുൻപേ മറഞ്ഞവർ

ദിവ്യാ സുകുമാരൻ
രണ്ടാം വർഷ ഇംഗ്ലീഷ് സാഹിത്യ ബിരുദം

പ്രിയപ്പെട്ടവർക്ക്,

ഞാൻ ഒരു യാത്ര പോകുന്നു ഒരിക്കലും മടങ്ങി വരാതിരിക്കാൻ. ഇത് എന്റെ അവസാനത്തെ യാത്രാമൊഴി. ഇനി ഞാൻ എന്റെ ആത്മാവിന് ചിറകുകൾ നൽകട്ടെ. നിങ്ങളാരും കാണാതെപോയ എന്റെ നൊമ്പരങ്ങളിലേക്ക് ഞാൻ അലിഞ്ഞു ചേരട്ടെ. വേദനയോടെയെങ്കിലും ഞാൻ എന്നെത്തന്നെ നഷ്ടപ്പെടുത്തുന്നു. ദൂരെ എനിക്കുവേണ്ടി സോളമന്റെ മുന്തിരിത്തോപ്പുകൾ ഒരുങ്ങിയിരിക്കുന്നു. ഇനി നഷ്ടപ്പെടുത്താൻ എന്റെ ഘടികാരത്തിൽ നിമിഷങ്ങൾ അവശേഷിക്കുന്നില്ല. ഞാൻ പോകുന്നു.....

ഈ ആത്മഹത്യാകുറിപ്പിനു താഴെ കയ്യൊപ്പിട്ട് ഒരു ജീവൻ കൂടി കൂടുവിട്ടു പറന്നു.

ഗുരുവിനെ ഒറ്റു കൊടുത്തതിൽ മനം നൊന്ത് മരണത്തെ വരിച്ച യൂദാസ്, മനംനൊന്ത് മരിച്ച ഹിറ്റ്ലർ, വിശ്വപ്രസിദ്ധ സാഹിത്യകാരൻ മിഷിമ, ശത്രുക്കൾക്കു കീഴ്പ്പെടാതിരിക്കാൻ ആത്മഹത്യ ചെയ്ത വേലുത്തമ്പിദളവ, പഴശിരാജ, ആത്മ ഹത്യ ഹരമായി കണ്ട കവയിത്രി സില്‌വിയ പ്ലാത്ത്, കവികളായ ഇടപ്പള്ളി, നന്തനാർ, കഥാകൃത്ത് രാജലക്ഷ്മി, പ്രശസ്ത നാടകകൃത്ത് സുരാസു..... അങ്ങനെ ഈ പട്ടിക നീളുകതന്നെയാണ്. ഇവരിൽ പുകഞ്ഞു നീറുന്നത് ആരും കാണാതി ല്ലാതെ വേദനയോടെ ഹൃദയം പൊത്തി പ്പിടിച്ചവർ, ആത്മഹത്യയിലേക്ക് പ്രതീ ക്ഷാപൂർവ്വം അലച്ചെത്തിയവർ. ആത്മഹ ത്യകൾ നമുക്ക് വാർത്തകളല്ലാതാകുന്നു. ഓരോ ആത്മഹത്യയും സമൂഹത്തിനു നൽകുന്ന ആഘാതം ക്രമേണ കുറഞ്ഞു വരികയും ചെയ്യുന്നു. ഇപ്പോൾ കൂട്ട ആത്മഹത്യകൾ പോലും നമുക്ക് ശീലമാകുന്നു.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ഒരു ലക്ഷത്തിൽ 9 പേർ ആത്മഹത്യചെയ്യുമ്പോൾ കേരളത്തിൽ ഇത് 28 പേരാണ്. മഹാരാഷ്ട്രയിൽ 13 പേരും കർണ്ണാടകയിൽ 20 പേരും ആയിരിക്കുമ്പോഴാണിത്. ദിവസവും 24 ആത്മഹത്യകൾ കേരളത്തിൽ നടക്കുന്നു. അതായത് മണിക്കൂറിൽ ഒരാളുടെ വീതം ആത്മഹത്യ ഇവിടെ റിപ്പോർട്ട് ചെയ്യപ്പെടുന്നു. യാഥാർത്ഥ്യം ഇതിനേക്കാൾ ഭീകരമായിരിക്കും. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 42500 ആത്മഹത്യകളാണ് കേരളത്തിൽ നടന്നിട്ടുള്ളത്. ആത്മഹത്യാനിരക്കിലും ഭീകരമായ വർദ്ധനയാണ് കേരളത്തിൽ കാണുന്നത് 25.267.

ആത്മഹത്യ പാപമെന്ന് എല്ലാ മതങ്ങളും നമ്മെ ഉദ്ബോധിപ്പിക്കുന്നു. മരണദിനത്തിന്റെ മണിമുഴക്കം മധുരം എന്നു പാടിയാണ് ഇടപ്പള്ളി മരണത്തിലേക്ക് നടന്നുപോയത്. ആത്മഹത്യയെക്കുറിച്ച് രണ്ട് മണിക്കൂർ നീളുന്ന ക്ലാസ് എടുത്ത് രണ്ട് ദിവസത്തിനകമാണ് രാജലക്ഷ്മി ആത്മഹത്യ ചെയ്തത്. ഭയാനകവും സർവ്വശക്തവുമായ സത്യം മരണം മാത്രമാണെന്ന തിരിച്ചറിവ് ഇല്ലാതെയല്ല ഇവർ ആത്മഹത്യക്കു തുനിഞ്ഞത്. ആത്മഹത്യക്കു മുതിരുന്ന ഭൂരിപക്ഷവും അതു മൂലം സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിപൂർണ്ണ ബോധവാൻമാരാണ്, എന്നിട്ടും എന്തുകൊണ്ടാണ് കേരളത്തിന്റെ ആത്മഹത്യാഗ്രാഫ് ഇത്രയധികം ഉയർന്നു കൊണ്ടിരിക്കുന്നത്?



ആത്മഹത്യശ്രമം ഒരുതരം ചിത്തവിഭ്രാന്തിയുടെ ലക്ഷണമായാണ് ആധുനിക മനഃശാസ്ത്രം കണക്കാക്കുന്നത്. കേരളത്തിലെ ആത്മഹത്യാ നിരക്കിന്റെ വളർച്ചക്കു കാരണം തിരയുമ്പോൾ സംഭവിച്ചതിനേക്കാൾ ഭീകരമായ ദുരന്തം സംഭവിക്കാനിരിക്കുന്നു എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിൽ എത്തിനിൽക്കുമ്പോൾ ഓരോ മനുഷ്യരും ഓരോ തുരുത്തുകളാകുന്നു.

> **ആത്മഹത്യാവാഞ്ഛ ഒരുതരം മാനസീക വൈകല്യമാണെന്നിരിക്കെ ഇത് പരിഹരിക്കാൻ നമുക്ക് ഇന്ന് സംവിധാനങ്ങളുണ്ട്. കൗൺസിലിങ് സെൻററുകളുടെയും മറ്റും സഹായം ഇതിന് തേടാവുന്നതാണ്. ആത്മഹത്യ ചെയ്യാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറായാൽ ചിലപ്പോൾ അവസാന നിമിഷം പോലും രക്ഷപ്പെടാനുള്ള സാധ്യതയുണ്ട്.**

തങ്ങളിലേക്കു തന്നെ ഒതുങ്ങിക്കൂടുന്ന മനുഷ്യർ കഠിനമായ വിഷാദരോഗത്തിന് അടിമപ്പെടുന്നു. കാരണമില്ലാതെ തന്നെ ജീവിതം അർത്ഥശൂന്യമെന്നും തോന്നാം. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, തൊഴിലില്ലായ്മ തുടങ്ങിയവയും ആത്മഹത്യകൾക്ക് കാരണമാകുന്നു. സാക്ഷരതയിൽ മുമ്പിൽ നിൽക്കുമ്പോഴും മാനസിക സമ്മർദ്ദം കൂടുതൽ അനുഭവിക്കുന്നു. നാം കൂടുതൽ അന്തർമുഖരായിക്കൊണ്ടിരിക്കുന്നു. ശരാശരി കേരളീയന്റെ ഉപഭോഗ പൊണ്ണച്ച സംസ്ക്കാരമാകാം ഇതിനു കാരണം.

ആത്മഹത്യക്കുള്ള പ്രേരണ ഒരു നിമിഷത്തേക്കുള്ള വികാരക്ഷോഭമാകണമെന്നില്ല. പലരും നേരത്തേ തീരുമാനിച്ചുറപ്പിച്ച് അടുപ്പമുള്ളവർക്ക് പലതരത്തിലുമുള്ള സൂചനകളും നൽകാറുണ്ട്. ആത്മഹത്യാശ്രമത്തിൽ നിന്നും രക്ഷപ്പെടുത്തിയവരിൽ നടത്തിയ പഠനങ്ങളനുസരിച്ച് അവരിൽ തന്നെ പരാജയബോധവും ഏകാന്തതയും ദർശിക്കാനാകും. അവരിൽ 69.23% പേരെ തെറ്റായ മാധ്യമസംസ്ക്കാരം സ്വാധീനിച്ചു. മാധ്യമങ്ങൾ ആത്മഹത്യകളെ കൂടുതൽ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ച് ജനകീയമാക്കുകയും പൈങ്കിളിവത്കരിക്കുകയും ചെയ്യുന്നു. ഈ സ്വാധീനവലയത്തിൽ പെടുന്നവർ തങ്ങളുടെ ചെറിയ പ്രശ്നങ്ങൾക്കു പോലും ആത്മഹത്യ തിരഞ്ഞെടുക്കാൻ പ്രേരിതരാകുന്നു.

1990 മുതൽ കേരളത്തിൽ കുടുംബ ആത്മഹത്യകൾ പെരുകുന്നു. കുഞ്ഞുങ്ങളെ കൊന്നശേഷം മാതാപിതാക്കൾ ആത്മഹത്യ ചെയ്യുകയാണ് സാധാരണ പതിവ്. ഇത്തരം കൊലപാതക ആത്മഹത്യകൾക്ക് പ്രധാനകാരണം പെട്ടെന്നുള്ള സാമ്പത്തിക മാന്ദ്യം ആയിരിക്കും. ഇത്തരം ആത്മഹത്യാശ്രമങ്ങളിൽ നിന്ന് രക്ഷപ്പെടുന്ന മാതാപിതാക്കൾ നിയമത്തിന്റെ മുന്നിലും കുറ്റക്കാരാണ്. IPC 309 ാം വകുപ്പ് പ്രകാരം ജീവിക്കാനുള്ള അവകാശത്തെ ഹനിച്ചതിനാൽ അവർ ഗുരുതരമായ ശിക്ഷക്ക് അർഹരാണ്. കടുത്ത മാനസിക സംഘർഷം അനുഭവിക്കുന്ന ഇത്തരം കുറ്റവാളികളെ കോടതിയിലേക്കും തുടർന്ന് ജയിലിലേക്കും വലിച്ചിഴക്കുക എന്നത് തീർത്തും തെറ്റായ നടപടിയാണ്. വിദഗ്ധമായ മാനസിക ചികിത്സ ലഭിക്കേണ്ട കാലയളവാണിത്.

ആത്മഹത്യാവാഞ്ഛ ഒരുതരം മാനസീക വൈകല്യമാണെന്നിരിക്കെ ഇത് പരിഹരിക്കാൻ നമുക്ക് ഇന്ന് സംവിധാനങ്ങളുണ്ട്. കൗൺസിലിങ് സെൻററുകളുടെയും മറ്റും സഹായം ഇതിന് തേടാവുന്നതാണ്. ആത്മഹത്യ ചെയ്യാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറായാൽ ചിലപ്പോൾ അവസാന നിമിഷം പോലും രക്ഷപ്പെടാനുള്ള സാധ്യതയുണ്ട്.

> **ആത്മഹത്യാശ്രമത്തിൽ നിന്നും രക്ഷപ്പെടുത്തിയവരിൽ നടത്തിയ പഠനങ്ങളനുസരിച്ച് അവരിൽ 69.23% പേരെ തെറ്റായ മാധ്യമ സംസ്ക്കാരം സ്വാധീനിച്ചു എന്ന് കാണുവാൻ കഴിഞ്ഞു. മാധ്യമങ്ങൾ ആത്മഹത്യകളെ കൂടുതൽ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ച് ജനകീയമാക്കുകയും പൈങ്കിളിവത്കരിക്കുകയും ചെയ്യുന്നു. ഈ സ്വാധീനവലയത്തിൽ പെടുന്നവർ തങ്ങളുടെ ചെറിയ പ്രശ്നങ്ങൾക്കു പോലും ആത്മഹത്യ ഏക പരിഹാരമായി തിരഞ്ഞെടുക്കാൻ പ്രേരിതരാകുന്നു.**

സാഹചര്യമാണ് ഒരുവനെ ആത്മഹത്യയിലേക്കു നയിക്കുന്നത്. സാഹചര്യങ്ങളോടുള്ള സമൂഹത്തിന്റെ വീക്ഷണത്തിൽ ഞെരുങ്ങുന്ന പാവം പിടിച്ച മനസ്സുകൾ നമുക്കു ചുറ്റുമുണ്ടെന്ന് മറക്കാതിരിക്കുക. വ്യക്തികളിൻമേലുള്ള സമൂഹത്തിന്റെ അവഗണന ഒഴിവാക്കുക. സഹജീവികളോട് സഹിഷ്ണുത പുലർത്താൻ നാം ബാധ്യസ്ഥരാണ്. പറയാനും കേൾക്കാനും ആശ്വസിപ്പിക്കാനും തയ്യാറായാൽ നിങ്ങൾക്കു ചിലപ്പോൾ കാലത്തിനു മുൻപേ പറക്കാൻ തുടങ്ങുന്നവരുടെ യാത്ര ചെറുക്കാനായേക്കും.

കവിത

# സാക്ഷ്യപത്രം

നവാസ്. കെ. അലി
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദം

നീല നിശീഥിനിയിൽ,
തിരമാലകളെന്നെ തൊട്ടപ്പോൾ,
അരണ്ട നക്ഷത്രങ്ങൾ കണ്ണുചിമ്മുമ്പോൾ,
എന്റെ കളിവഞ്ചി
മഹാതരംഗങ്ങളിൽ നൃത്തം വച്ചപ്പോൾ,
ഏകനായിരുന്നുകൊണ്ടു, തണുത്ത, നിശബ്ദയായ
ആ നീലക്കടലിൽ വീണു കിടക്കുന്ന
ആയിരം കുഞ്ഞു നക്ഷത്രങ്ങളെ കണ്ടപ്പോൾ,
ഞാനെന്റെ പ്രാണസഖിയെക്കുറിച്ചോർത്തു
അവളുടെ വിടർന്ന കണ്ണുകളിൽ ഉറ്റുനോക്കുന്ന
ഓർമ്മവന്നു.



എന്നിട്ട്, മൗനമൂകമായ എന്റെ ഭാഷയിൽ
ഞാനവളോടു ചോദിച്ചു.

"നീ ഇപ്പോഴും എന്റേതാണോ?
എന്റെ ദു:ഖം നിനക്കും ദു:ഖമാണോ?
എന്റെ മരണം നിനക്കും മരണമാണോ?
എന്റെ സ്നേഹവും എന്റെ വേദനയും നീ അറിയുമോ?
മറുപടിയായൊരു നിശ്വാസം മാത്രം!

എന്റെ ചോദ്യം! അവിടെ ഉത്തരം കിട്ടാതലയുന്നു............

**PGDCA, DCA, COMPUTER FUNDAMENTALS,**
**MS - OFFICE 2000, DTP, INTERNET EMAIL**

Slashed Rates!!!

EXCEL
info school

AFFILIATED TO TRANSEMIRATES INC. UAE

Pathazhappurackal Building, Opp. KEMHS, Kottappuram
PHONE : 670693

SPECIAL COACHING FOR PROGRAMING TECHNIQUES AND
SPECIAL COACHING FOR VB & C, C++

# Impact of Dementia on Family and Society

Shijo Antony
III DC (Psychology)

*Ronald Regan - one time president of United States, Mihir Sen - the first Indian to cross the English channel and Nissim Ezekiel - globetrotter as India's first representative poet are a few people who with rare wit and intelligence were strong in character, physique and determination. But today they are stripped off their personalities, live in a stage of vacuumed memories and unable to do even the most basic tasks, such as eating and attending to personal hygiene; and all these because of cruel dementia.*

*Dementia is a sickness that cripples the mind and the body. It is not victims alone who suffer, but with victims their family in particular and society in general suffer and pay for the nature's cruelty.*

*Dementia is a chronic, usually progressive deterioration of intellectual functions usually owing to pathological changes in the brain. There are many kinds of dementia. The most common cases are Alzheimer's disease and vascular dementia. It was Dr. Alois Alzheimer, a German contemporary of Freud, who in 1906 first identified dementia in a 51 year old woman and a year later he reported that pre-senile dementia occurs in patients as young as 29. A break though in understanding the disease came with the work of researchers at Newcastle.*

*Dementia victims first lose recent memory and higher intellectual functions such as judgement and abstract reasoning; they then develop more severe memory losses leading to spatial and temporal disorientation. Following are the symptoms noted in dementia victims; inability to concentrate, fluctuating mental states, delusions, impaired recognition (agnosia), insomnia, impaired language ability (aphasia) and personality changes.*

*The impact of dementia is felt primarily on family and, then on society in general, it extends to the medical, economic and psychic areas of human life. One of the severe problems that are faced by those who care for people with Alzheimer's disease is that they often experience severe stress. Research on the particularly stressful aspects of caring for dementia victims has shown that the sense of lack of control over what will happen next is of great*

*importance. In addition, the caregivers feel isolated, unable to deal effectively with the continuing stress and confused about their own reactions. Because there is no cure and because of the daily stress experienced by the care takers dementia is a source of great anxiety for many people. Frustrating situations can cause people with dementia to become agitated. As a result the person may cry, become irritable, or try to hit, kick or hurt in some way. This can cause stress in many ways to the caretaker and the family members.*

*When dementia victims have hallucinations the caretaker cannot convince them that there is no voice or people. If it occurs often it can affect the family. Another effect of dementia faced by families is the sleeplessness of the dementia victim. The victim may also display a dangerous tendency to wander.*

*One of the crucial problem that society faces is who will take care the victims of dementia. Because of the troubles they have to undergo family members often reject their parents and loved ones or entrust them to some caretakers which is more painful than the disease itself.*

*As dementia will affect their ability to look after financial affairs, there can be quarrels among the family members or relatives especially if the victim is a wealthy person and if not properly settled. If the victim is still working the employer cannot legally sack him just for having dementia. This can cause trouble in the workplace.*

*The stigma associated with the disease is another important problem faced by the diseased - most people see dementia as mental disease. In this case there would be the isolation of the victims from the society and the family. Doctors also do not give much importance to this illness, because there is no specific treatment available.*

*A major impact of dementia on society is felt when we come to a much larger, complex and abstract, but indispensable area of morality. The indifference of the family members, duty for money's sake mentality of the hired caretaker, total negligence of the doctors can bring in a situation wherein the principles of social morality may find a new interpretation to suit the advantage of the healthy ones. This would be an alarming situation in which the possibility of rampant 'mercy killing' cannot be ruled out, even without the consent of the victims.*

*This is an illness that victims have to suffer for no cause of their own and the family and society too suffer and bear the burden of care and welfare. They try to shed off their responsibilities towards the victims. This is a disturbing situation. People need to be awakened to the awareness that they are morally responsible for the care of these victims. It becomes a duty of everybody to facilitate, support and contribute for the care and living of the victims. The cure of the disease being uncertain, what is required is to provide awareness to the healthy ones through mass media because, as someone says "a drop of ink may make some one think"*


# MATHA

MARBLES &GRANITES

*Pallithazham, Mulamthuruthy, Ernakulam Dist., Kerala - 682 314*

**Suppliers of:**

**Marbles Slabs, Tiles, Glazed Tiles, Granites, Handicraft Items & Other flooring materials**

*Laying with modern art work & Amenities*

# കവിത, പ്രണയം, തിരിച്ചറിവ് എന്നിങ്ങനെ.....

സനീഷ് സി. വി. എസ്.
രണ്ടാം വർഷ സാമ്പത്തികശാസ്ത്ര ബിരുദം

സിംഹവേട്ടക്കാരനെ
പൂന്തോട്ടക്കാവൽക്കാരനാക്കിയ,
സൂര്യതേജസ്സിനെ
പുൽക്കൊടിത്തുമ്പിലെ മഞ്ഞുമണികളായ്
മിന്നിച്ച
എന്റെ കവിത...
എന്റെ കവിത കാലംതെറ്റിപെയ്ത മഴയായിരുന്നുവല്ലൊ..
പനിക്കിടക്കിയിലേക്കാട്ടിത്തെളിച്ച പെയ്തൊഴിയൽ.
എന്റെ കവിതയിലെ അക്ഷരങ്ങൾക്ക് മുൾമുനയും
സംഗീതത്തിന് വിഷം തീണ്ടിയ രാഗസ്പർശവുമായിരുന്നത്രേ.
തിരിച്ചറിവിന്റെ ഓട്ടുമണി മുഴങ്ങുമ്പോൾ
മുറിമുഴുവൻ പാഷാണ ചിതലുകൾ
ചിതറിപ്പോയ മുറിയിലെ അസ്ഥിപഞ്ജരങ്ങൾക്കുമിടയിൽനിന്നു
പ്രണയവേദനയുടെ മുരൾച്ചയുമായുണർന്നെണീക്കുമ്പോൾ
പുറത്ത് മഴ തിമിർത്താടുകയായിരുന്നു
മഴനനഞ്ഞെത്തിയ കാറ്റിന്
മരവിപ്പിക്കുന്ന തണുപ്പ്
ഓർമകളുടെ ഓട്ടുമൊന്തയിൽനിന്നും
അവസാനതുള്ളിയും മോന്തി
ജനാലകൾ ചേർത്തടയ്ക്കുമ്പോൾ
നിഴൽ ചിത്രമെന്നോണം ജനാലച്ചില്ലിൽ അവൾ
ദൈവമേ.....
എന്നിട്ടും പ്രണയിച്ചുകൊണ്ടേയിരിക്കുന്നു
എന്നതാണ് ഞാനെന്ന കവിത



**Best Compliments:-**

NAZEEM STORES

Near U.C. College, U.C.College P.O., Aluva

All types of Stationeries, Ladies Items,
Sports Items & Bakery

# ഒരു ഓട്ടപ്രദക്ഷിണം



"അമ്പരപ്പോടെയതിഥികൾ ഞങ്ങൾ നിൻ-
മുമ്പിൽ വന്നമ്മേ, കലമ്പിനിന്നീടവേ,
അന്യബോധത്തിൻ പിളർന്ന വായ്ക്കുള്ളിലേ-
യ്ക്കന്നൂനീ പെയ്തതോ മാതൃസ്തന്യാമൃതം"



തലമുറകളെ തുയിലുണർത്തുവാൻ
അനന്തകാലം നീ
ഉണർന്നിരിക്കട്ടെ



"പ്രാവുകളുടേയും പ്രാർത്ഥനകളുടേയും
ഈ നിശബ്ദ കൂടാരം.
ഉള്ളിൽ ശാന്തിയുടെ പിളരാത്ത
തിരശീലയും."



ചുറ്റുമതിലുകൾ തച്ചുതകർക്കുന്ന
ചുറ്റികയാകട്ടെ നിന്റെ ജ്ഞാനം
ചുട്ടുപൊള്ളുന്നൊരു നെറ്റിമേൽ സ്വാന്തന
ചുംബനമാകട്ടെ നിന്റെ ജ്ഞാനം

അറിയാനായ് വന്നു.
അറിഞ്ഞു
അറിഞ്ഞതൊന്നും
അറിവായിരുന്നില്ലെന്ന്.





നേരിന്റെ സ്മാരകത്തിന്
ഒരു മഹാഗണിമൗനം
നിഴൽച്ചാർത്തൊരുക്കുന്നു



ഈ വഴി ആരുടേതാണ്? കടന്നുപോയവരുടേതോ?
അതോ വരാനിരിക്കുന്നവരുടേതോ?



പശയുള്ള നാവുനീട്ടി ഇടനാഴിയുടെ ഇരുട്ടിൽ
ഇരതേടുന്ന ഒരു ഇഴജന്തുവാണ് നിന്റെ പ്രണയം
പതിയിരുന്ന് ആക്രമിക്കുകയാണ് അതിന്റെ വിനോദം
പശിയടക്കലിൽ മാത്രമാണ് അതിന് ആനന്ദം



ചുടുപിടിച്ച വാഗ്വാദങ്ങളേയും
ആശയസംഘട്ടനങ്ങളേയും ചുഴന്ന്
സൗഹൃദത്തിന്റെ വെൺമേഘം.



നമുക്കിടയിൽ അടുപ്പമോ അകലമോ കൂടുതൽ?



പൊട്ടിച്ചിരികൾക്കിടയിലുമാരൊരാൾ
പൊട്ടിയ പട്ടച്ചരടുപോൽ കേഴുന്നു!
തൊട്ടറിയാനാകുമെങ്കിലാദുഃഖത്തെ
ഞെട്ടോടടർത്താൻ മടിക്കായ്ക സ്നേഹമേ.



ഒറ്റയ്ക്കാകുന്ന നിമിഷങ്ങളിൽ
ഇവിടം
ആദ്ധ്യാത്മ വിദ്യാലയമാകുന്നു



തിരിച്ചറിഞ്ഞവൻ തിരിച്ചുപോകുന്നില്ല



ജാലകപ്പാളികൾക്ക് കണ്ണീരിന്റെ നിറമല്ലാതെ മറ്റൊന്നുമില്ല



പിൻവിളിയായി നീയെത്തില്ല,
പിന്നിൽ വന്നെന്നുടെ കണ്ണുകൾ പൊത്തിച്ചിരിക്കില്ല.
പിന്നിട്ട നാളുകൾക്കെത്രസുഗന്ധ മെന്നോർമ്മപ്പെടുത്തുവാൻ മാത്രം
ചിന്നിയ ചെമ്പകപ്പൂവൊന്നു നെഞ്ചിൽ ഭിക്ഷയായ് നീയിട്ടുതന്നു.

സമ്പാദകർ:
മാഗസിൻ കമ്മറ്റിയും
അഭിലാഷ് എൻ. എസ്സും

# P.N.V.M. Hospital

## Banerji Road, Ernakulam. Tel : 390 097

Fully equipped multispeciality hospital. First ever hospital in India to provide excellent medical care in Allopathic as well as in all major Alternative Systems of medicine (Ayurveda, Homoeopathy, Unani, Siddha, Acupuncture, Yoga Etc.) under one roof.

**Departments :**

**Medicine**
**Surgery**
**Gynaecology & Obstetrics**
**Cardiology**
**Paediatrics**
**Skin & V.D.**
**Psychiatry**
**Gastroenterology**
**Ophthalmology**
**E.N.T.**
**Dentistry**
**Orthopaedics**
**Sexual Medicine**
**Paediatric Surgery**
**Anaesthesiology**
**De-Addiction**

**Departments of Ayurveda**
**Homeopathy, Unani**
**Siddha, Acupuncture**
**Yoga, Medical-Hypnosis**
**Bio Electro - Magnetic Therapy**

**Facilities:**

- 300M, A X-ray
- Full fledged clinical laboratory providing computerised blood testing.
- Computerised Lung Function Tests
- Computerised E.C.G.
- Treadmill
- 24 hours Holter Monitoring
- Full fledged air conditioned operation theatre
- Well equipped and 24 hours functioning ICCU supported by well trained Nursing Staff and Cardiologist
- Premature Baby Incubator
- Short wave Diathenmy
- Mycrolytic therapy for pain relief
- Daily out patient treatment from 9 A.M. - 6 P.M.
- 24 hour Casualty Service.

# The Search

K.Sreekanth
II M.A. English

There's something wild in your eyes, my friend....
The Shades of wide Gul mohars,
Violence of turbulent Kalindi
With her cool jet black mysteries,
Tender thin breeze hurling over
wide meadows-
With its end-points embracing eternity,
All there...
It must be my earliest days here
Or some stolen moments of the other life;
Where most delicate dreams reign-
Pampered and protected...
Or memories down in the village pond
Where I secretly planted a lotus
Under her muddy belly.
Yes...there I met you.
You were then to me
Direct as dew drop
Hanging hibiscuses hip-danced
As we hurried under heavy rains...
Youth was exciting;
A celebration of unuttered pains...
Now, I shudder
When your tears swirl around my
Wrinkled wrists...
I can't find 'you' there, dear...
Are you...me?



**Best Compliments:-**

**BHARATI MEDICALS**

Namboodri Complex
Paravur Jn, Aluva

# Waiting for what's nest in Internet?

## Pentasoft Presents

# DEFiNET

*Your confidence level*

- The Most advanced and comprehensive net programming course today
- The only career oriented course with Hot Plug & P ³ advantage

**Hot Plug**
Consistent upgradation of the two year course, by replacing old modules with state -of -the -art modules.

**Pentasoft Project Programme**
Real time projects to ensure the students are future enabled.

Web Designer → Web Application Programmer → Web Developer → Web Component Developer → Web Professional

Go ahead, make sure you've got DEFiNET on your side

**PENTASOFT**

B O C BUILDING, BANK JN., ALWAYE. PH: 621 523

**LEARN FORM THE LEADER**

www.pentasoftech.com/edutrain OVER 200 CENTRES ACROSS THE COUNTRY

# സാക്ഷി

സാരസ്വതിയമായൊരു
സാക്ഷിയെ തേടി
ഓടി ഒളിച്ചൊരു
സത്യത്തെ തേടി

പൂമുഖത്തന്നു കളിച്ചു
നടക്കുമ്പോൾ
കാണാനിരിക്കുന്ന
ഓളങ്ങളെത്തി
മച്ചിൻ പഴുതിലൂടെത്തി
നോക്കുമ്പോൾ
നാവനങ്ങാതെയൊരു
മൂലയിൽ എത്തി
തകരുന്നൊരടിയാന്റെ
മാനവും നാണവും
തമ്പ്രാന്റെ കണ്ണിലെ
തീജ്വാലയിൽ
കാനനം തോല്ക്കുമൊരു
കാടായിമാറി



സുരേഷ് ബാബു
രണ്ടാം വർഷ
മലയാള സാഹിത്യ ബിരുദം

കോവിലകമിന്നു പഴമകൾക്ക്
ഉയർന്നുരുകുന്ന മൂ-
ല്യങ്ങൾ മുറുകെ മുറുകും
വിറക്കുന്ന കൈകൾ നെ-
ഞ്ചോടു ചേർക്കും
കാലചക്രത്തിന്റെ തീ-
ജ്വാലയിൽ നിന്ന്
കാണാതെ മറയുവാൻ
ആവുകയില്ലല്ലൊ
മാറ്റം കൊതിക്കുന്ന മണ്ണിന്റെ
പുത്രനായ്
മാനത്ത് നീണ്ടൊരു

താരമായി മാറി
കൊല്ലും കൊലയുമായ് കുരു
തിക്കളമാക്കി
പഴമതൻ ചട്ടങ്ങൾ
ചവച്ചുതുപ്പി
പട്ടടയിൽ എരിയേണ്ട
തമ്പ്രാന്റെ ദേഹവും
പട്ടിതൻ ദേഹവു
മൊന്നാക്കി മാറ്റി

സാരസ്വതിയമായൊരു സാക്ഷിയായ് മാറി
ഓടിവിൽ ഒളിച്ചൊരു സത്യമായ് മാറി



# Okay Bye-ടാ എനിക്കൽപം തിരക്കുണ്ട്....... പോട്ടെ

അനിൽ ജോർജ്
രണ്ടാം വർഷ മലയാള സാഹിത്യം ബിരുദം

എന്റെ ഈ കുറഞ്ഞകാലത്തെ ജീവിത നെട്ടോട്ടത്തിനിടയിൽ, ചില സമയങ്ങളിൽ ഞാനെന്നെത്തന്നെ വല്ലയിടത്തും അടക്കി യിരുത്തി മനസ്സിനെ ശാന്തമാക്കുമ്പോൾ, എന്റെ മനസ്സിലുതിർന്ന ചിന്തകളുടെ ഇത്തിരിവെട്ടത്തിരുന്ന് ചില ദർശനങ്ങളെ കുറിച്ചോർത്തതിൽ ഒന്നിനെ ഒരു ചെറു വർത്തമാനമായി ഈ കൊച്ചു ലേഖന ത്തിൽ പറഞ്ഞു തുടങ്ങട്ടെ.

ഈയിടെ ഒരു സായാഹ്നത്തിൽ ഞാനെ ന്റെ പ്രാർത്ഥനാഭവനത്തിനു മുമ്പിൽ നിൽകുമ്പോൾ കണ്ട ഒരു കാഴ്ച്ച വളരെ രസകരമായ ഒന്നായിരുന്നു.

സായാഹ്ന സമയം വരെ ആ വലിയ ഭവന ത്തിന്റെ മുമ്പിലെ റോഡരികിലിരുന്ന് ഭിക്ഷ യാചിച്ചു കൊണ്ടിരുന്ന വളരെ ആരോഗ്യവതിയായ അമ്മ ഒപ്പമുണ്ടായി രുന്ന തന്റെ കൊച്ചു മകളോട് എന്തൊ ക്കെയോ രഹസ്യമായി പറയുകയും സഞ്ചിയിൽ നിന്ന് ഒരു തോർത്തുമുണ്ടെ ടുത്ത് കൊടുക്കുകയും ചെയ്തു. നല്ല രീതിയിൽ വസ്ത്രധാരണം ചെയ്തിട്ടുളള ആ കൊച്ചുമിടുക്കി ഉല്ലാസവതിയായി ഓടിവന്ന് പ്രാർത്ഥനാഭവനത്തിന്റെ നടയ്ക്കു മുമ്പിൽ തന്റെ തോർത്തു മുണ്ടു വിരിച്ച് അവിടെ ഇരുന്നുകൊണ്ട് പുഞ്ചിരിയോടെ ആളുകളുടെ നേരേ കൈ നീട്ടുന്ന രസകരമായ കാഴ്ച്ച. സായാഹ്നത്തിലെ ആൾത്തിരിക്കിൽ ജോലി നിരത്തിലാകുന്ന ഭിക്ഷക്കാരിയു ടെയും മകളുടെയും ചിത്രം അവിടെ നിൽക്കട്ടെ.

ഓരോ ദിവസവും കുറഞ്ഞത് ഏഴു മണിക്കൂർ കോളേജ് കാമ്പസിൽ ചെല വഴിക്കുന്ന നമ്മൾ ഒരു പത്തുതവണ യെങ്കിലും കേൾക്കുന്ന ഒരു മനോഹര വാക്യമാണ് "Okay Bye -ടാ, എനിക്കൽപ്പം തിരക്കുണ്ട് പോട്ടെ". അടുത്തുനിൽക്കുന്ന സഹപഠിയുടെ സാമിപ്യത്തിൽ നിന്ന് രക്ഷപ്പെടാൻ കരുതിക്കൂട്ടി സംസ്ക്കരിച്ചെടുത്ത് പ്രയോ

ിക്കുന്ന ഒരു സ്ഥിരം പല്ലവിയാണ് നമുക്കിത്. ഈ വാക്യം നമ്മുടെ ദൈനംദിന ജീവിതത്തിനു അത്യാവശ്യം വേണ്ട ഒരു 'ഫോർമുല' ആയി മാറിക്കഴിഞ്ഞിരിക്കുന്നു. കാരണം എന്തെങ്കിലും തരത്തിൽ തിരക്കിൽപ്പെടാത്ത ജീവിതം അത് വളരെ വലിയൊരു അപാകതയായി പരിഗണിക്കപ്പെടുന്ന ലോകത്താണ് നാമിന്നു ജീവിക്കുന്നത്. വെറും മൂന്നര വയസ്സു മാത്രം പ്രായമുള്ള എൽ.കെ.ജി. വിദ്യാർത്ഥി മുതൽ ഭരണ ചക്രം തിരിക്കുന്നവർക്കു വരെ വെളിച്ചം തെളിയുന്നതു മുതൽ സന്ധ്യാ സമയം വരെ വളരെ തിരക്കിട്ട കാര്യങ്ങൾ ചെയ്തു തീർക്കേണ്ടിയിരിക്കുന്നു. വളരെ നേരത്തെ വീട്ടിൽ നിന്നിറങ്ങിയാലും അമിത വേഗത്തിൽ തന്നെ വണ്ടിയോടിച്ച് തിരക്കിട്ടാഫീസ് മുറിയിലെത്തുന്നതാണ് കൂടുതൽ സ്വീകാര്യമായ രീതി. വളരെക്കാലമായി പൊതുവേദിയിൽ ക്ഷണിക്കപ്പെടാതിരുന്ന അതിഥി പങ്കെടുക്കുന്ന സമ്മേളനത്തെ അഭിസംബോധന ചെയ്യുമ്പോഴും വളരെ തിരക്കുണ്ടായിരുന്ന മുഖ്യാതിഥിയെന്നാണ് നാം അഭിസംബോധന ചെയ്യുക. യാത്രാവസരങ്ങളിൽ, തൊട്ടുമുമ്പിൽ പോകുന്ന വണ്ടിമൂലം സെക്കൻഡുകളുടെ മാർഗ്ഗതടസ്സം നേരിടുമ്പോൾ നാം അത്രയും സെക്കൻഡുകൾ തന്നെ വാഹനത്തിന്റെ ഹോൺ മുഴക്കിതാനൊരു തിരക്കുള്ള മനുഷ്യനാണെന്ന് സമീപസ്ഥരെ അറിയിക്കുന്നു.

പതിവായി നാം മുടിമുറിക്കുന്ന ഹെയർ കട്ടിങ്ങ് സെൻററിൽ ചെന്നിരിക്കുന്ന നമ്മുടെ അനുഭവം മറ്റൊന്നല്ല. നിമിഷങ്ങൾക്കുള്ളിൽ കർമ്മം കഴിച്ച് കാശിനു വേണ്ടി അടുത്ത ആവശ്യക്കാരനെ പിടിച്ചിരുത്തുന്ന ബാർബർഷോപ്പുകാരൻ. ചുരുക്കി പറഞ്ഞാൽ ജീവിതത്തിനു ഒരു തിരക്കിന്റെ പരിവേഷം എന്നത് സാമാന്യമായ ഒരു മാന്യതയായി പരിണമിച്ചിരിക്കുന്നു.

കമ്പ്യൂട്ടർ ആദിയായ യന്ത്രങ്ങളുടെ അവതാരത്തോടെ നാലുമണിക്കൂർ സമയം കൊണ്ട് തീരേണ്ടുന്ന ജോലി വെറും രണ്ടു മണിക്കൂറിനുള്ളിൽ പൂർത്തിയാക്കി ബാക്കിവന്ന രണ്ടു മണിക്കൂർ ജീവിതത്തിന്റെ തിരക്കിട്ട മറ്റു ജോലികൾക്കായി സ്വരൂപിച്ച് ദൈനംദിന ജിവിതത്തിന്റെ ഇരുപത്തിനാലു മണിക്കൂറിനെ ഇരുപത്തിയാറാക്കിക്കൊണ്ടിരിക്കുന്നു.

ഗവൺമെൻറാഫീസുകളിലും മററും ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണ തിരക്കുമൂലം ആവശ്യക്കാരനു അനേക തവണ സന്ദർശനാവസരം നൽകി അവരുടെ ജീവിതവും തിരക്കുററതാക്കപ്പെടുന്നതും സാമാന്യമായ കാഴ്ച്ചതന്നെ. ദിവസത്തിൽ ഒരൊററയോട്ടം പോലും കിട്ടാതെ കിടക്കുന്ന റിക്ഷാവണ്ടിക്കാരനുമൊത്ത് യാത്ര പോയാൽ കാര്യസാധ്യത്തിനു എതാനും നിമിഷങ്ങൾ കാത്തുനിൽക്കാൻ നാം ആവശ്യപ്പെടുന്നെങ്കിൽ അവനും തനിക്ക് അന്ന് പോകേണ്ടതായ യാത്രകളുടെ പട്ടിക നിരത്തി തിരക്കുകൂട്ടുന്നു.

ഭക്ത സ്ഥലങ്ങളിലും പുണ്യസ്ഥലങ്ങളിലും തിരക്കെന്നത് ഒടിയന്തരാവശ്യം തന്നെയാണ്. ജീവിതത്തിന്റെ പൊള്ളയായ തിരക്കുകൾ മാററിവച്ചിരിക്കുന്ന വെളുത്തവസ്ത്രക്കാരുടെയും കാവിവസ്ത്രക്കാരുടെയും ഖദർ ധാരികളുടെയുമൊക്കെ ജീവിതത്തിലും മനസ്സിലും നാനാതരം തിരക്കുകൾ.

ഈ അടുത്ത നാളിൽ ഒരു സമ്മേളനത്തിൽ വെറും കാഴ്ച്ചക്കാരന്റെ ഉത്സാഹത്തോടെ പങ്കെടുത്ത ഞാൻ കണ്ട കാഴ്ച ഭയാനകരമായിരുന്നു. സമകാലിന സമൂഹം നേരിടുന്ന ഒരു പ്രശ്നത്തെക്കുറിച്ചുള്ള ആ ചർച്ചാസമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട കാഴ്ചപ്പാട് ഭാഗ്യവശാൽ ഒറ്റനോട്ടത്തിൽതന്നെ ശുദ്ധ വഷളത്തം എന്നു തോന്നും വിധത്തിലുള്ളതായിരുന്നു. തൽഫലമായി അവിടെ വലിയ കോലാഹലം തന്നെ നടന്നു. വാക്കുകളുടെ പറയപ്പെടാത്ത അർത്ഥങ്ങളെക്കുറിച്ചാലോചിക്കാൻ നിൽക്കാതെ തിരക്കിട്ട് പ്രതികരിച്ച് സമ്മേളനത്തെ ശബ്ദ മുഖരിതമാക്കിയവർ ജീവിതത്തിന്റെ ഒട്ടേറെ തിരക്കുകൾ ഉള്ള മാന്യവ്യക്തികൾ കൂടിയായിരുന്നു എന്നതാണ് രസകരമായ വസ്തുത.

ആകെ കൂടി ഒന്നു വിലയിരുത്തുമ്പോൾ തിരക്കാണ് പ്രശ്നം. ജീവിതം തിരക്കു പിടിച്ചതാണ്. തിരക്കിട്ട ഈ മരണപ്പാച്ചിലിൽ ജീവിതത്തിന്റെ ആസ്വാദ്യത നമുക്കു നഷ്ടപ്പെടുന്നു. ആലോചിക്കുവാനോ അവസരത്തിനനുസൃതമായി ജീവിതത്തെ കരുപിടിപ്പിക്കാനോ ആവാതെ പോകുന്നു. നമ്മുടെ തിരക്കിന്റെ ഈ പരിവേഷം പേമാരിക്കു തുല്യം വിനയായിത്തീരുന്നു. പേമാരി പെയ്യുമ്പോൾ മേൽ മണ്ണിനെ കുത്തിയൊഴുക്കി പുഴയിലെത്തിക്കുന്നു. പുതിയ പുൽനാമ്പുകളെ കിളിർപ്പിക്കുന്നു. നമ്മുടെ കാമ്പസ് ജീവിതത്തിലെ ഈ Okay Bye പറച്ചിലിലും മറഞ്ഞിരിക്കുന്നത് തിരക്കിന്റെ മരണപ്പാച്ചിലും പേമാരിയുടെ കുത്തൊഴുക്കുമൊക്കെയാണ്. ഇവിടെ ജീവിക്കുന്ന നമ്മെ നയിക്കുന്നത് പേശിബലത്തിന്റെയും ബുദ്ധിബലത്തിന്റെയും തിരക്കിട്ട ക്രിയകളിലൂടെ സ്വന്തമാക്കുന്ന വ്യർത്ഥ സ്തുതികളാണ്. ആയതിനു വേണ്ടിയുള്ള വെപ്രാളത്തിൽ മനോമനസാക്ഷിബലങ്ങളുടെ സങ്കരം നൽകുന്ന സുഖദയും സംതൃപ്തിയും നമുക്ക് നഷ്ടമായി കൊണ്ടിരിക്കുന്നു. ഇവിടെ നമ്മുടെ വ്യക്തിബന്ധങ്ങൾ വെറും പുറം മോടികളോടുള്ള ആ ഘോഷമായി മാറുന്നു. നാമറിയാതെ പിന്നെയും ഉരുവിടുന്നു Okay Bye-ടാ എനിക്കൽപ്പം തിരക്കുണ്ട് പോട്ടെ. ഇവിടെ, ഈ ഫോർമുലയ്ക്ക് നേർക്ക് ഞാനെന്റെ കൊച്ചു വർത്തമാനം പറയട്ടെ........

കഥ

# ഇതോ.....മനുഷ്യൻ തേങ്ങുന്ന ധരണി

രതീഷ് റ്റി. എസ്.
ഒന്നാം വർഷ മലയാള സാഹിത്യ ബിരുദം

ആ കരച്ചിൽ കേട്ട് ഞാൻ ഞെട്ടിയുണർന്നു. നാലുദിക്കും നോക്കി ഭൂമിയിലെ സകലചരാചരങ്ങളിലും ആ തേങ്ങൽ പ്രതിധ്വനിക്കുന്നുണ്ടായിരുന്നു. സാന്ത്വനത്തിനായ് കൊതിക്കുന്ന ആ തേങ്ങലിന്റെ ഉറവിടം തേടി ഞാൻ യാത്രയായി. ഒടുവിൽ ഒരു ഘോരവനത്തിൽ എത്തിച്ചേർന്നു. വനമദ്ധ്യത്തിലേക്ക് നീങ്ങും തോറും ആ തേങ്ങൽ..... ഞാൻ ആ കാഴ്ച്ച കണ്ട് ഞെട്ടിപ്പോയി...... ഒരു വലിയ പേരാലിന്റെ ചുവട്ടിൽ രക്തത്തിൽ കുളിച്ച് ഒരു സ്ത്രീ ഇരുന്ന് തേങ്ങുന്നു. ആ മുഖതേജസ് കണ്ട് എന്റെ കൈകൾ അറിയാതെ തൊഴുതുപോയി. എന്നെ കണ്ടയുടനെ ആ സ്ത്രീ നിറഞ്ഞ കണ്ണുകളോടെ, അമർഷത്തോടെ ആക്രോശിച്ചു "ഹേ മനുഷ്യാ...... ഇവിടെ നിന്ന് ദൂരെ പോകൂ. ഇത്രയേറെ കുടിച്ചിട്ടും മതിയായില്ലേ നിന്റെ രക്തദാഹം? നീയെന്റെ പുത്രനെന്നു പറയാൻ ഞാൻ ലജ്ജിക്കുന്നു." പെട്ടെന്ന് തന്നെ ആ സ്ത്രീരൂപം അപ്രത്യക്ഷമായി. ഒരു നിമിഷം ഞാൻ സ്തംഭിച്ചുപോയി. ഒരു ഉറുമ്പിനെപ്പോലും നോവിക്കാത്ത തന്നോടെന്തിനിങ്ങനെ പറഞ്ഞു.... ആരായിരിക്കണം ആ സ്ത്രീ? എന്റെ മനസ്സിൽ വലിയൊരു സമസ്യയായി അതുമാറി. പെട്ടെന്നാണ് ആ പേരാലിൻ ചുവട് എന്റെ ദൃഷ്ടിയിൽ പെട്ടത്. ഞാൻ നടന്ന് അതിന്റെ ചുവട്ടിൽ എത്തി. മൂക്ക് തുളയ്ക്കുന്ന മനുഷ്യരക്തത്തിന്റെ മണം..... എന്റെ ചിന്തകൾ പലവഴിക്ക് തിരിഞ്ഞു. ആ സ്ത്രീ. എന്തെങ്കിലും ദുഷ്ടശക്തി ആയിരിക്കുമോ? ഒരിക്കലുമില്ല. അങ്ങനെയായിരുന്നെങ്കിൽ താനിപ്പോൾ ജീവനോടെ ഇരിക്കില്ലായിരുന്നു. പിന്നെ ആരായിരിക്കണം....?

ഒരിക്കൽ ഞാൻ സ്വയം കത്തി ജ്വലിക്കും അപ്പോൾ നിന്നെ പോലെയുള്ള നല്ല ജനങ്ങൾ എന്നെ പഴിക്കുമോ? "ഒരിക്കലുമില്ല".

ആ സ്ത്രീ പറഞ്ഞ അവസാന വാക്കുകൾ എന്റെ കർണ്ണങ്ങളിൽ മുഴങ്ങി "നീയെന്റെ പുത്രനെന്നു പറയാൻ ഞാൻ ലജ്ജിക്കുന്നു....." പുത്രൻ..... ആ വിളി..... അമ്മയുടേ താണ്..... പക്ഷേ അമ്മ.... ഞാൻ ആകെ അസ്വസ്ഥനായി വീട്ടിലേക്ക് മടങ്ങി. എന്റെ ചിന്തകൾക്ക് പിടിതരാതെ ആ രൂപം എന്നെ പരിഹസിച്ചുകൊണ്ടിരുന്നു. ഞാൻ പഴയചാരുകസേരയിൽ ഇരുന്നു പതുക്കെ നിദ്രയിലേക്ക് വഴുതി. പെട്ടെന്ന് വെള്ളവസ്ത്രധാരിണിയായി പുഞ്ചിരിക്കുന്ന വദനവുമായി ആ മാതാവ് എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.. കണ്ണുകളെ എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല... അതാ ഗാന്ധിജി, നെഹ്റു തുടങ്ങിയ മഹാൻമാർ ആ മാതാവിലേക്ക് ലയിച്ചു ചേരുന്നു. പെട്ടെന്ന് രംഗംമാറി........ പകരം ചിന്നിച്ചിതറിയ മനുഷ്യ ശരീരങ്ങൾ വാവിട്ട് കരയുന്നു. സ്ത്രീകൾ.... കൈകാലുകൾ നഷ്ടപ്പെട്ട പിഞ്ചുകുഞ്ഞുങ്ങൾ, ചാരിത്ര്യം നഷ്ടപ്പെട്ട് ആത്മാഹൂതി ചെയ്ത യുവതികൾ. കൂട്ടത്തോടെ വടിവാളിനിരയായ കുടുംബങ്ങൾ.... എങ്ങും രക്തം... വീണ്ടും രംഗം മാറി ആ മാതാവ് പ്രത്യക്ഷപ്പെട്ടു... പക്ഷെ പ്രസന്നമായിരുന്ന ആ മുഖം കറുത്തിരുന്നു. ശരീരം നിറയെ രക്തം പുരണ്ടിരുന്നു. വീണ്ടും ആ രോദനം ഉയർന്നു. അതെന്റെ കാതുകളെ പ്രകമ്പനം കൊള്ളിച്ചു. നിദ്രയിൽ നിന്നും ഞാൻ ചാടി എഴുന്നേറ്റു. ഒടുവിൽ ഞാനാ സത്യം അറിഞ്ഞു. രക്തത്തിൽ കുളിപ്പിക്കപ്പെട്ട് തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത് ഭൂമിദേവി ആയിരുന്നു. അന്നേരം ആക്രോശിച്ചത് ഞാനെന്ന വ്യക്തിയോടല്ലായിരുന്നു മനുഷ്യനെന്ന വർഗ്ഗത്തോടാണ്. ഞാനുറക്കെ ചോദിച്ചു "എന്തിനു വേണ്ടി എല്ലാം സഹിക്കുന്നു." നിർദോഷികളായ ജീവികൾക്ക് വേണ്ടി.... പക്ഷെ ഈ രക്തദാഹം ചുമക്കാൻ എനിക്കാവില്ല..... ഒരിക്കൽ ഞാൻ സ്വയം കത്തി ജ്വലിക്കും അപ്പോൾ നിന്നെ പോലെയുള്ള നല്ല ജനങ്ങൾ എന്നെ പഴിക്കുമോ? "ഒരിക്കലുമില്ല".

# മരണത്തിന്റെ വഴി

ജിതാമോൾ കെ. യു.
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദം

സ്മൃതിയിലാണ്ടുപോകുന്ന സ്വപ്നമേ.....
അനന്തലോക വിദൂരതയിൽ
ആരെ തേടി നീ അലയുന്നു
ജീവനാകുന്ന സ്നേഹത്തേയോ,
മധുരമാകുന്ന നൊമ്പരത്തേയോ.

എൻ ജീവിതം,
പാറയിൽ വന്നടിയുന്ന തിരമാലകണക്കെ
ചിതറുന്നു, സ്വപ്നങ്ങൾ ലോകചിന്തയ്ക്കായ്
വഴിമാറുന്നു....
കുറ്റവും ശിക്ഷയും കണ്ടു.
തേടി അലയുന്നു...
മരങ്ങൾ ശാഖകളായ് തിരിയുമ്പോൾ
മനസ് വിങ്ങലുകളുടെ സ്വപ്നങ്ങളായ്
മാറുന്നു.....

അണയുന്ന നാളത്തിൻ ആളൽപോലെ,
മരണത്തിൻ മുമ്പിലെ ദീർഘ നിശ്വാസം
കഴിഞ്ഞു. ഒരു പിടച്ചിൽ. മരണം
മനുഷ്യന്റെ യാത്രയാരംഭിച്ചു......



ST. ANTONY'S COMPUTER ACADEMY

*Courses*
PGDCA
DCA
MS- Office
DTP, Windows

Opp. St. Xavier's College,
Palace Road, Aluva
Ph: 627901

Special Morning, Evening & Sunday Batches
Classes from 7 to 9

കഥ

# കടൽഭിത്തികൾ

അനു



അവൾക്കെന്നും കടലിന്റെ
തണുപ്പുണ്ടായിരുന്നു.
അവന് കരയുടെ ചൂടും
അവർക്കിടയിൽ
പ്രണയമാകുന്ന കടൽത്തീരത്തിന്റെ
പുനർനിർമ്മാണവും.

പ്രഭാതത്തിന്റെ അരുണകിരണങ്ങൾ
പോലെ
വിശുദ്ധിയുള്ളവളായിരുന്നു അവൾ
നിലാവിന്റെ നൈർമല്യം
അവളെ ചൂഴ്ന്ന് നിന്നിരുന്നു.
സൗഹൃദത്തിന്റെ സാന്ദ്രത
അവളുടെ കൂടപ്പിറപ്പായിരുന്നു
അതിരുവഴിയുന്ന ഒരു പുഞ്ചിരികൊണ്ട്
അവൾ ആരെയും മയക്കിയിരുന്നു.
മകര മാസത്തിലെ കുളിരു
അവൾകു ചുറ്റും വ്യാപരിച്ചിരുന്നു.
അവനോർമ്മിക്കാൻ
സ്നേഹത്തിന്റെ കടൽത്തീരത്ത്
വിരഹത്തിന്റെ കക്കകളും ചിപ്പകളും
അവശേഷിപ്പിച്ചു പോയ
ഒരു നീലക്കടലായിരുന്നു
അവൾ.

കണ്ണുനീരിന്റെ നനവുള്ള ഓർമ്മകൾ
ഗർഭംധരിച്ച ആ കടൽത്തീരത്ത്
അവൻ അവളെ തിരഞ്ഞു.

പ്രണയനൈരാശ്യത്തിന്റെ നിലവിളികൾ
അവന്റെ കണ്ണുകളിൽ
പ്രതിഫലിച്ചിരുന്നു.

പ്രണയത്തിന്റെ തണുപ്പു
തേടിയായിരിക്കണം
അവൻ അവളുടെ
ചാരത്തെത്തിയിരുന്നത്
പക്ഷെ,
അവർക്കിടയിൽ ആരോ
കെട്ടിവെച്ചു പോയ
കടൽ ഭിത്തികൾ
ആ കടൽ ഭിത്തികളെ തകർത്തെറിയാൻ
അവളുടെ പ്രണയമാകുന്ന
തിരമാലകൾ മാത്രം
മതിയായിരുന്നു.
പക്ഷെ,
കടൽഭിത്തികൾക്കു പിന്നിൽ
അവൾക്കെന്നും
ശാന്തസ്വഭാവമായിരുന്നു.
പോരാത്തതിന്
നിസ്സഹായതയുടെ ആ കടക്കയങ്ങളിൽ
നിന്ന്
വെറുപ്പിന്റെ ചുഴികൾ
ഉയർത്തികൊണ്ടു വന്ന
കടൽമണ്ണുകൊണ്ട്
അവളാഭിത്തികളെ ഊട്ടിയുറപ്പിച്ചിരുന്നു.
എങ്കിലും,
സ്നേഹത്തിന്റെ ചൂടു തേടി
ആ കടൽഭിത്തികൾക്ക് പിറകിൽവരെ
അവൾ ഒഴുകി വന്നിരുന്നു
നിശുദ്ധ മദനത്തിന്റെയും,
ലജ്ജതയുടെയും
ഏദൻ തോട്ടത്തിൽ വിഹരിച്ച അവൾക്ക്
അതൊരാശ്വാസമായിരുന്നു.
സ്വയം കണ്ടെത്താൻ വേണ്ടി
അകൽച്ചയുടെ മതിൽ തീർത്ത്
അവളൊരു കടലായ്
മാറുകയായിരുന്നു.
അപകർഷതയുടെ കൊട്ടാരങ്ങളിൽ
രാജാവ് ചമഞ്ഞ് അവനൊരു കരയും.

കടലിനെ കാണാതെ കര വരണ്ടുണങ്ങി
കടലിലെ തിരമാലകൾ ചത്തുപൊങ്ങി
കടലിന്റെ വെളുത്ത പുഞ്ചിരികൾ
അവൻ കാണാതെയായി.
കരയെ അകലങ്ങളിലാക്കി
കടൽ പിൻവാങ്ങി.

കടലിൽ നിന്ന് കരയിലേക്ക്
തണുത്ത കാറ്റ് വീശികൊണ്ടിരുന്നു
നങ്കൂരമിട്ട കപ്പലുകളെ തൊട്ടുകൊണ്ട്
കടൽകാക്കകൾ തിരിച്ചു പറന്നു.
അപ്പോൾ കടൽ മിനുക്കിയ
കണ്ണാടിയിൽ
അവറ്റകൾ ഒരു നിമിഷം
നോക്കാതിരുന്നില്ല.
അസ്തമയ സൂര്യൻ കടലിലേക്കിറങ്ങി
ചെന്നു.
അവളുടെ മനസ്സിന്റെ
ആഴക്കടലിൽ എവിടെയൊ
സഹതാപത്തിന്റെ
ന്യൂനമർദ്ദങ്ങൾ രൂപപ്പെട്ടു.
മനംമാറ്റത്തിന്റെ ചുഴലിക്കാറ്റ്
കടലിൽ നിന്ന് കരയിലേക്ക്
വീശിയടിച്ചു.
പ്രണയത്തിന്റെ പെമാരിപെയ്തു.
അവനാമഴയിൽ നനഞ്ഞു കുതിർന്നു.
പ്രണയാകാശത്തെ കീഴടക്കി
വൻതിരമാലകൾ ഉയർന്നുപൊങ്ങി.
എതിർപ്പിന്റെ കടൽഭിത്തികളെ
ആ തിരമാലകൾ തച്ചുടച്ചു.
നിർവികാരതയുടെ
നെടുനീളൻ കൽപ്പവൃക്ഷങ്ങളെ
കടൽ കടപുഴക്കിയെറിഞ്ഞു.

'ഞാൻ നിന്നെ വേദനിപ്പിച്ചു'
അവളുടെ കണ്ണിൽ നിന്ന്
കണ്ണുനീർ ധാരയായി ഒഴുകി.
"ഇല്ല, കടലിന് കരയെ
ആക്രമിക്കാൻ കഴിയില്ല
കടലിന് കരയോടുള്ള സ്നേഹം
വർദ്ധിക്കുന്നത്
കടലാക്രമണങ്ങളായി
തെറ്റിദ്ധരിക്കുന്നതാണ്"
അവൻ അവളെ ആശ്വസിപ്പിച്ചു.
അവൾ അധരങ്ങൾ കൊണ്ട്
അവനിൽ ചുംബനങ്ങൾ ചൊരിഞ്ഞു
അത് തിരമാലകൾ പോലെ
അനസ്യൂതം തുടർന്നു കൊണ്ടിരുന്നു
ഒടുവിൽ,
അവൾ രേഖകൾ വികൃതമാക്കിയ
കൈവിരലുകളാൽ
മുഖം മറച്ചു.

'ഇവിടെയെന്നും
അമാവാസിയായിരുന്നെങ്കിൽ'
അവൻ ആശിച്ചു
അവന്റെ ഇടതു കരം
അവളുടെ തലയ്ക്കു
കീഴെയായിരുന്നു.
വലതുകരം അവളെ വലയ
ചെയ്തിരുന്നു.
കെട്ടുപോയ പ്രണയത്തിന്റെ
കനലുകൾ
അവൻ അവളുടെ കണ്ണിൽ തിരഞ്ഞു
'നിന്റെ കണ്ണുകൾ പിൻവലിക്കൂ
അവ എന്നെ അസ്വസ്ഥയാക്കുന്നു'
അവൾ പുളകിതയായി.

അനാഥമാക്കപ്പെട്ട അവന്റെ
മനസ്സിലേക്ക്
അവൾ 'ഷാബെയിൻ' പോലെ
പതഞ്ഞു.
കടൽ
കരയുടെ പുറത്ത്
തിരമാലകളാകുന്ന കൈകളാൽ
എറ്റവും പുതിയ നഖക്ഷതങ്ങൾ
സൃഷ്ടിച്ചു
ആകാശത്തെ ഒരായിരം നക്ഷത്രങ്ങൾ
അവരെ നോക്കി കളിയാക്കി ചിരിച്ചു.
ആ നക്ഷത്രങ്ങൾക്കിടയിൽ
ചുവന്ന നിറത്തിൽ
അവന്റെ 'കാപ്രിക്കോൺ'
പച്ച നിറത്തിൽ
അവളുടെ 'അക്വാറിയസ്'
അവ രണ്ടും പരസ്പരം
ഇഴുകി ചേർന്നിരുന്നു.
എന്നിട്ടും,
നക്ഷത്രങ്ങൾ തമ്മിലുള്ള അകലം
അവർക്കിടയിൽ ഉണ്ടായിരുന്നു.

രാത്രി മഴ അവരെ തഴുകിയുണർത്തി
'ഞാൻ പച്ചനിറമുള്ള കടൽത്തീരത്തെ
സ്വപ്നം കണ്ടു'
അവൻ അവളെ ചേർത്തു പിടിച്ചു
കൊണ്ട് പറഞ്ഞു.
'നിനക്കുമതിയാവോളം മുങ്ങിനിവരാൻ
ഞാനൊരു ചെങ്കടലല്ല'
അവൾ അവനിൽ നിന്ന് കുതറിമാറി
'നിന്റെ നെഞ്ചിലെ ചൂട്
എന്നെ ചുട്ടുപൊള്ളിക്കുന്നു'
അവൾ കരഞ്ഞു തുടങ്ങി.
നീയൊരു പെസഫിക്കാണ്
നിന്നിലെ ശൈത്യ മേഖലകളിലേക്ക്
ഒരു പെൻഗ്വിനെ പോലെ
ഞാൻ മുങ്ങാംകുഴിയിടാൻ
പോവുകയാണ്
അവൻ അവളെ ഭയപ്പെടുത്തി.
അവൻ ശിരസ്സ് അവളുടെ
പൊക്കിൾച്ചുഴിയോട്
ചേർത്തു പിടിച്ചു.
ഒരു പുതിയ കടലിരമ്പലിനായി
അവൻ കാതോർത്തു.

'നിനക്കെന്നെ മടുക്കുന്നില്ലെ?'
'കടലിനെ ആർക്കാണ് മടുക്കുക'
പുറമെ ഭംഗിയായി തോന്നുമെങ്കിലും
'ആഴങ്ങളിലേക്ക് ചെന്നാൽ
വെറും ഉപ്പുമാത്രമാണ് ഞാൻ'
'അവിടെ ഭംഗിയുള്ള നക്ഷത്ര
മത്സ്യങ്ങളുണ്ട്
ചിലപ്പോൾ അതിലൊന്നാകാൻ
എനിക്കു കഴിഞ്ഞേക്കും'
'സൂക്ഷിക്കണം,
അവിടെ സ്രാവുകൾ വലവിരിച്ച്
കാത്തിരിപ്പാണ്.

അവൾ രഹസ്യമായി അവൻെറ കാതിൽ
പറഞ്ഞു.
അപ്പോൾ ഒരു വൻതിരമാല
ഭംഗിയുള്ള ഒരു നക്ഷത്രമത്സ്യത്തെ
കടൽത്തീരത്ത് ഉപേക്ഷിച്ച്
പിൻവാങ്ങി.
ആ പാവം പൂഴിമണലിൽ കിടന്ന്
പിടഞ്ഞു.
'നിൻെറ ഹൃദയത്തിലൂടെ,
പ്രണയത്തിൻെറ കൊടി പാറിച്ചു
കൊണ്ട്
ഒരു പായ് കപ്പൽ പായിക്കുവാൻ
പോലും
എനിക്ക് കഴിയുന്നില്ലല്ലോ?'
അവൻ കൊടുങ്കാറ്റു കണ്ട
നാവികനെപ്പോലെ
വിലപിച്ചു.
'എന്നിൽ എവിടെയാണ്
നിന്നെ ഭയപ്പെടുത്തുന്ന
ആ 'ബർമുഡ ട്രയാംഗിൾ'
അവളുടെ ചോദ്യം
അവനെ ഉത്തരം
മുട്ടിച്ചു.
കരയ്ക്കും കടലിനുമിടയിൽ
ഒരു കാന്തിക വലയത്തിൻെറ
സാധ്യതകളെ കുറിച്ച്
അവൻ ചിന്തിക്കാതിരുന്നില്ല.
അല്ലെങ്കിൽ പിന്നെയെങ്ങിനെയാണ്
ഈ തിരകൾ ഇങ്ങനെ
ആർത്തലച്ചു കടന്നു വരുന്നത്.
'ഇങ്ങനെ കരയും കടലും കളിച്ചും
കടൽ മണ്ണകൊണ്ട് കളിവീട്ട കെട്ടിയും
എത്രനാളാണ്....
നിനക്ക് ഒരു കടലാമയുടെ
വേഗത പോലുമില്ല'
അവൾ പരിതപിച്ചു.
ശരിയാണ്,
അവൾക്കൊപ്പമെത്താൻ
തനിക്കൊരിക്കലും കഴിഞ്ഞിരുന്നില്ല.
മുൻപെപ്പൊഴോ
ഒരു വെള്ള മുയലിനെ പോലെ
പ്രണയ വഴിത്താരയിൽ
അവൾ ഉറക്കം
നടിച്ചില്ലായിരുന്നെങ്കിൽ...
ചിന്തയുടെ കനത്തഭാരപേറി
സമൂഹത്തിൽ നിന്ന് ഉൾവലിഞ്ഞ്
ഫിനിഷിംങ് പോയൻറലെത്താനെ
തൻെറ പ്രണയം ആകാലചരമ
മടയുയിരുന്നു.
"കടലാമയ്ക്ക ആയിരം വർഷം
ആയുസ്സുള്ളതുകൊണ്ടാണ്
അതിത്ര പരിയെ സഞ്ചരിക്കുന്നത്"
കൈവെള്ളയിലെ ആയുർരേഖയിലെ
വിള്ളലുകളിൽ തലെടികൊണ്ട്
അവൻ പറഞ്ഞു നിർത്തി.
അവൻെറ മറുപടി അവളെ ചിരിപ്പിച്ചു.
'ഒരു സമുദ്രനിരീ
എൻെറ അച്ഛനിഷ്ടമാവില്ല'
'എനിക്കറിയാം
നിൻെറയച്ഛൻെറ ചരയ്ക്കുകപ്പൽ
ഒരിക്കലും എൻെറ തീരത്തണയില്ലെന്ന
എനിക്കറിയാം.
അതിപ്പോൾ
മരതകദ്വീപിലെ രാജകുമാരനെ തേടി
അലയുകയായിരിക്കും.
കരയിൽ
ഭൂമികുലുക്കങ്ങൾ
സർവ്വസാധാരണമായി
ഉരുൾപൊട്ടലുകൾ
സ്വപ്നങ്ങളുടെ പച്ചനിറമുള്ള കുന്നുകളെ
തട്ടിതാഴെയിട്ടു.
അഗ്നി പർവ്വതങ്ങൾ പൊട്ടി
ലാവാപ്രവാഹം
കടലിലേക്കൊഴുകി.
"നിൻെറ ചിന്തയുടെ
കറുത്ത പാറക്കൂട്ടങ്ങളിൽ തട്ടി
എൻെറ മനസ്സു ചിതറുന്നു.
നീ എന്തെങ്കിലുമൊന്നു പറയൂ..."
"നമ്മുക്കൊരിക്കലും
ഒന്നാവാൻ കഴിയില്ല
അങ്ങനെ സംഭവിച്ചാൽ
അതൊരു പ്രളയമായിരിക്കും
ആ പ്രളയത്തിൽ പിടിച്ചു നിൽക്കാൻ
എനിക്കു കഴിഞ്ഞെന്നു വരില്ല"
അവൻ പറഞ്ഞു നിർത്തി
അവൻ മൗനം ദീക്ഷിച്ചു.
അവർക്കിടയിൽ ഏറ്റവും കൂടുതൽ
ഉപയോഗിച്ച ഭാഷ
മൗനം തന്നെയായിരുന്നു.
'നീയൊരു കടൽ കിഴവനാണ്'
അവൾ അവസാനമായി മൊഴിഞ്ഞു.
കടൽ പിൻതിരിഞ്ഞു
ഭാവിയിലെ കടലാക്രമണങ്ങളെ
തടുക്കാൻ
കടൽഭിത്തികൾ വീണ്ടും ഉയർന്നുവന്നു
എങ്കിലും,
അവൾ തിരിച്ചു വരുമെന്നു തന്നെ
അവൻ കരുതി
എത്രയൊക്കെ പിൻവാങ്ങിയാലും
കടലിന് കരയെ ഉപേക്ഷിച്ചു പോവാൻ
കഴിയില്ലെന്ന് അവനറിയാമായിരുന്നു.
അവൾ
തന്ന സ്നേഹത്തിൻെറ
കടലളക്കാനാവാതെ
കപ്പൽഛേദംവന്ന മനസ്സുമായ്
അവനാ മണൽപ്പുറത്തിരുന്നു.

കരയുടെ അതിർത്തികൾ എന്നും
നിർണ്ണയിക്കപ്പെട്ടതാണ്.
കരയെക്കാർന്നു തിന്നാനുള്ള
അവകാശം
എന്നും കടലിനാണ്.
നഷ്ടപ്പെട്ടതൊക്കെയും
നികത്താമെന്നു വെച്ചാൽ
കടലെടുത്തക്കൊണ്ടു പോയത്
അവൻെറ ഹൃദയം തന്നെയായിരുന്നു.

**Best Compliments:-**

TEENS
Tailors
**Palace Road, Aluva**

കവിത

# അസ്തമയം

ബിനിത പി.എം
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദം

ഒടുവിലിരുൾവന്നെത്തി-
യാദിത്യബിംബത്തെ
ഉയരുന്ന ക്രോധത്തിൻ
തിരയിൽ മുക്കിക്കൊല്ലാൻ

മുറുകുന്നു പാശം, ദിവാകരകണ്ഠത്തിൽ
ചിന്തുന്ന ചെന്നിണം ഉറ്റിക്കുടിച്ചു
തുടുത്തയധരത്തിനാൽ പുഞ്ചിരിക്കുന്നു
കന്യയാം ചക്രവാളം.

വിധുവിൻെറ തേങ്ങൽ
തിളങ്ങുന്നു താരമായ്
കടലിൻെറ തേങ്ങൽ
അലയായ് മുഴങ്ങുന്നു.

ശ്യാമയാം അമ്മ നിനക്കായ്
കൈനീട്ടുന്നു.
സ്നേഹത്തിൻ സുഖമുള്ളിരുളിൽ
മറയ്ക്കുന്നു.

ഇന്നേ ഇതു നിൻെറ മരണമോ?
ഇരവിൻെറ മാറിൽ മയക്കമോ?



ഫോട്ടൽ
ഫോൺ : 624105

അന്നപൂർണ്ണ
ബാങ്ക് ജംഗ്ഷൻ, അലുവ

## ആത്മീയയാത്ര ടെലിവിഷൻ പ്രോഗ്രാം

എല്ലാ ഞായറാഴ്ചയും രാവിലെ 7 മണിക്ക്
സൂര്യ ടിവിയിൽ
**ഡോ. കെ. പി. യോഹന്നാൻ** സന്ദേശം നൽകുന്നു
ആത്മീയയാത്രവിഷൻ,
മഞ്ഞാടി ജംഗ്ഷൻ പി.ഒ., തിരുവല്ല-689 105
ഫോൺ 0473-630654, 630771 ഫാക്സ്: 0473-630273, 630672
**E-mail:**ayv@satyam.net.in **Web:** www.ayvision.com

എന്നും ശ്രവിക്കുവാൻ ഒരു ശുഭസന്ദേശം!

## ആത്മീയയാത്ര റേഡിയോ പ്രോഗ്രാം

എല്ലാ ദിവസവും രാവിലെ 6 മുതൽ 6.15 വരെ MV 340 മീറ്ററിൽ
ഡോ. കെ. പി. യോഹന്നാൻ
സംസാരിക്കുന്നു
ആത്മീയയാത്ര, മഞ്ഞാടി ജംഗ്ഷൻ പി.ഒ., തിരുവല്ല-689 105
ഫോൺ 0473-630654, 630771 ഫാക്സ്: 0473-630273

വായിക്കുക

## ആത്മീയയാത്ര മാസിക

ജീവിതത്തിന്റെ കാൽച്ചുവടുകളിടറാതെ മുമ്പോട്ടു കുതിക്കുവാൻ
പ്രാപ്തമാക്കുന്ന ശക്തമായ രചനകൾ.
ആത്മീയവളർച്ചയ്ക്ക് എന്നും നിങ്ങളോടൊപ്പം
**വരിസംഖ്യ 40 രൂപ മാത്രം**
കുറഞ്ഞ നിരക്ക് കൂടുതൽ വായന ആത്മീയ പരിപോഷണം
ഇപ്പോൾ പുതിയ കെട്ടിലും മട്ടിലും കൂടുതൽ വിഭങ്ങളോടെ
എല്ലാ മാസവും ആദ്യവാരം പുറത്തിറങ്ങുന്നു.
ആത്മീയയാത്ര മാസിക, മഞ്ഞാടിജംഗ്ഷൻ പി.ഒ., തിരുവല്ല-689 105

**Best Compliments from:**

# GREETS ACADEMY

## CBSE PUBLIC SCHOOL
## ASHOKA ROAD, KALOOR, KOCHI - 17

(UNDER THE MANAGEMENT OF BETHEL FOUNDATION)
A REGISTERED CHARITABLE SOCIETY, KERALA
Ph. 0484-531214, 531502, 530250 FAX 0484-530301

Email: greets(a)md2vsnl.net.in. Tel 0484-531214



- Well qualified and experienced Teachers
- Computers Education: Ist Standard Onwards
- Computer Lab with advanced facilities.
- Education with L.C.D. Theatre
- A Library having more than 10,000 Books
- Art & Craft sections for developing the Talents of Children.
- School Clinic
- Coaching in Band, Sports and games and other extra Curricular Acitivites
- Philatelic club, cultural club, Balajanasakyam Etc.

Edith V. Greet
Founder/President

Thomas Vadakekut
Vice-President/Manager

അപർണ എസ്.
മൂന്നാം വർഷ ചരിത്ര ബിരുദം



# സൗഹൃദം - ഒരു ആൽബം

ആത്മസ്നേഹിത വിവാഹിതയായതോടെയാണ് ഏകാന്തത ഒരു തീക്ഷ്ണ സാന്നിദ്ധ്യമായി എനിക്കനുഭവപ്പെടാൻ തുടങ്ങിയത്. അതുവരെ അപ്പൂപ്പൻതാടി പോലെ ഏകാന്തത പാറിവരുമ്പോൾ തന്നെ, ഞങ്ങളുടെ സൗഹൃദത്തിന്റെ നനുത്തകാറ്റിൽ വഴിതെറ്റി അത് മറ്റെവിടേയ്ക്കോ പോയ്മറഞ്ഞിരുന്നു.

ഓ, പൊയ്പ്പോയ ആ കാലം.... ഞാനോർത്തു. ജീവിതം ഞങ്ങൾക്കായി മാത്രം പതിച്ചുതന്ന സ്വർണ്ണനാണയത്തിളക്കമുള്ള നിമിഷങ്ങൾ! അവൾക്ക് വായനാശീലം തീരെ ഉണ്ടായിരുന്നില്ല. എന്നിട്ടും വായിച്ചതൊക്കെയും പങ്കുവയ്ക്കാൻ എന്റെ ഹൃദയം കുതിച്ചു ചാടുമായിരുന്നു. ഒരിക്കൽ, ശനിയാഴ്ച വൈകുന്നേരം വിജനമായ സി.സി.യിലിരുന്നാണ് ഞാൻ എന്റെ സിദ്ധാർത്ഥനെപ്പറ്റി അവളോടു പറഞ്ഞത്. ഹെർമൻ ഹെസ്സെയുടെ സിദ്ധാർത്ഥ മുഴുവൻ കേൾക്കണമെന്നായി അവൾക്ക്. ഞങ്ങൾ കഥയിൽ മുഴുകവേ കാറ്റ് മഹാഗണിയുടെ കൊമ്പിൽ നിന്നിറങ്ങി വന്ന് പുല്ലിൽ പതുങ്ങിക്കിടന്നു. പൊടുന്നനെ കാറ്റിനേക്കുറിച്ച് എവിടെയോ വായിച്ച ആ കവിത ഞാൻ ചൊല്ലി. കാമാതുരനായ കാറ്റ് ജിപ്സിപ്പെൺകുട്ടിയോട് പറയുകയാണ്...

'Missy, let me lift your dress,
And see you....
Open in my ancient fingers
The blue-rose of your womb...'

കവിതയുടെ അർത്ഥം ഞാനവൾക്ക് വ്യാഖ്യാനിച്ചു നൽകവേ കാറ്റ് തന്നെക്കുറിച്ചാണ് പറയുന്നത് എന്ന് തീരെ മനസ്സിലാവുന്നില്ലെന്ന നാട്യത്തിൽ, എന്നാൽ അടക്കാൻ കഴിയാത്ത ജിജ്ഞാസയോടെ ഒളികണ്ണിട്ടു നോക്കി അവിടെയെല്ലാം ചുറ്റിനടന്നു. സായാഹ്നവെയിൽ പുല്ലിൽ ചാഞ്ഞു വീണ് ചിരിച്ചു. ഒന്നു കൺചിമ്മിയാൽ കവിഞ്ഞൊഴുകും എന്ന മട്ടിൽ സ്നേഹിതയുടെ കണ്ണിൽ കൗതുകം നിറഞ്ഞുനിന്നിരുന്നു. ഞങ്ങൾ നടക്കാൻ തുടങ്ങി. അറിയാതെ ചുണ്ടുകളിൽ മറ്റൊരു കവിത...

The evening spread out in the sky.......

ഞാൻ വ്യക്തമായും ഓർക്കുന്നു. ബിരുദ പരീക്ഷയെഴുതിക്കഴിഞ്ഞശേഷമുള്ള നീണ്ട ഒഴിവുകാലം. വീടിനു പുറത്തിരുന്ന് ഞങ്ങൾ സംസാരിച്ചു. സ്നേഹിതയുടെ കണ്ണുകളിൽ കൗതുകത്തിനുപകരം നിറഞ്ഞു നിന്നത് കണ്ണുനീരായിരുന്നു. അവളുടെ വിവാഹം നിശ്ചയിച്ചിരിക്കുന്നതറിഞ്ഞ അമ്പരപ്പിലാണ് ഞാൻ. നമ്മൾ അത്രയ്ക്കൊക്കെ മുതിർന്നുവോ? ഞാനവളോട് മെല്ലെ ചോദിച്ചു. ഇരുപതുവയസ്സ് അത്ര ചെറുപ്രായമൊന്നുമല്ലെന്നാണ് വീട്ടുകാർ പറയുന്നത് എന്നവൾ. പലപ്പോഴും പ്രായത്തിന്റെ വലുപ്പച്ചെറുപ്പങ്ങൾ മറ്റുള്ളവർ വ്യാഖ്യാനിച്ചു തരുന്ന ജീവിതത്തിന്റെ തമാശ ഞാനവളുടെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും അവൾ പതിവുപോലെ മന്ദഹസിച്ചില്ല. കാലം എന്തിനാണ് പെൺകുട്ടികളെ മാത്രം

തിരഞ്ഞു പിടിച്ച് ചരിക്കുന്നതെന്നോർത്ത്
ഞാൻ നിശ്ശബ്ദയായി. ഇനിയും
വിട്ടുമാറാത്ത ഞങ്ങളുടെ മനസ്സിലെ
കുട്ടിത്തം പോലെ ഒരു ചിത്രശലഭം
തൊടിയിൽ പറന്നുകളിച്ചു. ഒരു പൂച്ച
ക്കുട്ടി പിണങ്ങിയ മുഖവുമായി
നടന്നുപോയി. ഞങ്ങൾ തീരെ ചെറിയ
കുട്ടികളാണെന്നെനിക്കു തോന്നി. മരി
ക്കും വരെ ഈ ലോകത്തെ ഒരു കുട്ടി
യുടെ കണ്ണിലൂടെ മാത്രമേ നോക്കിക്കാ
ണാൻ സാധിക്കുകയുള്ളൂ എന്നും.....

തുടർന്നും ബന്ധം മുന്നോട്ടുകൊണ്ടു
പോകുമെന്ന് ഞങ്ങൾ യാതൊരു വാഗ്ദാ
നവും പരസ്പരം നൽകിയില്ല. ജീവിതം
മറ്റേതോ വഴിയിലൂടെ യാത്ര ആരംഭിച്ചി
രിക്കുന്നുവെന്ന്, ആ കനത്ത നിശ്ശബ്ദത
ഞങ്ങളെ ഓർമ്മിപ്പിച്ചു. ഇനി അവളുടെ
ജീവിതം ഒരു വൃത്തത്തിലായിരിക്കും.
ഭർത്താവ് എന്ന ഗ്രഹത്തിന് ചുറ്റും ഒരു
ഉപഗ്രഹം പോലെ അവൾ കറങ്ങികൊ
ണ്ടേയിരിക്കും. അവൾ എന്നെ മാത്രമല്ല,
അവളെത്തന്നെയും മറക്കും. അവളിലെ
കുട്ടി അവൾ പോലും അറിയാത്തെരിടത്ത്
മറഞ്ഞുനിൽക്കും, ഒരിക്കൽ ലോകം
മുഴുവൻ പ്രതിഫലിച്ചിരുന്ന ആ വലിയ
കണ്ണുകളിൽ പെടാതെ......

ഒരു മഴക്കാലത്തായിരുന്നു അവളുടെ
വിവാഹം. പട്ടുസാരിയും ആഭരണവും
പൊള്ളയായ ഒരു ചിരിയും എടുത്ത
ണിയാൻ ഞാനും നിർബ്ബന്ധിതയായി.
നവവധുവായി ഒരുങ്ങി നിൽക്കുന്ന അവ
ളുടെ ഹൃദയം ഒരു പ്രാവിനെപോലെ
കുറുകുന്നതു എനിക്കു മാത്രം കേൾക്കാ
മായിരുന്നു. വരനെ എതിരേൽക്കാൻ
താലവുമേന്തി നടക്കവേ, ഗതകാല സ്മര
ണകൾ ഹൃദയാകാശത്തിൽ പ്രാവുകളേ
പ്പോലെ ചിറകടിച്ചുയർന്നു.

ഞങ്ങളുടെ സായാഹ്നയാത്രകൾ...
ആകാശം അപ്പോഴൊക്കെയും ഒരു എണ്ണ
ഛായച്ചിത്രം പോലെ തോന്നിച്ചു. മിക്ക
വാറും അമ്പലത്തിലേക്കാവും യാത്ര...
അമ്പലത്തിലെ കൊത്തുപണികളിലൂടെ
കണ്ണോടിച്ചു നിൽക്കാനുമായിരിക്കും
എനിക്കു താത്പര്യം. അമ്പലപ്രാവുകൾ
കുറുകുന്നതു കേൾക്കാൻ കാതോർക്കു
മ്പോൾ, പാതിയടഞ്ഞ കണ്ണിണകളുമായി
പ്രാർത്ഥിച്ചു നിൽക്കുന്ന അവളുടെ മുഖം
കാണാം. അവളുടെ കാതിൽ തമാശ
പറയാനും നീണ്ട മുടിയിൽ മെല്ലെ പിടിച്ചു
വലിക്കാനുമായിരിക്കും എനിക്കു
താത്പര്യം. കണ്ണുകളാൽ അവളെന്നെ
ശാസിക്കുമ്പോൾ ഒടുവിൽ അമർത്തിയ
ചിരി ഞങ്ങളുടെ പിടിവിട്ട് പുറത്തേക്ക്
കുതിക്കുമ്പോൾ, കടന്നുപോകുന്നത് ഒരു
വസന്തകാലമാണെന്ന് ഞാനറിഞ്ഞില്ലല്ലോ.

Life must be lived forward
But it can be understood only
backward....

വെള്ളിയാഴ്ച വൈകുന്നേരം കാവി
ലേക്ക്... കാവൽ നിൽക്കുന്ന മരങ്ങൾ
ക്കിടയിലൂടെ നീളുന്ന ഒറ്റയടിപ്പാത
യിലൂടെ നടക്കാൻ ഞങ്ങൾക്കെന്തിഷ്ട
മായിരുന്നു. ജീവിതം പോലെ നീണ്ടു
കിടക്കുന്ന ഈ പാത മരണം പോലെ
പെട്ടെന്നവസാനിക്കരുതെ എന്ന് ഞാൻ
നിശ്ശബ്ദം പ്രാർത്ഥിക്കാറുണ്ടായിരുന്നു.
പച്ചപ്പുകൾക്കിടയിൽ തെളിഞ്ഞു
കാണുന്ന കുഞ്ഞമ്പലം. കാലത്തിന്റെ
ഒഴുക്ക് എവിടെയോവച്ച് നിലച്ചു പോയ
പോലെ.... പുരാതനമായ ആ അന്തരീ
ക്ഷത്തിൽ വിങ്ങി നിൽക്കുന്ന മൗനത്തെ
പരുക്കേൽപ്പിക്കാതെ പ്രദക്ഷിണം
വയ്ക്കവേ, എന്റെ കണ്ണുകൾ നനയുന്ന
തെന്തിനായിരുന്നു?

വിവാഹച്ചടങ്ങുകളെല്ലാം കണ്ടിട്ടും
കാണാതെ ഞാൻ നിന്നു. അപ്പോഴും
പുറത്ത് നേർത്ത വേദന പോലെ മഴ
പൊടിഞ്ഞിരുന്നതു മാത്രം ഓർക്കുന്നു.
പ്രതീക്ഷിച്ചതു പോലെ ഞങ്ങൾക്കിടയിൽ
അദൃശ്യമായ ഒരു കനത്ത മതിൽ ഉയർ
ന്നുവന്നു. ആ മതിലിൽ ഹൃദയം ചേർ
ത്തുവച്ച് പോയകാലത്തേക്കുറി ച്ചോർത്ത്
ഞാൻ വിഷമിച്ചു. അവൾ ജീവിതം
കടുംനിറങ്ങളിൽ ചാലിച്ചെടുക്കുകയാ
യിരിക്കുമെന്നോർത്തു. ശൂന്യത മാത്രം
നിറഞ്ഞുനിന്നിരുന്ന എന്റെ ക്യാൻവാസ്
എന്നിൽ വിഭ്രാന്തികൾ നിറച്ചു.

ഒരുപാടു നാളുകൾക്കുശേഷം, അവ
ളെന്നെ തേടി വന്നു. ഹൃദയത്തിൽ
പരിഭവം കത്തിക്കൊണ്ടിരിക്കുന്നതിനാൽ
തണുത്ത മട്ടിൽ അവളോടു പെരുമാറു
മെന്ന് ഞാനുറച്ചു. പക്ഷെ സംസാരിച്ചു
തുടങ്ങിയപ്പോൾ ഹൃദയം പതിവുപോലെ
പുറത്തേക്ക് കുതിച്ചുചാടി. വികൃതിയായ
ഒരു കുട്ടിയെപ്പോലെ, അടങ്ങിയിരിക്കാൻ
ഏറെ ശാസിച്ചിട്ടും കേൾക്കാതെ....
ഹൃദയത്തിന്റെ ഓരോ ഭാവവും എന്റെ
കണ്ണുകളിൽ മിന്നാൻ തുടങ്ങി.......

പിന്നീടൊരിക്കൽ, അവളുടെ കൊച്ചു
മുറിയിൽ ഞങ്ങൾ ഒത്തുകൂടി സൂര്യ
കാന്തിപ്പൂക്കൾ നിറഞ്ഞു നിൽക്കുന്ന
ജാലകവിരിയിലൂടെ ആദ്യം വെയിൽ
പാളിയും പിന്നീട് ഇരുട്ടും വന്നെത്തി
നോക്കിയിട്ടും, ഞങ്ങൾ സംസാരിച്ചു
കൊണ്ടേയിരുന്നു. പൊടിപിടിക്കാൻ
തുടങ്ങിയ ചില ചിത്രങ്ങൾ വീണ്ടും
തുടച്ചുമിനുക്കിയ പോലെ... സൂര്യകാന്തി
പ്പൂക്കൾക്കപ്പുറത്തെവിടേയോ നിന്ന്,
ചോരയിറ്റുവീഴുന്ന ചെവിയുമായി
വാൻഗോഗ് നമ്മളെ സൂക്ഷിച്ചുനോക്കു
ന്നതു പോലെ എന്ന് ഞാൻ പറഞ്ഞപ്പോൾ,
പതിവുപോലെ അവളുടെ കണ്ണുകളിൽ
കൗതുകം ഊറിവരുന്നതു കണ്ടപ്പോൾ,
ഞാനേറെ സന്തോഷിച്ചു.

പിരിയാൻ നേരത്ത്, ഞാനവളോടു
ചോദിച്ചു:

"പുതിയ ജീവിതമെങ്ങനെ?"

ഒരു നിമിഷം ഒന്ന് നിശബ്ദയായി നിന്ന
ശേഷം അവൾ പറഞ്ഞു,

"എനിക്ക് ഒരു പ്രശ്നവുമില്ല".

പക്ഷെ എന്തു മാറ്റവും ഒടുവിൽ ഡെയ്‌ലി
റുട്ടീനായി മാറുമ്പോൾ ജീവിതം എന്തൊരു
വിരസമാണ്.... ഞാനാ ഹൃദയത്തെ
പൊടുന്നനെ മനസ്സിലാക്കി. ഒരു പക്ഷെ,



ഒരു കുഞ്ഞു പിറന്നാൽ, ജീവിതം വിരസമാണോ അല്ലയോ എന്ന് ചിന്തിക്കാനുള്ള സാവകാശം പോലും നിനക്കു ലഭിക്കുകയില്ലെന്ന്, ഞാനവളെ ഓർമ്മപ്പെടുത്തി. കവയിത്രി കൂടിയായ എൻെറ അദ്ധ്യാപിക, പറഞ്ഞ ഒരു കാര്യം ഞാനവളുമായി പങ്കുവച്ചു. വയറ്റിലുറിയ കുഞ്ഞിൻെറ ആദ്യ ചലനം അവർക്കനുഭവപ്പെട്ടത് എങ്ങനെയാണെന്നോ? ചിത്രശലഭത്തിൻെറ ചിറകടി പോലെ മെനക്കം.....

പൊടുന്നനെ, നിലാവു പോലെ അവൾ ചിരിച്ചു. ഇമ പോലും ചിമ്മാതെ, എന്നെ ഉറ്റു നോക്കിക്കൊണ്ട്..... കുസൃതിയോടെ ഞാൻ അവളുടെ കണ്ണുകളിൽ എന്നെ തിരഞ്ഞു. പൊടുന്നനെയാണ് ഞാനാ സത്യം മനസ്സിലാക്കിയത്. അവൾ ഉറ്റുനോക്കിയിരുന്നത് എന്നെയല്ല. മറിച്ച് എനിക്കജ്ഞാതമായ ഒരു സ്വപ്നത്തേയായിരുന്നു. അവൾ എനിക്കപരിചിതയായ ഒരു മുതിർന്ന സ്ത്രീ ആയിരിക്കുന്നു വെന്ന്, ഞാനറിഞ്ഞു. ഒരു കൊച്ചു ചിത്രശലഭം ഉടനെ, നിന്നെ വലം ചുറ്റിപറക്കട്ടെ എന്ന് നിശ്ശബ്ദമായി പ്രാർത്ഥിച്ച് ഞാൻ പടിയിറങ്ങി.

വീണ്ടും ഏകാന്തതയുടെ കനത്ത കൈകൾ എൻെറ തോളിലമരവേ, ഉള്ളിൽ ശൂന്യത നിറയാൻ തുടങ്ങവേ ചിലപ്പോൾ ഭ്രാന്തമായി സ്നേഹിച്ചും, ചിലപ്പോൾ തീരെ സ്നേഹിക്കാതെയും, ചിലപ്പോൾ ഒരു പാടു വായിച്ചും, ചിലപ്പോൾ തീരെ വായിക്കാതെയും, ഒരു വേള കുപ്പിവളക്കിലുക്കത്തെ വല്ലാതെയിഷ്ടപ്പെട്ടും, ചിലപ്പോൾ, അതസഹനീയമായി കരുതിയും.... ഞാനെന്താണിങ്ങനെ, എന്ന് എഴുതി ചോദിച്ചപ്പോൾ, എൻെറ, പ്രിയ കഥാകാരി അഷിത ഉത്തരമായി എനിക്കയച്ചു തന്നത് ഒരു കവിതയായിരുന്നു.

Some days bloom
Some shed themselves
Life is so seasonal.....

കവിത



# പുണ്യതീർത്ഥം

അനിഷാമോൾ ഒ. എച്ച്
രണ്ടാം വർഷ ചരിത്ര ബിരുദം

തകർത്തു പെയ്യുന്നു മഴ
അതുലോകം മുഴുവനുമോ?
അതോ
എൻ ആത്മാവിൽ മാത്രമോ?
അറിയില്ലെനിക്കു..........
ഈ പെരും മഴ എൻേറതോ
അതോ നിൻേറതോ?
അതോ
ആകാശമേ
നിൻ തേങ്ങലുകളോ?
മനുഷ്യപാപങ്ങൾ
കഴുകിക്കളയാൻ
ദൈവം തന്നോരു പുണ്യതീർത്ഥമോ?
എങ്കിൽ ഞാനതിൽ നനയട്ടെ
അവസാനം
പുണ്യഭൂമിയായി തീരട്ടെ എൻ ലോകം.

റിപ്പോർട്ട്




# കലാവർഷ സ്മരണകൾ



2000-2001 ലെ ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിച്ചത് ഒക്ടോബർ 20ന് വെള്ളിയാഴ്ച, വോയ്സ് ഓഫ് യു. സി. മൽസരത്തിലൂടെയായിരുന്നു. നൂറോളം വരുന്ന ഗായികാഗായകന്മാരിൽ നിന്നും പതിനാറു പേരെ തെരഞ്ഞെടുക്കുകയും ചെയ്തു. അതിനുശേഷം ഒക്ടോബർ 25ന് ബുധനാഴ്ച നടന്ന യൂണിയൻ ഉദ്ഘാടനചടങ്ങിൽ വച്ച് മലയാള സിനിമാസംവിധായകൻ ശ്രീ. കമൽ ആർട്സ് ക്ലബ്ബിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് വോയ്സ് ഓഫ് യു. സി. മൽസരം കലാകാരന്മാരുടെ ശ്രവണസുന്ദരമായ ഗാനമേളയും നടന്നു.

കേരളപ്പിറവി ദിനമായി ആഘോഷിച്ച നവംബർ 1ന് ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ മത്സരങ്ങൾ നടന്നു. അന്ന് നടന്ന മത്സരത്തിൽ നിന്നും ഏറ്റവും നല്ല ഡിപ്പാർട്ട്മെന്റായി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും, ഏറ്റവും നല്ല പെർഫോർമറായി വിനു. എം. നിരവത്തും തെരെഞ്ഞെടുക്കപ്പെട്ടു.

മാതൃഭൂമി സംഘടിപ്പിച്ച കലോത്സവത്തിൽ യൂസിയിൽ നിന്നും വ്യക്തമായി പ്രാതിനിധ്യം ഉണ്ടായിരുന്നു. അവിടെ നിന്നും സിനിമാറ്റിക് ഡാൻസിനു ഒന്നാം സമ്മാനം ലഭിക്കുകയും ചെയ്തു. റ്റി. ആർ. ശ്രീജിത്തും സംഘവുമായിരുന്നു സിനിമാറ്റിക് ഡാൻസ് അവതരിപ്പിച്ചത്.

നവംബർ 11ന് സംഘടിപ്പിക്കപ്പെട്ട പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പൂർവ്വ

വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് അവതരിപ്പിച്ച ഗാനമേള എല്ലാവരുടേയും ശ്രദ്ധപിടിച്ചുപറ്റി. ഈ മാസം 22 ന് നടന്ന നാടകോത്സവത്തിൽ വളരെവാശിയേറിയ മത്സരമാണ് കാണാനിടയായത്. ഏറ്റവും നല്ല നാടകമായി 'വിശക്കുന്നവന്റെ വേദാന്തവും', രണ്ടാമത്തെ നാടകമായി 'ജാലകവും', മൂന്നാമത്തെ നാടകമായി 'സ്വപ്നങ്ങൾക്ക് തീ പിടിക്കുമ്പോൾ' എന്ന നാടകവും തെരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും നല്ല നടനായി ജോസഫ് വർഗീസിനേയും, ഏറ്റവും നല്ല നടിയായി ശ്രീലക്ഷ്മിയേയും തെരഞ്ഞെടുത്തു.

നവംബർ 30, ഡിസംബർ 1 - തീയതികളിലായി 'ബലൂൺ 2000' എന്നപേരിൽ ആർട്സ് ഫെസ്റ്റിവൽ സംഘടിപ്പിക്കുകയുണ്ടായി. പതിവിൽ നിന്നു വ്യത്യസ്തമായി രണ്ടു ദിവസങ്ങളിലായി നാലു വേദികളിലായി നടത്തപ്പെട്ട ആർട്സ് ഫെസ്റ്റിവൽ, ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ വച്ചേറ്റവും മികച്ചതായി. ആർട്സ് ഫെസ്റ്റിവലിൽ നിന്നും കലാപ്രതിഭയായി മാത്യു എ. വർഗീസ്സിനേയും, കലാതിലകമായി രജനി കൃഷ്ണനേയും തെരഞ്ഞെടുത്തു. ഈ വർഷം നടന്ന വിവിധ സ്വകാര്യമത്സരങ്ങളിൽ കോളേജിന്റെ ഡാൻസ്ടീം ഉജ്ജ്വല വിജയം നേടുകയുണ്ടായി എന്നത് കോളേജിനു എന്തുകൊണ്ടും അഭിമാനകരമാണ്. ഫെബ്രുവരി 13, 14 തീയതികളിൽ നടന്ന യൂണിവേഴ്സിറ്റി നാടകോത്സവത്തിൽ വളരെ പരിമിതമായ സാമ്പത്തികചെലവുകൾക്കിടയിലും പങ്കെടുക്കുവാനായി എന്നത് ഭാഗ്യകരമാണ്. ഈ മാസം 26ന് ഓഡിറ്റോറിയത്തിൽ വച്ച് കോളേജ് ഡേ ഗംഭീരമായി ആഘോഷിച്ചു. പ്രതിഭാധനന്മാരായ വിശിഷ്ട വ്യക്തികൾ പങ്കെടുത്ത ചടങ്ങിൽ സിനിമാതാരവും, കഥകളി നടനും കൂടിയായ ശ്രീ. കലാമണ്ഡലം കേശവൻനായർ, 'ബലൂൺ 2000' ലെ വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. തുടർന്ന് 'ഗോൾഡൻ ഹിറ്റ്സ്' ന്റെ ഗാനമേളയും നടന്നു.

ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനം 'കോളേജ് ഡേ' യോടെ ഔദ്യോഗികമായി അവസാനിച്ചെങ്കിലും 'യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവൽ വളരെവൈകി നടത്തപ്പെട്ടതിനാൽ മാർച്ച് 1 മുതൽ 5 വരെ കോട്ടയത്ത് നടന്ന പരിപാടിയിൽ നമ്മുടെ കോളേജ് പങ്കെടുക്കുകയുണ്ടായി. വളരെ പരിമിതമായ സൗകര്യങ്ങളോടെ നമ്മൾ ഒരുക്കിയ കുറച്ച് നല്ല പരിപാടികൾ അവിടെ ഭംഗിയായി അവതരിപ്പിക്കുകയും ചെയ്തു. യൂണിവേഴ്സിറ്റി യൂത്ത്ഫെസ്റ്റിവലിൽ കലാതിലകമായി നമ്മുടെ കോളേജിലെ ശ്രീലക്ഷ്മി കെ. ജിയെ തെരഞ്ഞെടുത്തത് യു.സി. ക്കെന്നോണം ആർട്സ് ക്ലബ്ബിനും അഭിമാനിക്കാവുന്നതാണ്.




യു. സി. കോളേജ് ഡാൻസ് ടീം

അസ്സസ്മെൻറിന്റേയും, അസൈൻമെൻറു കളുടെയും ഇടയിൽ, വളരെയധികം ബുദ്ധിമുട്ടേണ്ടി വന്ന ആർട്സ് ക്ലബ്ബിന് ഇത്രയും പരിപാടികൾ വിജയകരമായി നടത്തുവാൻ കഴിഞ്ഞത് നിങ്ങളുടെ ഒരോരുത്തരുടെയും സഹായ സഹകരണങ്ങൾ കൊണ്ടാണ്.

ചെയർമാൻ ആൻസൻ, സെക്രട്ടറി അർജുൻ ജോൺ, എഡിറ്റർ അബീഷ് ബാലൻ, യു.യു.സിമാരായ നോബി പി. ജെ, ശ്യാം ജോസ്, അജിത് കുമാർ, ജയശങ്കർ, ആഷിഷ്, വിനു എം., സാം ജോസഫ്, നാരായണൻസാർ, സന്തോഷ് സാർ, സുനിൽ സാർ, ഞങ്ങളുടെ ഉപദേഷ്ടാവായ ശ്രീ. ഉണ്ണികൃഷ്ണൻ സാർ ഞങ്ങൾക്ക് എല്ലാവിധ ആശീർവാദങ്ങളും അനുഗ്രഹങ്ങളും നൽകി ഞങ്ങളോടൊപ്പമുണ്ടായിരുന്ന പ്രിൻസിപ്പാൾ ശ്രീ. രാജു കെ.ജോൺ എന്നിവരോടുമുള്ള നന്ദി ഈയവസരത്തിൽ രേഖപ്പെടുത്തുന്നു.

എനിക്ക് പ്രോൽസാഹനം നൽകിയ, എനിക്ക് വേണ്ടി പ്രാർത്ഥിച്ച എല്ലാ നല്ല കൂട്ടുകാർക്കും ഒരായിരം നന്ദി അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.

വിനയപൂർവ്വം,

നവാസ് കെ. അലി

ആർട്സ് ക്ലബ്ബ് സെക്രട്ടറി

**Best Compliments:-**

**For Quality Tailoring Jobs**

**Liberty Tailors**

Palace Road, Aluva

Poem

# So Alone...

Vikas K. Mathew
III B.Sc (Maths



*I never felt so alone*
*Until you all went away*
*So alone......*
*I tried to keep cool*
*But the air wasn't cool as expected*
*So alone.....*
*I tried going to places we went together*
*But they only reminded of you more*
*So alone.....*
*I tried to smile at everyone*
*But tears were in my eyes*
*So alone.....*
*I tried to make new friends*
*But they couldn't touch my heart*
*So alone.....*
*I tried to come closer to you*
*But you seemed to go away like a mirage*
*So alone.....*
*I never felt so alone*
*Until you went away*
*And until you come back*
*I am going to be alone.*




ZAIN RESTAURANT
&
ZAIN BAKERY
**U.C.COLLEGE, ALUVA**

# നാഴികക്കല്ലുകൾ



ഇന്റർ കോളിജിയേറ്റ് മീഡിയ വർക്ക് ഷോപ്പ്
എറണാകുളം എ.ഡി.എം. ശ്രീമതി മിനി ആൻറണി
ഉത്ഘാടനം ചെയ്യുന്നു



ശ്രീലക്ഷ്മി കെ.ജി., കലാതിലകം
എം.ജി. യൂണിവേഴ്സിറ്റി



'പൈതൃകത്തിന്റെ പവിത്രതയോടെ'
പാലേലിൽ നാരായണൻ നമ്പൂതിരി 'കേരളപ്പിറവി' ആഘോഷങ്ങൾ
ഉദ്ഘാടനം ചെയ്യുന്നു




കേരളപ്പിറവി ദിനത്തിൽ ഒന്നാം സ്ഥാനം നേടിയ ടാബ്ലോ
(ഇംഗ്ലീഷ് ഡിപ്പാർട്ട്മെൻറ്)



ടീനാ ബേബി
പുഞ്ചിരി മത്സരം ഒന്നാം സ്ഥാനം



ബ്രദർ ജോസഫ്
ഏറ്റവും നല്ല നടൻ



യുവജനോത്സവം - ഒരു ദൃശ്യം

ലേഖനം

ജെബിൻ ജെ. ബി.
രണ്ടാം വർഷ മലയാള സാഹിത്യ ബിരുദം

# സഹസ്രാബ്ദ സ്മാരകവും, ശിൽപ്പിയുടെ നിയോഗങ്ങളും



ആലുവ യു. സി. കോളേജ്-സാംസ്കാരിക കേരളത്തിനു ഒട്ടേറെ സംഭാവനകൾ നൽകിക്കൊണ്ട് ആലുവയുടെ യശസ്സിനെ വാനോളം ഉയർത്തി നിൽക്കുന്ന ഈ കലാലയം ചരിത്രത്തിന്റെ താളുകളിൽ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രകൃതി രമണീയമായ പെരിയാറിന്റെ സാന്നിദ്ധ്യവും, തിരുവിതാംകൂർ മഹാരാജാവ് പണികഴിപ്പിച്ച കച്ചേരിമാളികയും നിശ്ശബ്ദത തളംകെട്ടി നിൽക്കുന്ന പഴയ കോടതി മുറിയും, ആത്മീയതയുടെ സംഗീതമുയരുന്ന ചാപ്പലും ഇളംകാറ്റു വീശുന്ന മഹാഗണി മരങ്ങളും മഞ്ചാടികളും കണിക്കൊന്നകളും അങ്ങനെ യു. സി. യുടെ പ്രത്യേകതകൾ അനവധിയാണ്. ബ്രിട്ടീഷ് സർക്കാരിന്റെ കിരാതഭരണത്തിന്റെ കൈകളിൽ നിന്നും ഇന്ത്യൻ ജനതയ്ക്ക് സ്വാതന്ത്ര്യത്തിന്റെ സ്വപ്നലോകത്തിലേക്കു വഴി തുറന്നു തന്ന രാഷ്ട്രപിതാവായ ഗാന്ധിജിയുടെ പാവന കരങ്ങളാൽ നട്ടു നനയ്ക്കപ്പെട്ട നാട്ടുമാവ് യു. സി. യുടെ ചരിത്ര പശ്ചാത്തലം വ്യക്തമാക്കിത്തരുന്നു.

ഈ സരസ്വതീക്ഷേത്ര സമുച്ചയത്തിന്റെ തിരുമുറ്റത്ത് യു. സി. യുടെ പൗരാണികതയെ വിളിച്ചറിയിച്ചുകൊണ്ട് ഒരു ചരിത്ര സ്മാരകം ഉയരുവാൻ പോകുകയാണ്. ഒരു ചരിത്ര സ്മാരകമായ കച്ചേരി മാളികയുടെ തറയോടുകൾ കൊണ്ട് മറ്റൊരു സ്മാരകം നിർമ്മിക്കുന്നു എന്നുള്ളതാണ് ശ്രദ്ധേയമായ വസ്തുത. വിശുദ്ധമായ അക്ഷരോപാസനയിലൂടെ വിശ്വമാനവികതലത്തിലേക്ക് ഉയരുവാനുതകുന്ന ഭാരതീയ വാസ്തുവിദ്യാശാസ്ത്രത്തോടൊപ്പം താവോ, റൈക്കി, സെൻ, ബുദ്ധകലാ സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ചാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. ഭൂതകാലത്തിന്റെ ചരിത്രത്തെളിവുകളായ എല്ലാ ഭാഷകളിലെയും അക്ഷരങ്ങൾ ഇതിൽ രേഖപ്പെടുത്തുന്നുണ്ട്. ഇതിനായി പ്രശസ്തരായ ഭാഷാപണ്ഡിതൻമാരും വിശ്വകലാകാരന്മാരും ഈ മഹത്തായ സംരംഭത്തിൽ അക്ഷരങ്ങൾ പങ്കുവക്കാൻ എത്തുന്നതാണ്.

2001 മാർച്ച് 17 ാം തീയതി യു. സി. കോളെജ് കവാടത്തിനു സമീപം കോളേജ് മാനേജർ റവ. കെ. സി. മാത്യു സഹസ്രാബ്ദ സ്മാരകത്തിന്റെ ശിലാന്യാസം നിർവ്വഹിച്ചു. യു. സി. യിലെ പി. ജി. ഡി. സി. എ. വിദ്യാർത്ഥിയും പ്രശസ്ത ശില്പിയുമായ ശ്രീ രാമചന്ദ്രനാണ് ഈ സ്മാരകത്തിന്റെ

മുഖ്യ ശില്പി. 40 വയസ്സിൽ ആർക്കിയോളജി പഠിക്കണമെന്ന മോഹവുമായി ഈ കലാലയത്തിലേക്കു കടന്നുവന്നത് ഒരു പക്ഷേ രാമചന്ദ്രന്റെ ഒരു നിയോഗമായിരുന്നിരിക്കാം. മരപ്രഭു എന്ന ഒരൊറ്റ ശില്പത്തിലൂടെ ഭാരതമൊട്ടാകെ അറിയപ്പെടുന്ന ശില്പിയാണദ്ദേഹം. ശില്പമെന്നാൽ വെറും നഗ്നതാ പ്രകടനമല്ലെന്നും ബ്രഹ്മമാണ് ശില്പമെന്നും വെളിവാക്കി നമ്മുടെ ചിന്താധാരയെ ആകെ മാറ്റി മറിച്ച ദാർശനികൻ, ലാഭേച്ഛ കൂടാതെ ജീവിതം കലയ്ക്കുവേണ്ടി ഉഴിഞ്ഞു വച്ച ബ്രഹ്മചാരി, ശില്പ നൈപുണ്യ കലാ സങ്കല്പങ്ങളും പ്രതിഫലിക്കുന്ന ആധുനിക വാസ്തുശില്പ വിദ്യയുടെ പാരമ്യം കണ്ടയാൾ. ഒരു ജോലി പോലും നേടിത്തരുവാൻ കഴിയാത്ത കാകളിയും മഞ്ജരിയും നമുക്കെന്തിന് എന്നു ചോദിച്ച വിദ്യാർത്ഥിനി യോട് കാകളിയും മഞ്ജരിയുമറി യുമ്പോൾ നാം മനസ്സിലാക്കുന്നതു സത്യത്തെത്തന്നെയാണ് എന്നു ബോധ്യപ്പെടുത്തിക്കൊടുത്ത ചിന്തകൻ, കവി, ബ്രഹ്മശില്പി അങ്ങനെ രാമചന്ദ്രനു വിശേഷണങ്ങൾ അനവധിയാണ്.

ആവിഷ്ക്കാര ഭംഗികൊണ്ടും ആശയ പ്രതിഫലനം കൊണ്ടും രാമചന്ദ്രന്റെ ഭാവനയുടെ ചക്രവാളം അപരിമേ യമാണ്. ഗുരുവായൂർ ക്ഷേത്രാങ്കണ ത്തിൽ സ്ഥിതി ചെയുന്ന 51 അടി ഉയരമുള്ള രാമചന്ദ്രന്റെ മരപ്രഭു ഇന്ത്യയിലേറ്റവും വലിയ കളിമൺ ശില്പമാണ്. നിർവൃതി തേടി യുള്ള ശില്പശൈലി യുടെ ഉത്കൃഷ്ട മായ നിദർശനമാണ് ഈ പത്മനാഭ മര പ്രഭു. ഗുരുവായൂരിലെത്തന്നെ ഭൂലോക വൈകുണ്ഡവും മൈസൂർ ഊട്ടി റോഡിൽ നിലകൊള്ളുന്ന മുളികേശം സ്തൂപവുമെല്ലാം രാമചന്ദ്രന്റെ അതുല്യ സിദ്ധിയുടെ വാചാലങ്ങളായ വിളംബരമാണ്. സൃഷ്ടി വൈഭവത്തിന്റെ വൈകാരിക തലത്തെ സ്പർശിച്ചു നിൽക്കുന്നവയാണ് രാമചന്ദ്രന്റെ ഓരോ ശില്പവും 1985 ൽ പത്രമാധ്യമങ്ങളിലൂടെ ഏറെ കോളിളക്കം സൃഷ്ടിച്ച ഒന്നാണ് ഒരു ലക്ഷം തലകൾ കളിമണ്ണിൽ തീർത്ത് സെക്രട്ടറിയേറ്റ് വളയുക എന്ന രാമചന്ദ്രന്റെ ആശയം.



ഇദ്ദേഹത്തിന്റെ പ്രവർത്തനം കേവലം ശില്പകലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. നിലമ്പൂരിലെ വേശ്യാഗ്രാമത്തിലെ ജനങ്ങളെ ഉദ്ധരിക്കുന്നതിനു വേണ്ടി ടെറാക്കോട്ട ഭരണികൾ നിർമ്മിക്കാൻ അവരെ പഠിപ്പിക്കുകയായിരുന്നു കുറച്ചുകാലം രാമചന്ദ്രൻ. ഇതിനു പിന്നാലെയാണ് പെരിയാറിന്റെ തീരത്തു സംഘടിപ്പിച്ച 300ൽ പരം കലാകാരൻമാരുടെ സംഗമമായ ശില്പഗ്രാമം. ഇങ്ങനെ രാമചന്ദ്രന്റെ പ്രവർത്തനമേഖല വളരെ വിശാലമാണ്. ഇപ്പോൾ യു.സി. യിൽ ജില്ലയുടെ വികസനത്തിനുതകുന്ന വിധം എറണാകുളം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന ഡോക്യുമെന്റേഷൻ പ്രോജക്റ്റിന്റെ സ്റ്റുഡൻറസ് കോ-ഓർഡിനേറ്റർ കൂടിയാണ് രാമചന്ദ്രൻ. ഭക്തി നിർഭരമായ മനസ്സോടെ സാധനയിൽ മുഴുകി പുതിയ ശില്പങ്ങൾക്കായി മനസ്സിനെ പരുവപ്പെടുത്തുകയാണിപ്പോൾ ശില്പി. മോഹൻലാലും ലോഹിതദാസും ശിവാജി ഗണേശനുമെല്ലാം ഉൾപ്പെടുന്ന വലിയൊരു സുഹൃദ് വലയം തന്നെ രാമചന്ദ്രനുണ്ട്. ലാഭേച്ഛ കൂടാതെ, എല്ലാം തന്റെ നിയോഗമെന്ന് ഉറച്ചു വിശ്വസിക്കുന്ന, ലാളിത്യത്തിന്റെ മൂർത്തീഭാവമായ, കാലത്തെ വെല്ലുന്ന ചിന്താ ശക്തിയുള്ള ഈ ബ്രഹ്മശില്പി, മംഗലപ്പുഴ പാലത്തിനു സമീപമുള്ള വീട്ടിൽ ഋഷിതുല്യമായ ജീവിതം നയിക്കുന്നു. ശാസ്ത്രവിധിയും ശില്പവൈഭവവും ഒത്തുചേർന്ന ശില്പിയുടെ സൃഷ്ടി വൈഭത്തിനു മുന്നിൽ നാം നമ്രശിരസ്ക്കരാകുന്നു. പ്രശസ്തിയുടെ ഉത്തുംഗ പർവ്വതത്തിൽ നിലകൊള്ളുമ്പോഴും ഒരു *സാധാരണക്കാരനായി* നമ്മോടു കൂടെയുള്ള രാമചന്ദ്രനെ അങ്ങനെതന്നെ കാണുവാനാണ് അദ്ദേഹം ആഗ്രഹിക്കുന്നതും.



വാർഷികം പ്രമാണിച്ച്

ആഭരണങ്ങൾ വാങ്ങുമ്പോൾ

വമ്പിച്ച ആനുകൂല്യം

*Baby's*

# തെറ്റയിൽ ജ്വല്ലറി

ലൂർദ്ദ് സെൻറർ

റെയിൽവേ സ്റ്റേഷനു സമീപം

ആലുവ

ഫോൺ: 625405

# Amritha Info Tech

Aluva Housing Co-operative Society Building,
Palace Road, Bank Junction, Aluva-683 101
Ph: 0484-621160
Email:info@orbitsoft.net

# Browsing, E-mail, Chatting
# Webdesigning
# Coaching
1. Internet Training
2. VB, Oracle, C, C++, Developer

Orbitsoft

*Special Programme - The New Teaching Avatar*

- Education, Employment, Entertianment
- Online Coaching for Beginners & Professionals
  Just for Rs. 50/- Per Package
- Registeration for Worldwide Employment for just Rs.50/-
- Entertianment Programs

**Supplementary Coaching for all Computer Courses including BCA & MCA**

*Decentralisation planning is an instrument for social mobilisation and democratisation of governance. There is no doubt that a decentralised system of planning is more desirable than the opposite system, i.e., centralised planning, especially in a vast country like India. Attempts were made in the past by some states like Rajasthan, Karnataka & West Bengal towards this direction. However, it was the passing of the Panchayati Raj Act in 1993, i.e., the 73rd constitutional amendment, that the movement got a concrete shape. There are inter-state variations in the responsibilities, powers and resource conferred to the three-tier panchayathi raj institutions, as the state legislatures have been given the freedom to determine the degree of decentralisation. As someone stated, "the state governments can either make use of the constitutional provisions to establish local self-governments or misuse the loopholes to maintain the status quo". Hence, it is clear that it is the sincerity and will power of the government that plays a vital role in making the process of decentralisation a success.*

*It was the shortcomings of the centralised planning that aroused mass support in favour of decentralisation. Under a centralised system, it is almost impossible to give due attention to the peculiar problems faced by the different localities. It has been our experience that this planning had been a failure in addressing fundamental problems of development faced by the country such as mass poverty and unemployment. Further, it offers no scope for the involvement of people in nation building activities.*

It was the shortcomings of the centralised planning that aroused mass support in favour of decentralisation. Under a centralised system, it is almost impossible to give due attention to the peculiar problems faced by the different localities.

*All these do not mean that the centralised system of planning is totally undesirable. There are several issues that can be optimally addressed only at the central level. So what we need is an integrated approach where the lowest unit is allowed to plan and implement everything that can be performed most effectively at that level, at the same time ensuring central participation in those areas which require attention at higher levels.*

*The Kerala Panchyathi Raj Act was passed in the year 1994, as per the provisions of the 73rd constitutional amendment that paved the way for the three-tier system of governance. In Kerala, this type of planning got momentum four years ago when the present government initiated the 'People's Plan Campaign (PPC). Till then, decentralised planning meant local participation only at the implementation level. The protagonists of the people's plan claim that this system ensures people's involve-*

# DECENTRALISATION IN KERALA AND ITS IMPACT

*Shaina Mol A.*
*II DC (Economics)*

*ment not only at the implementation stage, but also in plan formulation. The PPC, which was formally inaugurated on 17th August 1996, is carried out by the three-tier panchayati raj institutions. The PPC functions through ward-level 'grama sabhas' where the local people assemble and discuss their development priorities. The concept is that in identifying the projects to be taken up, selecting the beneficiaries and executing the works, there would be total transparency. The state government is devolving 40% of the plan funds to the local bodies as part of the decentralised process.*

*Even though the Campaign was launched more than 4 years ago, a more realistic evaluation of the same is yet to be undertaken. While the government tries to exaggerate the achievements of PPC and to present a rosy picture of the same, the opposition points out that it has been a futile exercise. To a silent observer who is not keen to take sides, the campaign represents a mixed picture. Although, the 'People's Plan' has been a serious attempt at decentralisation, it is characterised by a lot of handicaps to be overcome in future. Now to analyse the data released by the former government.*

*The most striking point brought out by the data relating to the achievements is that the PPC has given special stress on tackling the problems of the deprived sections of society. For instance, of the 3,06,288 families provided with shelter under the programme during the last 3 years, as many as 1,17,173 belonged to the SC/ST categories. The fact that over 39% of the assistance on housing had gone to the SC/ST people undoubtedly the most deprived section of the society, is an indication that the system is working as envisaged by the planners. In the matter of extending assistance for the repair of houses also, these sections have received special preference. Here, the share received by this section of population, who constitute just over 11% of the population of the state, is nearly 50%. Moreover, Dr. I.S. Gulathi, who is the Vice-Chairman of the State Planning Board, estimates that more than 30% of the homeless families should have constructed houses of their own by now because of the assistance provided by the PPC. Thus, as per official sources, if matters progress along this line for 4 to 5 years, Kerala would become the first state in the country to have tackled the problem of shelter. In the case of SC/ST families, the state would achieve this much earlier, if the present trend continues.*

*The data also provides that the PPC has helped to end the stagnation in the agricultural sector. In 1997-98, the gross cropped area in the state was 71.25 lakh areas. Under the farm-related programmes of PPC, the gross area brought under cultivation went up by 3.17 lah acres in 1998-88. According to the statistics with the Planning Board, the annual growth in agriculture during the three years previous to 1998-99 was just 1.3% in Kerala. In 1998-99, it went up to 3.82%. In the industrial sector too, there was a re-*



versal of the poor trend of the past through a 7.2 % growth in 1998-99. The data from panchayati raj institutions show that 3,804 small and mini enterprises were set up in the state under the PPC during the last 3 years. Dr.Thomas Isaac, Planning Board member, says that the vigorous activities carried out by the PPC on housing, agriculture and other sectors had a definite positive impact on the economy of the state. The planning authoitites also claim that the PPC is giving a new direction to the Kerala model of development.

Even though the government figures speak of the remarkable progress achieved by the PPC in various fields, we know that it is not certainly an unmixed blessing. Despite the extreme care taken by the planners to ensure that a predominant share of the plan funds made available to the local bodies is spent on productive programmes, the popular demand for more bridges, roads and similar projects could not be kept on the leash.

One of the criticisms against the 'People's Plan' is that it was taken up far too soon without proper devolution of powers and delineation of authority, both administrative and operational. Critics argue that the agenda of 'People's Plan' should have waited until the completion of the process of decentralisation. The official explanation given to this was that the perceived handicaps were inseparable and that the elected bodies, their officials and the people could be motivated to prepare local plans that will reflect the actual needs of the people. The result was that the whole exercise came to rest in the hands of people who had no experience of the planning process.

Another important aspect of the 'People's Plan' is that in the initial days, there was mass participation of people in gram sabhas. But later, it became thin. Criticisms were also raised on the criteria by which the selection of beneficiaries was made. The non-beneficiaries, hence, distanced themselves from the activities of the panchayats including attending gram sabhas. An important flaw in the system is that even though the panchayats never faced any financial stringency, they couldn't make good use of it because of the absence of expertise. With decentralisation and 'People Plan', the local bodies were burdened with too much money, which they were ill equipped to make use of. The only safeguard to insulate the programme from criticism was the appointment of expert committees in the panchayats. The expert committees, expected to act as a watchdog against the possible misuse of funds, succeeded, to some extent, in providing expertise to the gram panchayats, which they lacked.

An important defect of decentralisation is that there has been duplication of work being undertaken by the different tiers of the government. The best example is the vegetable cultivation programme which is being implemented by all the four-tiers of government, each with its own norms. The panchayats are reported to be facing the problem of marketing the additional surplus. This is just an example among many such problems that call for greater integration drawn by the different tiers of the government.

Some critics point out that decentralisation has led only to decentralisation of corruption. The challenge now before the planners is how to maintain the momentum of the PPC. Enthusiasm of the masses and their whole-hearted participation is the key to the success of any effort at decentralisation. But, already, there is evidence of declining participation of the people in gram sabhas. So, constant mobilisation is needed to sustain a campaign of this nature. There is no denying the fact that decentralisation makes democracy more meaniful. The panchayat raj insititutions can play a crucial role in recognising local aspirations, conditions and needs. At a more basic level, these initiatives will facilitate the empowerment of disadvantaged sections of the society. Undoubtedly, it is the best method available for us to address the developmental problems faced by the country as a whole. If ideally conducted, the largest democaracy of the world can show to the world that there is no method of planning other than the decentralised one.

## 10 reasons why the DNIIT Program with the Web-Centric Curriculum is critical for completing your education

1. Web-based curriculum trains you in industry releveant Internet technologies
2. Task-based learning methodology trains you to solve real-life problems
3. 100% Computer time helps you to master what you learn
4. Online Classrooms enable you to master by observing experts
5. NIIT's global experience Gives you the most comprehensive training in IT
6. NIIT's Technology Edge TM gives you access to 5 unique method of honing your techniqcal skills
7. Provide access to a degree in Computer Science from select Australian and UK Universities
8. Prepares you for six International certificates
9. Quality Management & Personal Effectiveness Modules trains you for all-round development
10. NIIT's National Placement Service

**FOR MORE DETAILS, VISIT NIIT TODAY**

**NIIT**

**ALWAYE CENTRE**

**Mukkath Towers,**
**By-Pass Junction,**
**Aluva - 683 101.**
**PH: 620850, 630863**

**DNIIT**

അഭിമുഖം



# അനീതിക്കെതിരെ അടർക്കളത്തിൽ

## നവാബ് രാജേന്ദ്രനുമായി ഒരു അഭിമുഖം

നീതിക്കുവേണ്ടി, സ്വന്തം കേസുകൾ പോലും നടത്തിക്കൊണ്ടു പോകുവാൻ കഴിവില്ലാത്ത നമ്മുടെ മുമ്പിൽക്കൂടി ഈ മനുഷ്യൻ, പൊതു താത്പര്യ ഹർജികളുടെ ഭാണ്ഡക്കെട്ടുകളുമായി ചിലപ്പോഴെങ്കിലും നടന്നു പോയിട്ടുണ്ടാവാം. ശല്യക്കാരനായ വ്യവഹാരി എന്ന് മുദ്രകുത്തി അവഗണിക്കുന്ന നവാബ്, മനുഷ്യമനഃസാക്ഷിയെ വ്രണപ്പെടുത്തിയ ഒരുപാട് ചോദ്യങ്ങൾക്ക് തിരിച്ചറിവുകൾ നൽകി. അഴികൾക്കുള്ളിൽ കിടക്കുന്ന കരുണാകരനാണ് തന്റെ സ്വപ്നമെന്ന് പ്രഖ്യാപിച്ച്, ജീവിതം മുഴുവൻ വ്യവഹാര വിഷയങ്ങൾക്കായി മാറ്റിവച്ച നവാബ് നിരവധി വ്യവഹാര പ്രശ്നങ്ങളുമായി മലയാളികളുടെ മനസ്സിൽ മിന്നിമറഞ്ഞുകൊണ്ട് നമ്മുടെ നീതി ബോധത്തെ ഉയർത്തിവിടുന്നു. ജനാധിപത്യവും നീതിബോധവും പൂരകങ്ങളാകേണ്ടിയിരിക്കുന്ന ഒരു തലമുറയുടെ പിറവിക്ക് പാഠ്യപദ്ധതിയിൽ നിയമപഠനം നിർബന്ധമാക്കണമെന്ന് നവാബ് നിർദ്ദേശിക്കുന്നു. സമീപകാലത്തിറങ്ങിയ ഒരു സിനിമയിലെ കേന്ദ്ര കഥാപാത്രത്തിൽ, നിരവധി ഉപഭോക്തൃ വിഷയങ്ങളിൽ നിയമത്തിന്റെ ശക്തി തെളിയിച്ച നവാബിന്റെ നിഴലുകൾ കാണാം.

? <u>മലയാളികളുടെ മനസ്സിൽ ഒട്ടനവധി ചോദ്യങ്ങളുയർത്തിയ നിരവധി പ്രശ്നങ്ങളെ കോടതിയിലേക്കെത്തിച്ച താങ്കൾക്ക് കോടതി പക്ഷപാതത്തോടെ പെരുമാറുന്നതായി തോന്നിയിട്ടുണ്ടോ?</u>

ഇല്ല. എല്ലാകേസുകളും സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അനുകൂലമാകണമെന്നില്ല. കോടതിക്ക് ആ പ്രശ്നങ്ങളോടുള്ള വ്യാഖ്യാനങ്ങൾ അറിയുക എന്നുള്ളതാണ് പ്രധാനം.

? <u>കരുണാകരനെപ്പോലുള്ള പ്രശസ്ത രാഷ്ട്രീയക്കാരോടും മറ്റും എറ്റുമുട്ടുമ്പോൾ ഭീഷണി, പ്രലോഭനം തുടങ്ങിയതൊക്കെ ഉണ്ടായിട്ടുണ്ട് എന്ന് കേൾക്കുന്നു. ഈ എതിർപ്പുകളെ ഏത് മനസ്സിനിലയോടെ കാണുന്നു?</u>

എതിർപ്പുകളും പ്രലോഭനങ്ങളും പണ്ടുണ്ടായിരുന്നു. ഇപ്പോൾ അത്തരത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടാവാറില്ല. എതിർപ്പുകളെയും ഭീഷണികളേയും സന്തോഷമായ മാനസികാവസ്ഥയോടെ കാണുന്നു.

? <u>ഞങ്ങൾക്ക് വിരൽ ചൂണ്ടാൻ കഴിയാത്ത കാര്യങ്ങളെ അങ്ങ് കോടതിയിലെത്തിക്കുന്നു. ഈ വ്യവഹാരങ്ങളെ എഴുപതുകളിലെ തീവ്ര രാഷ്ട്രീയത്തിന്റെ തുടർച്ചയായി കാണുന്നതിനോട് യോജിക്കുന്നുവോ?</u>

ഞാനൊരു തീവ്രരാഷ്ട്രീയക്കാരനല്ല.

? <u>താങ്കളുടെ രാഷ്ട്രീയ നയം എന്തരത്തിലുള്ളതാണ്?</u>

ഒരു പ്രാവശ്യം മാത്രമേ വോട്ട് ചെയ്തിട്ടുള്ളു. 1996 ൽ തൃശൂർ ലോക്സഭാ മണ്ഡലത്തിൽ കരുണാകരൻ മത്സരിച്ചപ്പോൾ മാത്രം.

? <u>മുന്നണി രാഷ്ട്രീയം മാറിമറിയപ്പെടുന്ന കേരളത്തിന്റെ രാഷ്ട്രീയ കാലാവസ്ഥയെക്കുറിച്ച് അഭിപ്രായമെന്ത്?</u>

ഇന്നത്തെ രാഷ്ട്രീയം 'പോക്കാ'ണ്. 1972 ൽ കരുണാകരനെതിരെ ആരോപണം ഉന്നയിച്ച വ്യക്തിയാണ് ശങ്കരനാരായ

ണൻ. എന്റെ വാർത്തകളുടെ അടിസ്ഥാനത്തിൽ ശങ്കരനാരായണൻ ഏകോപന സമിതിയിൽ ആരോപണ മുന്നയിച്ചു. എന്നെ കീഴ്ക്കോടതിയിലും ശങ്കരനാരായണനെ പാലക്കാട് കോടതിയിലും പരാജയപ്പെടുത്തിക്കൊണ്ട് കരുണാകരൻ വിജയമാഘോഷിച്ചു. ആ ശങ്കരനാരായണൻ ഇന്നത്തെ കോൺഗ്രസ് മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയാണ്. അതാണ് ഇന്നത്തെ മുന്നണി രാഷ്ട്രീയം.

? വർത്തമാന കാലത്തെ ജനാധിപത്യ സംവിധാനത്തെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്ത്?

ജനാധിപത്യത്തെ നിർവചിച്ചിരുന്നത് 'Of the People, For the People, By the People' എന്നായിരുന്നു. ഇന്നത് 'Off the People, Far from the People, Buy the People' എന്നായി മാറിയെന്ന് ഇന്നത്തെ സ്ഥിതി തെളിയിക്കുന്നു.

? വരും തലമുറയുടെ ചിന്താസ്വാതന്ത്ര്യം ഏത് രീതിയിൽ തിരിച്ചുവിടണം എന്നാണ് താങ്കളുടെ അഭിപ്രായം?

സ്വാതന്ത്ര്യത്തോടൊപ്പം അവകാശങ്ങളെക്കുറിച്ചും ഒരു പൗരൻ അറിവുള്ളവനായിരിക്കണം. ഉദാഹരണത്തിന് അടിയന്തരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധി പ്രകൃതി മലിനീകരണം സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു. വേറെ എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ഈ ഭേദഗതി കൊണ്ടുവന്നതിൽ ഇന്ദിരാഗാന്ധിയോട് യോജിക്കുന്നു. കാരണം ഈ ഭേദഗതി മൂലമാണ് ഇന്ന് മലിനീകരണം, പരിസ്ഥിതി തുടങ്ങിയവ സംബന്ധിച്ചുള്ള കേസുകളുമായി കോടതിയിൽ ചെല്ലാൻ നമുക്ക് സാധിക്കുന്നത്.

? അടിയന്തരാവസ്ഥക്കാലത്ത് കണക്കറ്റ പീഢനങ്ങൾ അനുഭവിക്കേണ്ടിവന്ന വ്യക്തിയാണ് താങ്കൾ. ഇന്ത്യക്കാരന്റെ സ്വാതന്ത്ര്യ ബോധത്തിന് കറുത്ത ഏടുകൾ



തുന്നിച്ചേർത്ത ഇന്ദിരാഗാന്ധിയോട് യോജിക്കുന്നു എന്നത് ഇത്തരമൊരു കാര്യത്തിലാണെങ്കിൽ കൂടി ഒരു വിരോധാഭാസമായി തോന്നുന്നില്ലേ?

പീഢനങ്ങൾ അനുഭവിച്ചത് വ്യക്തിപരമായ കാര്യങ്ങളാണ്. മുകളിൽ പറഞ്ഞ ഭേദഗതിയുടെ കാര്യം സമൂഹനന്മ എന്ന കാഴ്ചപ്പാടിലൂടെ കാണണം. അടിയന്തരാവസ്ഥയുടെ ക്രൂരതകൾ ഇതിനോട് ബന്ധപ്പെടുത്താവുന്നതല്ല. മലിനീകരണം മൂലം ഉണ്ടായിട്ടുള്ള തെറ്റുകൾ തിരുത്താനുള്ള അവസരം നമുക്കുണ്ടായിത്തീരുകയാണ് ചെയ്തത്. ഭൂരിഭാഗം വരുന്ന ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ് മലിനീകരണം. അതു കൊണ്ട് തന്നെ ഈ ഭേദഗതിമൂലം ഇതിനെതിരെ ചോദ്യം ചെയ്യാനുള്ള അവകാശം നമുക്കിപ്പോൾ ഉണ്ട്. ഈ അടുത്ത നാളിൽ രൂക്ഷമായ മലിനീകരണ പ്രശ്നങ്ങളുള്ള കരിമുകളിലെ കാർബൺ കമ്പനി പൂട്ടിക്കാൻ നമുക്കു കഴിഞ്ഞു.

? താങ്കൾ നടത്തിയിരുന്ന പത്രത്തിന്റെ പ്രവർത്തനരീതിയും ഇന്നത്തെ മുഖ്യധാരാ പത്രങ്ങളുടെ രീതിയും തമ്മിലുള്ള വ്യത്യാസം?

നവാബ് എന്ന പത്രത്തിൽ വന്നിരുന്നത് സാധാരണ പത്രങ്ങളിൽ വരാത്തതും എന്നാൽ ജനങ്ങളിൽ ചോദ്യങ്ങളുയർത്തിയതും ജനങ്ങൾ അറിയേണ്ടതുമായ കാര്യങ്ങളാണ്.

? ജനങ്ങൾക്കുവേണ്ടി എന്നു പറഞ്ഞുകൊണ്ടുള്ള ഒരുപാട് രാഷ്ട്രീയ സംഘടനകളും സാമൂഹ്യ സംഘടനകളും ഉള്ള നമ്മുടെ രാജ്യത്ത് ഇതിന് സമാന്തരമായ ഒരു ഒറ്റയാൻ പോരാട്ടത്തിന്റെ പ്രസക്തിയെന്ത്?

ഒരു പൗരന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്ത് കാണിച്ചു കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. അവകാശങ്ങളെപ്പറ്റിയും കടമകളെപ്പറ്റിയും ബോധവാനായിരിക്കുന്ന ഒരു പൗരൻ എപ്രകാരം പ്രവർത്തിക്കണമെന്ന് പറയാൻ ശ്രമിക്കുന്നു.

? സ്വന്തം നാട്, വീട് ഇത്തരം പറ്റിച്ചേരലുകളെ എങ്ങനെ പിഴുതെറിഞ്ഞു?

ഞാൻ ജനിച്ചത് വെറും കയ്യോടെയാണ്. തിരിച്ചുപോകുമ്പോഴും വെറും കൈ മാത്രമെ ഉണ്ടാവൂ എന്നുള്ള വിശ്വാസം കാരണം.

? താങ്കളുടെ ആദ്യത്തെ കേസ് കരുണാകരനെതിരെ ആകുകയും ഒരു വ്യക്തിവൈരാഗ്യം പോലെ അത് തുടരുകയും ചെയ്യുന്നുവെന്നു പത്രങ്ങൾ അച്ചടിക്കുന്നു. ഇതിനോട് യോജിക്കുന്നുണ്ടോ?

കരുണാകരനോടുള്ള വ്യക്തിവൈരാഗ്യമല്ല കേസുകൾ കൊടുക്കാൻ കാരണം. ഭരണാധികാരികളുടെ അധികാര ദുർവിനിയോഗത്തിനെതിരെയും അഴിമതിക്കെ

തിരെയുമാണ് ഏറ്റുമുട്ടലുകൾ നടത്തിയത്. ടി.കെ.ഹംസ, ഇപ്പോഴത്തെ സ്പീക്കർ വക്കം പുരുഷോത്തമൻ, വർക്കല രാധാകൃഷ്ണൻ തുടങ്ങിയവരുമായി നിയമ പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. വർക്കലയുമായി നടന്നത് സ്പീക്കറാണോ കോടതിയാണോ വലുത് എന്ന വാദത്തിന്റെ ചുവട് പിടിച്ചാണ് കേസ് വന്നപ്പോഴേക്കും സ്പീക്കർക്ക് സ്ഥാനം പോയതിനാൽ കേസ് എടുത്തില്ല. ലെജിസ്ലേറ്റീവ് ഫാസിസം എന്നാണ് അതിനെ വിശേഷിപ്പിക്കുന്നത്. ലെജിസ്ലേറ്റീവ് അസംബ്ലി കോടതിക്ക് അതീതമാണ് എന്ന അവരുടെ വാദത്തെ ഞാൻ ചോദ്യം ചെയ്തു.

? <u>പ്ലസ്ടു പോലെയുള്ള കാര്യങ്ങളിൽ ഒരുഗവണ്മെൻറിന് അതിൻേറതായ നയരൂപീകരണം നടക്കും. ഈ നയത്തിൽ കോടതി ഇടപെടുന്നത് അധികാര കടന്നുകയറ്റമല്ലെ?</u>

ഗവണ്മെൻറ് നയങ്ങൾ നടപ്പലാക്കിയതിൽ നീതീകരണം ഇല്ലെങ്കിൽ അത് ചോദ്യം ചെയ്യാനും വേണ്ട നടപടികൾ എടുക്കാനും കോടതിക്ക് പൂർണ്ണ അധികാരമുണ്ട്. നീതി വ്യവസ്ഥയിലെ സന്തുലിതാവസ്ഥ നിലനിറുത്തുന്നതിനു വേണ്ട ശിക്ഷണനടപടികൾ എടുക്കാൻ കോടതിക്കു മാത്രമാണ് അധികാരമുള്ളത്. കോടതിക്ക് അതിനു വേണ്ട സുതാര്യമായ നടപടിക്രമങ്ങളുണ്ട് ലെജിസ്ലേറ്റിവ് ഫാസിസം അനുസരിച്ചാണെങ്കിൽ ശിക്ഷണ നടപടിക്ക് വിധേയനാക്കേണ്ട വ്യക്തിയെ സഭയിൽ ഹാജരാക്കുകയും സ്പീക്കർ മൂന്നു വർഷത്തെ കഠിന തടവാണ് വിധിക്കേണ്ടത് എങ്കിൽ ആ അധികാരത്തിൽ സ്പീക്കർ എത്തുകയും ചെയ്യുന്നു. ഒരു എം.എൽ.എ.യോ, എം.പിയോ ആയിക്കഴിഞ്ഞാൽ എല്ലാ സംരക്ഷണവും കിട്ടുമെന്നുള്ള ഇവരുടെ ധാരണക്കെതിരെയാണ് കേസ്സു കൊടു ത്തത്.

? <u>യു.സി.യിലെ യുവജനങ്ങളോടുള്ള സന്ദേശമെന്ത്?</u>

നിങ്ങളെത്ര പ്രമാണിയായിക്കോട്ടെ, നിങ്ങൾ നിയമത്തിന് അതീതനല്ല.

ഹൈസ്കൂൾ വിദ്യഭ്യാസം മാത്രമുള്ള ഈ മനുഷ്യൻ വായനയിലൂടെയാണ് നിയമത്തിന്റെ ഊരാക്കുടുക്കുകൾ അഴിക്കുന്നത്. ഇന്നത്തെ രാഷ്ട്രീയം 'പോക്കാ'ണെന്നും ഇന്നത്തെ മുന്നണി രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചും തിരഞ്ഞെടുപ്പ് വിശകലനങ്ങളെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് മറുപടി പറയില്ലെന്ന് ശഠിച്ചും നവാബ് വീണ്ടും വിരോധാഭാസമാകുന്നു. പാദംവരെ മുട്ടുന്ന ജുബ്ബയും നിറയെ പേനകളും പൊതു താത്പര്യ ഹർജികളുമായി ഈ എളിച്ച മനുഷ്യൻ നിലനിൽക്കുന്നത് വർത്തമാന കാലത്തിന്റെ നേരിന്റെ പോരാട്ടങ്ങൾക്ക് കരുത്തു പകരുന്നു.



# നീ എൻ...

സ്മിത കെ.
ഒന്നാം വർഷ സാമ്പത്തിക
ശാസ്ത്ര ബിരുദാനന്തരബിരുദം



മുൻപ്,
നിന്റെ നെഞ്ചിലെ,
തകർന്ന സ്വപ്നങ്ങൾക്കൊക്കെയും
പുതിയ നിറങ്ങൾ നൽകാൻ
പ്രതീക്ഷയുടെ മൂടു പടവുമായി
എന്റെ വിമൂകത മുഴങ്ങുമ്പോൾ
മിഴികളിൽ ശൂന്യത നിറയുമ്പോൾ,
അറിയുന്നു ഞാൻ,
എൻ നിഴൽ പോലും നിനക്കന്യമെന്ന്.

അന്ന്
ഒരു കൊച്ചു കവിതയായി
ഒരു വർണ്ണ ശലഭമായ്

പിന്നെ,
സ്നേഹത്തിൻ അഭൗമ സൗന്ദര്യമായ്,
നീയെന്നിലുണ്ടായിരുന്നു.

പക്ഷേ,
നീയെന്നെയറിയുംമെന്നായപ്പോൾ
എന്റെ പക്കൽ നിൻ ദുഃഖത്താൽ.
വാർത്ത കണ്ണീരൊപ്പാൻ പോന്ന.
സാന്ത്വനവാക്കുകളില്ല.
സ്നേഹത്തിൻ നനുത്ത മന്ത്രണവുമില്ല
നിറം മങ്ങിയയെൻ സ്വപനം മാത്രം.

കവിത

# ചോര

ധന്യാദാസ് എച്ച്.
ഒന്നാം വർഷ മലയാള സാഹിത്യ ബിരുദം

ഒരു രാത്രിയുടെ രണ്ടാം യാമത്തിൽ
ഞെട്ടിയുണർന്നു ഞാൻ,
കേട്ടു.... ചിലമ്പിച്ചൊരു ശബ്ദം
ചോര ചീറ്റുന്ന, ശാപവാക്കുകൾ ചൊരിയുന്നൊരു ശബ്ദം.
അതു കേട്ടെൻ സോദരിയുടെ
ദേഹത്തു പതിക്കുന്ന കൈകൾ
ഹോ..... ഞാനെന്തു ചെയ്യേണ്ടൂ
ഒരു വേള കണ്ണു ചിമ്മിത്തുറന്നപ്പോൾ
ചുമരോടു ചേർന്നു നിന്ന
കുത്തഴിഞ്ഞ മുടിക്കെട്ടിൽ നിന്നൊരു ശീൽക്കാരം...
ഒരു കൊലവിളി.
എൻ ഇടനെഞ്ചിലെവിടെയോ മാറ്റൊലി തേടി...
മൂക്കിൽ നിന്നും ചീറ്റിയ രക്തം
മുഖത്തോളം വെട്ടി കണ്ണുകൾ തുറിച്ചപ്പോൾ
സ്ത്രീധനത്തിന്റെ ഒരു രക്തസാക്ഷി
ഞാൻ ഭയന്നു.
പെറ്റമ്മയുടെ മുഖം കണ്ട് അലറിക്കരഞ്ഞ
പൈതൽ വാടിവീഴുന്നതു
താങ്ങാൻ കൈകളുയർത്തി.
അപ്പോൾ,
ഉറഞ്ഞു തുള്ളലിന്റെ അന്ത്യത്തിൽ
അകലെ കുറുനരികളുടെ ഓരിയിടലിൽ
രക്തദാഹം.... ബലികഴിഞ്ഞു
ബലിക്കല്ലിനു കീഴെ ചോരതെറിച്ച പാടുകൾ



ഒരു കുടുംബത്തിന്റെ
താഴ്‌വേരറുക്കുന്ന
ഓർമകളായി
ആ ആത്മാവിന്റെ അസ്ഥിത്തറയിൽ
ഒരു കൈത്തിരി കത്തിക്കാനോർത്തു
കഴിഞ്ഞതൊരു
സ്വപ്നമാണോയെന്നറിയാതെ
വിറങ്ങലിച്ചു നിന്നു..........

B.Sc Computer Science (Kerala Univeristy)
BCA (Madras Univeristy)
APGDCA, DCA, FINANCIAL ACCOUNTING, E-COM & WEB DESIGNING, VB, C, C++, DTP, ADVANCED AUTOCAD DIPLOMA, INTERNET
Bits & Bytes
Software & Hardware College,
Opp. Zeenath Theatre
Ph: 633048

# UNION CHRISTIAN COLLEGE, ALWAYE

## *PRINCIPAL'S REPORT APRIL 2000-MARCH 2001*

**Analysis of results of University Examination April/May 2000**

| Class & Group | No. of Students Presented | No. of Students Appeared | Dist | 1st | 2nd | 3rd | Total | Percent |
|---|---|---|---|---|---|---|---|---|
| **Pre-Degree** | | | | | | | | |
| Gr I | 165 | 160 | 43(III rank) | 82 | 19 | 9 | 153 | 95.63% |
| Gr.II | 78 | 78 | 14 | 35 | 13 | 16 | 78 | 100% |
| Gr.III | 89 | 89 | — | 8 | 22 | 36 | 66 | 74.15% |
| **B.A. Degree** | | | | | | | | |
| History | 21 | 21 | Ist rank | 4 | 12 | 5 | 21 | 100% |
| Economics | 56 | 51 | | 13 | 17 | 20 | 50 | 98% |
വവും സാമൂഹിക പ്രസക്തിയും എന്ന വിഷയത്തെക്കുറിച്ച് ശ്രീ. എം.ഐ. പുന്നൂസ് പ്രബന്ധം അവതരിപ്പിച്ചു. പ്രബന്ധത്തോടൊപ്പംതന്നെ ഇടക്കളിപ്പാട്ടുകളുടെ രംഗാവതരണം ശ്രീ. പി.സി. ജേക്കബ്ബ് മീനടം നിർവ്വഹിച്ചത് കൂടുതൽ കൗതുകകരമായി. നമ്മുടെ നാടൻ ഗാനസമുച്ചയത്തിലേക്ക് മുതൽ കൂട്ടപ്പെടേണ്ടവയാണ് ഇടക്കളിപ്പാട്ടുകൾ എന്ന് പ്രബന്ധം സമർത്ഥിച്ചു.

പ്രശസ്ത നാടൻപാട്ടുകലാകാരി മറിയാമ്മച്ചേടത്തിയും സംഘവും അവതരിപ്പിച്ച കുലവൃത്തിഗാനങ്ങൾ വാങ്മയത്തിലെ ഏറ്റവും പ്രധാന പരിപാടികളിലൊന്നായിരുന്നു. വാർത്താ മാദ്ധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന പാട്ടിന്റെ മുത്തശ്ശിയായ മറിയാമ്മച്ചേടത്തിയെ മലയാളം വിഭാഗം തലവൻ പ്രൊഫ. തോമസ് എബ്രഹാം പൊന്നാട അണിയിച്ച് ആദരിച്ചു. മലയാളം വിഭാഗം അദ്ധ്യാപകൻ ശ്രീ. വി.പി. മർക്കോസ് മറിയാമ്മച്ചേടത്തിയുമായി നടത്തിയ പരിചയപ്പെടുത്തൽ-സംഭാഷണം സദസ്സ് ഹർഷാരവത്തോടെയാണ് എതിരേറ്റത്. ഉച്ചഭക്ഷണത്തിനു ശേഷം സദസ്സിനെ പാട്ടുണർവ്വിലേക്കു കൊണ്ടു വന്നത് ഒന്നാംവർഷ എം.എ. മലയാളം വിദ്യാർത്ഥികൾ അവതരിപ്പിച്ച നാടൻ പാട്ടുകളുടെ സംഗീത ശില്പമാണ്. വിനോദപരമായ നാടൻ ഋഷിപ്പാട്ടുകൾ ശ്രീ. കരുണനും സംഘവും അവതരിപ്പിച്ചു. പുലരി നാട്ടരങ്ങ് അവതരിപ്പിച്ച ശാസ്താംപാട്ടും വാങ്മയത്തിന് മിഴിവു പകർന്നു.

യു.സി.കോളജ് കൂടാതെ, മഹാരാജാസ് കോളജ്, ഡി.ബി. കോളജ് തലയോലപ്പറമ്പ്, സെൻറ് സേവ്യേഴ്സ് കോളജ് എന്നിവിടങ്ങളിൽ നിന്നു വന്ന വിദ്യാർത്ഥികളേയും പൊതുജനങ്ങളേയും കൊണ്ട് വി.എം.എ. ഹാൾ നിറഞ്ഞു കവിഞ്ഞ സദസ്സ് അദ്യവസാനം ആഹ്ലാദപൂർവ്വം വാങ്മയത്തിൽ പങ്കുകൊണ്ടു. കൊച്ചി എഫ്.എം. നിലയം വാങ്മയം പരിപാടികൾ പ്രക്ഷേപണം ചെയ്യുകയുണ്ടായി.

പാട്ടുപാരമ്പര്യത്തിന്റെ പ്രാദേശിക ശീലുകൾക്ക് കാതോർക്കാനും അന്യംനിന്നുപോകാതെ അയവിറക്കാനും പുതുതലമുറക്ക് അവസരമൊരുക്കിയ റീജനൽ ഫോക്‌ലോർ സെൻറർ അതിന്റെ പ്രവർത്തന ചരിത്രത്തിൽ സുവർണ്ണലിപികളെക്കൊണ്ട് ഒരദ്ധ്യായംകൂടി എഴുതിച്ചേർത്തു. വരുംവർഷങ്ങളിലും റീജനൽ ഫോക്‌ലോർ സെൻറർ പുതുമയുള്ള പരിപാടികളുമായി കർമ്മനിരതമായിരിക്കട്ടെ എന്നു ആശംസിക്കുന്നു.

സെക്രട്ടറി

മഞ്ജു കെ.സി.

റിപ്പോർട്ട്

# സെൻറർ ഫോർ കൾച്ചറൽ ആൻറ് ഇക്കോളജിക്കൽ സ്റ്റഡീസ് (C.C.E.S)

നാം ഇന്ന് അഭിമുഖീകരിക്കുന്ന വളരെ ഗുരുതരമായ ഒരു പ്രശ്നം അടിസ്ഥാന വിദ്യാഭ്യാസം ഒരു വിദ്യാർത്ഥിക്ക് തന്റെ ചുറ്റുപാടിനെയും തന്റെ സംസ്കാരത്തെയും, ചരിത്രത്തെയും, താനുൾപ്പെടുന്ന ജൈവപരിസരങ്ങളെയും കുറിച്ച് പ്രാഥമികമായ ഒരു ഉത്ബോധനമെങ്കിലും നല്കുന്നുണ്ടോ എന്നതാണ്. തീർച്ചയായും ഉത്തരം "ഇല്ല" എന്നുതന്നെയാണ്. നഷ്ടപ്പെടുന്ന സാംസ്കാരികസ്വത്തിനെയോർത്ത് മുതലക്കണ്ണീർ പൊഴിക്കുന്ന സാഹിത്യ-രാഷ്ട്രീയ-സാംസ്കാരിക നായകന്മാരുടെ പ്രസ്താവനാകൊണ്ടാട്ടങ്ങളിലും, ടൂറിസം എന്ന അപരനാമധേയത്തിൽ വിദേശ വിപണികളിൽ നിന്ന് കോടികൾ കൊയ്യാമെന്ന വ്യാമോഹവുമായി എറെ കൊട്ടിഘോഷിച്ച് അവതരിപ്പിക്കപ്പെടുന്ന പരസ്യ മായാജാലങ്ങളുടെ കെട്ടുകാഴ്ചകളിലും, മുന്നിൽ എതുനേരവും പ്രവർത്തനനിരതമായിരിക്കുന്ന വിഡ്ഢിപ്പെട്ടി സംസാരിക്കുന്ന മുറിവാചകങ്ങളിലും വർണ്ണക്കാഴ്ചകളിലും നിന്നു മാത്രം സാംസ്കാരത്തെയും പൈതൃകത്തെയും പരിസ്ഥിതിയെയും പാരമ്പര്യത്തെയും നുണഞ്ഞാസ്വദിക്കുന്ന ഒരു തലമുറയായി നമ്മൾ മാറിക്കഴിഞ്ഞുവല്ലോ.



ഡോക്യുമെന്റേഷൻ പ്രോജക്ട് കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ ഡോ. കെ.പി. കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

ഇവിടെയാണ് സാമൂഹികമായ ഉൾക്കാഴ്ചകളോടെ ഉയർന്നു വരുന്ന യുവമുന്നേറ്റങ്ങളുടെ പ്രസക്തി വ്യക്തമാകുന്നത്. വിദ്യാഭ്യാസത്തിനൊപ്പം തന്നെ ചുറ്റുപാടിന്റെ ചലനാത്മകതകളിലേക്കും, ചരിത്രത്തിന്റെ പിൻപടവുകളിലേക്കും സാംസ്കാരിക പൈതൃകത്തിന്റെ ജനിതങ്ങളിലേക്കും ഗോവണിപ്പടികൾ കയറിപ്പോകുന്ന വേറിട്ട ഒരു കൂട്ടായ്മയുടെ പ്രവർത്തന മേഖലകളെ ഒന്നു തൊട്ടറിഞ്ഞിരിക്കുക.

വ്യത്യസ്തമായ ഈ സംരംഭവുമായി മുന്നിട്ടിറങ്ങിയിരിക്കുന്നവർ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് വിദ്യാർത്ഥികളാണ്. എറണാകുളം ജില്ലയുടെ സാംസ്കാരിക ചരിത്രം, നാടൻ കലകൾ, പരിസ്ഥിതി വൈവിധ്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കുന്ന ഒരു ഡോക്യുമെന്റേഷൻ പദ്ധതിയാണ് ഇവിടെ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് നിരവധി സംഭാവനകൾ നല്കിയ ജില്ലയെന്ന നിലയിൽ എറണാകുളം പ്രതിനിധീകരിക്കുന്ന പ്രത്യേക-സാമൂഹ്യ-പരിസ്ഥിതി മേഖലകളിലെ വർത്തമാനകാല നേട്ടങ്ങളും കോട്ടങ്ങളും വരച്ചുകാണിക്കുന്ന ഒരു സമൂല പഠനമായിരിക്കും ഈ പദ്ധതി. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

എറണാകുളം ജില്ലയുടെ സാംസ്കാരിക

ഉറവിടങ്ങൾ, അവതരണ കലാരൂപങ്ങൾ, പരിസ്ഥിതി വൈവിധ്യം എന്നിവയെ ക്കുറിച്ചുള്ള സർവ്വേയും ആധികാരിക രേഖപ്പെടുത്തലും നടത്തണമെന്ന ലക്ഷ്യത്തോടെ ആലുവ യു.സി. കോളേജ് ഒരു പ്രോജക്ട് റിപ്പോർട്ട് ജില്ലാപഞ്ചായത്തിനു സമർപ്പിക്കുകുയുണ്ടായി. ഒരു സമൂഹത്തിൻെറ സാംസ്കാരികവും സാമ്പത്തികവും സാമൂഹികവും ആയ വികസനത്തിന് അടിസ്ഥാന ഘടകങ്ങളായ പാരമ്പര്യങ്ങളെയും പൈതൃകങ്ങളെയും കുറിച്ചുള്ള അറിവാണ് മുഖ്യം എന്നതുകൊണ്ട് ആലുവ യു.സി. കോളേജ് സമർപ്പിച്ച പൈതൃകധാരകളെ കുറിച്ചുള്ള പഠനത്തിന് ജില്ലാപഞ്ചായത്ത് എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തു.



കുട്ടമ്പുഴ ആദിവാസി കോളനിയിലെ മൂപ്പനുമായി സ്റ്റുഡൻറ് ഇൻവെസ്റ്റിഗേറ്റർമാർ

ആലുവ യു.സി. കോളേജിൽ കാലാവധി പൂർത്തിയാക്കിയ മുൻ പ്രിൻസിപ്പാളും ഇപ്പോൾ പെരുമ്പാവൂർ മാർത്തോമാ കോളേജ് പ്രിൻസിപ്പാളുമായി സേവനമനുഷ്ഠിക്കുന്ന ഡോ. രാജൻ വർഗ്ഗീസ്, ചരിത്ര വിഭാഗത്തിലെ പ്രൊഫസറായിരിക്കെ, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല രജിസ്ട്രാറായി നിയമിതനായ ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ എന്നിവർ ചേർന്നാണ് ഈ പദ്ധതി ആവിഷ്കരിച്ചു ജില്ലാ പഞ്ചായത്തിനു സമർപ്പിച്ചത്. പഞ്ചനക്ഷത്ര നിലവാരമുള്ള ആലുവ യു.സി. കോളേജിലെ അടിസ്ഥാന സൗകര്യങ്ങളും. വിദഗ്ധരായ അദ്ധ്യാപകരുടെ സേവനവും ഏകോപിപ്പിച്ച് പൂർത്തിയാക്കുന്ന ഈ ബൃഹത് പദ്ധതി ഈ ജില്ലയെ സംബന്ധിക്കുന്ന സമസ്ത മേഖലകളും ഉൾക്കൊള്ളുന്നതായിരിക്കും.

ആലുവ യു.സി. കോളേജ് പ്രിൻസിപ്പൽ ഡോ. രാജു. കെ. ജോൺ ഡയറക്ടറായും മലയാള വിഭാഗത്തിലെ പ്രൊ. എം. ഐ. പുന്നൂസ് കൺവീനറായും, പി.വി. രാമചന്ദ്രൻ, കുര്യൻ സാമുവൽ എന്നിവർ സ്റ്റുഡൻറ് കൊ-ഓർഡിനേറ്റർമാരായും പുനഃസംഘടിപ്പിക്കപ്പെട്ട കമ്മിറ്റി പദ്ധതി നടപ്പിലാക്കി വരികയാണ്.

കേരളത്തിൽ ഇദംപ്രഥമായാണ് ഏതെങ്കിലും ഒരു പ്രദേശത്തിൻെറ സാമൂഹികവും സാംസ്കാരികവുമായിട്ടുള്ള സ്വഭാവ സവിശേഷതകളെക്കുറിച്ചുള്ള പഠനം കോളേജ് വിദ്യാർത്ഥികൾ ഏറെടുത്തു നടത്തുന്നത്. ജില്ലയുടെ അടിസ്ഥാനപരമായ വികസനത്തിനുകുന്ന തരത്തിലുള്ള വസ്തുതകളിലേക്കിറങ്ങിച്ചെല്ലുക എന്നതാണ് ഈ പഠനത്തിൻെറ ആത്യന്തികമായ ലക്ഷ്യം. ജില്ലയിലെ വിവിധകോളേജുകൾ, സ്കൂളുകൾ, സാംസ്കാരി സാംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ജില്ലയിൽ നിലനിൽക്കുന്ന പരമ്പരാഗത കൈത്തൊഴിലുകളും ശാസ്ത്രസാങ്കേതിക മേഖലകളും പാരിസ്ഥിതിക പ്രശ്നങ്ങളും ആണ് പഠനവിധേയമായിരിക്കുന്നത്. ഇതിൻെറ ഭാഗമായി സ്റ്റുഡൻ്റസ് ഇൻവെസ്റ്റിഗേറ്റർമാരുടെ ചെറുസംഘങ്ങൾ ജില്ലയിലെ ഓരോ പഞ്ചായത്തുകളും സന്ദർശിച്ച് വിവരശേഖരണം നടത്തിവരികയാണിപ്പോൾ. ജില്ലയിലെ പാരമ്പര്യ കലാ കൈത്തൊഴിൽ മേഖലകളിൽ പ്രവൃത്തിക്കുന്നവരുടെ വിശദവിവരങ്ങളടങ്ങിയ ഒരു ഡയറക്ടറി ഇതിൻെറ ഭാഗമായി തയ്യാറാക്കി വരുന്നു. കൂടാതെ ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കലാരൂപങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ടവയുടെ ദൃശ്യാവിഷ്ക്കാരം കൂടി ആസൂത്രണം ചെയ്തു വരുന്നു. വാർത്താമാധ്യമങ്ങളുടെ സവിശേഷ ശ്രദ്ധയാകർഷിച്ചു. ഈ ബൃഹത്തായ പദ്ധതി പൊതുജനങ്ങളിൽ തങ്ങളുടെ പാരമ്പര്യ മിത്തുകളെ അന്വേഷിച്ചറിയുവാനുള്ള പ്രതിപത്തി വളർത്താൻ സഹായിക്കുന്നുണ്ട്.

ജെബിൻ ജെ. ബി.
സ്റ്റുഡൻറ്സ് സെക്രട്ടറി,

**BY 2004 YOU WOULD BE A DEGREE HOLDER**

**BY 2004 YOU COULD BE A JOB HOLDER**

THE NEW

eACCP

2002

# SPECIAL LOANS FOR COLLEGE GOING STUDENTS

**APTECH**
**COMPUTER EDUCATION**
**G.P. Center, Opp. Gandhi Bazar,**
**Kolencherry Jn., P.P. Road,**
**Perumbavoor.**
**PH : 529079,592141**

# News Makers



M.G.Univeristy 'Kalathilakam'
Sreelakshmi K.G.



Aparna S.
B.A.First Rank (History)



Sam Joseph, M.G.University
Senate Member



Subha C.
Ist Rank Hindi Pretest



Kavitha Nair
IInd Rank Hindi Pretest



Babitha
IInd Rank Hindi Pretest



Jebin J.B.
University Kalajadha Member

കവിത

# നഷ്ടങ്ങൾ

ലിഷ കുരുവിള
രണ്ടാം വർഷ മനഃശാസ്ത്ര ബിരുദാനന്തരബിരുദം

അറിഞ്ഞുകൊണ്ടോ അറിയാതെയോ
കണ്ണിൽ പതിഞ്ഞ ഒരായിരം മുഖങ്ങൾ
അവയിൽ പലതും പരിചിതങ്ങൾ
പരിചിതമായവ തന്നെ ഇന്ന്
അപരിചിതമാകുന്നു.
ഇവിടെ
പരിചിതത്വം നമുക്കന്യമാകുന്നുവോ?
കണ്ണിൽ പതിഞ്ഞ ഒരായിരം മുഖങ്ങളിൽ
മനസിൽ പതിഞ്ഞത് ഒന്നുമാത്രം
പ്രണയിച്ചത് ഒരു മനസ്സിനെ മാത്രം.
അല്പനാളുകൾക്ക് ശേഷം
ആമുഖം കാണാതെപോകുമ്പോൾ
പ്രണയം നമുക്കന്യമാകുന്നുവോ?
കാണുമ്പോൾ പതിവ് കുശലം ചോദിച്ചിരുന്നവർ
എല്ലാം 'ഹായ്' എന്ന ഒരു വാക്കിൽ ഒതുക്കുമ്പോൾ
വാചാലത നമുക്കന്യനാകുന്നുവോ?
എല്ലാം തനിക്ക് വേണ്ടി മാത്രമായി ചെയ്യുമ്പോൾ
ജിവിതം റാങ്കിനുവേണ്ടിയാകുമ്പോൾ
ലക്ഷ്യം പഠിത്തം മാത്രമാകുമ്പോൾ
നല്ല സൗഹൃദങ്ങൾ നമുക്കന്യമാകുന്നുവോ
ഒരുപക്ഷേ
അല്പനാളുൾക്കു ശേഷം
കണ്ണാടിയിൽ കാണുന്ന
സ്വന്തരൂപം തന്നെ
നമുക്കന്യമായേക്കാം.
അത്ഭുതപ്പെടേണ്ട
നാം പണ്ടേ നമുക്കന്യരാണ്
അത് മനസ്സിലാക്കാൻ
നാം അല്പം
താമസിച്ചുവെന്നു മാത്രം.



**Best Compliment:-**

Goldfort jewellery

Bridge Road,
Alwaye
Ph: 621759



# Westernisation

George Thomas Payyappally
III DC English

Ever since the dawn of colonialism, the western civilization is said to have been literally intruding into the East. In fact, the impact of this cultural domination is the theme of the post-colonial discourse, which is presently discussed with ardent fervour. In it, we often speak of the degradation caused by the westernisation of the East, thereby implying that the western culture is a 'bad' one. But is this really true?

Probably this prejudice is born of the wrong assumption that westernism is identical with the MNC culture as propagated through the advertisements. Hardly ever do we recognize the richness inherent in the customs and traditions of the western civilisation, comparable to our own. The true western culture has been subdued by the advent of Capitalism, a socio-political and cultural movement that began in the 1500s. The spirit of cutthroat competition and individual profiteering has given the traditional values of sharing and caring a heavy blow.



*Multinational companies, a by-product of capitalism, are the most potent vehicles of 'modern' values and conceptions.*

Now that the movement has succeeded in shaking the roots of the western civilization, it is out to spread like a cancer. We are on the hit list, as our achievements in the realm of Information Technology, have opened our portals to the rest of the world.

So, rather than accusing the West, let us learn from the predicament they are under on account of the cultural revolution of Individualism. Our fate might even be worse, if we are not on our guard!

It is high time to wake up and realize that the wave of Materialism can no longer be resisted. We cannot help, but move with it, but at the same time we should not allow ourselves to be dragged into the sea of inhumanity. Let us both Easterners and Westerners strive to revive the culture of humaneness within us.

കഥ

# നൊമ്പരം

ടി. ആർ. രാജേഷ്
ഒന്നാം വർഷ സാമ്പത്തികശാസ്ത്ര ബിരുദം

നീണ്ട നാല്പത്തിയഞ്ച് വർഷങ്ങൾക്കു ശേഷം എറണാകുളം റയിൽവേ സ്റ്റേഷനിൽ അയാൾ വന്നിറങ്ങി. കാലം അയാൾക്ക് വളരെയധികം മാറ്റങ്ങൾ വരുത്തിയിരുന്നു. അലസമായ തലമുടിയിൽ വെള്ളി വരകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. തടിച്ച കണ്ണട അയാളുടെ ക്ഷീണിച്ച മുഖത്തിന് ചേരുന്നതായിരുന്നില്ല. ആ കണ്ണടയിലൂടെ അയാൾ ആരെയോ തേടുകയായിരുന്നു. ആരെയും കണ്ടില്ല.

സ്റ്റേഷനിലുള്ള ബഞ്ചിൽ അയാൾ തളർന്നിരുന്നു. ആകെ ഒരു തോൾ സഞ്ചിമാത്രമേ അയാൾക്ക് കൂട്ടിനുണ്ടായിരുന്നുള്ളൂ. വർഷങ്ങൾക്കു മുമ്പ് താൻ ചെയ്ത തെറ്റിന് തന്റെ പ്രിയപ്പെട്ട മാതാപിതാക്കളോടും സഹോദരൻമാരോടും മാപ്പു ചോദിക്കുക. പ്രായശ്ചിത്തം ചെയ്യുക അതിനു വേണ്ടിയാണ് അയാൾ ആ സ്റ്റേഷനിൽ വന്നിറങ്ങിയത്.

അയാളുടെ മനസ് ഭൂതകാലത്തിലേക്ക് പാഞ്ഞു. താൻ കോളേജിൽ പഠിക്കുന്നസമയം. തന്റെ കുടുംബത്തിൽ നിന്ന് ആദ്യമായാണ് ഒരാൾ എഞ്ചിനീയറിംഗിന് പഠിക്കുന്നത്. കൂലിപ്പണി ചെയ്താണ് അച്ഛൻ തന്നെ പഠിപ്പിച്ചിരുന്നത്. നാല് മക്കളിൽ തന്നോടായിരുന്നു അവർക്ക് കൂടുതൽ സ്നേഹം. അവർക്ക് തന്നിൽ ഭയങ്കര പ്രതീക്ഷയായിരുന്നു. എന്നാൽ താൻ കൊടുത്തതാകട്ടെ കടുത്ത ദുഃഖവും. സമ്പന്നരുടെ മക്കളുമായിട്ടായിരുന്നു തന്റെ കൂട്ട്. അവരുടെ ഒപ്പം നിൽക്കുന്നതിന് താൻ മാതാപിതാക്കളെ വളരെയധികം ബുദ്ധിമുട്ടിച്ചു. കൂടാതെ സഹോദരന്മാരെയും ബുദ്ധി മുട്ടിച്ചു. ഒടുവിൽ സ്നേഹിച്ച പെണ്ണിനുവേണ്ടി നാടുവിടേണ്ടി വന്നു. നീലഗിരി എസ്റ്റേറ്റിൽ ജോലി കിട്ടിയപ്പോൾ താമസം അങ്ങോട്ടു മാറ്റി. അന്ന് തനിക്ക് അഹന്തയായിരുന്നു.

അവർ തന്റെ മാതാപിതാക്കളാണെന്ന് പറയാൻ പോലും പുച്ഛമായിരുന്നു. അവർ അയക്കാറുള്ള കത്തിനു പോലും മറുപടി അയക്കാറില്ല. അവസാനം കത്തുകൾ വരാതായി.

പക്ഷേ തന്റെ മക്കൾ തന്നോട് ഇങ്ങനെ ചെയ്തപ്പോഴാണ് തന്റെ അച്ഛനും അമ്മയും അനുഭവിച്ച വേദന അയാൾക്ക് മനസിലായത്. അയാളുടെ മകനും മകളും അയാളുടെ ഇഷ്ടത്തിനെതിരായി വിവാഹിതരായി. ഭാര്യക്കും തന്റെ മാതാപിതാക്കളോട് ചെയ്ത തെറ്റ് ബോദ്ധ്യമായി. തന്നോട് ഒരു ദൈവവും ക്ഷമിക്കില്ല. പെട്ടെന്ന് ആരോ തന്നെ തട്ടി ഉണർത്തുന്നതായി അയാൾക്ക് തോന്നി. അയാൾ ഭൂതകാലത്തിൽ നിന്ന് വർത്തമാനകാലത്തിലേക്ക് തിരിച്ചുവന്നു. അയാൾ ഓർമയിൽ നിന്നും ഞെട്ടി എഴുന്നേറ്റു.

"ഗൗതമനല്ലേ?"

അപരിചിതൻ ചോദിച്ചു.

"എനിക്ക് മനസിലായില്ലല്ലോ?"

ഗൗതമൻ പറഞ്ഞു.

"ഞാൻ എഴുത്ത് കിട്ടിയതനുസരിച്ച് വന്നതാണ്."

ഗൗതമൻ ഒന്നും മനസ്സിലാകാത്ത വിധത്തിൽ നിന്നു. ഗൗതമന്റെ മുഖഭാവം കണ്ടപ്പോൾ അപരിചിതൻ സ്വയം പരിചയപ്പെടുത്തി.

"ഞാൻ ജോസഫ്. നിങ്ങൾ അയച്ച കത്ത് എന്റെ വീട്ടിലാണ് കിട്ടിയത്."

"അപ്പോൾ അവിടെ താമസിച്ചിരുന്നവർ?"

ഗൗതമൻ ചോദിച്ചു.

"അവർ വീട് എനിക്ക് വിറ്റു." ജോസഫ് മറുപടി പറഞ്ഞു. "നിങ്ങളുടെ അച്ഛനും അമ്മയും നേരത്തേ മരിച്ചു. നിങ്ങളുടെ സഹോദരൻമാരിൽ നിന്നാണ് ഞാൻ വീട് വാങ്ങിയത്. ഓരോരുത്തരും ഇപ്പോൾ ഓരോ സ്ഥലത്താണ്" ജോസഫ് പറഞ്ഞു.

ഗൗതമൻ പുറത്തേക്ക് നോക്കി. വെയിലിന്റെ കാഠിന്യം വളരെ കുറഞ്ഞിരിക്കുന്നു. റെയിൽപ്പാളങ്ങൾ സമാന്തരങ്ങളായിപ്പോയിരിക്കുന്നു. ഗൗതമൻ അയാളോടൊന്നും പറയാതെ പുറത്തേക്കിറങ്ങി.

ജോസഫ് ചോദിച്ചു.

"എങ്ങോട്ടാണ് പോകുന്നത്?"

"എങ്ങോട്ടെങ്കിലും".

അയാൾ മന്ത്രിച്ചു. മനസ്സിൽ നിറഞ്ഞ നൊമ്പരവുമായി പുറത്തെ ആൾക്കൂട്ടത്തിൽ അയാൾ ലയിച്ചു.

Ph: 0484-604725(O)
426117, 524935 (R)

PERIYAR
GRANITES & MARBLE
PARUR JUNCTION, ALUVA - 683 108

Ph: 0484-342952 (O)

New
PERIYAR
GRANITES PALACE
N.H.BYE PASS, PADIVATTAM, EDAPALLY

# IN JOY STILL FELT

Imtiaz Mohammed
I B.A. English literature

*My friend do you remember?*
*In the cold morns of December,*
*When the sun smiles down on the blue bells*
*The parting mists reluctantly bid farewell*
*Paving way for the golden sunrays seen*
*Lighting the dewdrops so green*
*Into wonderful crystals of myriad hues*
*The sky clear and blue with clouds few*
*The violets and tulips in their full glory*
*Making a colourful carpet out of the valley*
*On which we sat and talked, my mate*
*Of our dreams, out hopes and our fate*
*Multiplied out joys and divided sorrows*
*Shared our secrets with the sparrows*
*You always had a word to make me better*
*A word of wisdom on any small matter*
*Assuring me and lending me a listening ear*
*When days became months and months years*
*Until it came the time for us to part*
*Our life streams flowing slowly apart*
*The meadows, the flowers and the gurgling stream*
*Flowing into emptiness, returning only in dream*
*Days of music and laughter slowly did fade*
*Into the shades of memory in our minds we made*
*Now when I think of you, my friend, my dear*
*Our days of camaraderie so vivid and clear*
*After many a year of joy and anguish*
*Your memory from my heart never did diminish*
*It is as if we never parted our way*
*Never did miss our life so full and gay*
*That joy of our long lost friendship still fresh*
*In my heart, these long years never could crush*
*The unending days of anticipation and solitude*
*Merging with our unspoken gratitude*
*Buried deep within the sands of time forever*
*That happiness still felt fading never*
*For this is what friendship is all about*
*A glowing ember in the ashes of bygone days.*





അപ്പോൾ ഭൂമിയിൽ പ്രഭാതമായിരുന്നു.
ഉടഞ്ഞ കൽവിഗ്രഹങ്ങൾ വിട്ടു ദേവകൾ
പലായനം ചെയ്ത
പ്രഭാതം.....





തകർന്നു വീണ മുസ്ലിംപള്ളികളുടെ
താഴികക്കുടങ്ങൾ വിട്ടു അമ്പലപ്രാവുകൾ
പറന്നുയർന്ന പ്രഭാതം.....
നെടുകെപ്പിളർന്ന പള്ളികളിൽ നിന്നും
ഇരുപത്തിരണ്ടാം സങ്കീർത്തനം
ഉയർന്നപ്രഭാതം.......
ഭൂമി ഒന്നിളകിയിരുന്നു അത്രമാത്രം......
നഗരങ്ങൾ അങ്ങിനെയാണ് ഓർമകളിലേക്ക്
തകർന്നു വീഴുന്നത്.....
ഇവിടെ വർണ്ണവ്യത്യാസമില്ലാത്ത,
വർഗ്ഗവ്യത്യാസമില്ലാത്ത ഏകതാനത.
ദുരന്തഭൂമിയിലെരിയുന്ന കഴക്കോലുകളുടെ
ചിതകൾക്ക് മീതെ, ശൂന്യത
തളംകെട്ടിക്കിടക്കുന്ന ആകാശപ്പറമ്പിന് താഴെ
മറ്റൊരുവിതാനം സൃഷ്ടിച്ച
വർണ്ണത്തുമ്പികളുടെ നിലയ്ക്കാത്ത
പ്രവാഹം.....
നോക്കൂ... ഈ ശലഭങ്ങൾ സ്വപ്നങ്ങൾ
പാതിമുറിഞ്ഞു പോയവരുടെ നിറവേറാത്ത
ആത്മാക്കളാണ്. ഈ മഞ്ഞത്തുമ്പികൾ.
പറക്കമുറ്റാത്ത സ്വപ്നങ്ങളുള്ള
കുഞ്ഞുങ്ങളുടെ നിർമ്മലമായ
ആത്മാക്കളാണ്. പതിഞ്ഞ വിലാപത്തിന്റെ
നേർത്തചരടിൽ അവർ
ബന്ധിക്കപ്പെട്ടിരിക്കുന്നു..





റിജാസ് എ.ജെ.
ഒന്നാം വർഷ സാമ്പത്തികശാസ്ത്ര ബിരുദം



# ഭ്രാന്ത്

ശ്രീകേഷ്
ഒന്നാം വർഷ രസതന്ത്ര ബിരുദം

ഭ്രാന്താശുപത്രിയുടെ ഗെയിറ്റ് കടക്കുമ്പോൾ അയാൾ ഓർത്തു: താൻ എത്രാമത്തെ തവണയാണ് ഇവിടെ വരുന്നതെന്ന്. ഇന്ന് എങ്ങിനെയായിരിക്കും അവൾ പ്രതികരിക്കുക? അവൾ നോർമലായിക്കാണുമോ? തനിക്ക് ഇന്നവളെ കൊണ്ടുപോകാൻ പറ്റുമോ? അയാൾ അവളെ വളരെയധികം സ്നേഹിച്ചിരുന്നു. വിസിറ്റിംങ്ങിനുള്ള അനുമതിക്കുവേണ്ടി കാത്തിരിക്കുമ്പോൾ അയാൾ ഓർത്തു, എത്ര നിസ്സാരമായ കാര്യമാണ് തങ്ങളുടെ ദാമ്പത്യം തകർത്തതെന്ന്. അത് അയാൾക്ക് വിശ്വസിക്കാൻ കഴിയുന്നില്ലായിരുന്നു.

ഒരു വർഷം മുമ്പാണ് അവരുടെ വിവാഹം കഴിഞ്ഞത്. പ്രേമിച്ചതാണെങ്കിലും അവളുടെയും തന്റെയും മാതാപിതാക്കൾക്ക് എതിർപ്പുണ്ടായിരുന്നില്ല. അവളുടെ കണ്ണിലെ ചിരിയാണ് അയാളെ ആകർഷിച്ചത്. അവൾ ഒരു വെജിറ്റേറിയനായിരുന്നു. മാംസം കഴിക്കുന്നവരോട് അവൾക്ക് വെറുപ്പായിരുന്നു. വൈകിയാണ് തന്റെ ഭർത്താവും മാംസഭുക്കാണെന്ന് അവൾ അറിഞ്ഞത്. അയാൾ കോഴിയുടെ കാൽ കടിച്ചു വലിക്കുന്നത് കണ്ട് അവൾക്ക് അറപ്പും പേടിയും തോന്നി. അന്നുരാത്രി തന്റെ ഭർത്താവിന്റെ വായിൽ കൂർത്ത രണ്ടു പല്ലുകൾ മുളക്കുന്നതും തന്റെ കഴുത്തിൽ അയാൾ കടിച്ചു ചോര കുടിക്കുന്നതും അവൾ സ്വപ്നം കണ്ടു. അയാൾ ചെകുത്താന്റെ അവതാരമാണന്നവൾ വിശ്വസിച്ചു. അവൾ പിന്നെ അടുത്ത മുറിയിൽ കിടക്കാൻ തുടങ്ങി. അയാൾ അവിടെ വന്നപ്പോൾ അവൾ പേടിച്ച് നിലവിളിക്കാൻ തുടങ്ങി. അയാളുടെ സാന്ത്വനവാക്കുകൾ അവളെ സ്പർശിച്ചില്ല. സമനിലതെറ്റി അയാൾ അവളെ അടിച്ചു. അവൾ നേരെ അവളുടെ വീട്ടിലേക്ക് പോയി. അയാൾ അവളെ അവിടെ വിളിക്കാൻ ചെന്നെങ്കിലും അവൾ അയാളോട് പ്രതികരിച്ചത് ക്രൂരമായ രീതിയിലായിരുന്നു. അയാളും അവളുടെ പിതാവും ചേർന്നാണ് അവളെ ഭ്രാന്താശുപത്രിയിലെത്തിച്ചത്. "സാർ കാണാൻ പോകുന്നില്ലേ" സ്റ്റാഫിന്റെ ചോദ്യം കേട്ടാണ് അയാൾ ഉണർന്നത്. പ്രതീക്ഷയോടുകൂടി അയാൾ മുന്നോട്ട് നടക്കുമ്പോഴും അയാളുടെ മനസ്സിൽ അവളുടെ ചിരിക്കുന്ന കണ്ണുകളായിരുന്നു.



# Human Person
## An Indian Perspective

Viju P.
II M.A. Psychology

Human person being very complex organism is defined differently by different thinkers. Some define human as a rational being while some others view him as a little above than being rational. They define him as an intelligent being. A few other thinkers define him in terms of his social and interpersonal relationship. Some view human only in terms of matter while others view him as matter and spirit wit all psychological, emotional and cognitive processes. Here I am trying to view human being from an ecological point of view basing on the Vedic and Upanishadic Indian tradition.

The present era has witnessed a lot many sciences based on this relationship such as eco spirituality, eco philosophy, eco psychology of tern referred as environmental psychology eco theology etc. Here I am venturing to present the ecological vision of personality as established in the ancient Indian scriptures namely the Vedas and Upanishads.

<u>Ecological 'rtam'</u>

There is always a regularity and order in the universe. The night, day falls in order; nature's seasons proceed one after another in a regular succession and give rise to a variety of life forms in the vegetation. The Earth and all that is in it, as well as all those celestial bodies that cirambulate it out together in an interdependent manner so that the total effect is regularity, orderliness succession, growth and transformation of matter ad energies into vital sources of living beings to survive in this environment of the planet. This how of regularity and complementary is what is generally known as the ecological rtam.

This axial and orbital rotation of the Earth in relation to other planets, the landscape, the atmosphere and its various gaseous spheres of energy, the flora and fauna, the oceans, rivers, the forests, rain etc. also contribute to the rtam of our mother planet Earth. In order to maintain the necessary balance in the ongoing processes of the ecosystem, there is also the interplay of the celestial forces of electromagnetic and the radiations of numerous energies emitted by the solar, lunar and stellar bodies and plan-

> *Man and his personality is considered to have been shaped by five kosas. They are Anandamaya Kosa, Pranamaya Kosa, Vijnanamaya Kosa, Annamaya Kosa, Monomaya Kosa.*

ets of our planet system.

*Vision of Human life as harmony with nature*

The vedic and upanishadic tinkers view human life in relation to God (Supreme Reality) and the nature. The vedic spirituality was closely related to the harmony an individual has with god and nature. In this article I would venture to deal with the relationship of man with the world (nature), not all disregarding his or her relationship with the Supreme Reality.

Man and his personality is considered to have been shaped by five seaths (kosas). They are Anandamaya Kosa, Pranamaya Kosa, Vijnanamaya Kosa, Annamaya Kosa, Monomaya Kosa.

The world in which we live is constituted of five fundamental elements (panchbutas). Thye are Earth (Pritvi), water (apas), light (tejas), air (vaya) and ether (akas). There is a definite proportionate combination of all the five elements in all beings living ad non living. Their proper blending is essential for ecological harmony.

According to the ecological vision of human life, human person has the world (Jagat) with in him as he is the being in the nature. The inner three layers human person i.e. anandamaya kosa, vijnanamaya kosa and manomaya kosa are closely related to the Supreme Reality. Supreme Reality is considered to have three sheaths - sat cit and ananda. The Supreme Reality manifests its sat to human beings through their anna and pranamaya kosas and to the universe through its elements such as earth, water, air and tejas.

The two outer layers of human person i.e. annamaya kosa and pranamaya kosa are closely related to the universe. The annamaya kosa is constituted of earth water and fire, while pranamaya kosa is sustained by the breath it receives from the air. The origin from the universe. This ecological vision entails one to look at human person both as physical or biological and spiritual entity. Not is anyway diminishing his spiritual dimension, I would emphasis on the biological dimension of human being and the ecological homeostasis that contributes and enhance it. Since nature is in man and man being an organism living nature, his personality must be viewed in terms of the ecological homeostasis and further more man-nature relationship.

*Human behaviour and ecological balance*

The ecological rtam affect our biosystems and our behaviour. It is believed that the genetic factor of biosphere are terribly affected by the irregularities in ecological balance. The ancient Indian ecologists like Varah Mihira and Varsyayana were very much concerned about the ecological rtam.

> *The ecological vision of human life envisaged here in no way belies the sociological and interpersonal dimension of human life. Giving their due importance, I have been trying to bring out the ancient but ever important ecological approach to human life.*

The present day ecologist are highly anxious about the imbalance and irregularities of this cosmic rtam that has specially contributed to the disturbances of physiological and psychological homeostasis in human beings.

Environmental psychologists who investigates the effect of the physical environment of human behaviour and the effect of human behaviour on the environment conducted many research and came out with certain conclusions that elucidate the necessity of healthy man-nature relationship. The chief findings of environmental psychologists were the temperature, noise and air quality can

*under certain conditions serve as a source of environmental stress and exert adverse effect on social behaviour e.g.. Rising temperature increase aggression but to a point. When temperature rises above this point, however, aggression actually declines.*

*As human members rise and more societies are industrialized, the impact of human activities influences our planet with dangerous implications. E.g.. Green House effect i.e. the carbon di oxide and other gases produced by industry, automobiles etc. trap heat in the earth's atmosphere, thus producing global warming. The cutting down of rain forests for home and agriculture lessen rainfall thus changing the climate itself. The ecological vision of human life envisaged here in no way belies the sociological and interpersonal dimension of human life. Giving their due importance, I have been trying to bring out the ancient but ever important ecological approach to human life. The disturbed and broken man-nature relationship has been at the root of many a health problems, stress and struggle faced by the human beings. It also has disturbed the ecological rtam leading to climate irregularities, excessive temperature, global warming, recent colourful rains and other natural calamities. Hence it is high time to realize that man can not sustain and enhance a healthy and satisfied life unless and until, he or she rebuild the close relationship with nature by being ecofriendly. Man is a being in the world, while he has the elements of the world within. So promote not pollute ecological homeostasis.*

## Poem

# COLOURS OF LIFE

Dhanya
I B.Sc Physics

*Time passes by*
*Silently*
*Through the corridor of life*
*Wind blows*
*Like the whisper of Earth*
*And fills the air*
*With the golden rain*
*Of falling autumn leaves*
*Your memories*
*Fill my life*
*Like those leaves*
*My lonely nights;*
*My days,*
*Full of rubbish hastens;*
*Every moment of life*
*Is coloured with your memories*
*With the beauty of those shades*
*My life goes on.*





# COLLEGE DAY




ഉദ്ഘാടനം
ശ്രീ ഭരതൻ
മുൻ പ്രിൻസിപ്പൽ, മഹാരാജാസ് കോളേജ്



പ്രഭാഷണം
കലാമണ്ഡലം കേശവൻ



അദ്ധ്യക്ഷപ്രസംഗം
ആൻസൻ ബഹനാൻ
(ചെയർമാൻ)



യൂണിയൻ റിപ്പോർട്ട്
അർജ്ജുൻ ജോൺ
(ജനറൽ സെക്രട്ടറി)



ആശംസ
അബീഷ് ബാലൻ
(മാഗസിൻ എഡിറ്റർ)



സദസ്സ് - ഒരു ദൃശ്യം

# സ്വാതന്ത്ര്യം

ഷിബിൻ കെ. എം.
രണ്ടാം വർഷ പ്രീഡിഗ്രി



സ്വാതന്ത്ര്യം ഒരു ധീരവികാരം
പുലരികളേ പോരൂ
നിറമേഴും പീലി വിടർത്താൻ
സ്വാതന്ത്ര്യം ഒരു നീലാകാശം
പക്ഷികളേ പോരൂ
പവിഴപ്പൂവിൻ പല്ലവിപാടാൻ
സ്വാതന്ത്ര്യം ഒരു ചൈത്രവികാസം
മനുഷ്യകുലപ്പെരുമകളിൽ
പൂവുകൾ, പുലരികൾ, പുഞ്ചിരികൾ,
പുലരും പൂക്കാലം
പൂവുകളെ പോരൂ
പുലരികളിൽ പുഞ്ചിരി വിടരാൻ
പറവകളെ പാടൂ
ചിറകടിയിൽ തുയിലുകൾ തുടിയുണരാൻ
തുടികളിലൊരുതോറ്റം
പടിയേറി വരുന്നല്ലോ.......

# നദിയും പ്രണയവും

അനിത
ഒന്നാം വർഷ ആംഗലേയ സാഹിത്യ ബിരുദാനന്തരബിരുദം



ആർത്ത് പൊട്ടികരഞ്ഞുകൊണ്ട്
ഒഴുകി ഒഴുകി നീ
സാഗരത്തിൻ നെഞ്ചോടു ചേരുന്നു
നിൻ കരങ്ങൾ അറിയാതെ
എന്നെ തലോടുന്നു
എൻ ഹൃദയ
സാഗരത്തിൽ നീ
നിറയ്ക്കുന്നു ഓർമ്മകൾ.
അന്തിമാനത്ത് തെളിയുന്ന പല
നിറങ്ങളെ കണ്ടു നാം പ്രണയിച്ചിരുന്നോ?
രാത്രി തെളിയുന്ന മാനത്തെ
നക്ഷത്രത്തെ നമ്മൾ സ്നേഹിച്ചിരുന്നോ?
ഇന്നും ഒഴുകുന്നു എൻ ഹൃദയം
ആർത്തു ചിരിച്ചോ കരഞ്ഞോ
സ്നേഹത്തീരത്തിലൂടെ..............



# കാത്തിരിപ്പ്

ഇനു കെ. കെ.
രണ്ടാം വർഷ സാമ്പത്തികശാസ്ത്ര ബിരുദം



പകൽ മറഞ്ഞൊരാനേരത്തു നീയെൻ
പടി വാതില്ക്കൽ വന്ന് പതുങ്ങി നില്പ്പൂ
അകത്തുവരാൻ ഒരായിരം പുഷ്പങ്ങൾ
അകതാരിൽ ഞാനിന്നൊരുക്കിവച്ചൂ
നിനക്കായ് തുറന്നിട്ട ജാലകവാതിലിൽ
നിഴലായി ഞാൻ നോക്കിനിന്നു
പരിഹസിക്കാനായ് വന്നൊരിളം തെന്നൽ
പരിഭവിച്ചെങ്ങോ പോയ്മറഞ്ഞു
ശ്രാവണം വന്നു വസന്തം വന്നു
പൂക്കാലം വന്നു കാലമാം നൗകയിൽ
പലതും പോയി മറഞ്ഞു.
എങ്കിലുമെൻറയീ ജാലകവാതിൽ
നിനക്കായി തുറന്നിട്ടു കാത്തിരുന്നു
പതിവിൻ വിപരീതമായി ഇന്നെന്തേ
തെന്നലിൽ ജാലകമടഞ്ഞു?
നിൻ വരവിന്നാണെന്നറിയിക്കയാണോ?
എൻ ജീവിതത്തിൽ പൂക്കാലമായോ?

Best Compliments:-

**PROFESSIONAL TRAINING CENTRE**
**COMPUTER EDUCATION**

ST. GEORGE COMPLEX, PUMB JN.
ALUVA, KERALA-683 101

6248332 (O)
621709 (R)

ആത്മാഭിമാനി

കുറ്റാന്വേഷണ ദ്വൈവാരിക

വായിക്കുക

വരിക്കാരാവുക

കൂടുതൽ വിവരങ്ങൾക്ക്:

എഡിറ്റർ,

ആത്മാഭിമാനി,

ഹിൽ റോഡ്,

ആലുവ - 683 101

ഫോൺ: 0484-622625

# SPRINT

## Computer Education

*Get set, for success*

***Bridge Road, Aluva.***

**Ph: 631224**

***Free* Multimedia Computer**

**GSE- Global Software Engineer**

***(for collegians & Professional)***

**VB 6.0, D2K, Oracle 8i, SQL Server 2000, Sun JAVA, XML, ASP, Hardware Maintance & Networking**



## PRE-MARITAL SYNDROME

*Celebrated in Gold by Josco*

*Designs that dreamlike. Waking up your most feminine emotins. Designs that glorify your body and celebrate your soul. Warming you up for the bid day. Come, lose yourself in pleasant thoughts and find yourself in the company of conjugal fantasies*

**K.K.ROAD, KOTTAYAM**
**KALARICKAL BAZAR, KOTTAYAM**
**HIGH ROAD THRISSUR**
**EAST FORT, THIRUVANTHAPURAM**
**E-mail:Josco@giasmd01.vsnl.net.in**
**Website : www.Joscogroup.com**

GOLD • DIAMONDS • BIRTHSTONES

JOSCO

FASHION JEWELLERS

കഥ




അനൂപ് മോഹൻ
ഒന്നാം വർഷ ആംഗലേയ സാഹിത്യ ബിരുദം

ഞാൻ എഴുതി.

'എന്റെ തത്ത്വങ്ങളും മൊഴികളും എന്റേത് മാത്രമായിരുന്നു. അതു കൊണ്ടു തന്നെ എന്റെ ചിന്തകളിൽ ഞാൻ ഏകനായിരുന്നു. ദുഃഖങ്ങൾക്ക് അത്താണി അന്വേഷിക്കേണ്ടതില്ലായി രുന്നു, കാരണം യാത്ര എന്നുമെനിക്ക് അനുഭൂതിയായിരുന്നു. മുൻപേ പോയ വരുടെ കാൽപാടുകൾ മാഞ്ഞപ്പോൾ യാത്ര ദുസ്സഹമായിത്തീർന്നു. യാത്രകൾ താൽക്കാലിക ആശ്വാസം മാത്രമായി രുന്നു. ഞാൻ വളരെയധികം മുന്നേറിയ പ്പോൾ പരിചയമായതിന്റെ പഴമയാണോ എന്നറിയില്ല, യാത്രകളുടെ ആനന്ദം എനിക്ക് നഷ്ടപ്പെട്ടു. തിരികെ പോവാനും വയ്യാതായിരിക്കുന്നു. പിന്നിട്ട വഴികളിൽ കരിയില മൂടിയിട്ടുണ്ടായിരുന്നു.

രാത്രിയിൽ കുടിച്ചു തീർത്ത ലഹരിയുടെ ഭാരം പ്രഭാതത്തിൽ എന്റെ കണ്ണുകളിലു ണ്ടായിരുന്നു. ഇന്നലെ കുത്തിക്കുറിച്ച തെല്ലാം വാരി ചവറ്റുകൊട്ടയിലേക്കെ റിഞ്ഞു. നേരം നന്നായി വെളുത്തിട്ടുണ്ടാ യിരുന്നില്ല. നിയോൺ ബൾബുകളുടെ മാസ്മരപ്രഭ അടഞ്ഞ കണ്ണുകളിൽ പോലും പ്രകാശമാനമായ പട്ടണത്തിന്റെ സാന്നിദ്ധ്യം വിളിച്ചോതി. പെട്ടെന്നാണ് തലേദിവസത്തെ രാത്രിയെക്കുറിച്ച് ഓർത്തത്. രാത്രിയിലെ സ്വപ്നത്തിൽ' ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഞാൻ



നിസഹായനാണ് എന്ന് പറഞ്ഞ ദൈവ ത്തെ തിരിച്ചറിയാൻ ഞാൻ ശ്രമിച്ചു നോക്കി..... നബിയോ, ക്രിസ്തുവോ, കൃഷ്ണനോ..... എന്റെ സ്വപ്നങ്ങളിൽ കഥാപാത്രങ്ങൾ നിസഹായരായിരിക്കും. നിർഭാഗ്യവശാൽ അവർ ദൈവങ്ങളു മായിരിക്കും.

കിടക്കയിൽ എഴുന്നേറ്റിരുന്നപ്പോൾ സൂര്യനെ കാണണമെന്ന് തോന്നി. വെളിച്ചത്തിന്റെ മൂർത്തീഭാവത്തെ കണ്ടു ഞാൻ പ്രഭാത വന്ദനം പറഞ്ഞു മുള്ളു വേലിക്കപ്പുറമുള്ള കുടിലിൽ നിന്ന് ഒരു പെൺകുട്ടിയുടെ നേർത്ത തേങ്ങൽ കേൾക്കാമായിരുന്നു. ഒളിക്കാൻ ശ്രമിച്ച ആ തേങ്ങലുകൾക്ക് ഒരുപാട് അർത്ഥ ങ്ങളുള്ള പോലെയെനിക്ക് തോന്നി. എന്റെ ചിന്തകൾ വഴിമാറുകയായി രുന്നു.

ഏതോ ഒരു പിഞ്ചുമനസ്സിന്റെ നെഞ്ചി ലേക്ക് എയ്ത ശരമ്... നഷ്ടപ്പെട്ടതി നേക്കുറിച്ച് ആലോചിക്കുമ്പോൾ, നഷ്ട പ്പെട്ടുകൊണ്ടിരിക്കുന്ന സ്വപ്നങ്ങളു ടേയും, പ്രതീക്ഷകളുടേയും ഒരു ലോകം. ആ സന്ദർഭങ്ങളിൽ എവിടെയോ ആണ് ഒരു പെണ്ണിന്റെ മരണത്തിന്റെ തുടക്കം. മരണം പെണ്ണിനു ഒരു തുടർ പ്രക്രിയയാണ്. അനേകം തവണ മരിക്കു ന്നവൾ, ആ ശ്വാസത്തിന്റെ ക്രമം ഒന്നു തെറ്റിയാൽ ഉത്തരവാദിത്വരഹിതമായ മരണത്തിന്റെ രക്ഷപ്പെടുത്തലുകളി

കമനീയ പാദുകങ്ങൾ, ബാഗുകൾ, കുടകൾ, മറ്റു ലെതർ
ഐറ്റംസ് മുതലായവ മിതമായ വിലയിൽ
FF
FASHION FOOTWEAR
THARAYIL BUILDING
MARKET, ALUVA

ലേക്ക് അവർ അറിയാതെ നടന്നടു ക്കുന്നു.

അവിടെയും എന്റെ ചിന്തകൾക്ക് താളം തെറ്റുകയായിരുന്നു. മുഷിഞ്ഞ വസ്ത്ര ങ്ങൾ സഞ്ചിയിലേക്ക് കുത്തി നിറച്ച് ഞാൻ പുറത്തേക്കിറങ്ങി.

മദ്യത്തിന്റെ മണമുള്ള നോട്ടുകൾ, ഹോട്ടലുകാരൻ സർദാർജിയുടെ മുൻപി ലേക്ക് എറിഞ്ഞു കൊടുത്തു. ജീവിത യാത്രയിൽ ഒരു രാത്രിയിലെ ജീവിതം, ആ മുറിയിലേക്ക് ചേർത്തതിൽ ഞാൻ അയാളോട് നന്ദി പറഞ്ഞു.

നിരത്തിൽ നിഴലുകൾ കിഴക്കോട്ടായി രുന്നു. ആ തേങ്ങൽ എന്റെ മനസിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. ജനനമരണ ങ്ങൾക്കിടയിലുള്ള ജീവിതമെന്ന വിരോ ധാഭാസത്തോട് എനിക്ക് പുച്ഛം തോന്നി. ദൂരെ ബിർള മന്ദിരം ഞാൻ കണ്ടു. മഹാത്മാവിനു യാഥാർത്ഥ്യങ്ങ ളോടായിരുന്നു താത്പര്യം.

അതുകൊണ്ട് തന്നെ പ്രതീകത്തിന്റെ ചാരം അശ്രുപുഷ്പമായി അർപ്പിക്ക ണമെന്ന് ഞാനുറച്ചു. തൊട്ടടുത്തുള്ള കടയിൽ നിന്ന് ഒരു ത്രിവർണ്ണപതാക വാങ്ങി. എരിഞ്ഞു തുടങ്ങുന്ന അഗ്നി നാളങ്ങൾക്ക് ഞാനാദ്യം തിന്നാൻ കൊടുത്തത് വെളുത്ത നിറത്തെയായി രുന്നു. പിന്നീടത് കുങ്കുമത്തെയാണോ പച്ചയെയാണോ ആദ്യം തിന്ന് തുടങ്ങിയ തെന്നറിയാത്ത വിധം, അവിടെ ചാരം മാത്രമായി.

ബിർളമന്ദിരത്തിന്റെ പൂൽതകിടിയിൽ അതർപ്പിക്കും മുൻപ്, ആളുകളെന്നെ ഭ്രാന്തനെന്ന് വിളിച്ചു. ആ വിളിയിൽ ഞാൻ രഹസ്യമായി സന്തോഷിക്കുകയും ചെയ്തു, കാരണം ഒരു ഭ്രാന്തന്റെ ജീവിതം എന്നും എന്നെ ആകർഷി ച്ചിരുന്നു....

> എന്തോ ഒരു പിഞ്ചുമന സ്സിന്റെ നെഞ്ചിലേക്ക് എയ്ത ശരമ്പ്....
> നഷ്ടപ്പെട്ടതിനേ ക്കുറിച്ച് ആലോചിക്കുമ്പോൾ, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്വപ്നങ്ങളുടേയും, പ്രതീ ക്ഷകളുടേയും ഒരു ലോകം. ആ സന്ദർഭങ്ങളിൽ എവിടെ യോ ആണ് ഒരു പെണ്ണിന്റെ മരണത്തിന്റെ തുടക്കം. മരണം പെണ്ണിനു ഒരു തുടർ പ്രക്രീയയാണ്.

മോഹങ്ങളും മോഹഭംഗങ്ങളും ഇല്ലാത്ത ഒരു ജീവിതം........

ആ ചാരത്തിൽ ചവിട്ടി ഞാൻ നടന്നു നീങ്ങിയപ്പോൾ, എനിക്ക് അനുയായികൾ ഉണ്ടാകുമോ എന്നു ഞാൻ തിരിഞ്ഞു നോക്കിയില്ല. ഒടുവിൽ സൂര്യകിരണങ്ങൾ പടിഞ്ഞാറിന്റെ അതിർത്തി കടന്നപ്പോൾ ഞാൻ തിരിഞ്ഞു നോക്കി. എന്റെ സഹ യാത്രികൻ ഇരുട്ട് മാത്രമായിരുന്നു.

രാത്രി കടൽതീരത്താണുറങ്ങിയത്. തിര കളുടെ ശബ്ദം ഒരു പ്രത്യേക താളം നൽകി. ആ താളത്തിലാണ് ഞാനുറങ്ങി യത്. രാവിലെ കടൽതീരം വിജനമായി രുന്നു. ദൂരെ ചുവപ്പ് പടരുന്നുണ്ടായി രുന്നു.... പ്രഭാതത്തിന്റെ പിറവിയുടെ ചോര...... നഗ്നമായ ആകാശത്തിന്റെ വടിവുകളിലൂടെ ആ ചോര ഊർന്നിറങ്ങി. കണ്ണുനീരിനും കടലിന്റെ നീരിനും ഉപ്പ് രസമായിരുന്നു.

ഒടുവിൽ സന്ധ്യയുടെ മടിയിൽ അസ്ത മനത്തിന്റെ ചുവപ്പ്...... പിന്നീട് ഇരുട്ട്. എന്റെ വറ്റിവരണ്ട മോഹങ്ങളും അസ്ത മയം കാത്തിരിക്കുകയായിരുന്നു. എന്റെ കാൽചുവട്ടിൽ തീർന്നു പോകുന്ന തിരകളെ ഞാൻ വെല്ലുവിളിച്ചു. നാളത്തെ പിറവിയുടെ ചോരയും...... വേദ നയും.......വളർച്ചയുടെ ദുഃഖങ്ങളും... മോഹങ്ങളുടെ ശവഘോഷയാത്രയും കാണാൻ എനിക്ക് ശക്തിയുണ്ടായി രുന്നില്ല.

ഞാൻ നടന്നു.

അനന്തമായ ആകാശത്തിന്റെ അപാരത കളിലേക്ക്..... വിജനമായ നീലിമയുടെ നെഞ്ചിലേക്ക്.

നാളെയെന്റെ കണ്ണുകൾക്ക് വേണ്ടി മത്സ്യങ്ങൾ വഴക്കിടും... കൈകാലുകൾ സ്രാവുകൾ കൊത്തിക്കീറും...... എന്റെ മനസും തലച്ചോറും ബാക്കിയാ വുമ്പോൾ അവ അമ്മയെ കാമിക്കുന്ന സമൂഹത്തിനു കൊടുത്തേക്കൂ..... അവ രണ്ടും ഈ സമൂഹം മരവിപ്പിച്ചതാണ്.

ദൂരെ കഴുകൻമാരുടെ ചിറകടിയൊച്ച കൾ കേൾക്കുന്നുണ്ട്....... അപ്പോൾ മാത്രം കടൽ ശാന്തമായിരുന്നു...... എന്റെ മനസും


**Best Compliements:-**

**ASIAN AUTO AGENCIES**

Opp. Y.W.C.A., Karunalayam Road,
Pumb Junction, Aluva - 683 101
Ph: 0484-620 075

Dealers in Automobile Spare Parts

കവിത

# നഷ്ടമായ നടപ്പാതകൾ

ട്വിങ്കിൾ ഫ്രാൻസിസ്
ഒന്നാം വർഷ ആംഗലേയ സാഹിത്യ ബിരുദം

നീ തന്ന അപ്പൂപ്പൻതാടി
എനിക്ക് നഷ്ട ബാല്യത്തിലേക്കുള്ള
നേർരേഖയാണ്.
കുഞ്ഞുതൊട്ടിലിൽ താരാട്ടിന്റെ
മധു നുകർന്നുറങ്ങുന്ന ഇളം മന്ദഹാസം
ബാല്യം എനിക്ക് മധുരമുള്ള നോവാണ്.
അപ്പൂപ്പൻ താടി എനിക്ക് ജീവിതം പോലെയാണ്.
കുരുന്നിന്റെ കുഞ്ഞുചിന്തകൾ പോലെ,
ആലസ്യത്തിന്റെ രാത്രിയിൽ നിദ്രവിട്ടുണരുന്ന
കുളിർ നിലാവുപോലെ,
മേടമാസരാത്രിക്കു കാത്തിരിക്കുന്ന
സ്മൃതിയാണ് എനിക്കു ശിഷ്ടജീവിതം.
ചിന്തയിൽ തീമഴ പെയ്യുന്നു.
മനസ്സിൽ അലകടൽ തിമിർക്കുന്നു
നോക്കിന് കാരുണ്യത്തിന്റെ ആഴം
വാക്കിന് മൗനത്തിന്റെ കാരാഗൃഹം
കാറ്റ് അപ്പൂപ്പൻതാടിയെ തട്ടിയെടുക്കുന്നു
നിഴലറ്റ സന്ധ്യപോലെ,
രാവിന്റെ കാണാക്കയങ്ങളിലേക്ക്,
ഊളിയിട്ടിറങ്ങുന്ന ഉൽക്കകളെപോലെ,
ഈ നെഞ്ചിൽ കാതുചേർക്കുക.
ഏതോ തെരുവിൽ പെറ്റമ്മ ഉപേക്ഷിച്ചുപോയ
അനാഥ മനസ്സിന്റെ തേങ്ങൽ
അപ്പൂപ്പൻതാടി എനിക്കു ജീവിതം പോലെയാണ്.



ROYAL PVC PIPES
Ph: 637799, 639366
Contact
M/S ROYAL DISTRIBUTORS
CHUNANGAMVELI,
ERUMATHALA P.O., ALUVA.
PIN : 683 105


തീർച്ചയായും ഇത്
അതിരുകൾ നിശ്ചയിക്കപ്പെട്ട ഒരു തടാകമല്ല.
എന്നാൽ,
പുഴയേക്കാൾ ആഴമുണ്ടോയെന്നും,
കടലിനേക്കാൾ പരപ്പുണ്ടോ എന്നും,
കണ്ടെത്തേണ്ടത്
ഞാനല്ല താനും.
ഒരു കാലഘട്ടത്തിലേക്ക് മലർത്തിയിട്ട
ആഴമുള്ള  ഈ കണ്ണാടിയിൽ,
കുറുകെപ്പറന്ന നിശബ്ദരായ പക്ഷികളുടെ പ്രതിബിംബങ്ങളുണ്ട്.
തിരിച്ചറിവിൻെറ നേർത്ത കുറുങ്ങലുകളുണ്ട്.
പ്രണയത്തിൻെറ നനുത്ത ചിറകടിയൊച്ചയുണ്ട്.
പൊട്ടിപ്പുറപ്പെടാത്ത കൊടുങ്കാറ്റുണ്ട്.
സ്നേഹത്തിൻെറ, സാഹോദര്യത്തിൻെറ, സുഗന്ധപൂരിതമായ
ദ്വീപുകളുണ്ട്,
വഴികാട്ടിനക്ഷത്രമുണ്ട്.
ഈ തുറമുഖത്തുനിന്നാണ്
അന്വേഷണങ്ങളുടെ ഗൃഹാതുരമോഹങ്ങൾ നിറച്ച പായ്ക്കപ്പൽ
അതിരുകൾ തേടിയുള്ള പ്രയാണമാരംഭിക്കുന്നത്,
തുണപോന്നവർക്കും,
തണലേകിയവർക്കും,
തളർന്നു പോയപ്പോഴൊക്കെ താങ്ങായി നിന്നവർക്കും,
സഞ്ചാരപഥങ്ങളിലെ അത്താണികൾക്കും,
ദാഹജലം നീട്ടിയ വഴിക്കിണറിനും,
നേരംതെറ്റിയെത്തിയതിനെന്നോട് കലഹിച്ച സുഹൃത്തിനും
നന്ദി.
കടപ്പാടോടെ മനസ്സിൽ സൂക്ഷിക്കേണ്ടതൊന്നും തന്നെ
എൻെറ വിസ്മരിക്കപ്പെടേണ്ട ഒരധ്യായത്തിലും
കുറിക്കപ്പെട്ടിട്ടില്ല.

സ്നേഹത്തോടെ,
എഡിറ്റർ

## Sub Editors



Rijas A.J.



Anoop Mohan



Anusha D.

## Editorial Board



Ratheesh T.S.



Manu K.C.



Divya Sukumaran



Sunish V.N.



Pramod T. Mohan



Manikuttan

# Magazine Committee



*Ashish Thomas*



*Jebin J.B.*



*Saneesh C.V.S*





*Dhanya Chandran*



*Anila*



*Benoy*

## നന്ദി ..........

പുന്നൂസ് സാർ,
പൂർവ്വ വിദ്യാർത്ഥി ഗിരീഷ് ,
ജോജോ എം. ഡാനിയൽ,
സാബു & ലൈജു (അൻ മേരി)
ബി. സി. എ. യിലെ വിവേക്,
യുനിക് ഇൻഫോ ടെക്കിലെ സന്തോഷ് ,
ശിൽപി രാമചന്ദ്രൻ,
റിയാസ് എ. ജെ,
നിയാസ്,
സാമേട്ടൻ,
അസീം അബ്ദുള്ള
അഫ്സർ
നവാസ്
കുഞ്ഞുമോൻ,
ബിനീഷ്,
ജാഗോസയിലെ കൂട്ടുകാരും,
കാന്റീനിലെ പ്രതീപും കൂട്ടുകാരും,
റഫിക് വി. ഐ,
സാതത്ത് റ്റി. ഐ.,
റിജാസ് തോട്ടക്കാട്ടുകര,
നിഷാദ് വി. എച്ച്.,
റോബിൻ ബേബി,
റോബിൻ കുര്യക്കോസ്,
ജോതിഷ്,
ഇത്തിഹാസ്,
മോഹൻ റ്റി. ബി.

# പിൻകുറിപ്പ്

ഒരു ഇമചിമ്മലിന്റെ
അതിഹ്രസ്വമായ
കാഴ്ചനിലങ്ങളിലൂടെ
നമ്മെ നയിച്ചകാലം
നോക്കിയിരിക്കെ,
നിമിഷങ്ങൾ
നിറഞ്ഞുതുളുമ്പുന്നതും
കണ്ടിരിക്കെ,
കാഴ്ച മറഞ്ഞു
പോകുന്നതും
തിരിച്ചറിഞ്ഞവർ നാം.
ഒരു കണ്ണടച്ചു തുറക്കലിൻ
കാലം നമ്മെ തടവിലാക്കി.
കാഴ്ചയുടെ കനലിലേയ്ക്കും
കിനാവിലേയ്ക്കും
നമ്മെ നയിച്ചകാലം.
കാലത്തിന്റെ
നൈമിഷികതയും
മായികതയും
അറിഞ്ഞവർ നാം.

## സ്വർണ്ണത്തനിമയുടെ പൊൻപകിടുമായി

## മിഴിയും ഹൃദയവുമിണങ്ങും പൊൻണ്ടങ്ങളുടെ വൈവിധ്യശേഖരം



# മുത്തൂടൻസ് ജ്വല്ലറി

പ്രൈവറ്റ് ബസ്റ്റാന്റിനു സമീപം, ആലുവ

ഫോൺ: 627394

## അനായാസ വായ്പകൾ

*നിങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ആവിഷ്ക്കരിച്ചിരിക്കുന്ന വിവിധ വായ്പാ പദ്ധതികൾ*

**സ്വർണ്ണപ്പണയ വായ്പ** 15% മാത്രം പലിശക്ക് 10 ലക്ഷം രൂപ വരെ (കാർഷിക സ്വർണ്ണപ്പണയ വായ്പ 12%) സ്വർണാഭരണ

**വായ്പ നൽകുന്നു** ദിവസേന തിരിച്ചടയ്ക്കാവുന്ന വായ്പ ചെറുകിട വ്യാപാരികൾക്ക് ദിവസേന ലഘു തുകകളായി വായ്പ തിരിച്ചടയ്ക്കാം. 50,000 രൂപ വായ്പ പലിശ 15%

**174 മാസ തവണകളിൽ കാർ വായ്പ** ഉദ്യോഗസ്ഥർക്ക് സേവന കാലാവധിയുടെ അടിസ്ഥാനത്തിൽ, മറ്റുള്ളവർക്ക് വസ്തു ഈടിൻമേൽ 3 ലക്ഷം രൂപ വരെ.

പ്രതിമാസ തിരിച്ചവ് 1 ലക്ഷം രൂപയ്ക്ക് 1280 EMI. (60 മാസ തവണകളിൽ ഡിമിനിഷിംഗ് രീതിയിലും വായ്പ ലഭ്യമാണ്) പലിശ 13%

**കമ്പ്യൂട്ടർ വാങ്ങുന്നതിന് 50,000 രൂപ** വരെ കംപ്യൂട്ടർ വാങ്ങുന്നതിന് ഇൻവോയ്സിന്റെ 80% വരെ വായ്പ, പരമാവധി 50,000 രൂപ വരെ അനുവദിക്കുന്നു.

കൂടാതെ ക്യാഷ് ക്രെഡിറ്റ്, പ്രൊജക്റ്റ് ലോൺ, വിവാഹ വായ്പ

ഇൻഫർമേഷൻ സെൻറർ
വായ്പകളെക്കുറിച്ചുള്ള
അന്വേഷണങ്ങൾക്ക് ഹെഡ്ഡാഫീസിൽ
ഇൻഫർമേഷൻ സെന്റർ ഫോൺ : 424549

എറണാകുളം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം
പി.ബി.നമ്പർ : 4, തൃക്കാക്കര, കൊച്ചി 682 030
ഫോൺ : 524549, 424683, 424684 ഫാക്സ് : 0484-424584
ഇന്റർനെറ്റ് : www.ernakulamdcb.com. ഇ-മെയിൽ : edcbnet@md4.vsnl.com

**BANK OF THE PEOPLE**

# അർച്ചന

## സിൽക്സ് & സാരീസ്

അങ്കമാലി ഫോൺ: 452274

**Best Compliments from:**



## CAR LOANS

**Proprietors: Sabu & Laiju**

**Contact: 98461 91506**

*We Arrange Finance for New and Old Vehicles*

ESCOTEL™
MOBILE COMMUNICATIONS

Bringing people closer

Authorised Escotel Dealer

**GRJ COMMUNICATIONS**
Mukkath Plaza, Opp. Gold Fort Jewellery,
Bye Pass Jn. Palace Road, Alwaye
Tel : Off 629951
Mobile: 98470 32492, 32493, 33102, 45702

LET'S TALK
Available
PREPAID CELLULAR CONNECTION

# ധന്യ

മാർബിൾസ് & ഗ്രാനൈറ്റ്സ്
വട്ടുക്കുന്ന് മുളന്തുരുത്തി,
എറണാകുളം

മാർബിൾ സ്ലാബുകൾ, ടൈലുകൾ
ഗ്ലേയ്സ്ഡ് ടൈലുകൾ, ഗ്രാനൈറ്റ്സ്
തുടങ്ങിയവ
മിതമായ വിലയ്ക്ക്.

*For more details contacts:*

☎ 742813, 741929 (Res)

*Admission Continues*

PGDCA
iMSE
&
Other Short Term Courses

LCC
LAKHOTIA COMPUTER CENTRE

www.lcckerala.com

OVER 950 CENTRES WORLDWIDE

Ph: 445080
KMK Jn, N. Paravoor

Ph: 626947
Bank Jn, Alwaye

Ph: 462502
Superior Building, Kalady

Ph: 455253
Boven's Building, Angamally


WE CHANGE LIVES
MASTER TODAY WHAT THE WORLD WILL LEARN TOMORROW
2250 CENTRES IN 45 COUNTRIES
THE NEW
eACCP
2002
The eACCP Advantage
Technologies focused program on .net or J2EE frameworks
Designed in consultation with TAG (Technology advisory Group) and Independent Software Vendors
Mapped to international certification from Microsoft and Sun Java.
Specialisation in the technology area of your choice.(.net or J2EE)
Global Placement
Taught as per international Teaching Methodologies
APTECH
COMPUTER EDUCATION
Mulavarikkal Building
Opp. Private Bus stand
Aluva
Ph: 623779, 632192
Media Creative Consultants Pala




HALU FOOD PRODUCTS
EDAYAPURAM
ALUVA, PH: 632552